
# Mission





## Chavara Jayanthi Special - II




December 2004

Ki.569
5939

# C-MISSION

No. 69 December 2004

## ഇതളുകൾ വിരിയുമ്പോൾ


| | | പേജ് |
|---|---|---|
| 1. | Gaze at him and get enlightened<br>Fr. Mathew Kaniamparampil CMI, Vicar General | 1 |
| 2. | അനുവാചകരിൽ നിന്നും | 3 |
| 3. | വാഴ്ത്തപ്പെട്ട ചാവറ, എല്ലാവരിലും മനുഷ്യനെ കണ്ടെത്തിയവൻ<br>ഫാ. ജോസ് പാലാട്ടി. സി. എം. ഐ. | 5 |
| 4. | വാഴ്ത്തപ്പെട്ട ചാവറ ദർശിച്ച സ്ത്രീ മഹത്വം.<br>സി. ഫ്ളോസി ജോൺ സി. എം. സി. | 7 |
| 5. | ചാവറയച്ചൻ ഉത്തമ സന്ന്യാസ വൈദികൻ<br>മാർ മാത്യു കാവുകാട്ട് പിതാവിന്റെ ഇടയലേഖനം | 10 |
| 6. | ചാവറയച്ചന്റെ അനന്യത:<br>കർദ്ദിനാൾ ആന്റണി പടിയറ പിതാവിന്റെ ഇടയലേഖനം | 13 |
| 7. | കർമ്മയോഗിയായ ചാവറയച്ചൻ<br>ഫാ. തോമസ് കൊച്ചുമുട്ടം സി. എം. ഐ | 17 |
| 8. | കുട്ടികളുടെ ചാവറയച്ചൻ<br>ഫാ. തോമസ് പന്തപ്ലാക്കൽ സി. എം. ഐ | 29 |
| 9. | കുട്ടികളുടെ ഹൃദയത്തുടിപ്പുകൾ സ്വന്തമാക്കിയ ചാവറയച്ചൻ. | 31 |
| 10. | സ്നേഹം സേവനമാക്കിയ സമുദായ നേതാവ്.<br>ഫാ. അലക്സാണ്ടർ പൈകട സി. എം. ഐ | 33 |


CARMEL JYOTHI ALWAYE THAIKKATTUKARA

11. चावरा: एक दीपदर्शी, युगदर्शी एवं कालदर्शी — 37
स्वामी प्रसन्न भाई, थाना, महाराष्ट्र

12. शत शत वंदना — 39
स्वामी प्रसन्न भाई

13. कुछ दिन और रह सकता तो — 44
Bro. Prem Thomas Chooracka1 CMI

14. The First Star for Literacy — 48
T. T. Mundakel

15. സ്നേഹസ്മൃതി — 49
സി. ആൻസി സി. എം. സി

16. Maxims of Bl. Chavara — 50

17. ചാവറ ക്വിസ്സ് — 53

18. ചാവറ ജയന്തി വത്സരത്തിലെ — 66
സി. എം. ഐ. നവവൈദികർ

19. ജറുസലേം വളർച്ചയുടെ പാതയിൽ — 70
ഫാ. ഡേവിസ് പട്ടത്ത് സി.എം.ഐ.

20. അപ്രതീക്ഷവും സാഹസികവുമായ ഒരു മിഷൻ അനുഭവം. — 74
സിസ്റ്റർ. ജോൺ മേരി സി. എം. സി.

21. വിശുദ്ധ നാട്ടിലൂടെ ഒരു തീർത്ഥയാത്ര. — 76
ഫാ. ചാക്കോ തെങ്ങുംപള്ളി. സി. എം. ഐ.

22. വയനാട്ടിൽ ഒരു ചാവറ തീർത്ഥാടന കേന്ദ്രം. — 80
ഫാ. ഫ്രാൻസിസ് ഞള്ളമ്പുഴ സി. എം. ഐ.

23. കർമ്മലോദയയുടെ മിഷൻഗാഥ — 83
ഫാ. ടോമി ചിറപ്പുറം സി. എം. ഐ.

24. ചാവറയച്ചനെപ്പറ്റി പ്രമുഖ വ്യക്തികൾ — 85

25. Chavara Jayanthi Celebrations.... news — 89

26. ചാവറ ജയന്തി വാർത്തകൾ, നാനാ ദിക്കുകളിൽ നിന്നും — 105

*From the Managing Editor*

# GAZE AT HIM AND GET ENLIGHTENED



Fr. Mathew Kaniamparampil CMI
Vicar General

Christmas is a time of great rejoicing and merry making. It should not be stopped at that level. It should be also an occasion for a deeper realization of the unfathomable mysteries of the Divine Incarnation. That realization must emerge from the awareness of the Indwelling Presence of God with in us: the *Antaryami.* Christmas celebrations will remain merely a social function if we miss its spiritual dimension. On the other hand, Christmas can become really meaningful if its spiritual significance elevates us to a life-touching and life-transforming personal experience.

The transformation of a man's interiority can take place only through a *darsan*, a personal and close encounter with the divine. The various steps involved in this great pilgrimage are a *samipya, samparka, and sayujya.* Namely, it involves getting nearer to His presence, be in touch with Him, and get united with Him.

Divine *darsan* and the consequent *Atmasakshatkara* (realization of the Self within oneself), requires a gazing, an intense and soul-searching look. A mere glance or a chance looking is not sufficient. Psalm 34: 5 says: *Those who gazed at Him got enlightened.* St. Paul says in II Corinthains 3: 18, that *gazing and gazing at Him we are being transformed into His image.* The Saints are those who strived after this realization of God within, by way of intense and constant *gazing.*

We are celebrating the *Chavara Jayanthi*, the 200th Birth Anniversary of Blessed Kuriakose Elias Chavara, and a stalwart of the Indian Church

and of Religious Life in this Country. Several efforts are being made to dive deeper and deeper into the mystery of his great success. He was a *Karma Yogi,* a man of great vision and mission. Like St. Teresa of Avila during the Middle Ages in Europe, he renewed, defended and nurtured the Church. He imparted vitality to it by founding two Religious Congregations, the CMI & the CMC. It was a great innovation with a prophetic vision. He was able to revitalize the faith and sacramental life of the people of his times.

Blessed Chavara was also a *Jnana Yogi,* a man who by his constant search for truth and wisdom invited his people also for a deeper realization of their God-experience really founded on personal convictions, and not merely emotional satisfactions. However, the uniqueness of Blessed Chavara lies in his *Bhakti Yoga.* He was a person who was able to integrate all his wisdom and action into a consolidated unity of God-realization deep within him. His wisdom and his services to humanity did not travel in different directions. On the other hand, he was a man with a unified vision, a man with a single-minded determination, that everything should emerge from the inner God-experience, and everything should converge also to the same.

The Holy Father has declared a year of the Holy Eucharist. The Holy Eucharist is the most real, most powerful and most active divine presence on the earth. Blessed Chavara was a great devotee of the Holy Eucharist. It was he who propagated the devotion to the Holy Eucharist in the Syro-Malabar Church. He used to spend hours before that most adorable source of power. Blessed Chavara realized its powerful presence and that is why he adopted this great devotional practice from the global Church, even though this practice was not in the tradition. This devotion was well accepted by the people. Individuals and communities received great enlightenment through this great devotion.

The unique means Blessed Chavara employed for discovering the powerful presence of the divine within him and around him was *gazing*. He was

craving for seeing the face of Jesus, especially in the Holy Eucharist. In his book *Atmanutapam*, he repeatedly mentions the word *kanakenam*, which means *I must see Him or I will not be at rest until I get His close darsan.* His constant and deep-rooted desire for getting a deeper *darsan* of the divine, imparted him *Enlightenment,* the *Beatific Vision,* at the very moment of his departure from his earthly sojourn and his entry to everlasting life.

Every Christmas must inspire us to intensify our desire for this *gazing* as the great Saints have done. The fulfillment of human life on this earth depends radically on the depth of *divya darsan and Atmasakshatkara.* All those who *gaze* at Him cannot remain unenlightened. His life on earth and afterwards, like that of Blessed Chavara, will become a luminous presence bearing witness to the life and light-giving involution of the Incarnate Word of God.

---

## അനുവാചകരിൽ നിന്നും

സ്നേഹമുള്ള മാത്യു അച്ചാ,

സ്നേഹപുരസ്സരം അയച്ചു തന്ന "സി- മിഷൻ" കിട്ടി. വളരെ നന്ദി. സി. എം. ഐ. സഭ അന്തർ ദേശീയ തലത്ത് വളർന്നു കൊണ്ടിരിക്കുന്നതിലും, നമ്മുടെ അച്ചൻമാർ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ, എല്ലാ ഭൂഖണ്ഡങ്ങളിലും കർത്താവിനു സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നതിലും വളരെ സന്തോഷിക്കുന്നു; കർത്താവിനെ സ്തുതിക്കുന്നു. അച്ചന്റെ ലേഖനവും (Challenges of Freedom) ബഹുമാനപ്പെട്ട ജോസ് ചിററിലപ്പിള്ളി അച്ചന്റെ ലേഖനവും (ആഫ്രിക്കൻ മിഷൻ; സഭയുടെ പ്രതീക്ഷ) വളരെ ശ്രദ്ധേയങ്ങളാണ്. മററുള്ള ലേഖനങ്ങളും ഞാൻ താല്പര്യ പൂർവ്വം വായിച്ചു. ചാവറപിതാവിന്റെ അനുഗ്രഹം വളരെ പരിഫലം പുറപ്പെടുവിക്കട്ടെ.

SADHU ITTYAVIRAH
Jeevajyothi
Iramalloor P O
Kothamangalam - 686 691

Letters to the Editor

Dear Fr. Mathew Kaniamparampil,

I have received a copy of the August issue of the *C-MISSION*. Thank you very much for the same. Your reflection on *Freedom* and the narratives about missionaries are interesting as well as inspiring. It would really encourage the young generation to realize their dreams in their future mission.

Congratulating you and wishing you every success and praying for you and all those who work for the *C-MISSION*,

Fr. George Arackal, V.C.
Superior General


Dear and Rev. Father,

Thank you for sending us the *C-MISSION* regularly. Every issue has its own novelty. The contents are really very rich. Your Editorial is scholarly and enlightening. Usually I glance through the editorials at the end. It is not so with the *C-MISSION*. I go first to the editorial. For I know you intimately. After the Novitiate days, your homilies and classes, I get you now through the *C-MISSION*. Thank you dear Father.

Fr. Josin Kaithakulam, CMI
Carmel Study House
Ghana
West Africa

*From the Chief Editor*

# വാഴ്ത്തപ്പെട്ട ചാവറയച്ചൻ എല്ലാവരിലും മനുഷ്യനെ കണ്ടെത്തിയവൻ



*ഫാ. ജോസ് പാലാട്ടി. സി. എം. ഐ.*

അസ്ഥികളുടെ ഒരു വലിയ കൂമ്പാരത്തിനു സമീപം സൂക്ഷിച്ചു നോക്കി നിക്കുന്ന തത്വജ്ഞാനിയായ പ്ലൂട്ടാർക്കിനോട് മഹാനായ അലക്സാണ്ടർ ചക്രവർത്തി ചോദിച്ചു, എന്താണിത്ര സൂക്ഷിച്ചു നോക്കുന്നത് ? പ്ലൂട്ടാർക്ക് പറഞ്ഞു ഒരു കാര്യം തിരിച്ചറിയാനാവാതെ ഞാൻ വിഷമിക്കുന്നു. അലക്സാണ്ടർ: എന്ത് കാര്യം? ഉത്തരം: താങ്കളുടെ അച്ഛന്റെ അസ്ഥികളും, അടിമകളുടെ അസ്ഥികളും തമ്മിൽ തിരിച്ചറിയാനാവാതെ ഞാൻ വിഷമിക്കുന്നു! ശരിയാണ്, അസ്ഥികൾ തമ്മിൽ തിരിച്ചറിയാൻ പ്രയാസമാണ്. കത്തോലിക്കന്റെയും അകത്തോലിക്കന്റെയും തമ്മിൽ, വിശ്വാസിയുടേയും അവിശ്വാസിയുടേയും തമ്മിൽ, ഹൈന്ദവന്റെയും മുസ്ലീമിന്റെയും തമ്മിൽ, കറുത്തവന്റെയും വെളുത്തവന്റെയും തമ്മിൽ....! ആഴമായ ഗവേഷണ പഠനങ്ങൾ നടത്തി വിവിധതരം മനുഷ്യരെ തിരിച്ചറിയാനുള്ള ഒരു ശാസ്ത്രജ്ഞന്റെ ശ്രമം ഒരു പക്ഷേ പരാജയപ്പെട്ടേക്കാം. എന്നാൽ പരീക്ഷണങ്ങൾക്കും പരാജയങ്ങൾക്കും തുനിയാത്ത ചില മനുഷ്യരാണ് പ്രബുദ്ധരും വിശുദ്ധരും. മതത്തിന്റെയും, കുലത്തിന്റെയും പേരിലും, ജാതിയുടേയും, വർണ്ണത്തിന്റെയും പേരിലും, തരഭേതങ്ങൾ കല്പിക്കാതെ എല്ലാവരിലും മനുഷ്യത്വത്തെകണ്ട് അവരിലുള്ള ദൈവികതയെ തിരിച്ചറിഞ്ഞ് എല്ലാവരേയും സ്വീകരിച്ചാദരിച്ച മനുഷ്യസ്നേഹിയാണ് വാഴ്ത്തപ്പെട്ട ചാവറയച്ചൻ. വർണ്ണ വ്യത്യാസങ്ങളാൽ പെരുവഴി പോലും അടക്കി ഭരിച്ചിരുന്ന വരണ്ണമേധാവിത്വത്തെ തെളുവുവരെ അടക്കി നിറുത്തുവാനും, നിറം കുറഞ്ഞവരെ നേരായ വഴിക്ക് നടത്തുവാനും ചാവറയച്ചന് കഴിഞ്ഞു. ജാതിയുടെ പേരിൽ അക്ഷരാവകാശം പോലും നിഷേധിക്കപ്പെട്ടിരുന്നവർക്ക് അക്ഷര വെളിച്ചം നല്കാൻ അദ്ദേഹം പള്ളിക്കൂടങ്ങൾ സ്ഥാപിച്ചു. അതും നിലവിലുള്ള രീതികളെ മറികടന്ന് സംസ്കൃത സ്ക്കൂളുകൾ തന്നെ തുടങ്ങി. പാവപ്പെട്ടവനെ പോററാൻ അനാഥാലയവും. ഇന്ന് ഈ മഹാനുഭാവന് അർഹമായ അംഗീകാരമോ ആദരവോ ലഭിക്കുന്നില്ലെന്നു മാത്രമല്ല അദ്ദേഹത്തിന്റെ കാലടികളെ പിന്തുടരുന്ന ക്രൈസ്തവ പ്രവർത്തകരേയും പ്രവർത്തനശൈലികളെയും, സംശയിക്കുകയും, അവമതിക്കുകയും ചെയ്യുന്നവരെയാണ് എവിടേയും കാണുക. പിടിയരി പിടിച്ച് പാവപ്പെട്ടവന്റെ അരവയറു നിറക്കാൻ പാടുപെടുന്നവരെ തേടി പിടിച്ച് അടിച്ചവശരാക്കുന്ന ദാരുണ രംഗം കണ്ടവരാണ് നമ്മൾ. ലോകമെമ്പാടും ആദരിക്കപ്പെടുന്ന

നീലക്കര സാരി കന്യകാസ്ത്രീകൾക്ക് ഇതിൽപരം ആക്രമ പാരിതോഷികം എവിടെയാണ് കിട്ടുക? ദിവ്യബലിയണക്കാനായി ആസ്തപ്പാടുകട്ടി ജപമാലചൊല്ലുന്ന വൈദികനെ മാറിൽ കുത്തി മലർത്തി കൊല ചെയ്ത വൈതാളികൻമാർക്ക് സംരക്ഷണം നല്കുന്ന നെറികെട്ട നാട് ഇവിടെയല്ലാതെ വേറെയെവിടെയാണ് നാം കാണുക. സാധുജനസേവനമേതും, മാനസാന്തര വേലയായി ചിത്രീകരിക്കുന്ന വിചിത്രമായ വ്യാഖ്യാന രീതി ഇവിടെയല്ലാതെ വേറയെവിടേയും നാം കാണുകയില്ല.

ഇതെല്ലാം കണ്ടിട്ടും കേട്ടിട്ടും മതം പതറാതെ, കാലിടറാതെ സേവനപാത തുടരുക തന്നെയാണ് പ്രബുദ്ധർക്കും, വിശുദ്ധർക്കും കരണീയായിട്ടുള്ളത്. ഓട്ടം പൂർത്തിയാക്കി വിജയം വരിച്ച ചാവറപിതാവ് ഉന്നതങ്ങളിലിരുന്ന് പ്രകാശം തൂകി പാത തെളിയിക്കുന്നത് തിരിച്ചറിഞ്ഞുകൊണ്ട് യാത്ര തുടരുകയാണ് നമുക്ക് ആവശ്യമായിരിക്കുന്നതും.

സി മിഷന്റെ അനുവാചകർക്കെല്ലാവർക്കും ചാവറ ജന്മശതാബ്ദിയുടെ
നിറവാർന്ന ഹൃദയാശംസകൾ! ക്രിസ്മസ് നവ വത്സര മംഗളങ്ങൾ.




*C-Mission wishes all its readers*

**A MERRY CHRISTMAS & A HAPPY NEW YEAR**

# വാഴ്ത്തപ്പെട്ട ചാവറ ദർശിച്ച സ്ത്രീ മഹത്വം

*സി. ഫേ്ളാസി ജോൺ സി. എം. സി.*



ഒന്നര നൂററാണ്ടു മുൻപ് ദൈവമനുഷ്യനായി ജീവിച്ച് ഈ ലോകത്തോടു യാത്ര പറഞ്ഞ യുഗപുരുഷൻമാരിൽ അഗ്രഗണ്യനാണ് കേരളക്കരയുടെ ഭാഗ്യജാതൻ ചാവറയച്ചൻ. ദൈവസ്നേഹത്തിന്റെ പിൻബലമുള്ള മനുഷ്യസ്നേഹിയാണ് അദ്ദേഹം. മേജർ ആർച്ച് ബിഷപ്പ് മാർ. ആന്റണി പടിയറ ഒരിക്കൽ പറഞ്ഞു, വാഴ്ത്തപ്പെട്ട ചാവറയച്ചൻ ഒരു യുഗ പുരുഷനായിരുന്നു. ഒരു പുരുഷായുസ്സിൽ ചെയ്യാവുന്നതിലധികം നല്ല കാര്യങ്ങൾ അദ്ദേഹം ചെയ്തു. അന്നത്തെ തലമുറയേയും, വരാനിരിക്കുന്ന തലമുറകളേയും അദ്ദേഹം ധന്യമാക്കി. ചാവറ നമ്മുടെ കാലഘട്ടത്തിനുവേണ്ടിയുള്ള ഒരു വിശുദ്ധാത്മാവാണ്, കർമ്മയോഗിയാണ്. ചാവറപിതാവിന്റെ കരുതലുള്ള സ്നേഹം കടന്നു ചെല്ലാത്ത മേഖലകൾ ഇല്ലെന്നു പറയാം. പ്രത്യേകിച്ച് സ്ത്രീത്വത്തിന്റെ മഹനീയത ഉയർത്തിക്കാട്ടാൻ പിതാവ് ഒത്തിരിയേറെ പരിശ്രമിച്ചു. ഇതിന്റെ ആഴവും പരപ്പും മനസ്സിലാക്കണമെങ്കിൽ അന്നത്തെ സ്ത്രീകളുടെ അവസ്ഥയിലേക്ക് ഒരു എത്തിനോട്ടം അനിവാര്യമാണ്.

19-ാം നൂററാണ്ടിലെ കേരള ക്രൈസ്തവ സമുദായത്തിൽ മതാനുഷ്ഠാനങ്ങളിൽ പോലും നസ്രാണി സ്ത്രീകൾക്ക് കടന്നു വരാൻ സാധ്യതകൾ ഇല്ലായിരുന്നു. സ്ത്രീകൾ വീടിനൊരലങ്കാരമായി മുക്കിലിരിക്കുന്ന, ഇരുത്തുന്ന കാലം! ക്രൈസ്തവ സ്ത്രീകളും, അന്തർജനങ്ങളെപോലെ മാതാപിതാക്കൾക്കും, ഭർത്താക്കൻമാർക്കും അടിമകളായി കഴിഞ്ഞ കാലം. ക്രൈസ്തവ ദേവാലയങ്ങളിൽ നടഞ്ഞിയിരുന്ന ഭക്ത നാടകങ്ങളും, മററും കാണാൻ നസ്രാണി സ്ത്രീകൾക്കു കടന്നുവരാൻ വാതിലുകൾ തുറന്നുകൊടുക്കാത്ത കാലം. വിവാഹജീവിതം എന്തെന്നുപോലുമറിയാതെ ഒരു കളി തോഴിയെ പോലെ ശൈശവ വിവാഹത്തിനവൾ നിർബന്ധിക്കപ്പെട്ടിരുന്നു. താണ വർഗ്ഗത്തിൽ ജനിച്ചവരാണെങ്കിൽ പണിയും, പട്ടിണിയുമാണവളുടെ അവകാശം. ആശാൻ കളരി മാത്രമാണവളുടെ വിദ്യാഭ്യാസ രംഗം. ഉന്നത വിദ്യഭ്യാസം എന്നത് കേരളീയ സ്ത്രീകളെ സംബന്ധിച്ചിടത്തോളം അചിന്ത്യമായ ഒരു വസ്തുതയായിരുന്നു. ഈ അവസ്തയുടെ ഭികരത ചാവറ പിതാവിനെ ശ്വാസം മുട്ടിച്ചു. പിതാവിന്റെ സ്വപ്നങ്ങൾക്ക് പ്രാർത്ഥനാപൂർവ്വം വെളിച്ചം തേടി. പിതാവിനെ സംബന്ധിച്ചിടത്തോളം ഭക്തിയിൽ നിന്ന് ഉരുത്തിരിഞ്ഞതായിരുന്നു എല്ലാ മണ്ഡലങ്ങളും.

**ചാവറ ദർശനത്തിലെ സ്ത്രീ.**

ചാവറപിതാവിന് സ്ത്രീകളെക്കുറിച്ച് വളരെ ഉദാത്തമായ ദർശനമാണുള്ളത്. സമൂഹത്തിലെ ഒരു പ്രധാനപ്പെട്ട ഘടകമായി സ്ത്രീയെ പിതാവ് കണ്ടു. സ്ത്രീത്വത്തിന്റെ

മഹനീയത എന്ന ചാക്രിക ലേഖനത്തിലൂടെ തിരുസഭ ഇന്ന് സ്ത്രീത്വത്തെ കുറിച്ച് അവളുടെ മാഹാത്മ്യത്തെകുറിച്ച് ഉറക്കെ ചിന്തിക്കുമ്പോൾ, 150 വർഷം മുൻപ് ഈ ധ്യാനയോഗി കണ്ടെത്തി, വീടിനു വിളക്കായി ശോഭിക്കേണ്ടവളാണ് ഓരോ കുടുംബിനിയും എന്ന്. വീടാണ്, അമ്മയാണ്, ഇളം തലമുറയെ സ്നേഹ സേവനത്തിന്റെ സത്ഫലങ്ങൾ പുറപ്പെടുത്തേണ്ട വളക്കൂറുള്ള മണ്ണ് ആകേണ്ടതെന്ന്.

**അമ്മയിൽ തെളിഞ്ഞ സ്ത്രീ മഹത്വം.**

സ്വന്തം അമ്മയെ വലിയ സ്നേഹത്തോടും, ആദരവോടും കൂടെ ചാവറപിതാവ് ഓർമ്മിക്കുന്നതായിതന്റെ കൃതികളിൽ കാണാം. തന്റെ വ്യക്തിത്വത്തിന് രൂപഭാവം പകരാൻ സഹായിച്ച സ്വന്തം അമ്മ തന്നെയാണ് സ്ത്രീയെ കുറിച്ച് ഒരു ഉന്നതമായ ദർശനം സ്വന്തമാക്കാൻ ചാവറപിതാവിനെ സഹായിച്ചത്. തന്റെ അമ്മയെ കുറിച്ച് ചാവറപിതാവ് ആത്മാനുതാപമെന്ന തന്റെ കൃതിയിൽ അനുസ്മരിക്കുന്നത് ഇപ്രകാരമാണ്.

അന്നവൾക്കു നീ നൽകിയ സ്നേഹത്താൽ
അമൃതപാനം തന്നു വളർത്തുമ്പോൾ
അതിനോടു കലർത്തി ജപങ്ങളും
അപ്പോൾ തന്നെ ഗ്രഹിപ്പിച്ചു തന്നവൾ
    അന്നവളുടെ കാൽക്കലിരുന്നു ഞാൻ
    മന്ദം മന്ദമറിഞ്ഞു ദൈവത്തെയും
    ശുദ്ധനാമമാമീശോ മറിയവും
    ശുദ്ധനായ മാർ യൗസേപ്പിൻ നാമവും.

സ്നേഹ സമ്പന്നയായ മാതാവ് അമ്മിഞ്ഞിപ്പാലിനോടൊപ്പം ആത്മീയ പോഷണവും, നൽകിയിരുന്നു. അമ്മ രാത്രി ജപങ്ങൾക്കായി എഴുന്നേൽക്കുമ്പോൾ കൊച്ചു കുരിയാക്കോസിനേയും വിളിച്ചുണർത്തും. കുട്ടി എഴുന്നേററ് അല്പനേരം മുട്ടിൻമേൽ നിൽക്കും. അമ്മയുടെ അധരങ്ങളിൽ നിന്നും വീഴുന്ന ദിവ്യ സൂക്തങ്ങൾ അവനും ഉരുവിടും. പിന്നെ അമ്മയുടെ കാൽക്കലിരുന്ന് ഉറങ്ങും. ഒരു സ്ത്രീയുടെ മഹത്വം, വ്യക്തിത്വങ്ങളെ സ്വാധീനിക്കാനുള്ള സ്ത്രീയുടെ കഴിവ്, എല്ലാം സ്വന്തം അമ്മയിൽ ചാവറയച്ചൻ കണ്ടെത്തി.

സ്ത്രീയാണ് കുടുംബത്തിന്റെ കെടാവിളക്ക്. മക്കളെ രൂപപ്പെടുത്തുന്നതിൽ അവൾക്കുള്ള സ്ഥാനം മഹനീയമാണ്. ചുരുക്കത്തിൽ സ്ത്രീ സമുദ്ധാരണം ചാവറപിതാവിന്റെ വലിയൊരു സ്വപ്നമായിരുന്നു. സ്ത്രീകളെ എങ്ങിനേയും ഉയർത്തികൊണ്ടു വരണം. ഇതിന് സ്ത്രീകളിൽ നിന്നു തന്നെ നേതൃത്വംകണ്ടെത്തണമെന്നചാവറപിതവിന്റെ ചിരകാല സ്വപ്നത്തിന്റെ പൂവണിയലായിരുന്നു കേരളത്തിലെ ആദ്യത്തെ സന്ന്യാസിനീ സഭയായ സി. എം. സി. യുടെ ആരംഭം. സ്ത്രീകളെ വിദ്യ അഭ്യസിപ്പിച്ച് നല്ല കുടുംബിനികളാക്കുകയും, തൊഴിൽ സാധ്യതകൾ ഉണ്ടാക്കുകയും വേണമെന്ന് ആ ക്രാന്തദർശി അന്നേ ആഗ്രഹിച്ചു. ആ ലക്ഷ്യത്തോടെയാണ് മഠത്തോട് ചേർന്ന് എസ്ക്കോളായും, എതുക്കുന്നാത്തും, സ്ക്കൂളും, ബോർഡിംഗും പണിയാൻ തീരുമാനിച്ചത്. 1864-ൽ വികാരി ജനറാളായിരുന്ന കാലത്ത് ഇടവകൾ തോറും പള്ളിക്കൂടങ്ങൾ ആരംഭിക്കണമെന്നും, അല്ലാത്ത പക്ഷം അംശമുടക്കു കൽപ്പിക്കുമെന്നുമുള്ള ഒരു സർക്കുലർ ചാവറയച്ചൻ പുറപ്പെടുത്തി. അങ്ങനെ പള്ളിക്കൂടം പള്ളിയുടെ അവിഭാജ്യ

ഘടകമായിത്തീർന്നു. വിദ്യാലയങ്ങൾ നന്നേ വിരളമായിരുന്ന, ഉണ്ടായിരുന്നതു തന്നെ കത്തോലിക്കർക്ക് നിഷിദ്ധമായിരുന്ന കാലമായിരുന്നു അത്. ഈ അവസ്ഥയിലാണ് 1846ൽ മാന്നാനത്ത് സംസ്കൃത വിദ്യാലയം ആരംഭിച്ചത്. ഇത് മഹത്തായൊരു കർമ്മ പദ്ധതിയുടെ വിനീതമായൊരു കാൽനാട്ടു കർമ്മമായിരുന്നു. ഇങ്ങനെ സ്ത്രീകൾ ആധുനിക വിദ്യാഭ്യാസത്തിന്റെ ഗുണഫലങ്ങൾ ആസ്വദിക്കാൻ പ്രാപ്തരായി. മനുഷ്യ സേവനത്തിന്റെ ഇതിഹാസമായിരുന്ന ചാവറയച്ചന്റെ പരിശ്രമ ഫലമല്ലേ ഇന്ന് ഏതൊരു ഓഫീസിലേക്ക് കയറിചെന്നാലും, കസേരകളിൽ കാണുന്ന സ്ത്രീകളുടെ എണ്ണം?!

**ചാവറ കൃതികളിൽ സ്ത്രീകൾ.**

ദൈവത്തെകുറിച്ചും, പ്രപഞ്ചത്തെ കുറിച്ചും, തന്നെകുറിച്ചുതന്നെയും, വ്യക്തമായ ഒരു ദർശനമുണ്ടായിരുന്നു ചാവറയച്ചന്. ഈ ദർശന ധാര കൂടുതൽ വ്യക്തമാകുന്നത് തന്റെ കൃതികളിലൂടെയാണ്. കേരളസഭ റോക്കോസ് ശീശ്മയുടെ കൊടുങ്കാററിൽ ആടിയുലഞ്ഞപ്പോൾ അതിനെ വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനും സഹനത്തിന്റെ മാതൃക നൽകുന്നതിനും വേണ്ടി പിതാവ് എഴുതിയ അനസ്താസ്യായുടെ രക്ത സാക്ഷ്യം എന്ന കവിതയിലെ കഥാപാത്രം വിശുദ്ധയായ ഒരു പെൺക്കുട്ടിയാണ്. നല്ല അപ്പന്റെ ചാവരുളിലൂടെ മക്കളുടെ നല്ല വളർത്തലും, നല്ല കുടുംബബന്ധങ്ങളും ഒരു കുടുംബിനിക്കുണ്ടാകേണ്ട ഗുണങ്ങളും, പറയുന്നു. തെങ്ങ് വെളുപ്പിക്കാനും, മുളക് നടാനും, പത്തായം ചിതലുപിടിക്കാതെ വെക്കാനുമൊക്കെ പരിശീലനം കൊടുത്തുകൊണ്ട് കന്യാസ്ത്രീകൾക്കെഴുതിയ കത്തിലൂടെയെല്ലാം വ്യക്തമാക്കുന്നത്, പുരുഷൻമാരെപ്പോലെ സ്ത്രീകൾക്കും, കൃഷിവേലകൾ ചെയ്യാൻ സാധിക്കുമെന്നാണ്. സ്ത്രീ അബലയല്ല. പുരുഷനെപ്പോലെ വൻസാധ്യതകൾ സ്ത്രീയിലുമുണ്ട് എന്ന ബോധമാണ് പിതാവിനുള്ളത്.

ചുരുക്കത്തിൽ സ്ത്രീകളെക്കുറിച്ചുള്ള ചാവറപിതാവിന്റെ ഉൾക്കാഴചയും, അവരുടെ ഉന്നമനത്തിന് വേണ്ടി അദ്ദേഹം ചെയ്ത അദ്ധ്വാനങ്ങളും, കാലഘട്ടത്തെ അതിലംഘിച്ചുള്ളവയായിരുന്നു. അത്മഹത്യ, ഭ്രൂണഹത്യ, സ്ത്രീപീഡനം, പെൺവാണീഭം തുടങ്ങിയ സാമൂഹികതിന്മകൾക്കിരെ അടരാടുവാൻ നേതൃത്വം കൊടുക്കേണ്ടത് കാലഘട്ടത്തിന്റെ വലിയൊരു ആവശ്യമായിരിക്കുന്നു. പിതാവിന്റെ ദർശനങ്ങൾക്ക് ചിറകു വിരിക്കാൻ സന്ന്യസ്തരായവർക്ക് ദിവ്യകാരുണ്യ സന്നിധിയിലെ നീണ്ട മണിക്കൂറുകൾ ശകതി പകരട്ടെ. അങ്ങിനെ വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ മക്കളെന്നഭിമാനിക്കുന്ന സി. എം. ഐ, ; സി. എം. സി. മക്കൾക്ക് അപ്പന്റെ ദ്വിജന്മശതാബ്ദി ഒരു അനുഗ്രഹമാക്കി മാററാം. തിരിഞ്ഞു നോട്ടത്തെന്റെയും, തിരിച്ചു പോക്കിന്റയും, തിരുത്തലിന്റെയും. അനുഭവം സ്വന്തമാക്കുന്ന മക്കളുടെ ജ്വലിക്കുന്ന തീഷ്ണതകൊണ്ട് പൊതിഞ്ഞ പിറന്നാൾ സമ്മാനം പിതാവിന് കൊടുക്കാം. ഇതു തന്നെയാകട്ടെ വാഴ്ത്തപ്പെട്ട ചാവറപിതാവിനെ വിശുദ്ധ പദവിയിലേക്കുയർത്താനുള്ള മക്കളായ നമ്മുടെ പ്രാർത്ഥനയും.

# ചാവറയച്ചൻ
# ഉത്തമ സന്ന്യാസ വൈദികൻ



***മാർ മാത്യു കാവുകാട്ട് പിതാവിന്റെ ഇടയലേഖനം***

ദൈവകൃപയാലും, പരിശുദ്ധ സിംഹാസനത്തിന്റെ കാരുണ്യത്താലും ചങ്ങനാശ്ശേരി രൂപതയുടെ മെത്രാനായ നാം

മാത്യു കാവുകാട്ട്

നമ്മുടെ അധികാരത്തിലുള്ള ബ. വൈദികർക്കും, സന്ന്യാസാന്തസ്സുകാർക്കും, വിശ്വാസികൾ ഏവർക്കും നമ്മുടെ കർത്താവീശോ മിശിഹായിൽ സമാധാനവും, ആശീർവാദവും.

എന്റെ നാമത്തെ പ്രതി വീടുകളെയോ, സഹോദരന്മാരേയോ, സഹോദരികളെയോ, അപ്പനെയോ, അമ്മയെയോ, ഭാര്യയേയോ, മക്കളെയോ, നിലങ്ങളെയോ ഉപേക്ഷിക്കുന്ന ഏവനും ഒന്നിന് നൂറായി ലഭിക്കും. നിത്യജീവനെ അവർ അവകാശപ്പെടുത്തുകയും ചെയ്യും. (മത്താ, 19.29) വന്ദ്യ സഹോദരരേ, പ്രിയ മക്കളെ,

വിവിധ തരത്തിലുള്ള ജീവിതാന്തസ്സുകൾ ലോകത്തിൽ നാം കാണുന്നുണ്ട്. സാമാന്യജനം വിവാഹമെന്ന വി. കുദാശ സ്വീകരിച്ചു കുടുംബ ജീവിതം നയിക്കുന്നു. ചിലർ വൈദികാന്തസ്സിലേക്കും, സന്ന്യാസാന്തസ്സിലേക്കും വിളിക്കപ്പെടുന്നു. ഇവർ ദൈവശുശ്രൂഷക്കായി പ്രത്യേകം പ്രതിഷ്ഠിക്കപ്പെട്ടവരാണ്. സന്ന്യാസാന്തസ്സിൽ പ്രവേശിക്കുന്നവർ കന്യാത്വം, ദാരിദ്ര്യം, കീഴ്‌വഴക്കം ഇവ ശ്വാശ്വതമായി പാലിച്ചു കൊള്ളാമെന്ന് പ്രതിജ്ഞ ചെയ്യുന്നു. സുവിശേഷാത്മകമായ പരിപൂർണ്ണതയുടെ ജീവിതാവസ്ഥയാണ് ഇവരുടെ ലക്ഷ്യം. ധനമോഹം, ജഢമോഹം, അഹങ്കാരം എന്നീ ദുർവാസനകളെ കീഴടക്കി പുണ്യപൂർണ്ണതയിലെത്തിച്ചേരുവാൻ അവർ പരിശ്രമിക്കുന്നു. പല തരത്തിലുള്ള സന്ന്യാസ സഭകളുണ്ട്. ചില സന്ന്യാസ സഭകൾ ധ്യാനപരമായും, പ്രാർത്ഥനാപരവുമായുള്ള ജീവിതം മാത്രം സ്വീകരിച്ചിട്ടുള്ളവയാണ്. പ്രാർത്ഥനാപരമായ ജീവിതത്തോട് കർമ്മോദ്യുക്തമായ ജീവിതം കൂടി അനുവദിക്കുന്ന സഭകളുമുണ്ട്. സ്വയം വിശുദ്ധീകരണം, ദൈവസ്തുതി, ആത്മാക്കളുടെ രക്ഷ ഇവയാണ് സന്ന്യാസ സഭകളുടെയെല്ലാം വിളി. തിരുസ്സഭയുടെ ഭദ്രതക്കും, വളർച്ചയ്ക്കും വേണ്ടി സന്ന്യാസ സഭകൾ പ്രശംസാർഹമായ വിധം പ്രയത്നിച്ചിട്ടുണ്ട്. പാഷണ്ഡതകൾക്കെതിരായി അവർ ധീരതയോടെ അവരുടെ ആയുധങ്ങൾ നൽകിയിട്ടുണ്ട്. സന്ന്യാസ സഭകളുടെ തണലിൽ അനേകം തത്ത്വ ശാസ്ത്രജ്ഞരും, വേദപണ്ഡിതന്മാരും മൊട്ടിട്ടു വന്നിട്ടുണ്ട്. അവരുടെ വലിയ നേട്ടങ്ങളാണ് അവ. അവരെ പറ്റി സഭ അഭിമാനം കൊള്ളുന്നുമുണ്ട്.

യൂറോപ്പിൽ അനേകം നൂറ്റാണ്ടുകൾക്ക് മുൻപു തന്നെ സന്ന്യാസ സഭകൾ ആരംഭിക്കുകയുണ്ടായി. പക്ഷേ വളരെ വൈകിയാണ് മലയാള കരയിൽ സന്ന്യാസ സഭകൾ സ്ഥാപിതമായത്. സന്ന്യാസ സഭകളിലെ അംഗങ്ങളായ മിഷനറിമാരുടെ സേവനം കേരളത്തിലെ സഭക്കു നേരത്തെ ലഭിച്ചുവെങ്കിലും നാട്ടുകാരുടേതായ ഒരു സന്ന്യാസ സഭ ഇവിടെ ആരംഭിക്കുവാൻ കാല താമസം വന്നു. ഒരു നൂറ്റാണ്ടു മുൻപ് പ്രകൃതി സുന്ദരമായ മാന്നാനം കുന്നിൽ ഒരു സന്ന്യാസ സഭക്ക് ആരംഭമിട്ടു. കേരളീയ സുറിയാനി കർമ്മലീത്താസഭയെന്നു ഇന്ന് അറിയപ്പെടുന്ന ആ സന്ന്യാസ സഭ പല പ്രതിബന്ധങ്ങളെയും തരണം ചെയ്ത് ക്രമപ്രവൃദ്ധമായ വളർച്ച പ്രാപിച്ചു. മനോഹരമായ മാന്നാനം കുന്നിൻ മുകളിൽ പാകിയ വിത്ത് മുളച്ച് വളർന്നു വളർന്നു വൻ വൃക്ഷമായി, ശാഖോപശാഖകൾ വീശി. ഇന്ന് ധാരാളം പൂക്കളും, കായ്കളും വഹിച്ചുകൊണ്ട് നില്ക്കുകയാണ്. അതിന്റെ ശീതളഛായയിൽ പ്രൈമറി മുതൽ കോളേജു വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മുദ്രാലയങ്ങൾ, ആതുരാലയങ്ങൾ വൈദികസെമിനാരികൾ ഇവ അഭികാമ്യമായ വിധം പ്രവർത്തനം നടത്തുന്നുണ്ട്. പത്രപ്രവർത്തനം വഴിയായും, ധ്യാന പ്രസംഗങ്ങൾ വഴിയായും കേരളീയ കത്തോലിക്കർക്കു കർമ്മലീത്ത സഭ നൽകി കൊണ്ടിരിക്കുന്ന സേവനങ്ങൾ വിസ്മരിക്കത്തക്കവയല്ല. കേരളത്തിലുണ്ടായ റോക്കോസ്, മേലൂസ് ശീശ്മകൾക്കെതിരായി ധീരധീരം പോരാടിയ ചാവറയച്ചൻ, വലിയചാണ്ടിയച്ചൻ, കാപ്പിൽ മത്തായിച്ചൻ മുതലായവരെ നമുക്ക് മറക്കുവാൻ കഴിയുമോ? കേരളത്തിനുപുറത്തും ഈ സന്ന്യാസ സഭകളുടെ പ്രവർത്തനം വ്യാപിച്ചു തുടങ്ങിയിട്ടുണ്ട്. വേദപ്രചാരണ വിഷയത്തിൽ കൂടുതൽ സേവനം അനുഷ്ഠിക്കുവാൻ വേണ്ടത്ര ഒരുക്കങ്ങൾ അവർ ചെയ്തു വരുകയാണ്. ദൈവാനുഗ്രഹത്താൽ ഇന്ന് നമ്മുടെ ഇടയിൽ വൈദികാന്തസ്സിലേക്കും, സന്ന്യാസാന്തസ്സിലേക്കുമുള്ള ദൈവവിളി വർദ്ധിച്ചു വരുന്നുണ്ട്. കുടുംബമാണു വൈദികരുടെയും സന്ന്യാസികളുടേയും, പിള്ളത്തൊട്ടിൽ. കുടുംബങ്ങളിൽ ക്രിസ്തീയ ചൈതന്യം വളർന്നു വരുന്നതോടൊപ്പം ദൈവവിളിയും വർദ്ധിച്ചു വരുന്നു. മാതാപിതാക്കൻമാർ ഈ വസ്തുത മനസ്സിലാക്കി തങ്ങളുടെ മക്കളെ ക്രിസ്തീയാരൂപിയിൽ വളർത്തേണ്ടതും, ദൈവവിളിയുള്ളവരെ പ്രോത്സാഹിപ്പിക്കേണ്ടതുമാണ്.

**വന്ദ്യ സഹോദരരേ പ്രിയമക്കളേ,**

കേരളീയ സുറിയാനി കർമ്മലീത്താ സഭയിലെ ആദ്യപിതാക്കൻമാർ ആദ്യമായി സന്ന്യാസ വ്രതം ചെയ്തു കാനോനികമായി സന്ന്യാസ ജീവിതം ആരംഭിച്ചതിന്റെ ശതവത്സരപൂർത്തിയാണു ഇക്കൊല്ലം അനുസ്മരിക്കുന്നത്. ഇതു സംബന്ധിച്ചുള്ള ആഘോഷങ്ങൾ പല സ്ഥലങ്ങളിലും നടന്നു കഴിഞ്ഞു. പൊതുവായുള്ള ആഘോഷങ്ങൾ അടുത്ത ഡിസംബർ 5, 6, 7, 8 ഈ തിയതികളിൽ മാതൃഭവനമായ മാന്നാനം ആശ്രമത്തിൽ വച്ചു വിപുലമായ തോതിൽ നടത്തപ്പെടുന്നതാണ്. ഈ അവസരത്തിൽ കേരള കർമ്മലീത്ത സഭാംഗങ്ങളോടൊന്നിച്ച്, കഴിഞ്ഞ നൂറു വർഷങ്ങളിൽ സഭക്കും സഭ വഴിയായും ദൈവം നൽകിയിട്ടുള്ള അനുഗ്രഹങ്ങൾക്കായി നമുക്കു കൃതജ്ഞതാപൂർവ്വം സ്മരിക്കാം. ഈ സന്ന്യാസ സഭ പൂർവ്വാധികം പുഷ്ടി പ്രാപിച്ചു വളർന്നു വരുവാൻ ഇടയാകട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം. ജൂബിലി സമാപന ദിവസമായ ഡിസംബർ എട്ടാം തിയതി നമ്മുടെ ദേവാലയങ്ങളിൽ വി. കുർബാനയുടെ വാഴ്വു സമയത്ത് ലാക് ആലാഹാ എന്ന സ്തോത്രഗീതം പാടണമെന്നു നാം താല്പര്യപ്പെടുന്നു.

വന്ദ്യ സഹോദരരേ, പ്രിയമക്കളേ,

നവംബർ മാസത്തിലേക്ക് നാം പ്രവേശിക്കുകയാണ്. ഈ മാസത്തിൽ ശുദ്ധീകരണ സ്ഥലത്തിലേ ആത്മാക്കൾക്കുവേണ്ടി നാം പ്രത്യേകം പ്രാർത്ഥിക്കണമെന്നു തിരുസഭ നമ്മെ ഉപദേശിക്കുന്നു. ശുദ്ധീകരണ സ്ഥലത്തിൽ പീഡയനുഭവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ സഹോദരസ്നേഹം നമ്മെ നിർബന്ധിക്കുന്നു. അവർക്കു വേണ്ടി നാം അപേക്ഷിക്കുമ്പോൾ അവരുടെ അപേക്ഷ നമുക്കു വേണ്ടിയുമുണ്ടാകും. ഈ മാസത്തിൽ പ്രത്യേകമായി വിശുദ്ധ കുർബാനയിൽ സംബന്ധിച്ചും, ദിവ്യകാരുണ്യം സ്വീകരിച്ചും, പ്രാർത്ഥനകളർപ്പിച്ചും ശുദ്ധീകരണസ്ഥലത്തിലേ നിസ്സാഹായരായ നമ്മുടെ സഹോരങ്ങളെ നമുക്കു സഹായിക്കാം.

ദൈവത്തിന്റെ കൃപയും അനുഗ്രഹവും എന്നും നിങ്ങളുടെ മേൽ ഉണ്ടായിരിക്കട്ടെ എന്നു ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട് പിതാവിന്റെയും, പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളേവരേയും നാം ഹൃദയപൂർവ്വം ആശീർവദിക്കുന്നു.

എന്ന്

മാത്യു കാവുക്കാട്ട്, ചങ്ങനാശ്ശേരി രൂപതയുടെ മെത്രാൻ

മെത്രാസന മന്ദിരം

14-10-1955

(വേദപ്രചാരമാധ്യസ്ഥൻ, ചങ്ങാശ്ശേരി, Vol. 28, No. 5. Novemebr 1955 , Page 97)

തലോർ ജറുസലെം ധ്യാനകേന്ദ്രത്തിലെ മരിയൻ മണ്ഡപത്തിന്റെ ആശീർവ്വാദത്തിനുമുമ്പ് നൽകിയ അനുഗ്രഹ പ്രഭാഷണത്തിൽ കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ പിതാവ് പറഞ്ഞു:

"ജറുസലെം വചന കൂടാരത്തിന്റെ പ്രത്യേകത ഇന്നും എന്നും എനിക്കു പറയാനുള്ളത് വിശുദ്ധ കുർബാനയോടുള്ള സ്നേഹവും, പരി. അമ്മയോടുള്ള ഭക്തിയുമാണ് ഈ വചനകൂടാരത്തിന്റെ അനസ്യൂതമായ വളർച്ചയ്ക്കു കാരണം. ഇത് ക്രൈസ്തവ ജീവിതത്തിന്റെ ആധാരമാണ്."

# ചാവറയച്ചന്റെ അനന്യത



***കർദ്ദിനാൾ ആന്റണി പടിയറ പിതാവിന്റെ ഇടയലേഖനം***

ദൈവകൃപയാലും
ശ്ലൈഹിക സിംഹാസനത്തിന്റെ മനോഗുണത്താലും
എറണാകുളം-അങ്കമാലി ശ്രേഷ്ഠമെത്രാപ്പോലീത്താ
**ആന്റണി കാർഡിനാൾ പടിയറ**
തന്റെ അധികാരത്തിൽപെട്ട അതിരൂപതകളിലേയും
രൂപതകളിലേയും വന്ദ്യപിതാക്കന്മാർക്കും
ഇടവകകളിലെ ബ. വികാരിമാർക്കും മറ്റു വൈദികർക്കും
സന്ന്യാസിനിസന്ന്യാസിമാർക്കും ജനങ്ങൾക്കും
നമ്മുടെ കർത്താവീശോമിശിഹായിൽ
ആശിസ്സും സമാധാനവും.

വന്ദ്യസഹോദരരേ, പ്രിയമക്കളേ,

ഭാരതത്തിലെ കത്തോലിക്കാസഭയുടെ, വിശിഷ്യാ സീറോമലബാർസഭയുടെ, അഭിമാനഭാജനങ്ങളായ ചാവറ കുരിയാക്കോസ് ഏലിയാസച്ചനേയും അൽഫോൻസാമ്മയേയും പരിശുദ്ധപിതാവ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ തന്റെ ഭാരതസന്ദർശനവേളയിൽ കോട്ടയത്ത് വച്ച് വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിച്ചിട്ട് 1996 ഫെബ്രുവരി 8-ാം തീയതി പത്തുവർഷം തികയുകയാണ്. മാർത്തോമക്രിസ്ത്യാനികളുടെ ഇടയിൽനിന്ന് അൾത്താരയിലെ വണക്കത്തിന് ആദ്യമായി ഉയർത്തപ്പെട്ട ഈ ധന്യാത്മാക്കളുടെ ജീവിതമാതൃകയും പ്രവർത്തനവും മാദ്ധ്യസ്ഥ്യവും വഴി നമ്മുടെ സഭാജീവിതത്തിൽ കൈവന്നിട്ടുള്ള നന്മകൾക്ക് നന്ദിപറയുകയും താമസംവിനാ ഇവരെ വിശുദ്ധരെന്ന് നാമകരണം ചെയ്യാൻ ഇടവരട്ടെയെന്നു പ്രാർത്ഥിക്കുകയും ചെയ്യാം.

1996 ജനുവരി 3-ാം തിയതി വാഴ്ത്തപ്പെട്ട ചാവറയച്ചൻ ദിവംഗതനായിട്ട് 125 വർഷം പൂർത്തിയാകുന്ന ഈ ശുഭാവസരത്തിൽ നമ്മുടെ സഭാജീവിതത്തിൽ അദ്ദേഹത്തിനുള്ള പ്രസക്തിയെപ്പറ്റി വിചിന്തനം ചെയ്യാൻ നമ്മുടെ സഭയിലെ അഭിവന്ദ്യപിതാക്കന്മാരെയും ബഹുമാനപ്പെട്ട വൈദികരേയും സന്ന്യാസിനി സന്ന്യാസികളേയും ജനങ്ങളെയും ഞാൻ സ്നേഹപൂർവം ആഹ്വാനം ചെയ്യുന്നു. സഭാചരിത്രം പഠിക്കുമ്പോൾ നമുക്കു മനസ്സിലാകുന്നു, ദൈവജനത്തിന് കാലാകാലങ്ങളിൽ ആദ്ധ്യാത്മിക നവീകരണവും നേതൃത്വവും നൽകാൻ ചില പിതാക്കന്മാരേയും വൈദികരേയും സന്ന്യസ്തരേയും അൽമായരേയും ദൈവം പ്രത്യേകിച്ച് തിരഞ്ഞെടുത്ത് നിയോഗിക്കാറുണ്ടെന്ന്. മാർത്തോമ ക്രിസ്ത്യാനികളുടെ സഭയിൽ ദൈവം ഇപ്രകാരം നിയോഗിച്ചവരിൽ ചിലരാണ് കരിയാറ്റിജോസഫ് മെത്രാപ്പോലീത്തായും പാറേമ്മാക്കൽ തോമാക്കത്തനാരും പറമ്പിൽ ചാണ്ടി

മെത്രാനും നിധീരി മാണിക്കത്തനാരും തച്ചിൽ മാത്തൂത്തരകനും. ഇവരുടെ ഗണത്തിൽ, വളരെ സങ്കീർണ്ണമായ പ്രശ്നങ്ങൾ നേരിട്ടിരുന്ന 19-ാം നൂറ്റാണ്ടിൽ നമ്മുടെ സഭയ്ക്ക് ധീരമായ നേതൃത്വം നൽകാൻ വിളിക്കപ്പെട്ട ധന്യാത്മാവാണ് ചാവറയച്ചൻ. അടിയുറച്ച ആദ്ധ്യാത്മികതയും കറകളഞ്ഞ സഭാസ്നേഹവും ക്രിയാത്മകമായ ദീർഘവീക്ഷണവും കൊണ്ട് പ്രശോഭിതമായ ഈ മഹാത്മാവിന്റെ ജീവിതകഥ 19-ാം നൂറ്റാണ്ടിലെ സീറോ മലബാർസഭയുടെ ചരിത്രം കൂടിയാണ്. അദ്ദേഹം വഴി നമ്മുടെ സഭയ്ക്ക് കൈവന്നിട്ടുള്ള നേട്ടങ്ങൾ അവഗണിക്കാനോ വിസ്മരിക്കാനോ ആർക്കും സാധിക്കുകയില്ല. മാത്രമല്ല, പൂർണഭരണസ്വാതന്ത്ര്യമുള്ള പക്വതയാർന്ന ഒരു പൗരസ്ത്യ കത്തോലിക്കാസഭയായി വളരാനുള്ള ഇന്നത്തെ നമ്മുടെ പരിശ്രമങ്ങൾക്ക് വാഴ്ത്തപ്പെട്ട ചാവറയച്ചൻ പ്രചോദനവും മാർഗനിർദ്ദേശവും നൽകുന്നുമുണ്ട്.

1599 ലെ ഉദയംപേരൂർ സൂനഹദോസിനെത്തുടർന്ന് പദ്രവാദോ ഭരണത്തിനും 1653 ലെ കൂനൻകുരിശ് സത്യത്തെത്തുടർന്ന് പ്രൊപ്പഗാന്താ ഭരണത്തിനും കീഴിൽ നിരവധി യാതനകൾ അനുഭവിച്ചിരുന്ന നമ്മുടെ ശ്ലൈഹികസഭയ്ക്കുവേണ്ടി പ്രത്യേക വികാരിയാത്തുകളും ഹൈരാർക്കിയും സ്ഥാപിക്കുന്നതിനുമുമ്പ്, ഇതിനെല്ലാം മുന്നോടിയായി, ലത്തീൻഭരണത്തിൻ കീഴിൽത്തന്നെ, എല്ലാ സീറോമലബാർ കത്തോലിക്കർക്കുംവേണ്ടിയുള്ള പൊതുവികാരി ജനറാളായി വാഴ്ത്തപ്പെട്ട ചാവറയച്ചൻ 1861 ൽ നിയമിതനായി. മാർത്തോമാശ്ലീഹാ സ്ഥാപിച്ച ഭാരതത്തിലെ സഭ ആഗോള കത്തോലിക്കാസഭയുടെ ഭാഗമാണെന്നും റോമാ മാർപ്പാപ്പയ്ക്ക് വിധേയമായിക്കൊണ്ടു മാത്രമേ സഭയുടെ കൂട്ടായ്മ സംരക്ഷിക്കാനാവൂ എന്നും അദ്ദേഹം അചഞ്ചലമായി വിശ്വസിച്ചു. നമ്മുടെ സഭയുടെ തനിമയും പാരമ്പര്യവും കാത്തുസൂക്ഷിക്കുന്നതോടൊപ്പം സഭയുടെ ഐക്യവും അഖണ്ഡതയും അദ്ദേഹം പരിരക്ഷിച്ചു. കത്തോലിക്കാ സഭൈക്യത്തിന്റെ കാര്യത്തിൽ ഒരു ഒത്തുതീർപ്പിനും അദ്ദേഹം തയ്യാറായില്ല. അതുകൊണ്ടാണ് ജീവൻ തൃണവൽഗണിച്ചുകൊണ്ടും ശീശ്മക്കെതിരെ പോരാടാനും സഭാനൗകയെ സത്യമാർഗ്ഗത്തിലൂടെ നയിക്കാനും അദ്ദേഹം പരിശ്രമിച്ചത്. എല്ലാ പൗരസ്ത്യ കത്തോലിക്കാ സഭകളുടെയും ഇടയിൽ, നമ്മുടെ സഭ ഇന്നു ബന്ധപ്പെട്ട ഇതരക്രൈസ്തവസഭാവിഭാഗങ്ങളേക്കാൾ, വിശ്വാസികളുടെ അംഗസംഖ്യയിലും ദൈവവിളികാര്യങ്ങളിലും ഉൽകൃഷ്ടമാണെങ്കിൽ അതിനു നാം വാഴ്ത്തപ്പെട്ട ചാവറയച്ചനോട് കടപ്പെട്ടിരിക്കുന്നു.

പ്രവാചകതുല്യനായ ഒരു അജപാലകൻ എന്നനിലയിൽ വാഴ്ത്തപ്പെട്ട ചാവറയച്ചൻ നമ്മുടെ അജപാലനരംഗത്തെ സമഗ്രമായൊരു നവീകരണത്തിലേക്കു നയിച്ചു. മല്പാന്മാരുടെ കീഴിലുള്ള വൈദികപരിശീലനത്തിനുപകരം, ഇന്നത്തെ പൊതു സെമിനാരികൾക്ക് മുന്നോടിയായി അദ്ദേഹം സ്ഥാപിച്ച സെമിനാരികൾ വിശുദ്ധിയും വിജ്ഞാനവുമുള്ള വൈദികരുടെ ഒരു പുതിയ നിരയ്ക്ക് ജന്മം നൽകി. ഞായറാഴ്ചപ്രസംഗം, ഇടവകകളിൽ ജനങ്ങൾക്കുവേണ്ടിയുള്ള വാർഷികധ്യാനം, കുടുംബപ്രാർത്ഥന തുടങ്ങിയവ അദ്ദേഹം പ്രോത്സാഹിപ്പിച്ച് വളർത്തിയെടുത്തവയാണ്. പിടിയരി, കെട്ട്തെങ്ങ്, നൂറ്റിക്കഞ്ഞ് തുടങ്ങിയ പദ്ധതികൾവഴി സഭയോടൊത്ത് ചിന്തിക്കാനും അവളുടെ പ്രവർത്തനങ്ങളിൽ പങ്കെടുക്കാനും അദ്ദേഹം നമ്മുടെ ജനങ്ങളെ അഭ്യസിപ്പിച്ചു.

തിരുക്കുടുംബത്തോടുള്ള ഭക്തികൊണ്ട് തിരുക്കുടുംബത്തിന്റെ കുര്യാക്കോസ് എന്ന നാമം സ്വീകരിച്ച വാഴ്ത്തപ്പെട്ടവൻ, നസ്രസ്സിലെ തിരുക്കുടുംബത്തിന്റെ മാതൃകയിൽ എല്ലാ കത്തോലിക്കാക്കുടുംബങ്ങളെയും വാർത്തെടുക്കാൻ അഭിലഷിച്ചു. കുടുംബജീവിതത്തിന്റെ പ്രാധാന്യം ഇന്ന് നാം കൂടുതൽ മനസ്സിലാക്കുകയും കുടുംബപ്രേഷിതരംഗത്ത് കൂടുതൽ പ്രവർത്തിക്കുകയും ചെയ്യുന്നുവെന്നത് സന്തോഷകരമാണ്. കുടുംബപ്രേഷിതത്വത്തിന്റെ

പ്രത്യേക മദ്ധ്യസ്ഥനാണ് ചാവറയച്ചൻ. ഓരോ കുടുംബത്തിലും ഐശ്വര്യവും അഭിവൃദ്ധിയും ഉണ്ടാകാൻ മാതാപിതാക്കളും മക്കളും അനുഷ്ഠിക്കേണ്ട കടമകളേതെന്ന് വ്യക്തമാക്കികൊണ്ട്, സ്വന്തം ഇടവകയായ കൈനകരികാർക്ക് തന്റെ മരണത്തിന് തൊട്ടുമുമ്പ് അദ്ദേഹം നൽകിയ സന്ദേശം കുടുംബപ്രേഷിതർക്ക് നല്ല പ്രചോദനവും വഴികാട്ടിയുമാണ്.

നമ്മുടെ സഭാജീവിതം ധന്യമാക്കാൻ സന്ന്യാസിനി സന്ന്യാസികൾ നൽകുന്ന സംഭാവന നാമെല്ലാം നന്ദിയോടെ അംഗീകരിക്കുന്നു. നമ്മുടെ സഭ വൈദിക, സന്ന്യാസ ദൈവവിളികൾകൊണ്ട് വിശേഷാൽ ധന്യവുമാണ്. നമ്മുടെ സഭയിലെ സന്ന്യാസജീവിതം എവിടെ, എങ്ങനെ ആരംഭിച്ചു? ക്രൈസ്തവ ലോകത്തിൽ എവിടെയെങ്കിലും വ്യവസ്ഥാപിതമായ സന്ന്യാസജീവിതം ആരംഭിക്കുന്നതിനുമുമ്പ്, രണ്ടാം നൂറ്റാണ്ടിൽ മൈലാപ്പൂരിൽ തോമാശ്ലീഹായുടെ കബറിടത്തിനരികെ നമ്മുടെ ഒരു സന്ന്യാസാശ്രമമുണ്ടായിരുന്നുവെന്ന്, ടൂർസിലെ മെത്രാൻ വി. ഗ്രിഗരിയുടെ സാക്ഷ്യമുണ്ട്. ഇത് പിന്നെ അപ്രത്യക്ഷമായി. 17-ാം നൂറ്റാണ്ടിൽ മുപ്പതു വർഷത്തോളം ഇടപ്പള്ളിയിലും അങ്കമാലിയിലും ഓരോ ചെറിയ സന്ന്യാസാശ്രമങ്ങൾ ഉണ്ടായിരുന്നു. കൂനൻ കുരിശുസത്യത്തെത്തുടർന്ന് അവ നിർത്തലാക്കി. ഇന്ന് നമ്മുടെ സഭയിലെ എല്ലാ സന്ന്യാസസമൂഹങ്ങളുടെയും നാന്ദികുറിച്ചത് 1831 ലെ മാന്നാനം ആശ്രമസ്ഥാപനവും 1866 ലെ കൂനമ്മാവ് മഠസ്ഥാപനവുമായിരുന്നു. വാഴ്ത്തപ്പെട്ട ചാവറയച്ചൻ പുരുഷന്മാർക്കും സ്ത്രീകൾക്കും വേണ്ടി ഓരോ സന്ന്യാസസമൂഹങ്ങൾ സ്ഥാപിച്ചു എന്നതിലുപരി, നമ്മുടെ സഭയിൽ സന്ന്യസ്തജീവിതത്തിനുള്ള അവസരംതന്നെ തുറന്നുകൊടുത്തു എന്നതിലാണ് അദ്ദേഹത്തിന്റെ പ്രസക്തി. സ്ത്രീകൾക്കും കുട്ടികൾക്കും വിദ്യാഭ്യാസം നൽകുക, സാമൂഹ്യസേവന രംഗങ്ങളിൽ സ്ത്രീകളെ കൊണ്ടുവരിക, കൈത്തൊഴിലുകൾ അഭ്യസിപ്പിച്ച് പാവപ്പെട്ട സ്ത്രീകളെ സ്വാശ്രയരാക്കുക എന്നിവയെല്ലാം സന്ന്യാസിനിസമൂഹസ്ഥാപനത്തിലൂടെ ചാവറയച്ചൻ നടപ്പിൽ വരുത്തിയ കർമ്മപരിപാടികളായിരുന്നു.

നമ്മുടെ സഭാജീവിതനവീകരണത്തിനുവേണ്ടിയുള്ള ചാവറയച്ചന്റെ സേവനം ആദ്ധ്യാത്മിക, അജപാലനരംഗത്ത് ഒതുങ്ങിനിന്നില്ല; അത് വിദ്യാഭ്യാസ, കലാസാംസ്കാരിക, സാമൂഹികസേവന രംഗങ്ങളിലേക്കെല്ലാം കവിഞ്ഞൊഴുകി. 150 വർഷം മുമ്പ് 1846 ൽ മാന്നാനത്ത് സ്ഥാപിച്ച സംസ്കൃത വിദ്യാലയവും തുടർന്ന് സ്ഥാപിച്ച പ്രൈമറി സ്കൂളും ഒരു സാംസ്കാരികവിപ്ലവം മാത്രമല്ല, സാമൂഹികവിപ്ലവംകൂടിയായിരുന്നു. അദ്ദേഹം അവർണ്ണരെ സവർണ്ണരുടെ കൂടെ ഇരുത്തി പഠിപ്പിച്ചു. അവർക്ക് ഭക്ഷണവും കൊടുത്തിരുന്നു. വികാരി ജനറാളിന്റെ അധികാരം ഉപയോഗിച്ച് "ഓരോ പള്ളിയോടുംകൂടെ പള്ളിക്കൂടം സ്ഥാപിക്കണം"മെന്ന് പള്ളിക്കുറ്റത്തിൻ കീഴിൽ കല്പന അയച്ചുകൊണ്ട് വിദ്യാഭ്യാസസേവനരംഗത്ത് നമ്മുടെ സഭയുടെ വിപ്ലവകരമായ മുന്നേറ്റം സൃഷ്ടിച്ചു. ഇന്ന് നാം ഈ രംഗത്ത് വളരെ മുന്നേറിയിരിക്കുന്നു. ചാവറയച്ചന്റെ മാതൃക വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന സഭാതനയർക്ക് ഉദാത്തമായ മൂല്യങ്ങൾ സംരക്ഷിക്കാനും അതിന്റെ വാണിജ്യവൽക്കരണം പൂർണ്ണമായി ഒഴിവാക്കാനും പ്രചോദനം നൽകട്ടെയെന്ന് ആശംസിക്കുന്നു. ദളിതക്രൈസ്തവരെ പൂർണ്ണമായി സഭാസമൂഹത്തിലേക്ക് സ്വീകരിക്കുവാനും അവർ അർഹിക്കുന്ന മാന്യതയും നീതിയും കൈവരാൻ അർപ്പണബോധത്തോടെ പരിശ്രമിക്കുവാനും ചാവറയച്ചൻ നമ്മെ പ്രേരിപ്പിക്കുന്നു.

ജനങ്ങളെ അക്ഷരം പഠിപ്പിച്ചുകൊണ്ടുമാത്രം ചാവറയച്ചൻ തൃപ്തനായില്ല. വാഴപ്പിണ്ടിയിൽ സ്വയം രൂപകല്പന ചെയ്ത് ഒരു മരപ്രസ്സ് നിർമ്മിച്ച് ധാരാളം നല്ല പുസ്തകങ്ങൾ പ്രകാശനം ചെയ്തു. അങ്ങനെ അദ്ദേഹം നമ്മുടെ എല്ലാ വാർത്താമാദ്ധ്യമ പ്രവർത്ത

നങ്ങളുടെയും ആരംഭകനായി. സ്വന്തം നാടായ കൈനകരിയിൽ ഒരു ഉപവിശാല സ്ഥാപിച്ച് നമ്മുടെ സഭയുടെ എല്ലാ ആതുരശുശ്രൂഷ, സാമൂഹികസേവനപ്രസ്ഥാനങ്ങൾക്കും നാന്ദി കുറിച്ചു.

എല്ലാറ്റിലുമുപരിയായി വാഴ്ത്തപ്പെട്ട ചാവറയച്ചൻ ദൈവത്തിന്റെ മനുഷ്യനായിരുന്നു. തന്റെ ബഹുമുഖമായ സേവനങ്ങളുടെയിടക്ക് രാത്രിയുടെ ദീർഘയാമങ്ങൾ ദിവ്യകാരുണ്യനാഥനോട് ആത്മസല്ലാപം നടത്താനും പ്രാർത്ഥനയുടെ ഉയർന്ന പദവികൾ അനുഭവിച്ചറിയാനും സാധിച്ചു. 'ആത്മാനുതാപം' എന്ന അദ്ദേഹത്തിന്റെ കവിത അദ്ദേഹത്തിന്റെ സ്വയംകൃതചരിത്രംകൂടിയാണ്. ദൈവത്തെ അപ്പനായി കണ്ടെത്തിയ അദ്ദേഹത്തിന്റെ കവിതകളിൽ ദൈവത്തെ ഭക്ഷണവും പാനീയവും പ്രാണവായുവുമായി വിശേഷിപ്പിച്ചിരിക്കുന്നു. ചാവറയച്ചന്റെ കൃതികളെല്ലാം നമ്മുടെ അമൂല്യനിക്ഷേപങ്ങളാണ്. അവ പഠനത്തിനും പ്രാർത്ഥനയ്ക്കും വിഷയമാക്കാൻ ഞാൻ എല്ലാവരേയും ആഹ്വാനം ചെയ്യുന്നു.

19-ാം നൂറ്റാണ്ടിൽ നമ്മുടെ സഭയ്ക്ക് നേരായ നേതൃത്വം നൽകി സഭാജീവിതത്തിലെ എല്ലാ മണ്ഡലങ്ങളും നവീകരിച്ച് ഇന്നത്തെ നമ്മുടെ സഭയ്ക്ക് രൂപവും ഭാവവും നൽകാൻ ദൈവം നിയോഗിച്ച വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ മാതൃക നമുക്കെല്ലാവർക്കും പ്രചോദനമാകട്ടെയെന്ന് ആശംസിച്ചുകൊണ്ടും കത്തോലിക്കാ കൂട്ടായ്മയിൽ പൂർണ്ണ ഭരണസ്വാതന്ത്ര്യം അനുഭവിക്കുന്ന ഒരു പൗരസ്ത്യസഭയായി വളരുന്നതിനുള്ള നമ്മുടെ പരിശ്രമങ്ങളിൽ അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം അപേക്ഷിച്ചുകൊണ്ടും, നിങ്ങളെ എല്ലാവരെയും * പിതാവിന്റെയും * പുത്രന്റെയും * പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആശീർവദിക്കുന്നു.

എന്ന്,

എറണാകുളം-അങ്കമാലി ശ്രേഷ്ഠമെത്രാസനമന്ദിരത്തിൽനിന്നു

1995 ഡിസംബർ 10-ാം തീയതി

* കർദ്ദിനാൾ ആന്റണി പടിയറ

എറണാകുളം-അങ്കമാലി ശ്രേഷ്ഠമെത്രാപ്പോലീത്താ

* ജെയിംസ് പഴയാറ്റിൽ മെത്രാൻ

ശ്രേഷ്ഠമെത്രാപ്പോലീത്തായുടെ സഹായി

# കർമ്മയോഗിയായ ചാവറയച്ചൻ

*ഫാ. തോമസ് കൊച്ചുമുട്ടം.*

സി. എം. ഐ സഭയുടെ ആരംഭത്തെ കുറിച്ച് ചിന്തിക്കുമ്പോൾ മനസ്സിലേക്ക് ഓടിവരിക ഭഗവത്ഗീതയുടെ അവതരണ രംഗമാണ്. അവിടെ പാണ്ഡവ കൗരവ സൈന്യങ്ങൾ യുദ്ധത്തിന് സന്നദ്ധരായി നിൽക്കുന്നു. യുദ്ധകാഹളം മുഴങ്ങികഴിഞ്ഞു. ഘോരയുദ്ധം ആരംഭിക്കാൻ പോവുകയാണ്. അപ്പോഴതാ പാണ്ഡവ സൈന്യാധിപനായ അർജ്ജുനന് ഒരു ആഗ്രഹം. യുദ്ധമാരംഭിക്കുന്നതിനുമുൻപായി ഇരുസൈന്യങ്ങളെയും, പ്രത്യേകിച്ച് ശത്രു സൈന്യത്തെ ഒന്നു നല്ലതു പോലെ നോക്കി കാണണമെന്ന്. അദ്ദേഹം തന്റെ തേരാളിയായ ശ്രീകൃഷ്ണനോട് രഥത്തെ രണാങ്കണത്തിന്റെ മദ്ധ്യത്തിലേക്ക് നീക്കി നിറുത്തുവാൻ ആവശ്യപ്പെട്ടു. അതനുസരിച്ച് ശ്രീകൃഷ്ണൻ ഹൈന്ദവ വിശ്വാസമനുസരിച്ച്, അവതാര പുരുഷനായ ശ്രീകൃഷ്ണൻ, അർജ്ജുനന്റെ രഥത്തെ യുദ്ധഭൂമിയുടെ നടുവിലേക്ക് ഇരു സൈന്യങ്ങളെയും നോക്കികാണാൻ സൗകര്യമുള്ളിടത്തേക്ക് കയററി നിറുത്തി. അവിടെ ആ രഥത്തിൽ നിന്നുകൊണ്ട് അർജ്ജുനൻ ആ രണ്ട് സൈന്യങ്ങളെയും കൂലങ്കഷമായി നോക്കി കണ്ടു. ശത്രു പക്ഷമാണ് അദ്ദേഹത്തിന്റെ ശ്രദ്ധയെ കൂടുതൽ ആകർഷിച്ചത്. ഏതോ ഒരു പുതിയ വെളിപാടു ദർശിക്കുന്നതു പോലെയായിരുന്നു അദ്ദേഹത്തിന്റെ ആ നേരത്തെ മുഖഭാവം. ശത്രു പക്ഷത്ത് സ്വന്തം ജനത്തെയാണ് അദ്ദേഹം കണ്ടത്. പാണ്ഡവൻമാരും കൗരവരും സഹോദര സന്താനങ്ങളായിരുന്നല്ലോ. ഒരുമിച്ച് കളിച്ചും ചിരിച്ചും വളർന്ന, ഒരുമിച്ച് വിദ്യാഭ്യാസം നടത്തിയ സ്വന്തം മാംസരക്തങ്ങളായ സഹോദരങ്ങളെയാണ് അർജ്ജുനൻ അവിടെ കണ്ടത്. മാത്രമല്ല അക്കൂട്ടത്തിൽ സമാദരണീയരായ ഗുരുഭൂതരുമുണ്ട്. പിതാമഹൻമാരും മിത്രങ്ങളും ഉണ്ട്. ഇവർക്കെല്ലാമെതിരായിട്ടാണല്ലോ യുദ്ധം ചെയ്യേണ്ടത്. ഇവരുടെയെല്ലാം രക്തമാണല്ലോ താൻ ചിന്തേണ്ടത്. ഇവരെയെല്ലാമാണല്ലോ താൻ വധിക്കേണ്ടത് എന്നോർത്തപ്പോൾ അർജ്ജുനന്റെ സ്വാത്വികമനസ്സ് പെട്ടെന്ന് പതറി. ഈ യുദ്ധം തനിക്ക് വേണ്ട എന്ന തീരുമാനത്തിലേക്കാണ് അദ്ദേഹം പെട്ടെന്ന് നീങ്ങിയത്. അതങ്ങ് ഉറപ്പിച്ചു പറയുകയും ചെയ്തു. ഉററവരും സ്വന്തക്കാരുമായ ഇവരുടെ രക്തം ചിന്തിയിട്ട് എനിക്ക് രാജ്യമോ രാജ്യാധികാരമോ വേണ്ടേ വേണ്ട. അതിനേക്കാൾ ഉത്തമം ഭിക്ഷാടനമാണ്, സന്ന്യാസമാണ്, അതുകൊണ്ട് ഞാനീ യുദ്ധത്തിനില്ല. ഞാനിവിടം വിട്ട് വല്ല വനത്തിലും പോയി ശിഷ്ട ജീവിതം കഴിച്ചുകൊള്ളാം. ഇതായിരുന്നു അർജ്ജുനൻ പെട്ടെന്നെടുത്ത ഉഗ്രതീരുമാനം. താൻ യുദ്ധത്തിൽ നിന്നും പിൻമാറുന്നു എന്നതിന്റെ തെളിവായി അമ്പും വില്ലും വലിച്ചെറിയുകയും ചെയ്തു. അങ്ങനെ യുദ്ധത്തിന് ഇറങ്ങിപുറപ്പെട്ട അർജ്ജുനൻ പെട്ടെന്ന് സന്ന്യാസ വ്രതമെടുക്കാൻ ഒരുങ്ങുന്നതാണ് നമ്മളിവിടെ കാണുക. സാമാന്യമായി പറഞ്ഞാൽ വളരെ പ്രശംസനീയമായ, വളരെ അദ്ധ്യാത്മീക മൂല്യമുള്ള ഒരു തീരുമാനമാണ് അർജ്ജുനൻ എടുത്തത്. രാജകിരീടം വേണ്ട എന്നു വച്ചിട്ട് സന്ന്യാസം വരിക്കുക. പക്ഷേ

അവതാര പുരുഷനായ ശ്രീകൃഷ്ണൻ ആ തീരുമാനം അംഗീകരിച്ചില്ല എന്നതിൽ അത്ഭുതം തോന്നാം. തെററായൊരു തീരുമാണ് അർജ്ജുനൻ എടുത്തത് എന്നാണ് ശ്രീകൃഷ്ണൻ പറഞ്ഞത്. ഒരു ക്ഷത്രിയനും സേനാനിയുമായ അർജ്ജുനന്റെ കടമ യുദ്ധക്കളത്തിൽ നിന്നു പോരാടുകയാണ്, വനാന്തരത്തിൽ അഭയം പ്രാപിച്ച് തപസ്സു ചെയ്യുകയല്ല എന്നായിരുന്നു ശ്രീകൃഷ്ണന്റെ ഉപദേശം. വേറെ വാക്കുകളിൽ, സമൂഹത്തിൽ വസിച്ച് ജനസേവനം ചെയ്യുകയാണ്, സന്ന്യസിക്കാൻ പോകയല്ല അർജ്ജുനന്റെ സ്വധർമ്മം എന്നായിരുന്നു ശ്രീകൃഷ്ണന്റെ അഭിമതം. ഈ സ്വ ധർമ്മമുപേക്ഷിച്ചിട്ട് മറെറന്തു തന്നെ ചെയ്താലും അതു മോക്ഷത്തിനു പകരം പാപമായിരിക്കും വരുത്തി വക്കുക എന്നു കൂടി ശ്രീകൃഷ്ണൻ കൂട്ടിചേർത്തു.

ഏതാണ്ടിതുപോലൊരുകഥയാണ് സി. എം. ഐ സഭയുടെ ആരംഭത്തെ കുറിച്ചു പറയുവാനുള്ളത്. സഭാ സ്ഥാപകനായ പാലയ്ക്കൽ തോമാ മല്പാനച്ചനും, പോരൂക്കര തോമാച്ചനും മനസ്സിൽ കണ്ടത് വല്ല വനത്തിലും പോയി തപസ്സിരിക്കുക എന്നതായിരുന്നു. ഈ ലോകത്ത് ജീവിച്ച് രക്ഷപ്പെടുക ദുഷ്കരമാണെന്നായിരുന്നു അവരുടെ ധാരണ. ഗീതയുടെ ശൈലിയിൽ, ഈ ലോകമാകുന്ന കുരുക്ഷേത്രത്തിൽ നിന്നു പൊരുതുക എന്നതിനേക്കാൾ സന്ന്യാസമാണ് അഭികാമ്യമെന്ന് അവർക്ക് തോന്നി. സെമിനാരിയിൽ പഠിക്കുന്ന കാലത്തു തന്നെ പോരൂക്കരയച്ചൻ കണിയാന്തറ യാക്കോബെന്ന യുവാവിനോടു പറഞ്ഞു, ഞാൻ കുർബാന പട്ടം ഏററു വന്നാൽ നമുക്ക് രണ്ട് പേർക്ക് കൂടെ വല്ല വനവാസത്തിനും പൊയ്ക്കളയാം. ലോകത്തിൽ പെരുമാറിയാൽ രക്ഷപ്പെടുക പ്രയാസം. (നാളാഗമം) പിന്നീട് തോമാച്ചൻമാർ രണ്ടുപേരും കൂടി അർത്തുങ്കൽ പള്ളിയിൽ വച്ച് മൗറേലിയൂസ് മെത്രാനച്ചനെ തങ്ങളുടെ അഗ്രഹം അറിയിച്ചുകൊണ്ട് പറഞ്ഞ വാക്കുകൾ സുപ്രസിദ്ധമാണല്ലോ: ഞങ്ങൾ രണ്ടുപേരും വല്ലയിടത്തും ഒതുങ്ങി പാർക്കണമെന്ന് നിരൂപിച്ചിട്ടുണ്ടെന്നും ആയതിന് ഞങ്ങൾക്ക് അനുവാദം തരണമെന്നും പറഞ്ഞു. (നാളാഗമം)

ഇതിൽ നിന്നെല്ലാം സ്ഥാപക പിതാക്കൻമാർ വിഭാവനം ചെയ്തിരുന്നതെന്താണെന്ന് വ്യക്തമാണ്. ഈ ലോകത്ത് ജീവിച്ചുകൊണ്ട് രക്ഷപ്രാപിക്കാൻ പ്രയാസം. അതുകൊണ്ട് ഈ ലോകമാകുന്നസമര രംഗത്തു നിന്ന് പിൻമാറണം. വല്ലയിടത്തും ഒതുങ്ങീ പാർക്കണം. വനവാസം നയിക്കണം എന്നെല്ലാമാണ് അവർ മനസ്സിൽ കണ്ടത്. അതായത് ഭാരതീയ മുറ പ്രകാരമുള്ള തനി സന്ന്യാസം. ലോകവുമായി ഒരു ബന്ധവുമില്ലാത്ത മുനിമാരുടെ തപോനിഷ്ഠമായ ജീവിതം. അതാണവർ വിഭാവനം ചെയ്തത്. ബ്രഹ്മചര്യവും, ഗാർഹസ്ഥ്യവും വാനപ്രസ്ഥവും കഴിഞ്ഞുള്ള ഏകാന്തമായ ധ്യാന ജീവിതമാണല്ലോ ഭാരതീർക്കു സന്ന്യാസമെന്നത്. അതുപോലെ ഒതുങ്ങി, അതും വനത്തിൽ പോയി, ജീവിക്കണമെന്നാണവർ ആഗ്രഹിച്ചത്. യുദ്ധം വേണ്ട എന്നു വച്ച് സന്ന്യാസം വരിക്കാൻ ഒരുമ്പെട്ട അർജ്ജുനന്റേതു പോലെയുള്ള ഒരു തീരുമാനമമയിരുന്നു അത്. സാമാന്യ രീതിയിൽ പറഞ്ഞാൽ നല്ലെതെന്നാരും സമ്മതിക്കുന്നൊരു തീരുമാനമായിരുന്നത്.

അർജ്ജുനൻ ശ്രീകൃഷ്ണനോട് തന്റെ ഇംഗിതം അറിയിച്ചതു പോലെ തോമാച്ചൻമാരിരുവരും ലോകം വേണ്ടായെന്നുവച്ച് വനത്തിൽ സന്ന്യാസം നയിക്കാൻ പോകണമെന്ന തങ്ങളുടെ ആഗ്രഹം മെത്രാനച്ചനെ അറിയിച്ചു. അർജ്ജുനന്റെ കാര്യത്തിലെന്നതുപോലെ ഇവിടേയും വളരെ അപ്രതീക്ഷിതമായ ഒരു മറുപടിയാണ് മെത്രാനച്ചൻ നല്കിയത്. അദ്ദേഹം പറഞ്ഞു, അല്പം വല്ലതും തിരിയുന്ന നിങ്ങൾ ഒന്നുരണ്ടു പേരുള്ളത് മിണ്ടടക്കമായി വല്ലയിടത്തും ഒതുങ്ങി പാർത്താൽ ലോകരെ പഠിപ്പിക്കാൻ ആരെന്നും, അങ്ങനെ നിങ്ങൾക്കു മനസ്സുണ്ടെങ്കിൽ ഒരു കൊവേന്ത വെപ്പിൻ, എന്നാൽ എല്ലാവർക്കും ഉപകാരമുണ്ടല്ലോ എന്നും കല്പിച്ചു... (നാളാഗമം). ഇവിടെ

തോമാച്ചൻമാർ വിഭാവനം ചെയ്ത വനവാസവും, മെത്രാനച്ചൻ കല്പിച്ച കൊവേന്തയും രണ്ടും രണ്ടാണെന്നു വ്യക്തം. ക്ഷത്രിയനും സേനാനിയുമായ അർജ്ജുനന്റെ സ്വധനം യുദ്ധവും, ജനസേവനവുമാണെന്നതുപോലെ, അല്പം വല്ലതും തിരിയുന്ന പഠിപ്പും കഴിവുമുള്ള തോമച്ചൻമാരുടെ സ്വധർമ്മം വനവാസമല്ല പ്രത്യുത സമുദായത്തിൽ മാതൃകാപരമായി ജീവിച്ചുകൊണ്ട് ജനസേവനം ചെയ്യുകയാണ് ലോകരെ പഠിപ്പിക്കുകയാണ് എന്നത്രെ മെത്രാനച്ചൻ പറഞ്ഞതിന്റെ അർത്ഥം. ജനസേവനത്തിന് ഉതകുന്ന കർമ്മനിരതമായൊരു അർപ്പണ ജീവിത പദ്ധതിയായിട്ടാണ് കൊവേന്തയെ മെത്രാനച്ചൻ നിർദ്ദേശിച്ചത്. കൊവേന്ത സ്ഥാപിക്കാൻ പണമില്ലല്ലോ എന്ന് തോമാച്ചൻമാർ മറ്റും പറഞ്ഞപ്പോൾ, മെത്രാനച്ചൻ മനസ്സായിട്ട് പുറപ്പെട്ടാൽ നടക്കും. അതെന്ത്യേ ക്രിസ്ത്യാനികൾ വളരെ ഉണ്ടല്ലോ. അവരോടു ധനം ചോദിച്ചാൽ മതിയെന്നും കല്പിച്ചു (നാളാഗമം). അങ്ങനെ മെത്രാനച്ചന്റെ ഈ ഉപദേശം അപ്പാടെ സ്വീകരിച്ച് വനവാസമൊന്നും വേണ്ടെന്ന് വച്ച്, കൊവേന്ത സ്ഥാപിക്കുകയാണ് സി. എം. ഐ പിതാക്കൻമാർ ചെയ്തത്.

സി. എം. ഐ സഭയുടെ ചൈതന്യത്തെ സംബന്ധിച്ച്, അതിന്റെ അനന്യതയെ സംബന്ധിച്ച്, ഏററവും നിർണ്ണായകമായൊരു തീരുമാനമാണ് ഇവിടെ ഉണ്ടായതെന്ന് പറയാം. അതായത് സമുദായത്തിൽ നിന്ന് അകന്നുനിന്നുകൊണ്ടുള്ള ധ്യാന ജീവിതം വേണ്ട. സമുദായ സേവനത്തിന് ഉപകരിക്കുന്ന സന്ന്യാസ ജീവിതം മതിയെന്നുള്ള തീരുമാനം. ഈ സഭയുടെ ഉദ്ദേശ്യം ധ്യാനത്തിന് മാത്രമായി മാററി വച്ചിരിക്കുന്ന ഏകാന്ത ജീവിതമല്ല. പ്രത്യുത കർമ്മോത്സുക സന്ന്യാസമാണെന്നത് ആദ്യം മുതലേ വ്യക്തമാണ്. ഈ ചിന്ത പിതാക്കൻമാരുടെ മാനുഷിക ബുധ്ദിയിൽ നിന്നല്ല ഉരുത്തിരിഞ്ഞതെന്നും പ്രത്യേകം പ്രസ്താവ്യമാണ്. അവരുടെ ബുദ്ധിയിൽ തോന്നിയത് ഈ ലോകത്ത് പെരുമാറിയാൽ കർമ്മം ചെയ്തു കൊണ്ടിരുന്നാൽ രക്ഷ പ്രാപിക്കുക പ്രയാസം എന്നായിരുന്നു. കുരുക്ഷേത്രത്തിൽ പടവെട്ടിയാൽ മോക്ഷം ലഭിക്കുകയേലെന്ന് അർജ്ജുനൻ ചിന്തിച്ചതു പോലെ. എന്നാൽ പിതാക്കൻമാരുടെ മാനുഷിക ചിന്താഗതിയെ തിരുത്തികൊണ്ട് തിരുസഭാധികാരത്തിന്റെ വക്താവായ മെത്രാനച്ചൻ പറഞ്ഞു; ലോകത്ത് പെരുമാറികൊണ്ട് സമുദായസേവനം ചെയ്യാൻ ഉപകരിക്കുന്ന സന്ന്യാസമാണ് പഠിപ്പും കഴിവുമുള്ള നിങ്ങളുടെ സ്വധർമ്മമെന്ന്. അതായത് അവർക്കും അവരുടെ അനുയായികൾക്കുമായി പരിശുദ്ധാരൂപി നിർദ്ദേശിച്ചു തന്നിട്ടുള്ള സ്വധർമ്മമാണ് കർമ്മോത്സുക സന്ന്യാസം. ഇക്കാര്യത്തിൽ ഒട്ടും സംശയം വേണ്ട. താരതമ്യേന ക്ലേശകരമായ ഈ സ്വധർമ്മം ഏറ്റുവാങ്ങി ജീവിതത്തിൽ അനുവർത്തിക്കുകയും, സഹസന്ന്യസികളെ അതിനു പ്രേരിപ്പിക്കുകയും ചെയ്തുവെന്നതാണ് ചാവറയച്ചന്റെ ഏററവും വലിയ നേട്ടമെന്ന് പറയണം. അതു തന്നെ സി. എം. ഐ. സഭയുടെ സിദ്ധിയും. പക്ഷേ ഈ സിദ്ധിയെ വേണ്ടതുപോലെ മനസ്സിലാക്കേണ്ടതുണ്ട്. വലിയൊരു ദൗത്യവും വെല്ലുവിളിയും ഉൾക്കൊള്ളുന്നൊരു സിദ്ധിയാണത്.

സ്ഥാപകപിതാക്കൻമാരും, പിൻഗാമികളും വിളിക്കപ്പെട്ടിരിക്കുന്നത് അവർക്കു സ്വധർമ്മമായി പരിശുദ്ധാരൂപി നിർദ്ദേശിച്ചു കൊടുത്തിരിക്കുന്നത് കർമ്മോത്സുക സന്ന്യാസമാണെന്ന് പറഞ്ഞല്ലോ. അതായത് സന്ന്യസ്തരായ സമുദായ സേവകർ എന്നതാണ് അവരുടെ വിളി അഥവാ സ്വധർമ്മം. ഇത് വെറും സാമൂഹ്യസേവനത്തിളള വിളിയല്ല. എന്നതാണ് മനസ്സിലാക്കിയിരിക്കേണ്ട പ്രധാന കാര്യം. സന്ന്യസ്തരായിരുന്നുകൊണ്ട് സന്ന്യാസചൈതന്ന്യത്തിൽ വർത്തിച്ചുകൊണ്ട് സന്ന്യാസ വ്രതബദ്ധരായി ജീവിച്ചുകൊണ്ട് സമുദായ സേവനം ചെയ്യുക എന്നതാണ് ഇവിടെ വിവക്ഷിക്കുന്ന സ്വധർമ്മം. ഇതിനെയാണ് കർമ്മയോഗം എന്ന് ഭാതീയർ വിളിച്ചിരുന്നത് യോഗസ്ഥഃ കുരു കർമ്മാണി എന്നാണ് ഇതു സംബന്ധിച്ച് ഗീത തന്ന ഉപദേശം.

യോഗസ്തനായിരുന്നുകൊണ്ട് കർമ്മങ്ങൾ ചെയ്യുക എന്നർത്ഥം. അതായത് പ്രധമവും പ്രധാനവുമായി ഒരുവൻ യോഗിയാകണം എന്നിട്ട് ആ യോഗാവസ്തയിൽ ഇരുന്നുകൊണ്ട് കർഷം ചെയ്യുക അതാണാവശ്യം. പാലക്കൽ തോമാച്ചനും പോരൂക്കര തോമാച്ചനും ചാവറയച്ചനുമെല്ലാം മുൻപേ തന്നെ കർമ്മ നിരതരായിരുന്നു. പള്ളിപ്പുറം സെമിനാരിയിലെ മൽപ്പാനെന്ന നിലയിൽ പാലക്കലച്ചനും, പ്രഗത്ഭനായൊരു അജപാലകൻ, വികാരി, അപ്പസ്തോലിക്കായുടെ സെക്രട്ടറി എന്നീ നിലകളിൽ പോരൂക്കരയച്ചനും, ധ്യാനപ്രാസംഗികൻ, സെമിനാരി നടത്തിപ്പിൽ സഹായകൻ എന്നീനിലകളിൽ ചാവറയച്ചനും മുൻപേ തന്നെ കർമ്മ നിരതരായിരുന്നു. പക്ഷേ ഇനിമുതൽ സന്ന്യസ്തരായിരുന്നുകൊണ്ട്, യോഗസ്തരായിരുന്നുകൊണ്ട്, പ്രസ്തുത കർമ്മങ്ങൾ, ലോകസേവനം, തുടരുക എന്ന ദൗത്യമാണ് അവർക്ക് പുതുതായി ലഭിച്ചത്.

ലോകത്ത് പെരുമാറിയാൽ രക്ഷപ്പെടാൻ പ്രയാസം എന്ന പോരൂക്കരയച്ചന്റെ അശങ്കക്ക് പ്രതിവിധിഎന്ന നിലയിലാണ് സന്ന്യസ്തരായിരുന്നുകൊണ്ട് ലോകത്ത് പെരുമാറുകയെന്ന കർമ്മയോഗത്തെ മെത്രാനച്ചൻ നിർദ്ദേശിച്ചത് എന്ന കാര്യം പ്രത്യേകം എടുത്തു പറയേണ്ടതുണ്ട്. രണാങ്കണത്തെ വിടാതെ നിന്ന് യുദ്ധം ചെയ്യുക എന്നു ഉപദേശിക്കപ്പെട്ടപ്പോൾ അർജ്ജുനന്റെ മനസ്സിലും ഏതാണ്ടിപ്രകാരമുള്ളൊരു ശങ്കയാണ് ഉയർന്ന് വന്നത്. അന്നുവരെ ഹൈന്ദവ മനസ്സിനെ മഥിക്കുകയും, നിയന്ത്രിക്കുകയും ചെയ്തിരുന്ന കർമ്മസിദ്ധാന്തമായിരുന്ന പ്രസ്തുത ആശങ്കക്കു കാരണം ഏതൊരു കർമ്മം ചെയ്താലും അതിന് ഫലമുണ്ടാകുമെന്നും ആ കർമ്മഫലം അനുഭവിച്ചു തീർന്നാലേ മോക്ഷം ലഭിക്കൂ എന്നുമായിരുന്നു കർമ്മ സിദ്ധാന്തം. ഒന്നുകൂടെ വ്യക്തമായിപറഞ്ഞാൽ, ഒരുവൻ നല്ലകർമ്മം ചെയ്താൽ നല്ല ഫലവും, ദുഷ്കർമ്മം ചെയ്താൽ ദുഷ്ഫലവും ഉണ്ടാകും. കർമ്മവും കർമ്മഫലവും നല്ലതായാലും, ചീത്തയായാലും ഒരുവനെ സംസാരാവസ്ഥയിൽ തളച്ചിടുന്നു. ആ കർമ്മഫലം അനുഭവിച്ചു തീർന്നാലേ അയാൾക്ക് മോക്ഷത്തിനർഹതയുള്ളൂ. അതുകൊണ്ട് കർമ്മം അതു നല്ലതായാലും ചീത്തയായാലും സംസാരബന്ധന ഹേതുവാണ്. അതൊഴിവാക്കാനായി നിവൃത്തിയുള്ളിടത്തോളം കർമ്മം ചെയ്യാതിരിക്കുക, കഴിയുമെങ്കിൽ കർമ്മരംഗമായ സമുദായത്തെ വിട്ട് വനാന്തരങ്ങളിൽ പോയി തപസ്സിരിക്കുക എന്നതായിരുന്നു അന്നത്തെ ചിന്താഗതി. ഇതാണ് എനിക്ക് യുദ്ധം വേണ്ട സന്ന്യാസം മതി എന്ന് പറഞ്ഞപ്പോൾ അർജ്ജുനൻ അർത്ഥമാക്കിയത്. അതിനുപകമായി യുദ്ധം ചെയ്യുകയാണ് ക്ഷത്രിയനായ നിന്റെ സ്വധർമ്മം. അതു ചെയ്തേ പറ്റൂ എന്ന് ശ്രീകൃഷ്ണൻ പറഞ്ഞപ്പോഴും, അർജ്ജുനന്റെ മനസ്സിൽ മുകളിൽ പറഞ്ഞ കർമ്മസിദ്ധാന്തത്തെ ഉപജീവിച്ചുള്ള ഭയം നീണ്ടു നിന്നു. അതു വ്യക്തമാക്കികൊണ്ട് അജർജ്ജുനൻ കൃഷ്ണനോട് പറഞ്ഞു. കാര്യമെന്തായാലും, അതു സ്വധനമാണെങ്കിൽ പോലും ഹേതുവാണല്ലോ. പിന്നെ എന്തിന് അങ്ങ് എന്നെ ഈ ഘോരകർമ്മത്തിന്, യുദ്ധത്തിന്, പ്രേരിപ്പിക്കുന്നു. ഈ ആവലാതിക്ക് ഉത്തരമായി ശ്രീകൃഷ്ണൻ ഉപദശിച്ചുകൊടുത്ത അന്നുവരെ ഹൈന്ദവ ലോകത്തിന് മിക്കവാറും, അജ്ഞാതമായിരുന്നു എന്നു പറയാവുന്ന ഒരു നൂതന സാധനയാണ് കർമ്മയോഗം.

**കർമ്മയോഗത്തിന്റെ മർമ്മതത്ത്വം പറയാം.**

കർമ്മം ബന്ധനഹേതുവാണ് എന്നത് ശരി തന്നെ. എന്നാൽ എല്ലാ കർമ്മവുമല്ല. സ്വർത്ഥലാഭത്തിന് വേണ്ടിചെയ്യുന്ന കർമ്മം മാത്രമാണ് ബന്ധനഹേതു. ലാഭേച്ഛ കൂടാതെ നിസ്വാർത്ഥമായി നിഷ്കാമമായി കർമ്മം ചെയ്യുന്നെങ്കിൽ അത് സംസാര ബന്ധനമുളവാക്കില്ല പ്രത്യുത മോഷസാധനയായിട്ട് പരിണമിക്കും. ഒന്നുകൂടി

വ്യക്തമായിപ്പറഞ്ഞാൽ, കർമ്മമല്ല, കർമ്മഫലവുമല്ല, പ്രത്യുത കർമ്മഫലത്തിനു വേണ്ടിയുള്ള സ്വാർത്ഥപരമായ അഭിനിവേശമാണ്, കാമമാണ് സംസാര ബന്ധനത്തിനു നിദാനം. അങ്ങനെയുള്ള കാമം കൂടാതെ നിഷ്കാമമായിട്ട് കർമ്മം ചെയ്യുകയാണെങ്കിൽ, അതു മോക്ഷപ്രാപ്തിക്കുപകരിക്കുമെന്നതാണ് തത്ത്വം. കർമ്മണ്യേവാധികാരസ്തേ, മാഫലേഷു കദാചന എന്നു കൂടെ ഗീത കൂട്ടിചേർത്തിട്ടുണ്ട്. നിന്നെ അധികാരപ്പെടുത്തിയിരിക്കുന്നത് കർമ്മം ചെയ്യുവാൻ മാത്രമാണ്, കർമ്മഫലം അന്വേഷിക്കാനല്ല എന്നർത്ഥം. അങ്ങനെ നിഷ്കാമമായിട്ട് യുദ്ധമാകുന്ന കർമ്മം ചെയ്യുക എന്ന ഉപദേശമാണ് അർജ്ജുനനു ലഭിച്ചത്. ഏതാണ്ടിതുപോലൊരു ഉപദേശമാണ് സി. എം. ഐ സഭാ സ്ഥാപകർക്കും ലഭിച്ചത്. ലോകത്ത് പെരുമാറിയാൽ രക്ഷപെടാൻ പ്രയാസം എന്ന അവരുടെ ഭയം അംഗീകരിച്ചുകൊണ്ട് മെത്രാനച്ചൻ പറയുകയാണ്, ലോകത്ത് പെരുമാറികൊണ്ടു തന്നെ രക്ഷ സുനിശ്ചിതമാക്കാൻ ഒരു മാർഗ്ഗമുണ്ടെന്ന്. അതായത് കൊവേന്തയിലെ സന്ന്യാസ ജീവിതം വനവാസമല്ല. ജനതാ മദ്ധ്യത്തിൽ കൊവേന്ത സ്ഥാപിച്ച്, അതിൽ സന്ന്യാസദീക്ഷയെടുക്കുക. സന്ന്യാസവ്രതബദ്ധരായിരുന്നുകൊണ്ട്, യോഗസ്ഥരായിരുന്നുകൊണ്ട്, നിഷ്കാമമായി കർമ്മം ചെയ്യുക. എങ്കിൽ അതു തങ്ങളുടെ മാത്രമല്ല, മററുള്ളവരുടേയും മോക്ഷപ്രാപ്തിക്ക് രക്ഷക്ക് ഉപകരിക്കും എന്ന് സാരം. ഇതാണ് സി. എം സഭക്ക് ലഭിച്ച കർമ്മയോഗത്തിനുള്ള ആഹ്വാനം. ഈ അവാഹനത്തിന് പൂർണ്ണമായി പ്രവർത്തിച്ചുവെന്നതണ് ചാവറയച്ചന്റെ മഹാത്മ്യം. തികഞ്ഞൊരു സന്ന്യാസിയായിരുന്നുകൊണ്ട് നിസ്വാർത്ഥമായി നിഷ്കാമമായി അദ്ദേഹം കർമ്മം ചെയ്തു. സമുദായത്തിന്റെയും സഭയുടേയും നന്മയെന്ന ഒരേയൊരു ലക്ഷ്യമല്ലാതെ സ്വാർത്ഥ താല്പര്യം ലവലേശം പോലും അദ്ദേഹത്തിനുണ്ടായിരുന്നില്ല. നിങ്ങളോടു കല്പിച്ചിരിക്കുന്നതെല്ലാം ചെയ്തു കഴിയുമ്പോൾ പറയുക, ഞങ്ങൾ അയോഗ്യരായ ഭൃത്യർ മാത്രം, ഞങ്ങൾ കടമ നിർവഹിച്ചതേ ഉള്ളൂ എന്ന്. (ലൂക്ക; 17:10). യേശുവിന്റെ ഈ വാക്കുകളായിരുന്നു ചാവറയച്ചന്റെ കർമ്മോത്സുക ജീവിതത്തിന് ചൈതന്യം പകർന്നത്. നിങ്ങളുടെ വലതു കൈ ചെയ്യുന്നതെന്തെന്ന് ഇടതുകൈ അറിയാതിരിക്കട്ടെ (മത്താ; 6:3) എന്ന തിരുവചനം അക്ഷരാർത്ഥത്തിൽ തന്നെ പ്രാവർത്തികമാക്കിയ കർമ്മയോഗിയാണ് ചാവറയച്ചൻ.

ചാവറയച്ചൻ ചെയ്ത കർമ്മങ്ങളുടെ, സമുദായ സേവനങ്ങളുടെ നീണ്ടപട്ടിക ഇവിടെ ആവർത്തിച്ചിട്ടാവശ്യമില്ല. സന്ന്യാസ സഭാ സ്ഥാപനത്തിൽ തോമാച്ചൻമാരുടെ വലം കൈയായിട്ട് അദ്ദേഹം പ്രവരത്തിച്ചു. പിന്നീട് ആ സഭയുടെ ആദ്യത്തെ പ്രിയോർ ജനറാൾ എന്ന നിലയിൽ നീണ്ട പതിനാറു കൊല്ലം ഭരിച്ചു. ശൈശവാവസ്ഥയെ തരണം ചെയ്തിട്ടില്ലായിരുന്ന സഭയെ ഭരിക്കുക എന്നതിനേക്കാൾ, അതിനാവശ്യമായ വളവും, വെള്ളവും നൽകി ശുശ്രൂഷിക്കുകയും, വളർത്തുകയും, പരിപോഷിപ്പിക്കുകയുമാണ് അദ്ദേഹം ചെയ്തത്. പുതിയ ആശ്രമങ്ങൾ സ്ഥാപിക്കുന്നതിലും, പുതിയ അംഗങ്ങളെ പരിശീലിപ്പിച്ചു വളർത്തുന്നതിലും, അദ്ദേഹം സഹിച്ചിട്ടുള്ള ക്ലേശങ്ങൾ കുറച്ചൊന്നുമല്ല. അതുപോലെ തന്നെ കേരള സഭയുടേയും, സമുദായത്തിന്റേയും, സർവ്വതോന്മുഖമായ സുസ്ഥിതിയെയും, വളർച്ചയേയും മുൻനിറുത്തി നിരവധി സേവനങ്ങൾ അദ്ദേഹം ചെയ്തു. ആരാധനാ ക്രമം ക്രോഡീകരിച്ചു, ഇടവകപള്ളിയിലെ ഭരണക്രമത്തിൽ പരിഷ്കാരങ്ങൾ നടപ്പിലാക്കി. ധ്യാനപ്രസംഗം തുടങ്ങിയ ഒട്ടനവധി ആദ്ധ്യാത്മിക പദ്ധതികൾക്ക് തുടക്കം കുറിച്ചു. ആതുരാലയങ്ങൾ സ്ഥാപിച്ചു. സി. എം. സി സന്ന്യാസിനീ സഭയുടെ സഹസ്ഥാപകനെന്നനിലയിൽ അത്യദ്ധ്വാനം ചെയ്തു. സാഹിത്യ രചനകൾ നടത്തി, മുദ്രണാലയം സ്ഥാപിച്ചു. എല്ലാററിനുമുപരിയായി കേരളാ സുറിയാനി കത്തോലിക്കരുടെ വികാരി ജനറാൾ എന്ന നിലയിൽ നിസ്തുല സേവനങ്ങൾ കാഴ്ചവെച്ചു.

റോക്കോസ് ശീശ്മക്കെതിരെ ധീരമായി യുദ്ധം ചെയ്ത് സമുദായത്തിന്റെ വിശ്വാസം സംരക്ഷിച്ചുവെന്നതാണ് ഒരു പക്ഷേ അദ്ദേഹം ചെയ്ത ഏററവും മഹത്തായ സേവനം. ഇങ്ങനെ എണ്ണിയാൽ തീരാത്ത പദ്ധതികളുടെ ഉപജ്ഞാതാവും, നിർവാഹകനുമായിരുന്നു ചാവറയച്ചൻ. പക്ഷേ അതെല്ലാം യോഗസ്തനായിരുന്നുകൊണ്ടു ചെയ്തു, അങ്ങനെ കർമ്മയോഗം ചെയ്തുവെന്നതാണ് അദ്ദേഹത്തിന്റെ പ്രത്യേകത. അദ്ദേഹത്തെ വെറുമൊരു സാമൂഹ്യ സേവകനായിട്ട് കർമ്മത്തിന്റെ തിരക്കിൽ തന്റെ സന്ന്യാസ സമർപ്പണത്തെ കളഞ്ഞു കുളിച്ചവനായിട്ട് ആരും കാണുകയില്ലെന്നത് തീർച്ച. ചാവറയച്ചൻ കർമ്മനിരതനായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ പിന്തുർച്ചക്കാരായ സഭാംഗങ്ങളും, കർമ്മനിരതരാകണം എന്നു മാത്രം പറഞ്ഞാൽ കാര്യമാകില്ല. ചാവറയച്ചനെ കർമ്മയോഗിയായി കാണുക. അദ്ദേഹത്തിന്റെ അനുയായികളും, കർമ്മയോഗികൾ ആകുക. അതാണ് ആവശ്യം.

### മോക്ഷസാധന

കർമ്മയോഗത്തെ കുറിച്ചുള്ള ഗീതയുടെ പാഠങ്ങളിൽ ഏററവും ആദ്യത്തേത്, പൂർണ്ണമായി കർമ്മത്തെ ത്യജിക്കുക ആർക്കും സാധ്യമല്ല എന്നതാണ്. വനാന്തരത്തിൽ തപസ്സിരിക്കുന്ന മഹർഷി പോലും കുറച്ചെങ്കിലും കർമ്മമനുഷ്ഠിക്കണം. അത്യാവശ്യത്തിനു മാത്രമെങ്കിലും ഭക്ഷിക്കുക, ശ്വാസോഛാസം ചെയ്യുക എന്നതൊക്കെ ജീവൻ നിലനിറുത്തുവാൻ അനിവാര്യമായ കർമ്മങ്ങളാണല്ലോ. അതുകൊണ്ട് ഏതെങ്കിലും വിധത്തിൽ കർമ്മം ചെയ്യുക എന്നത് ജീവിത നിയമമാണ്. അക്കാരണത്താൽ കർമ്മത്തെ അപ്പാടെ വേണ്ടെന്ന് വക്കാമെന്ന അർജ്ജുനന്റെ വ്യാമോഹം അസ്ഥാനത്താണത്രേ. അങ്ങനെ കർമ്മം അനിവാര്യമാണെങ്കിൽ, അതു ബന്ധനമാകാത്ത വിധത്തിൽ എങ്ങനെ ചെയ്യാമെന്ന് മാത്രമാണ് ചിന്തിക്കേണ്ടത്. ചെയ്യേണ്ട കർമ്മങ്ങൾ നിഷ്കാമമായി ചെയ്യുകയെന്നതാണ് ആ മാർഗ്ഗം. അതാണ് നിഷ്കാമ കർമ്മം. സമുദായത്തെ സേവിക്കുക എന്നത് നമ്മുടെ വിശുദ്ധ ധർമ്മമാണ്. പക്ഷേ അങ്ങനെ നിർബന്ധമായി ചെയ്യേണ്ടി വരുന്ന കർമ്മത്തിന് അടിമയാകാതിരിക്കുക. സ്വാർത്ഥതാ പൂരണത്തിനുള്ള മാർഗ്ഗമായി കർമ്മങ്ങളെ ധർമ്മാനുഷ്ഠാനത്തെ കാണാതിരിക്കുക. എങ്കിൽ അത് മോക്ഷ സാധനയാകും.

കർമ്മം അനിവാര്യമെന്നതുപോലെ കർമ്മഫലവും അനിവാര്യമാണ്. അതായത് കർമ്മം ചെയ്താൽ അതിന് നല്ലതോ, ചീത്തയോ ആയ ഫലവും ആവശ്യം ഉണ്ടാകും. നല്ല കർമ്മം നല്ല ഫലത്തേയും, ചീത്ത കർമ്മം ചീത്ത ഫലത്തേയും ആവശ്യം പുറപ്പെടുവിക്കുന്നു. അതുകൊണ്ട് കർമ്മഫലം വേണ്ട എന്നു വക്കാൻ സാധ്യമല്ല. എങ്കിൽ പിന്നെ ഒന്നേ മാർഗ്ഗമുള്ളൂ. കർമ്മഫലത്തിൽ ആസക്തിയില്ലാതിരിക്കുക. അതേ സംബന്ധിച്ച് നിഷ്പക്ഷത പാലിക്കുക. അതാണ് നിഷ്കാമകർമ്മം. ഇവിടെ ത്യജിക്കുന്നത് കർമ്മത്തെയല്ല, കർമ്മഫലത്തെയുമല്ല. കർമ്മഫലത്തിലുള്ള കാമത്തെ, സ്വാർത്ഥ താത്പര്യത്തെയാണ്. അതുകൊണ്ട് നിസ്വാർത്ഥതയാണ് നിഷ്കാമത്തിന്റെ കാതൽ.

നമ്മുടെ കർമ്മത്തിന്റെ ഫലം വിജയമായിരിക്കാം, പരാജയമായിരിക്കാം. തിരികെ ലഭിക്കുന്നത് സ്തുതിയായിരിക്കാം, നിന്ദയായിരിക്കാം. അത് എന്തായാലും നിഷ്പക്ഷത പാലിക്കുക. പ്രയത്നത്തിന്റെ ഫലമെന്തായാലും സമചിത്തതയോടും സന്തോഷത്തോടും കൂടി സ്വീകരിക്കുക. ദൈവചിത്തത്തിന് പൂർണ്ണ വിധേയത്വം കാണിക്കുക. ഇങ്ങനെ നിഷ്കാമമായി കർമ്മം ചെയ്യുക അത്ര എളുപ്പമല്ല എന്നത് വ്യക്തം. അതിനൊരു പ്രത്യേക കഴിവു തന്നെ വേണം. അതുകൊണ്ടത്രേ കർമ്മസ്യ കൗശലം യോഗഃ എന്ന് കർമ്മയോഗത്തെ ഗീത നിർവചിച്ചിരിക്കുന്നത്. കർമ്മത്തിലുള്ള കൗശലമാണത്രെ യോഗം.

അതായത് നിഷ്കാമമായി, നിസ്വാർത്ഥമായി കർമ്മഫലത്തിൽ ആസക്തിയൊന്നും കൂടാതെ, കർമ്മം ചെയ്യാനുള്ള കൗശലമാണ്, കഴിവാണ് കർമ്മയോഗം. അതൊരു സിദ്ധിയാണ്. നിരന്തര പരിശ്രമവും, ഈശ്വരോപാസനയും വഴി സമ്പാദിച്ചെടുക്കേണ്ടൊരു സിദ്ധി. അനിതരസാധാരണമായ വിധത്തിൽ ഈ സിദ്ധി ചാവറയച്ചന് ഉണ്ടായിരുന്നു.

കർമ്മയോഗത്തെ മറെറാരു വിധത്തിൽ കൂടി ഗീത നിർവചിക്കുന്നുണ്ട്. അതായത്, സമത്വം യോഗ ഉച്യതേ എന്ന്. കർമ്മഫലത്തെ സംബന്ധിച്ചിടത്തോളം സമചിത്തത പാലിക്കുകയാണ് യോഗമെന്നർത്ഥം. ജയപരാജയങ്ങളേയും, സുഖദുഃഖങ്ങളേയും സമഭാവനയോടെ സമചിത്തതയോടെ സദാ സന്തുഷ്ടമനസ്സോടെ സ്വീകരിക്കുക. ക്രൈസ്തവ സങ്കേതത്തിൽ വിശുദ്ധ നിഷ്പക്ഷത (Holy indifference) എന്നതിനു പേർ, സ്ഥിത പ്രജ്ഞത എന്ന ആപരനാമത്തിൽ ഗീതയുടെ രണ്ടാം അദ്ധ്യായം ഇതിനെ വിവരിച്ചിട്ടുണ്ട്. തികഞ്ഞൊരു സ്ഥിത പ്രജ്ഞനായിരുന്നു ചാവറയച്ചൻ എന്ന് അതിശയോക്തി കൂടാതെ പറയാം. നിഷ്കാമകർമ്മത്തെകുറിച്ച് പറയുമ്പോൾ ഒരുചോദ്യം സംഗതമാണ്. പൂർണ്ണമായും ഫലേച്ഛകൂടാതെ നൂറു ശതമാനവും നിഷ്കാമമായിട്ട് കർമ്മം ചെയ്യുവാൻ മനുഷ്യനു സാധ്യമോ? സാധാരണ ഗതിയിൽ സാധ്യമല്ല തന്നെ. എന്തെങ്കിലും ഉദ്ദേശം കൂടാതെ ഒരു കാര്യം ചെയ്യുക ബുദ്ധിയും, മനസ്സുമുള്ള ഒരു മനുഷ്യന് അസാദ്ധ്യമാണ്. അങ്ങനെയാണെങ്കിൽ നിഷ്കാമകർമ്മമെന്നത് അപ്രായോഗികമായൊരു ആദർശം മാത്രമല്ലേ? ഈ പ്രശ്നത്തിന് ഉത്തരമായി ഗീത ചൂണ്ടികാണിക്കുന്നത് ഈശ്വരന്റെ കർമ്മത്തെയാണ്. ഒന്നാമതായി സൃഷ്ടികർമ്മം. ഇല്ലാതിരുന്ന സൃഷ്ടികൾക്ക് അസ്തിത്വം നൽകുന്ന ഈശ്വരന്റെ കർമ്മമാണത്. അതായത്, സ്വന്തം അസ്തിത്വത്തിൽ പങ്കുനൽകികൊണ്ട് സൃഷ്ടികൾക്ക് ഉണ്മയും ഉയിരും നൽകുന്നു ഈശ്വരൻ.ആത്മദാനം ചെയ്തുകൊണ്ട് അവിടുന്ന് സൃഷ്ടികളെ ജനിപ്പിക്കുന്നു, ജീവിപ്പിക്കുന്നു. ഇങ്ങനെ ചെയ്യുന്നതിൽ എന്താണ് ഈശ്വരന്റെ ഉദ്ദേശം. സ്വാർത്ഥലാഭത്തിനല്ല അവിടുന്ന് സൃഷ്ടികർമ്മം ചെയ്യുന്നത് എന്നത് തീർച്ച. കാരണം എല്ലാററിന്റെയും ഉടമയായ അവിടുത്തേക്ക് തനിക്കായിതന്നെ ഒന്നും നേടുവാനില്ല. അവിടുത്തേക്ക് ഇല്ലാത്തതായി ഒന്നുമില്ല എന്നതു കൊണ്ടു തന്നെ. എങ്കിൽ മററുള്ളവരുടെ സൃഷ്ടികളുടെ നന്മ, അവരുടെ ഉള്ളായ്മ മാത്രമാണ് സൃഷ്ടികർമ്മത്തിൽ ഈശ്വരന്റെ ഉദ്ദേശം. അങ്ങനെ നോക്കുമ്പോൾ സ്വാർത്ഥ ലാഭേച്ഛ അല്പം പോലുമില്ലാത്ത നിഷ്കാമമായ കർമ്മമാണ് ഈശ്വരന്റെ സൃഷ്ടികർമ്മമെന്നത് വ്യക്തം. അതിനെ അനുകരിച്ച് കർമ്മം ചെയ്യുക എന്നതാണ് ഗീത ഉപദേശിക്കുന്നത്. ഇവിടെ ഒരു കാര്യം വ്യക്തമാണ്. നിഷ്കാമമായി കർമ്മം ചെയ്യുക എന്നു പറയുമ്പോൾ, ഒരുലക്ഷ്യവുമില്ലാതെ കർമ്മം ചെയ്യണം എന്നല്ല അർത്ഥം. പ്രത്യേത സ്വാർത്ഥ താത്പര്യങ്ങളൊന്നും അതിൽ ഉണ്ടാകരുത് എന്ന് മാത്രമാണ്. നിസ്വാർത്ഥ സേവനമാണ് നിഷ്കാമകർമ്മം. ചാവറയച്ചന്റെ സേവനമെല്ലാം ഇപ്രകാരമായിരുന്നു.

### കർമ്മം യജ്ഞമായി മാറണം

ഈ പശ്ചാത്തലത്തിലാണ് നമ്മുടെ ഓരോ കർമ്മവും, യജ്ഞമായിരിക്കണമെന്ന് ഗീത നിഷ്കർഷിക്കുന്നത്. യജ്ഞാർത്ഥാത് കർമ്മ സമാചര എന്നാണ് ഗീതാ വാക്യം. യജ്ഞം ചെയ്യുക എന്നു പറഞ്ഞാൽ ദാനം ചെയ്യുക എന്നാണ് മൂലാർത്ഥം. യജ് എന്ന ധാതുവിന്റെ അർത്ഥം അതാണ്. യജ് ദാനേ എന്ന് വ്യാകരണ പാഠം. ഒരുവൻ യജ്ഞം ചെയ്യുമ്പോൾ തന്നെ തന്നെയോ, തനിക്കുള്ള എന്തിനെയെങ്കിലുമോ ഈശ്വരന് സമർപ്പണം ചെയ്യുകയാണല്ലോ. എങ്കിൽ ആത്മദാനമാണ് യജ്ഞത്തിന്റെ കാതൽ. അതുകൊണ്ടാണ് ഈശ്വരന്റെ സൃഷ്ടികർമ്മത്തെ ആദ്യത്തെ യജ്ഞമായിട്ട് ഹൈന്ദവഗ്രന്ഥങ്ങളിൽ പറഞ്ഞിരിക്കുന്നത്. ഈശ്വരൻ സ്വന്തം അസ്തിത്വം സൃഷ്ടികൾക്കു പങ്കിട്ടു കൊടുത്ത

യജ്ഞമാണത്. ആ ഈശ്വരനെ അനുകരിച്ച് മററുള്ളവർക്ക് നാം നൽകുന്ന ആത്മദാനമാകണം നമ്മുടെ ഓരോ കർമ്മവും. യജ്ഞാർത്ഥാത് കർമ്മ സമാചരാ എന്ന് മുകളിൽ ഉദ്ധരിച്ച ഗീതാവാക്യത്തിന്റെ അർത്ഥമിതാണ്. മററുള്ളവരെ വളർത്താനായിട്ട് അവർക്ക് കൂടുതൽ ജീവനും ഐശ്വര്യവും ലഭിക്കുവാനായിട്ട് തന്നെത്തന്നെ ദാനം ചെയ്യുക അതാണ് കർമ്മയോഗം. അങ്ങനെ ചെയ്യുന്നതുവഴി നമ്മൾ പിതാവായ ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കുചേരുകയാണ്. അവിടുത്തെ സൃഷ്ടികർമ്മം തുടരുകയാണ്. അവിടുത്തെ സൃഷ്ടിയെ ഉത്തരോത്തരം പൂർണ്ണതയിലേക്ക് നയിക്കുകയാണ്. ഇങ്ങനെ നോക്കുമ്പോൾ വളരെ ക്രിസ്തീയമായൊരു പ്രമേയമാണ് നിഷ്കാമകർമമെന്നത്. അതിന്റെ പ്രവാചകനാണ് ചാവറയച്ചൻ. മററുള്ളവരെ വളർത്തുവാൻ വേണ്ടി തന്നെത്തന്നെ പൂർണ്ണമായും ദാനം ചെയ്ത കർമ്മയോഗി.

ഇനിയും നിഷ്കാമകർമ്മത്തിനു മാതൃകയായിട്ട് ഗീത ചൂണ്ടികാണിക്കുന്നത് ഈശ്വരന്റെ അവതാരമാണ്. ധർമ്മത്തിനു ക്ഷയവും അധർമ്മത്തിനു വൃദ്ധിയും ഉണ്ടാകുമ്പോഴെല്ലാം ശിഷ്ട രക്ഷണവും, ദുഷ്ട ശിക്ഷണവും ധർമ്മ സംസ്ഥാപനവും ലക്ഷ്യമാക്കി ഈശ്വരൻ ഏതെങ്കിലും സൃഷ്ടിയുടെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നു എന്നാണ് അവതാര സിദ്ധാന്തം. ഇതിന്റെ വിശദാംശങ്ങളെ മറന്നുകളഞ്ഞാൽ തന്നെയും, ധർമ്മസ്ഥാപനത്തിനായി ഈശ്വരൻ മനുഷ്യനായി അവതരിച്ചു എന്നത് ക്രസ്തവർക്കും സ്വീകാര്യമാണല്ലോ. അങ്ങനെ അവതരിച്ച ദൈവമാണ് ക്രിസ്തു. ഈ അവതാര കർമ്മത്തിൽ ഈശ്വരന്റെ ഉദ്ദേശമെന്താണെന്നതാണ് ഇവിടെ പ്രസക്തമായ ചോദ്യം. സൃഷ്ടികർമ്മത്തെകുറിച്ചു പറഞ്ഞതുപോലെതന്നെ ഇക്കാര്യത്തിലും സ്വന്തമായൊന്നു നേടുവാനല്ല ഈശ്വരൻ, സകലത്തിന്റെയും ഉടമയായ ഈശ്വരൻ അവതാരമെടുക്കുന്നത്. കാരണം അവിടുത്തേക്ക് ഇല്ലാത്തതായി ഒന്നുമില്ല. അക്കാരണത്താൽ സൃഷ്ടിയുടെ അഥവാ മനുഷ്യന്റെ നന്മ ഒന്നുമാത്രം ലക്ഷ്യമാക്കിയാണ് ഈശ്വരൻ അവതാരമെടുക്കുന്നത്. അതനുകരിച്ച് നിഷ്കാമമായി പരനന്മ മാത്രം മുന്നിൽ കണ്ടുകൊണ്ട് കർമ്മം ചെയ്യുന്നവനാണ് കർമ്മയോഗി. ലോകസംഗ്രഹാർത്ഥം കർമ്മം ചെയ്യുക എന്ന ഗീതാ വാക്യത്തിന്റെ അർത്ഥമിതാണ്. ലോകസംഗ്രഹം അതായത് ലോകരക്ഷ മാത്രം ലക്ഷ്യമാക്കി ഈശ്വരൻ അവതരിക്കുന്നു. ലോകത്ത് കർമ്മനിരതനാകുന്നു. അതുപോലെ കർമ്മയോഗിയും സമുദായത്തിൽ കർമ്മനിരതനായി വർത്തിക്കുന്നു. അതാണ് ചാവറയച്ചൻ ചെയ്തത്. അതിലൂടെ അദ്ദേഹം യേശു നിർവഹിച്ച രക്ഷണിയകർമ്മത്തിൽ പങ്കുചേരുകയായിരുന്നു. യേശുവിലൂടെ സാധിതമായ രക്ഷയെ സഹോദരങ്ങളിലേക്ക് എത്തിക്കുകയായിരുന്നു. ലോകസംഗ്രഹാർത്ഥം കർമ്മംചെയ്ത ചാവറയച്ചനെയാണ് നമ്മളിവിടെ ദർശിക്കുക.

ഈശ്വരനെ അനുകരിച്ചു കർമ്മം ചെയ്യുന്നവനാണ് കർമ്മയോഗി എന്നാണല്ലോ മുകളിൽ പറഞ്ഞത്. ഈശ്വരനെ പൂർണ്ണമായും അനുകരിക്കുക സാധ്യമാണോ? പ്രത്യേകിച്ച് നിസ്വാർത്ഥതയുടെ കാര്യത്തിൽ, എന്നു ചോദിച്ചേക്കാം. അതു സാധ്യമല്ല എന്നു തോന്നിപോകാം. പക്ഷേ യേശുവും തന്റെ അനുയായികളോട് പ്രത്യക്ഷത്തിൽ അസാധ്യമെന്നു തോന്നിപോകുന്നൊരു കാര്യം ആവശ്യപെടുന്നുണ്ട്. നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിനെപോലെ പരിപൂർണ്ണരാകണം . (മത്താ; 5: 48) ദുഷ്ടരുടെ മേലും ശിഷ്ടരുടെ മേലും ഒരുപോലെ തന്റെ സൂര്യനെ ഉദിപ്പിക്കുകയും വിശുദ്ധരുടെ മേലും പാപികളുടെ മേലും തന്റെ മഴ ഒരുപോലെ പെയ്യിക്കുകയും ചെയ്യുന്ന പിതാവിന്റെ പൂർണ്ണതയാണ് യേശു ഉദ്ദേശിക്കുന്നത് (മത്താ; 5: 45). അതായത് ശത്രുമിത്രഭേതമന്യേ എല്ലാവരേയും ഒരുപോലെ സ്നേഹിക്കുകയും, സേവിക്കുകയും ചെയ്യുന്നതിൽ വ്യക്തമാകുന്ന പൂർണ്ണത. അത് സ്വന്തം സ്നേഹം, സേവനം, ഗീത നിർദ്ദേശിക്കുന്ന

ഈശ്വരാനുകരണവും തജ്ജന്യമായ കർമ്മയോഗവും അർത്ഥമാക്കുന്നതും അതുതന്നെ. ആ നിലക്ക് ചാവറയച്ചൻ തികഞ്ഞൊരു കർമ്മയോഗിയായിരുന്നു. ശത്രുമിത്ര ഭേദം കൂടാതെ എല്ലാവരേയും സ്നേഹിക്കുകയും സേവിക്കുകയും ചെയ്തൊരു ക്രൈസ്തവ കർമ്മയോഗി.

കർമ്മവും കരമ്മഫലവും അനിവാര്യമാണെന്നും, നിഷ്കാമമായിട്ട്, യജ്ഞമായിട്ട് ലോകസംഗ്രഹാർത്ഥം കർമ്മം ചെയ്യണമെന്നുമെല്ലാം പറയുമ്പോൾ ഒരുചൊദ്യം കൂടി ഉയർന്നുവരാം. എന്തുകർമ്മമാണ് ചെയ്യേണ്ടത്. അതിനുള്ള ഉത്തരമാണ് സ്വധന മെന്നത്. സമുദായത്തിൽ ഓരോ വ്യക്തിക്കും ഈശ്വരനിശ്ചിമായ സ്ഥാവും, അതിന്റെ ദൗത്യവുമുണ്ട്. അതാണ് സ്വധർമ്മം. ഹൈന്ദവ പാരമ്പര്യത്തിലെ വർണ്ണാശ്രമങ്ങളാണ് സ്വധനത്തെ നിർണ്ണയിക്കുക. അതായത് സമുദായത്തിലെ ഓരോ വ്യക്തിയും ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നീ വർണ്ണങ്ങളിൽ ഒന്നിൽപെടുന്നു. അതുപോലെതന്നെ ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്ന്യാസം എന്നിങ്ങനെയുള്ള ഏതെങ്കിലും ഒരാശ്രമത്തിലും പെടുന്നു. പ്രസ്തുത വർണ്ണവും, ആശ്രമവുമായിരിക്കും, അയാളുടെ സ്വധർമ്മത്തെ നിശ്ചയിക്കുന്ന ഘടകങ്ങൾ, വേറെ വാക്കുകളിൽ ഒരുവന്റെ ജീവിതാവസ്തയും സമൂഹത്തിലെ അയാളുടെ സ്ഥാനവും ആവശ്യപെടുന്ന കടമയാണ് അയാളുടെ സ്വധർമ്മം. ക്ഷത്രിയനായ ഒരു ഗൃഹസ്ഥന്റെ സ്വധർമ്മം ക്ഷത്രിയ വർണ്ണത്തിലെ ഗൃഹസ്ഥൻ എന്ന നിലയിലുള്ള കടമകളാണ്. ബ്രാഹ്മണനായ ബ്രഹ്മചാരിക്ക് ആ വർണ്ണവും, ആശ്രമവും ആവശ്യപ്പെടുന്ന കടമകളായിരിക്കും സ്വധർമ്മം.

ഇങ്ങനെ സ്വധർമ്മം ഇന്നതെന്നു നിശ്ചയിച്ചു കഴിഞ്ഞാൽ ഞാൻ അതു ചെയ്യണം അതുതന്നെ ചെയ്യണമെന്നാണു പ്രമാണം. സമൂഹത്തിൽ എനിക്കായ് നിശ്ചയിക്കപെട്ടിരിക്കുന്ന സ്ഥാനത്ത് വർത്തിച്ചു കൊണ്ട് ആ സ്ഥാനത്തിന്റെ ദൗത്യം ഞാൻ തന്നെ നിർവഹിക്കണം. സ്വധർമ്മം വിട്ടിട്ട് മററെന്തു ഞാൻ ചെയ്താലും അതു കൃത്യവിലോപമായിരിക്കും. അതുമോക്ഷപ്രാപ്തിക്കുതകുകയില്ല. മറിച്ച് പാപമായിരിക്കും എനിക്ക് ലഭിക്കുക. സ്വധർമ്മത്തേക്കാൾ പ്രത്യക്ഷത്തിൽ സമുദായത്തിൽ മതിക്കപെടുന്നതും മെച്ചപ്പെടുന്നതുമായ ജോലികൾ പലതുണ്ടായിരിക്കാം. പക്ഷേ അതൊന്നും എനിക്കുള്ളതല്ല. എന്നെ സംബന്ധിച്ചിടത്തോളം ഏററവും ഉത്തമമായത് സ്വധർമ്മമാണ്. അതെത്ര ഹീനമാണെങ്കിലും ദുഃഷ്കരമാണെങ്കിലും, സ്വധർമ്മം വിട്ടിട്ട് ഞാൻ എന്റെ ഇഷ്ടവും അഭിരുചിയുമനുസരിച്ച് മറെറന്തെങ്കിലും ചെയ്യാൻ പോയാൽ അതുവഴി ഞാൻ എനിക്കു തന്നെയല്ല സമുദായത്തിനു മുഴുവനും ഹാനി വരുത്തുകയാകും. കാരണം സമൂഹത്തിൽ ഞാൻ ചെയ്യേണ്ടിയിരുന്ന ജോലി നിർവഹിക്കപെടാതാകുന്നു. അങ്ങനെ സമൂഹത്തിന്റെ ഭദ്രതക്ക് കോട്ടം വരുന്നു. സമൂഹത്തിനു ഞാൻ നൽകേണ്ട സേവനം നൽകാതെ പോകുന്നു. എനിക്കു വേണ്ടി മററാർക്കും പ്രസ്തുതജോലി ചെയ്യാനും സാധ്യമല്ല. കാരണം അവരാരും അതിനുവേണ്ടി നിയുക്തരല്ല. അവർക്ക് അവരുടേതായ മററു ദൗത്യങ്ങളുണ്ട്.

ചുരുക്കത്തിൽ എല്ലാവരും സ്വധർമ്മം ചെയാതാലേ, സ്വധർമ്മം മാത്രം ചെയ്താലേ, സ്വധർമ്മം മുഴുവൻ ചെയ്താലേ സമൂഹത്തിന്റെ ഭദ്രതയും സുരക്ഷിതത്വവും കരഗതമാകൂ. അതുപോലെ തന്നെ സ്വധർമ്മത്തിൽ തൃപ്തി കാണാനും എല്ലാവർക്കും സാധിക്കണം. അതു നിർവഹിക്കുന്നതിനുണ്ടാകുന്ന തടസ്സങ്ങളെല്ലാം അവഗണിക്കുകയും വേണം. സ്വധർമ്മമായ യുദ്ധം ഉപേക്ഷിച്ച് പ്രത്യക്ഷത്തിൽ മഹത്തായ വനവാസത്തിനു പോകാനാണ് അർജ്ജുനൻ തുനിഞ്ഞത്. ആനിക്കം ശരിയല്ല എന്നു ചൂണ്ടികാണിച്ച് സ്വധർമ്മമായ യുദ്ധം നിഷ്കാമമായി ചെയ്യുവാനാണ് ശ്രീകൃഷ്ണൻ അയാളെ ഉപദേശിച്ചത്. അതുപോലെ തന്നെ സമൂഹത്തെ വിട്ടിട്ട് ജനസേവനമെന്ന സ്വധർമ്മം

അവഗണിച്ചിട്ട് വനവാസത്തിനു പോകാൻ ഒരുമ്പെട്ട സി. എം. ഐ. സഭാ സ്ഥാപകൻമാരുടെ നീക്കം ശരിയല്ല എന്നു ചൂണ്ടികണാണിച്ചിട്ട് കൊവേന്തയിൽ യോഗസ്ഥരായി ജീവിച്ചുകൊണ്ട് പരസേവനമെന്ന സ്വധർമ്മം നിർവഹിക്കുന്നതിന് അവരെ പ്രേരിപ്പിക്കുകയും, ആഹ്വാനം ചെയ്യുകയും ചെയ്തു. തിരുസഭാധികാരികൾ ആ പൈതൃകം ഏററുവാങ്ങി തികഞ്ഞ ആത്മാർത്ഥതയോടെ പ്രത്യുത്തരിച്ച കർമ്മയോഗിയാണ് ചാവറയച്ചൻ .

പിൽക്കാലത്ത് ചിലരെല്ലാം വർണ്ണാശ്രമ സിദ്ധാന്തത്തെ വികൃതമായി വ്യാഖ്യാനിക്കുകയും അധാർമ്മികമായി പ്രയോഗിക്കുകയും ചെയ്‌തു എന്നത് വിസ്മരിച്ചിട്ടാവശ്യമില്ല. എന്നിരുന്നാലും അതിന് അടിസ്ഥാനമായി നിൽക്കുന്ന തത്ത്വം തരക്കത്തിനതീതമാണെന്ന് സമ്മതിക്കണം. അതാത് സമുദായത്തിൽ ഓരോ വ്യക്തിയും ആയിരിക്കേണ്ട സ്ഥാനവും, നിർവഹിക്കേണ്ട ദൗത്യവും സൃഷ്ടാവ് തന്നെ നിർവഹിച്ചിട്ടുണ്ടെന്ന തത്വം. ഓരോവ്യക്തിയുടേയും അനന്യതക്കു നിദനവും അതു തന്നെ. അതു വിവേചിച്ചറിഞ്ഞു പ്രവരത്തിക്കുന്നതിലത്രേ ജീവിത വിജയം. അതാണല്ലോ സ്വധർമ്മ സിദ്ധാന്തം. അതിനുള്ള ക്രൈസ്തവ സങ്കേതമാണ് ദൈവവിളി എന്നത്. ദൈവം അനാദി മുതൽ ഓരോ വ്യക്തിക്കും ഓരോ ദൗത്യം നിശ്ചയിച്ചിട്ടുണ്ട്. അതാണ് ദൈവവിളി അഥവാ സ്വ ധർമ്മം. വി. പൗലോസ് ശ്ലീഹായുടെ ഭാഷയിൽ ക്രിസ്തുവിന്റെ ശരീരത്തിലെ അംഗമാണ് ഓരോ ക്രൈസ്തവനും, അങ്ങനെ നോക്കുമ്പോൾ സ്വധർമ്മദർശനത്തിന് ക്രൈസ്തവ ജീവിതത്തിൽ കൂടുതൽഅർത്ഥം ലഭിക്കുന്നു. ശരീരത്തിലെ ഓരോ അംഗവും അതതിന്റെ സ്ഥാനത്ത് വർത്തിച്ചുകൊണ്ട് ആ സ്ഥാനത്തിന്റെ ദൗത്യം വിശ്വസ്തതയോടെ നിർവഹിക്കണം. ആ സ്ഥാനവും ദൗത്യവും വിട്ടിട്ട് മറന്തു ചെയ്താലും, അതു പ്രസ്തുത അവയവത്തിനും ശരീരത്തിനുമുഴുവനും ഹാനികരമാകും. ഇവിടെ അവയവത്തിന്റെ വലിപ്പമോ, ദൗത്യത്തിന്റെ മഹാത്മ്യമോഒന്നുമല്ല പ്രധാന സംഗതി. മറിച്ച് ഓരോ അവയവവും താൻ വയ്ക്കപ്പെട്ടിരിക്കുന്ന സ്ഥാനത്ത് തൃപ്തിയോടെ വർത്തിച്ചുകൊണ്ട് ആ സ്ഥാനത്തിന്റെ ദൗത്യം സമർപ്പണബോധത്തോടെ നിർവഹിക്കുകയാണ്. നന്നേ വലുപ്പം കുറഞ്ഞൊരു അവയവമാണ് ചെറുവിരൽ. അതിന്റെ ജോലിയും ചെറുതാണ്. പക്ഷേ അതും അതിന്റെ ജോലിയും ശരീരത്തിന്റെ ആകമാനമുള്ള ആരോഗ്യത്തിനും സമഗ്രതക്കും, സൗന്ദര്യത്തിനും അനിവാര്യമാണ്. അതുകൊണ്ട് ചെറുവിരൽ പറയരുത്, താൻ തലയുടെ സ്ഥാനത്ത് വർത്തിച്ചുകൊണ്ട് തലയുടെ ജോലി ചെയ്തുകൊള്ളാമെന്ന്. അങ്ങനെയൊരു അവകാശവാദം ചെറുവിരൽ നടത്തിയാലത്തെ സ്ഥിതി ഊഹിക്കാവുന്നതേയുള്ളൂ. അതുപോലെ തന്നഎ തലയും പറയരുത്. ഞാൻ ശരീരത്തിലെ മറേറതെങ്കിലും സ്ഥാനം സ്വീകരിച്ചുകൊണ്ട് ആ സ്ഥാനത്തിന്റെ ദൗത്യം നിർവഹിച്ചുകൊള്ളാമെന്ന്. ചുരുക്കി പറഞ്ഞാൽ ക്രസ്തുവിന്റെ ശരീരമാകുന്ന തിരുസഭയിൽ ഓരോ അംഗവും സ്വസ്ഥാനത്ത് സംതൃപ്തിയോടെ വർത്തിച്ചുകൊണ്ട് ആ സ്ഥാനത്തിന്റെ ദൗത്യം സമർപ്പണബോധത്തോടെ നിർവഹിക്കണം. ഇക്കാര്യത്തിൽ വ്യക്തിയും സമൂഹവും ഒരുപോലെ നിഷ്ഠവക്കണം. മിശിഹായുടെ ശരീരത്തിൽ തനിക്കു നിശ്ചയിച്ചുകിട്ടിയിട്ടുള്ള സ്ഥലത്തും ജോലിയിലും വ്യക്തി സംതൃപ്തി കാണണം. അതുപോലെതന്നെ സമൂഹം അഥവാ അധികാരികൾ ഓരോ അംഗത്തിനും സഭാഗോത്രത്തിൽ ദൈവം നിശ്ചയിച്ചിട്ടുള്ളള സ്ഥാനത്ത് നിന്നുകൊണ്ട് ആ സ്ഥാനത്തിന്റെ ദൗത്യം  നിർവഹിക്കാൻ അനുവാദവും പ്രോത്സാഹനവും നൽകണം. അതിനു പകരം സമൂഹവും അധികാരികളും തന്നിഷ്ടം പോലെ വ്യക്തികളെ ദൈവദത്തമായ അവരുടെ സിദ്ദികളെയും പ്രത്യേകതകളെയൊന്നും പരിഗണിക്കാതെഅങ്ങോട്ടുമിങ്ങോട്ടും വലിച്ചെറിയുകയോ ഓരോരോരോജോലികളിൽ നിയോഗിക്കുകയോ ചെയ്യരുത്. തന്റെ ദൈവവിളി സ്വധർമ്മം സമുദായത്തിലും സഭാ ഗാത്രത്തിലും, തനിക്കുള്ള സ്ഥാനവും

ഗാത്യവും, കണിശമായി വിവേചിച്ചറിയുകയും നിഷ്ഠാപൂർവ്വം അനുവർത്തിക്കുകയും, അങ്ങനെചെയ്യാൻ മററുള്ളവരെ പ്രോത്സാഹിപ്പിക്കുകയും, സഹായിക്കുകയും ചെയ്ത കർമ്മയോഗിയാണ് ചാവറയച്ചൻ.

ഒന്നുകൂടെ തിരിഞ്ഞുനോക്കികൊണ്ട് ലേഖനം' ഉപസംഹരിക്കാം. കർമ്മയോഗത്തിനായിട്ടാണ് യോഗസ്ഥരായി വർത്തിച്ചുകൊണ്ട് നിഷ്കാമമായി കർമ്മം ചെയ്ത് സമുദായസേവനം ചെയ്യാനാണ്, സി. എം. ഐ, സഭാസ്ഥാപകരും, അനുയായികളുംമ വിളിക്കപെട്ടിരിക്കുന്നത്. ആ വിളിക്ക് ഒഴിവുകഴിവില്ലാതെ പ്രത്യുത്തരീച്ച കർമ്മയോഗിയാണ് ചാവറയച്ചൻ. സമുദായത്തിന്റെ നന്മക്കും അഭിവൃദ്ധിക്കും വേണ്ടി നിസ്വാർത്ഥമായി അത്മാർപ്പണം ചെയ്തു അദ്ദേഹം. പക്ഷേ അതിന്റെ പിന്നിൽ അതിനു നിറം പകർന്നുകൊണ്ട് നിലകൊണ്ടത് അദ്ദേഹത്തിന്റെ സന്ന്യാസ സമർപ്പണമാണ്, യോഗാവസ്ഥയാണ്. പ്രഥമവും പ്രധാനപരവുമായി അദ്ദേഹം തന്നെത്തന്നെ യേശു പാദത്തിങ്കൽ സമർപ്പിച്ചു. തികഞ്ഞൊരു ബ്രഹ്മനിഷ്ഠനായിരുന്നദ്ദേഹം. പ്രർത്ഥനയുടെ മനുഷ്യൻ. ഏതൊരു പ്രതികൂല സാഹചര്യത്തിലും ദൈവേഷ്ടം നിറവേറണം, നിറവേററണം. എന്നൊരു ചിന്തയേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളു. സേവനത്തിനു പ്രതിഫലമായി അദ്ദേഹം ഒന്നും പ്രതീക്ഷിച്ചില്ല. ആഗ്രഹിച്ചില്ല, സ്വീകരിച്ചുമില്ല. അധികാരത്തേയും സ്ഥാനമാനങ്ങളേയും, ഒരു കർമ്മയോഗിയുടെ ചൈതന്യത്തിൽ ഒഴിഞ്ഞുമാറുകയാണ് അദ്ദേഹം ചെയ്തത്. കല്പിക്കപ്പെട്ടതെല്ലാം ചെയ്തുകഴിയുമ്പോൾ കല്പ്പിച്ചതു ചെയ്യുകമാത്രം ചെയ്ത അയോഗ്യദാസർഞങ്ങൾ എന്നു പറയാനുപദേശിച്ച യേശുദേവന്റെ വിശ്വസ്ത ശിഷ്യനായിരുന്നു ചാവറയച്ചൻ.

സ്വന്തം പേരിനോ പെരുമക്കോ വേണ്ടിയല്ല ചാവറയച്ചൻ പ്രയത്നിച്ചത്. അവൻ വളരണം, ഞാൻ തളരണം എന്നതായിരുന്നു അദ്ദേഹത്തിന്റെ ജീവിതാദർശം. പക്ഷേ അദ്ദേഹമറിയാതെ തന്നെ ജനഹൃദയങ്ങളിൽ പ്രതിഷ്ഠ ലഭിച്ചു. ഒരു കർമ്മയോഗി എന്ന പ്രതിഷ്ഠ. ഒരേ സമയത്ത് ദൈവത്തിനും, ജനത്തിനും വേണ്ടി അതമാർപ്പണം ചെയ്തൊരു സന്ന്യാസവര്യന്റെ ചിത്രം. അനിഷേധ്യനായ, കാര്യപ്രാപ്തിയുള്ള, സമർപ്പണബോധമുള്ളൊരു നേതാവ്. സർവ്വോപരി ദൈവത്തിന്റെ മനുഷ്യൻ. പ്രാർത്ഥനയുടെ മനുഷ്യൻ, വിശുദ്ധൻ. സംബവബഹുലമായ, കർമ്മനിരതമായ ജീവിതത്തിലൊരിക്കലും മാമോദീസായിൽ കിട്ടിയ ദൈവേഷ്ട പ്രസാദത്തെ നഷ്ടപ്പെടുത്തുന്നതിനിടയായിട്ടില്ല എന്നു മരണസമയത്തു ഉറപ്പിച്ചു പറുയുവാൻ കഴിഞ്ഞതാണദ്ദേഹത്തിന്റെ വിജയരഹസ്യം. അതാണ് അദ്ദേഹത്തെ യഥാർത്ഥത്തിൽ കർമ്മയോഗിയാക്കിയത്. പിന്നീട് മർസലീനോസ് എന്ന മിഷനറി ചാവറയച്ചനെ കുറിച്ചു പറഞ്ഞു. കുരിയാക്കോസ് ചാവറയച്ചൻ എന്ന പുഷ്പം മാത്രമേ മാന്നാനത്തു വിരിഞ്ഞുള്ളൂ എങ്കിൽ തന്നെയും, പാലയ്ക്കൽ തോമാ മല്പാനച്ചന്റെയും, പോരൂക്കര തോമാച്ചന്റെയും പ്രയത്നത്തിന് തക്കഫലം കിട്ടിയെന്ന് ന്യായമായി പറയാം എന്ന്. അദ്ദേഹം ചെന്നു എല്ലാം ശാന്തമാകുകയും ചെയ്തു. അദ്ദേഹത്തിലൂടെ യേശുവിന്റെ ശാന്തിയും, സന്ദേശവും ജനങ്ങളിലേക്കൊഴുകി. മീനച്ചിൽ നടന്ന ശീശ്മ സംബന്ധമായ ഛിദ്രങ്ങൾക്കിടയിൽ ശീഷ്മ പക്ഷക്കാരിൽ ചിലർ ചാവറയച്ചനെതിരായി തഹസിൽദാരുടെ പക്കൽ ഹർജി ബോധിപ്പിച്ചു. ഹൈന്ദവനായ ആ ഉദ്യോഗസഥൻ ചാവറയച്ചനെ പരിചയപ്പെട്ടശേഷം പ്രസ്താവിച്ചത് ഇപ്രകാരമാണ്. അദ്ദേഹം ഒരു ദിവ്യ പുരുഷനാകുന്നു. ഇത്രമഹാനും ഈശ്വരപ്രസാദമുള്ളവനുമായ ഇദ്ദേഹത്തെ പററി പരാതി ബോധിപ്പിച്ചവർ മഹാ ദുഷ്ടരും, ഈശ്വര കോപത്തിനർഹരുമത്രേ. അതെ ഈശ്വര പ്രസാദം നിറഞ്ഞവനായി, ദിവ്യപുരുഷനായി വർത്തിച്ചുകൊണ്ട്, ഈ ലോകത്തിലാണെങ്കിലും ഈ ലോകത്തിലല്ലാതെ ജീവിച്ചുകൊണ്ട് നിസ്വാർത്ഥമായി നിഷ്കാമമായി സ്വധർമ്മം ചെയ്ത കർമ്മയോഗിയാണ്

ചാവറയച്ചൻ.

ചാവറയച്ചന്റെ പിൻഗാമികൾ ഇന്ന് കർമ്മ നിരതരാണ്. സംശയമില്ല. പക്ഷേ കർമ്മയോഗികളാണോ എന്നതാണ് പ്രശ്നം. യോഗസ്ഥരായി സന്ന്യാസസമർപ്പണത്തിൽ അടിയുറച്ചു നിന്നുകൊണ്ടാണോ അവരുടെ കർമ്മജീവിതം. കർമ്മങ്ങളുടെ മദ്ധ്യത്തിൽ കർമ്മങ്ങളുടെ അടിയൊഴുക്കിൽ സന്ന്യാസസമർപ്പണം തേഞ്ഞുമാഞ്ഞ് ഇല്ലാതാകുന്നില്ലേ? വെറും സാമൂഹ്യപ്രവർത്തകരും, ഗ്രാമസേവകരും വിദ്യാഭ്യാസപ്രവർത്തകരുമെല്ലാമായിട്ട് തരം താണു പോകാനുള്ള അപകടം ഉണ്ടെന്ന് സമ്മതിക്കണം. അങ്ങനെയുള്ള അപകടം തടയമെങ്കിൽ നിസ്വാർത്ഥതയും, നിഷ്കാമത്വവുമൊക്കെയാകണം കർമ്മങ്ങളുടെ മുഖമുദ്ര. ദൈവേഷ്ടം നിറവേററണം, സർവ്വതോന്മുഖമായ അഭിവൃദ്ധി, എല്ലാററിനുമുപരിയായി ആദ്ധ്യാത്മീകാഭിവൃദ്ധി ഉണ്ടാകണം. എന്നതൊക്കെയാകണം ലക്ഷ്യം. എനിക്കല്ല ദൈവത്തിനുമാത്രം സ്തുതിയെല്ലാം എന്ന മനോഭാവമുണ്ടാകണം. സ്വന്തം പേരും പെരുമയും, സ്ഥാനവും മാനവും, നിലയും വിലയുമെല്ലം ഉറപ്പിച്ചെടുക്കുവാനുള്ള വ്യഗ്രത വെടിയണം. സ്വയം തളർന്നുകൊള്ളട്ടെ, യേശുവളരട്ടെ എന്ന യോഗസ്ഥന്റെ ആദ്ധ്യാത്മീക വീക്ഷണം വളർത്തിയെടുക്കണം. പ്രവർത്തനങ്ങലുടെ ഫലപ്രാപ്തിയെ കുറിച്ചുള്ള ആകുലത വെടിയണം. ദൈവതൃക്കരങ്ങളിൽ നിന്ന് വിജയവും പരാജയവും ഒരുപോലെ സന്തോഷപൂർവ്വം എററുവാങ്ങാനുള്ള സമചിത്തത, നിഷ്പക്ഷത, സ്ഥിര പ്രജ്ഞത ഉണ്ടാകണം. പരാജയത്തിൽ നിരാശരോ, നഷ്ടധൈര്യരോ ആകരുത്. ദൈവം തന്നു ദൈവം എടുത്തു അവിടുത്തേക്ക് സ്തുതി എന്ന് എല്ലായ്പ്പോഴും, പ്രവർത്തനങ്ങൾ അമ്പേ പരാജയപ്പെടുമ്പോഴും, പറയുവാൻ സാധിക്കണം. വിജയത്തിലാകട്ടെ, ദൈവം ചെയ്യിച്ചതൊക്കെയും എന്റെ വശമോ ? എന്ന ചാവറയച്ചന്റെ മനോഭാവം സ്വീകരിക്കുക. വിജയത്തിൽ മതിമറന്ന് ആനന്ദിക്കുകയോ അഹങ്കരിക്കുകയോ, സഹസൃഷ്ടിളെ അവഗണിക്കുകയോ അരുത്. ജയാപജയങ്ങളിൽ ചഞ്ചല ചിത്തരും, സ്വാർത്ഥ മോഹികളുയുമായവർക്ക് ചാവറയച്ചന്റെ അനുയായികൾ എന്ന് അഭിമാനിക്കാൻ അവകാശമില്ല. നേരെ മറിച്ച് കർമ്മയോഗിയാകുക.

യോഗഃ കുരു കർമ്മാണി.

ജന്മ വർഷം; 1837, അതായത് ചാവറയച്ചനേക്കാൾ 32 വയസ്സ് കുറവ്
ജന്മ ദേശം; ഇററലി

76. ഫാ. ലെയോപോൾദ് ഇന്ത്യയിൽ എത്തിയത് ഏത് വർഷം?
1860

77. ചാവറയച്ചനും ഫാ. ലെയോപോൾദും പരസ്പരം കണ്ടുമുട്ടിയത് ഏത് വർഷം?
1860

78. ലെയോപോൾദ് മിഷനറി പുരോഹിത പട്ടം സ്വീകരിച്ചത് ഏതു വർഷം?
1860

79. ചാവറയച്ചന്റെ ആദ്യ ജീവചരിത്രം എഴുതിയത് ആര്?
ഫാ. ലെയോപോൾദ് ബെക്കാറോ, ഒ. സി. ഡി.

80. ഫാ. ലെയോപോൾദ് ഇററലിയിലേക്ക് മടങ്ങിപ്പോയ വർഷമേത്?
1876

81. ഫാ. ലെയോപോൾദ് മരിച്ച തിയതി ഏത്?
1914 ഏപ്രിൽ 22

82. കൂനമ്മാവിലെ കർമ്മലീത്താമഠം സ്ഥാപിതമായത് ആരുടെ നാമത്തിൽ? എന്ന്?
വി. അമ്മ ത്രേസ്യായുടെ നാമത്തിൽ. 1866 ഫെബ്രുവരി 13

83. സി.എം.സിയുടെ പൂർണ്ണരൂപം
കോൺഗ്രിഗേഷൻ ഓഫ് മദർ ഓഫ് കാർമ്മൽ

84. സി.എം.സി. സന്യാസസഭാസ്ഥാപനത്തിന്റെ ലക്ഷ്യങ്ങളേവയായിരുന്നു?
ആത്മീയകാര്യങ്ങൾ നിഷ്ഠയോടെ നടത്തുക, ക്രിസ്തീയ പഠനങ്ങൾ വഴി ക്രിസ്തീയ രൂപീകരണം നടത്തുക, ഒരു തൊഴിലഭ്യസിക്കുക.

85. ചാവറയച്ചന്റെ ചിന്തയിൽ ഒളിതൂകിയ രണ്ടു പ്രകാശരേണുക്കൾ
സത്യത്തോടുള്ള ആഭിമുഖ്യവും സഹജരുടെ നന്മയും

86. ചാവറപ്പിതാവിന്റെ ഈശ്വരോന്മുഖതയുടെ പ്രത്യേകത എന്തായിരുന്നു?
പരോന്മുഖത

87. ചാവറയച്ചന്റെ ഭാഷണത്തിൽ ധ്യാനം എന്നത് എന്താണ്?
ധ്യാനം എന്നത് ദൈവത്തോടുള്ള സ്നേഹസംഭാഷണമാകുന്നു.

88. ചാവറയച്ചന്റെ കൃതികളിൽ മാനസിക പ്രാർത്ഥനയുടെ നിറകുടം എന്ന് വിശേഷിപ്പിക്കുന്ന ഗ്രന്ഥം
ധ്യാനസല്ലാപങ്ങൾ

89. ചാവറയച്ചൻ തന്റെ ഹൃദയത്തിൽ വസിക്കുന്ന ദൈവസുതന്റെ സാന്നിദ്ധ്യബോധത്തിനു സാക്ഷ്യം നൽകുന്ന ഗ്രന്ഥം
ധ്യാനസല്ലാപം

90. ചാവറയച്ചന്റെ ആദ്ധ്യാത്മിക ജീവിതത്തിലെ ഡയറിക്കുറിപ്പുകൾ എന്നറിയപ്പെടുന്ന ഗ്രന്ഥം
ധ്യാനസല്ലാപങ്ങൾ

91. ധ്യാനസല്ലാപത്തിൽ ചാവറയച്ചൻ ദൈവത്തെ അനേകം പ്രാവശ്യം അഭിസംബോധന ചെയ്യുന്ന പദം

# കുട്ടികളുടെ ചാവറയച്ചൻ



*ഫാ. തോമസ് പന്തപ്ലാക്കൽ സി. എം. ഐ*

ചാവറ കുരിയാക്കോസ് ഏലിയാസച്ചന്റെ ജന്മം കൊണ്ട് അനുഗ്രഹീതമായ കേരളം അദ്ദേഹത്തിന്റെ 200–ാം ജന്മ ദിനം 2005 ഫെബ്രുവരി 10ന് ആചരിക്കുമ്പോൾ കുട്ടികളോടിടപ്പെട്ട ഒരു ചാവറയച്ചനെയാണ് എന്റെ മനസ്സിൽ ഓർമ്മയിൽ വരിക. അദ്ദേഹം കുട്ടികൾക്കായി 30 നിർദ്ദേശങ്ങൾ തരുന്നുണ്ട്. ഇവ ഓരോന്നും നിങ്ങൾ വലിയവരായി കാണണം എന്ന ആഗ്രഹത്തോടെയാണ് എന്താണ് അദ്ദേഹം നിർദ്ദേശിക്കുന്നത്. ഇവ കേൾക്കാൻ നിങ്ങൾക്കിഷ്ടമാണോ കൊച്ചു കൂട്ടുകാരെ, എങ്കിൽ ഞാൻ പറയാം. മുപ്പതിൽ മൂന്നെണ്ണമേ ഇന്നു ഞാൻ പറയുന്നുള്ളൂ. ഇവയെല്ലാം കൂടി ഒരുമിച്ചു നിങ്ങൾക്ക് വേണമെങ്കിൽ താഴെകൊടുത്തിരിക്കുന്ന അഡ്രസ്സിൽ അറിയിച്ചാൽ മതി.

ചാവറയച്ചൻ പറയുന്ന ഒന്നാമത്തെ കാര്യം എന്താണെന്ന് അറിയാമോ നിങ്ങൾക്ക്? അമ്മയുടെ അപേക്ഷ ഉണ്ണിയുടെ അപേക്ഷ പോലെ ദൈവം കേൾക്കും എന്നാണ്.

നിങ്ങൾ ജനിച്ചപ്പോൾ ആദ്യം കണ്ടു പരിചയിച്ച വ്യക്തി അമ്മയാണ് അല്ലേ. നിങ്ങളെകുറിച്ച് ഈ അമ്മക്ക് അറിയാവുന്നിടത്തോളം മററാർക്കും അറിയില്ല. അമ്മ സ്വീകരിച്ച ശ്വാസവും, അമ്മ കഴിച്ച ഭക്ഷണവും, അമ്മയുടെ ശരീരവുമെല്ലാം സ്വീകരിച്ചു വളർന്ന നിങ്ങളെ പററി ഏററവും കൂടുതൽ വിചാരം ഉള്ള ആളും അമ്മ തന്നെയാണ്. അതുകൊണ്ട് നിങ്ങളുടെ എല്ലാ ആവശ്യങ്ങൾക്കും വേണ്ടി അമ്മ എന്നും ദൈവത്തോടു പ്രാർത്ഥിക്കുന്നുണ്ട്. അമ്മയുടെ പ്രാർത്ഥന നിങ്ങളുടെ പ്രാർത്ഥന പോലെ തന്നെ ദൈവം ദൈവം കേൾക്കുകയും ചെയ്യും.

എന്നാൽ നിങ്ങൾക്ക് പ്രായം കൂടുന്തോറും നിങ്ങളുടെ ആവശ്യങ്ങളും, പ്രശ്നങ്ങളും കൂടി വരും. അമ്മ എപ്പോഴും നിങ്ങളുടെ അടുത്തുണ്ടാകില്ല. നിങ്ങളുടെ മനസ്സിലൂടെ കടന്നുപോകുന്ന നിരവധി പ്രശ്നങ്ങൾ അമ്മ അറിയാതെ പോകും. പ്രത്യേകിച്ചും, നിങ്ങളുടെ മനസ്സിന്റെ ദുഃഖങ്ങൾ. അപ്പോൾ കാര്യങ്ങൾ മനസ്സിലാക്കി നിങ്ങൾക്കുവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കാൻ അമ്മക്ക് കഴിയാതെ പോകും. അതിന്റെ നഷ്ടം നിങ്ങൾക്കു തന്നെയാണ്. അതുകൊണ്ട് എന്റെ കൂട്ടുകാർ നിങ്ങളുടെ മനസ്സിനെ ബാധിക്കുന്ന എന്തു പ്രശ്നങ്ങൾ വരുമ്പോഴും, എത്ര രഹസ്യമായ പ്രശ്നങ്ങൾ ആണെങ്കിൽ പോലും അമ്മയോടു പേടി കൂടാതെ തുറന്നു പറയണം. അമ്മയിലൂടെ ദൈവമായിരിക്കും നിങ്ങളെ കേൾക്കുന്നത്.

ചാവറയച്ചൻ നിങ്ങളോടു പറയുന്ന രണ്ടാമത്തെകാര്യം നിങ്ങൾ നല്ല

താല്പര്യത്തോടെ സ്കൂളിൽ പോകുകയും അവിടെ പഠിപ്പിക്കുന്ന കാര്യങ്ങൾ വീട്ടിലിരുന്ന് ആവർത്തിച്ച് പഠിക്കുകയും ചെയ്യണം എന്നാണ്.

എത്രയോ നല്ല നിർദ്ദേശമാണ് അല്ലെ? പഠിപ്പിച്ച കാര്യങ്ങൾ ഓർമ്മയിൽ നിൽക്കണമെങ്കിൽ ഇടക്കിടക്ക് ആവർത്തിച്ച് മനസ്സിൽ ഉറപ്പിക്കണം. അപ്പോൾ പെട്ടെന്നു മറന്നുപോകയില്ല. പരീക്ഷ വരുമ്പോൾ ആശങ്ക കൂടാതെ എല്ലാം ഓർത്ത് പരീക്ഷയെഴുതാൻ എളുപ്പമാകും. പരീക്ഷയിൽ നല്ല മാർക്ക് കിട്ടും. കള്ളത്തരം കാണിച്ച് കോപ്പിയടിക്കേണ്ടിവരികയുമില്ല. ചാവറയച്ചൻ പറഞ്ഞ ഈ കാര്യം വളരെ നല്ല കാര്യമാണ്. ഇന്നു തുടങ്ങി നിങ്ങളുടെ പഠന രീതിയിൽ വിത്യാസം വരുത്തുക.

ഇനി മൂന്നാമത്തെ കാര്യം അറിയണ്ടേ? ചീത്ത പുസ്തകങ്ങൾ നിങ്ങൾ സൂക്ഷിക്കുന്നത് വൈക്കോലിൽ തീ സൂക്ഷിക്കുന്നതു പോലെയാണ് .

നിങ്ങൾക്കിതിന്റെ അർത്ഥം മനസ്സിലായോ? ഉണങ്ങിയ വൈക്കോലിൽ തീ സൂക്ഷിച്ചാൽ എന്തു സംഭവക്കും? തീ ആളിക്കത്തി വൈക്കോൽ കൂട്ടവും, അതിന്റെ അടുത്തുള്ള സകലതും കത്തി നശിക്കും. ഇതു പോലെയാണ് ചീത്ത പുസ്തകങ്ങൾ, ചീത്ത സംസാരം, ചീത്ത സിനിമ എന്നിവയെല്ലാം. ഇവയെല്ലാം നിങ്ങളുടെ നല്ല മനസ്സിൽ തിന്മ വിതക്കും. അതു വളർന്നു വേഗം വലുതാകും. നിങ്ങളുടെ നല്ല സ്വഭാവമെല്ലാം നഷ്ടപ്പെടും. ദൈവത്തിനും, മാതാപിതാക്കൾക്കും, അദ്ധ്യാപകർക്കും, നല്ല കൂട്ടുകാർക്കും, നിങ്ങളെ വേണ്ടാതാകും. നഷ്ടം നിങ്ങൾക്ക് തന്നെയല്ലേ. അതുകൊണ്ട് നമുക്കെന്തു ചെയ്യാം, നമ്മുടെ മനസ്സിലെ നന്മയെ നഷ്ടപ്പെടുത്തുന്നവ ഒന്നും നമ്മുടെ കൂട്ടത്തിൽ സൂക്ഷിക്കണ്ടാ. ചീത്ത പുസ്തകങ്ങൾ ഇനിമുതൽ വായിക്കില്ല എന്നു നമുക്ക്പ്രതിജ്ഞചെയ്യാം.

എത്ര നല്ല ചാവറയച്ചനാണ്.2 നിങ്ങളെ എത്രയധികം സ്നേഹിക്കുന്നു. നിങ്ങളുടെ നല്ല കൂട്ടുകാരൻ. ഇതുപോലെ രസമുള്ള വിഷയങ്ങളാണ് അദ്ദേഹം പറഞ്ഞുതരിക. നിങ്ങൾക്കു കേൾക്കണ്ടേ. അടുത്ത ലക്കത്തിൽ കൂടുതൽ വിശേഷങ്ങൾ പറഞ്ഞു തരാം.

ബാലമനസ്സിലേക്കുള്ള ചാവറയച്ചന്റെ സൂക്തങ്ങൾ 30 ഉം നിങ്ങൾക്കൊരുമിച്ചു വേണമെങ്കിൽ ഒരു കവറിൽ നിങ്ങളുടെ അഡ്രസ്സ് എഴുതി അഞ്ചു രൂപയുടെ സ്റ്റാമ്പും ഒട്ടിച്ച്വേറൊരു കവറിലിട്ട് അതിന്റെ പുറമെ ഈ അഡ്രസ്സും എഴുതി പോസ്റ്റ് ചെയ്യണം കേട്ടോ, ഉടനെ അയച്ചു തരാം

ഇവിടേക്കുള്ള അഡ്രസ്സ്: The Managing Editer
Students Corner
C-Mission
CMI Generalate
Kochi - 682 011



# കുട്ടികളുടെ ഹൃദയത്തുടിപ്പുകൾ സ്വന്തമാക്കിയ ചാവറയച്ചൻ

ജാതിമത ഭേദമന്യേ എല്ലാവർക്കും ഒരുമിച്ചിരുന്നു പഠിക്കുവാൻ അവസരം ഒരുക്കിത്തന്ന കേരളത്തിന്റെ നവോത്ഥാന നായകൻ ചാവറയച്ചൻ കുട്ടികളോട് സംസാരിക്കുന്നു.

1. മക്കളെ, നിങ്ങൾ മാതാപിതാക്കളുടെ കൈകളിലെ ദൈവ നിക്ഷേപമാകുന്നു.
2. ദൈവസ്നേഹവും ദൈവഭയവും ഉള്ള മക്കൾ മാതാപിതാക്കളെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യും.
3. അമ്മയിൽ ആശ്രയിക്കുക. അമ്മയുടെ അപേക്ഷ കുഞ്ഞിന്റെ അപേക്ഷ പോലെ ദൈവം കേൾക്കും.
4. വളരുവാൻ ഭക്ഷണം എന്നതുപോലെ അറിവും വിശുദ്ധിയും ആത്മീയ ഭക്ഷണമാകണം.
5. കൃത്യമായി സ്കൂളിൽ പോകയും പഠിപ്പിക്കുന്നവ ആഴ്ചതോറും ഓർമ്മ പുതുക്കുകയും ചെയ്യുക.
6. മടി സർവ്വ ദുർഗുണങ്ങളേയും വളർത്തുന്നു.
7. ദൈവസ്നേഹികളാകട്ടെ നിങ്ങളുടെ കൂട്ടുകാർ.
8. നല്ല കൂട്ടുകാർ നിങ്ങളെ നല്ലവരാക്കും.

9. ചീത്ത പുസ്തകങ്ങൾ സൂക്ഷിക്കുന്നത് വൈക്കോലിൽ തീ ഒളിച്ചു വെയ്ക്കുന്നതു പോലെയാകുന്നു.
10. പതിവായി സൽഗ്രന്ഥങ്ങൾ വായിച്ച് ധ്യാനിക്കുക അത് ബുദ്ധിയെ പ്രകാശിപ്പിക്കും.
11. സമയക്രമീകരണത്തിലൂടെ കൃത്യനിഷ്ഠരാകുക.
12. മോശമായ സാഹചര്യങ്ങളിൽ പെട്ടാൽ, മാലാഖമാരായ നിങ്ങളെ പിശാചുക്കളായി മാറ്റും.
13. നിങ്ങൾ സന്ധ്യക്കുമുമ്പേ വീട്ടിൽ എത്തി സന്ധ്യാനമസ്കാരങ്ങളിൽ പങ്കുചേരണം.
14. പ്രായത്തിനടുത്ത വസ്ത്രധാരണവും ആത്മവിശുദ്ധിയും ഉള്ളവരാകണം.
15. അമിതമായ വേഷാലങ്കാരം നിങ്ങളെ തിന്മയിലേയ്ക്കേ നയിക്കൂ.
16. നിങ്ങളുടെ കഴിവ് ജീവിതക്രമത്തിലും, ദൈവഭക്തിയിലും, ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുന്നതിലുമായിരിക്കട്ടെ.
17. നിങ്ങൾ സത്യത്തേയും, നീതിയേയും സ്നേഹിക്കണം.
18. വഞ്ചനകൊണ്ടും, കളവുകൊണ്ടും സമ്പാദിച്ചവ മഞ്ഞുപോലെ വേഗം അലിഞ്ഞു പോകും.
19. നിങ്ങളുടെ അറിവിനും പ്രായത്തിനും അനുസരിച്ചുള്ള തൊഴിൽ ചെയ്യണം.
20. മറ്റുള്ളവർക്ക് നന്മചെയ്യാത്ത ദിവസം നിന്റെ ജീവിതത്തിലുണ്ടാകാതിരിക്കട്ടെ.
21. നിങ്ങളെ ഒരാൾ അപമാനിച്ചു, നിങ്ങളോടു വഴക്കു കൂടി എന്നതൊക്കെ വാശിയും വൈരാഗ്യവും വർദ്ധിപ്പിക്കാൻ കാരണമാകരുത്.
22. പാവപ്പെട്ടവരെ നിന്ദിക്കുകയോ ബുദ്ധിമുട്ടിക്കുകയോ അരുത്.
23. നിങ്ങളുടെ ജീവിതാന്തസ്സിനെ നിശ്ചയിക്കുന്നത് ദൈവവും തിരഞ്ഞെടുക്കുന്നത് നിങ്ങളുമാണ്.
24. നിങ്ങൾ ജീവിതപങ്കാളിയെ തിരഞ്ഞെടുക്കുമ്പോൾ സ്വഭാവഗുണവും ജീവിതമര്യാദകളും ഉള്ളവരെ തിരഞ്ഞെടുക്കുക.
25. നിങ്ങൾ പ്രായത്തിലും, പ്രാപ്തിയിലും എത്തിയാലും മാതാപിതാക്കൾക്കു കൊടുക്കേണ്ട അംഗീകാരവും വിധേയത്വവും നൽകണം.
26. സ്വന്തം സഹോദരങ്ങളെ വെറുക്കരുത്.
27. വാർദ്ധക്യത്തിലെത്തിയ മാതാപിതാക്കളെ സംരക്ഷിക്കുക മക്കളുടെ കടമയാണ്.
28. നിങ്ങളെ ഓർത്ത് മാതാപിതാക്കൾ കണ്ണീർ വീഴ്ത്താൻ ഇടവരുത്തരുത്. അവരെ വേദനിപ്പിച്ചാൽ ഈ ലോകത്തിൽ തന്നെ നിങ്ങൾ ശിക്ഷ അനുഭവിക്കേണ്ടിവരും.
29. എളിയ ഭാവം കാണിക്കുന്നവനാണ് മനുഷ്യരിൽ ഏറ്റം ഉന്നതൻ.
30. നിങ്ങൾ ദൈവത്തിന്റെ സ്വന്തമാകയാൽ ദൈവത്തിന് തിരിച്ചേൽപ്പിക്കപ്പെടേണ്ടവരാണ്.

---

# സ്നേഹം സേവനമാക്കിയ സമുദായ നേതാവ്



*ഫാ. അലക്സാണ്ടർ പൈകട*

ചരിത്രമെഴുതാനും, ചരിത്രം തിരുത്തി കുറിക്കാനുമുള്ള അനശ്വര ദൗത്യവുമായി ദൈവ പരിപാലനയിൽ ഒരു പുതുജീവൻ നാമ്പെടുത്തിട്ട് 200 വർഷം പൂർത്തിയാകുന്നു. അന്നാരും കരുതിയില്ല നൂററാണ്ടുകൾ കഴിയുമ്പോഴും, ആ പുതു ജീവന്റെ ജന്മം ആഘോഷിക്കപ്പെടുമെന്ന്. അന്നത്തെ ആ പുതുജീവനാണ് ഇന്നത്തെ വാഴ്ത്തപ്പെട്ട ചാവറകുരിയാക്കോസ് ഏലിയാസച്ചൻ. ഇന്നത്തെ കേരള സഭയുടെ ചരിത്രം ഒന്നാകാതിരിക്കുന്നതിന് കാരണക്കാരനായി മാറിയ ഒരു മഹാത്മാവായിരുന്നു അദ്ദേഹം.

പ്രവർത്തനോന്മുഖമായ ഒരു ജീവിതത്തിന്റെ പരിവർത്തകാത്മകമായ ചെയ്തികളിലൂടെ കരുത്തനായ ഒരു നേതാവായി തീർന്ന പുണ്യചരിതനായ ചാവറയെ സാദരം അനുസ്മരിക്കാൻ കേരളത്തോലിക്ക സമുദായത്തിന് ഒരു കടമയുണ്ട്. നിർഭാഗ്യമെന്നു പരയട്ടെ ആരാധനാ ക്രമ സംബന്ധമായ തർക്കങ്ങളുടെ ഇനിയും കെട്ടടങ്ങാത്ത നെരിപ്പോടിൽ നിന്നും, ഉയരുന്ന പുക ഇന്നു ചിലരുടെ കാഴ്ചക്കു മങ്ങൽ ഏൽപ്പിക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. അന്നത്തെ ചരിത്രത്തെ, അന്നത്തെ യാഥാർത്ഥ്യങ്ങളെ തുറന്ന് മനക്കണ്ണാടിയിലൂടെ കണ്ട് വിലയിരുത്താനുള്ള വികലമായ ഒരു പ്രവണതയുടെ തിക്തഫലമാണത്. അതെന്തായാലും ശക്തവും, വ്യക്തവുമായ ഒരു സമുദായ നേതൃത്ത്വത്തിന്റെ ആവശ്യകത എന്നത്തേക്കാൾ അധികമായി ഇന്നു അനുഭവിച്ചുകൊണ്ടിരിക്കുന്ന കേരള കത്തോലിക്കാ സമുദായം ആദരവോടെ നോക്കികണ്ട് പാഠങ്ങൾ പഠിക്കേണ്ടതാണ്, ഒരു കാലത്ത് സമുദായത്തിന് സമുന്നത നേതൃത്ത്വം കൊടുത്ത ചാവറപ്പിതാവിൽ നിന്ന്.

ഇന്ന് കത്തോലക്കാ സമുദായത്തിന് സമൂഹത്തിന്റെ മുഴുവൻ പിൻബലമുള്ളളൊരു നേതാവു പോലുമില്ല. പരസ്പരം അംഗീകരിക്കാത്ത, ആദരിക്കാത്ത അനേകം നേതാക്കൻമാരുടെപരസ്പര വിരുദ്ധമായ ശബ്ദമാണ് ഗൗരവമേറിയ കാര്യങ്ങളിൽ പോലും കേൾക്കേണ്ടി വരിക. സ്വയം പര്യാപ്തതയുണ്ടെന്ന് തെററിധരിച്ചിരിക്കുന്ന ഓരോ കൊച്ചു കൊച്ചു നാട്ടുരാജ്യങ്ങളുടെ അധിപൻമാരെപ്പോലെ പെരുമാറുന്ന സമുദായനേതാക്കൻമാർക്ക് നാട്ടുരാജ്യതാത്പര്യങ്ങൾക്കുപരി സമുദായത്തിന്റേതായ മൊത്തം താത്പര്യത്തെ പററി ചിന്തിക്കുവാൻപോലും കഴിയുന്നില്ല!

അധഃപതനത്തിന്റെ അഗാധഗർത്തത്തിലേക്ക് ഭിന്നതകളുടേയും, തകർച്ചകളുടേയും ചരിത്രം കുറിച്ചുകൊണ്ട് കൂപ്പുകുത്തിയ ഒരു സമുദായത്തെ അതിൽനിന്നും കരകയററുക മാത്രമല്ല, കഴിവുററതാക്കുകയും, ചെയ്ത നേതൃത്ത്വമായിരുന്നു ചാവറപ്പിതാവിന്റേത്. സ്വസമുദായത്തിന്റെ നാഡിമിടിപ്പുകൾ ശരിക്കും മനസ്സിലാക്കി ഈ സമുദായത്തെ തകർക്കാൻ ശ്രമിക്കുന്ന കരുത്തരായ ശക്തികളുടെ

നീക്കങ്ങൾ മനസ്സിലാക്കി പ്രതികരിച്ചുകൊണ്ട് സമുദായാംഗങ്ങളെ ഒരേ സമരനിരയിൽ അണിനിരത്താൻ കഴിയുന്ന ഒരു മുന്നണിപ്പോരാളിയുടെ അഭാവം ഇന്ന് എവിടേയും അനുഭവപ്പെടുന്നു. ഇപ്പോഴാണ് കേരളസഭാ നേതൃത്വം ചാവറപ്പിതാവിൽ നിന്നും ചൈതന്യം ഉൾക്കൊള്ളേണ്ടത്. സമുദായ നേതൃത്ത്വത്തിന്റെ കരങ്ങളിൽ രാഷ്ട്രീയക്കറ പുരളുകയും, രാഷ്ട്രീയ നേതൃത്ത്വത്തിന്റെ കൈകളിൽ വർഗ്ഗീയത പുരളുകയും ചെയ്താൽ എന്തൊക്കെയകും സംഭവിക്കുകയെന്നത് പറയേണ്ടതില്ലല്ലോ? ഇത്തരക്കാരായ ഒത്തിയേറെ നേതാക്കളെ ഭാരതം കണ്ടിട്ടുണ്ട്. എന്നാൽ അത്തരത്തിലുള്ള ഒരു നേതാവായിരുന്നില്ല വാഴ്ത്തപ്പെട്ട ചാവറപിതാവ്. സഭയ്ക്കും സമുദായത്തിനും നേതൃത്ത്വം നൽകിയും, ജാതിമതഭേതമന്യേ എല്ലാ ജനവിഭാഗങ്ങൾക്കും, വിദ്യാഭ്യാസം നൽകിയും, വിശാലമനസ്ഥിതിയോടെ തന്റെ കാലഘട്ടത്തിനപ്പുറത്തേക്ക് തദ്ദേഹം കടന്നു ചിന്തിച്ചു.

19-ാം നൂററാണ്ട് കേരളസഭയെ സംബന്ധിച്ചിടത്തോളം ദുരന്തങ്ങളുടെ കാലഘട്ടമായിരുന്നു. 16-ാം നൂററാണ്ടു മുതലുള്ള വൈദേശിക ഇടപെടലുകൾ വിള്ളലുകളും പ്രകമ്പനങ്ങളും ഉണ്ടാക്കി സഭയിൽ ശീശ്മകളുടെ ദുരന്തങ്ങൾ തലയുയർത്തി. നാശോന്മുഖമായ സഭയെ വിശ്വാസത്തിന്റെ ശരിയായ പാതയിലൂടെ നടത്തുവാൻ കരുത്തുള്ള ഒരു നേതാവിനെ ദൈവം വളർത്തികൊണ്ടു വന്നു. വിനീതനായ ആ നേതാവായിരുന്നു. കേരളാ കർമ്മലീത്താ സഭയുടെ സ്ഥാപകരായ ത്രിമൂർത്തികളിൽ പ്രമുഖനായ ഇന്നും എന്നും അറിയപ്പെടുന്ന വാഴ്ത്തപ്പെട്ട ചാവറപിതാവ്.

വൈദികനെന്ന നിലയിൽ സ്വന്തം ഉത്തരവാദിത്തങ്ങളെപററി തികച്ചും ബോധവാനായിരുന്ന ചാവറപ്പിതാവ് സമുദായാഗംങ്ങളുടെ അദ്ധ്യാത്മീക നവോത്ഥാനത്തിനുള്ള മാർഗ്ഗവും കൂടിയാണ് സന്ന്യാസ ജീവിതത്തെ ആശ്ലേഷിക്കുവാൻ തീരുമാനിച്ചത്. ഏകാന്തജീവിത കാംഷികളായ സഹപ്രവർത്തകരുമൊത്ത് സന്ന്യാസ ജീവിത പാതയിലേക്ക് തിരിച്ചെങ്കിലും, പ്രവർത്തന പ്രധാനമായ ജീവിതാവസ്ഥയിലേക്ക് മൗറേലിയൂസ് മെത്രാൻ അവരെ തിരിച്ചു വിട്ടതിൽ എററവും സന്തോഷിച്ചത് ചാവറയായിരുന്നിരിക്കണം. മലങ്കര സഭക്ക് അന്നും ആവശ്യം ഒരു പററം ഏകാന്ത ജീവിതക്കാരെയായിരുന്നില്ല. പിന്നെയോ, ആത്മരക്ഷക്കായി അക്ഷീണം പ്രയത്നിക്കുവാൻ തത്പരരും, കെല്പ്പുള്ളവരുമായ സന്ന്യാസികളെയായിരുന്നെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. അദ്ദേഹം നൽകിയ അദ്ധ്യാത്മീക നേതൃത്വം തന്നെ അതിനുള്ള സാക്ഷ്യം. മതകാര്യങ്ങളിൽ തികച്ചുംഅജ്ഞരും, അശ്രദ്ധരുമായിരുന്ന സമുദായാംഗങ്ങളെ സഭാഗാത്രത്തിലെ ശക്തരും, ഉത്തമരുമായ അവയവങ്ങളാക്കി മാററാൻ ആദ്ധ്യാത്മീക ജീവൻ അവർക്കു പകർന്നുകൊടുത്തേ മതിയാവൂ എന്ന് അദ്ദേഹം കണ്ടു. ആ അദ്ധ്യത്മീക ജീവിന്റെ പവർ ഹൗസായിട്ടാണ് അദ്ദേഹം തന്റെ സന്ന്യാസ സഭയെ കണ്ടത്. അതൊരു പവർ ഹൗസായി House of Power and Prestige ആയി അധഃപതിച്ചുകൂടാ.

ദേവാലയപ്രസംഗങ്ങളും, ധ്യാനപ്രസംഗങ്ങളും തികഞ്ഞ ഉത്തരവാദിത്വ ബോധത്തോടെ വൈദികർ നടത്തണമെന്ന്, അതാണ് അവരുടെ പ്രധാന ചുമതലയെന്ന് ചാവറപിതാവ് കരുതിയിരുന്നുവെന്ന് തോന്നും, അദ്ദേഹം ഈ വൈദീക ധർമ്മങ്ങൾക്കു നൽകിയ പ്രാധാന്യം കണ്ടാൽ. ഈ കർത്തവ്യ നിർവഹണത്തിൽ വൈദികർ വിജയിച്ചാൽ സ്വാഭാവികമായും ജനങ്ങൾ മതക്കാര്യങ്ങളിൽ പ്രബുദ്ധരാകും. ഇന്നും കേരള സഭയുടെ ആദ്ധ്യാത്മീക ജീവിതത്തിൽ ദേവാലയ പ്രസംഗങ്ങളും, ധ്യാന പ്രസംഗങ്ങളും, വഹിക്കുന്ന പങ്ക് ചെറുതല്ല. അത്മാർത്ഥതയില്ലാത്ത മൈതാന പ്രസംഗങ്ങൾക്കൊ, താത്ത്വിക വിചാരത്തിനോ, സ്വ ജീവിത മാതൃകയിൽ അടിത്തറയില്ലാത്ത പ്രവർത്തനങ്ങൾക്കോ

അല്ല അദ്ദേഹം ഇറങ്ങി തിരിച്ചത്. ബ. വലേരിയനച്ചൻ (ചാവറപ്പിതാവിനെ പ്പററി ആദ്യം ചരിത്രമെഴുതിയവരിൽ പ്രമുഖൻ) എഴുതിയ പുസ്തകത്തിൽ ഇങ്ങനെ കാണുന്നു:

"ജപ ധ്യാനം കൊണ്ടും ഏകാന്ത ജീവിതം കൊണ്ടും, ആത്മശുദ്ധി വരുത്തി ദൈവവുമായി സംയോജിച്ചു ജീവിക്കുന്ന വാനപ്രസ്ഥരീതിയും, പരാജയങ്ങളുടെ ആത്മരക്ഷക്കുവേണ്ടി വേദപാഠവും, ധ്യാനയോഗങ്ങളും നടത്തുക, വൈദീക വിദ്യാർത്ഥികളെ അവർക്ക് അനുയോജ്യമായ രീതിയിൽ അഭ്യസിപ്പിക്കുക. കുമ്പസാരം കൊണ്ടും, പ്രസംഗങ്ങൾ കൊണ്ടും, ജനങ്ങളുടെ നടപടികളെ ഗുണീകരിക്കുക ആദിയായ പ്രേഷിത ജീവിതമുറയും; ഇങ്ങനെ ഇരു വിധ ജീവിത ക്രമമാണ് അവർ സ്വീകരിച്ചു പോന്നത്". (P.98-99)

ഒരാദ്ധ്യാത്മിക നേതാവുമാത്രമായിരുന്നില്ല വാഴ്ത്തപ്പെട്ട ചാവറയച്ചൻ. വലിയൊരു സാമൂഹിക പരിഷ്ക്കർത്താവെന്ന നിലയിലും സമുന്നത സ്ഥാനമാണ് മലയാള നാടിന്റെ ചരിത്രത്തിലും, കേരളസഭാ ചരിത്രത്തിലും അദ്ദേഹത്തിനുള്ളത്. ജാതിമതവ്യത്യാസമില്ലാതെ കേരളജനതയുടെ സാമൂഹിക ജീവിതത്തിന്റെ എല്ലാ തലങ്ങളിലും അദ്ദേഹം പ്രകാശം വീശി. ജനകീയ വിമോചനത്തിനാവശ്യം മനുഷ്യ മനസ്സുകളിലെ അന്ധകാരം പ്രകാശത്തിന് വഴിമാറിക്കൊടുക്കുകയാണെന്ന സത്യം ചാവറയുടെ ബോധ്യം തന്നെയായിരുന്നു. മലയാളനാട്ടിലെ സാക്ഷരതക്കുള്ള കാരണം ഞങ്ങളാണെന്നു വീമ്പടിക്കുന്ന കുട്ടി രാഷ്ട്രീയക്കാർക്കറിയില്ല ക്രാന്ത ദർശിയായ ചാവറ ഈ നാട്ടിൽ വെളിച്ച വിപ്ലവം നയിച്ചില്ലായിരുന്നെങ്കിൽ ഇന്നും കേരള ഗ്രാമങ്ങൾ തമിഴ്നാട് ഗ്രാമങ്ങൾ പോലെയോ, ഉത്തരേന്ത്യൻ ഗ്രാമങ്ങൾ പോലെയോ ഇരുൾ നിമഗ്നമായിരിക്കുമായിരുന്നുവെന്ന്. കത്തോലിക്കാ ദേവാലയത്തോടൊപ്പം പള്ളിക്കൂടവും ഉണ്ടായേ തീരൂ എന്നത് സഭാനേതാവെന്ന നിലയിൽ ചാവറയച്ചന് നിർബന്ധമായിരുന്നു. സങ്കുചിത "വിശാലഹിന്ദു" പരിഷത്തുകൾ അന്നുണ്ടായിരുന്നില്ല. തന്മൂലം ഹൈന്ദവസഹോദരങ്ങൾക്കും, പ്രത്യേകിച്ചും, തൊട്ടു കൂടാത്തവർക്കും, തീണ്ടിക്കൂടാത്തവർക്കും, ആ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അറിവിനുള്ള അഭയ കേന്ദ്രങ്ങളായി.

പ്രസിദ്ധീകരണരംഗത്ത് വാഴ്ത്തപ്പെട്ട ചാവറയച്ചൻ നൽകിയ നേതൃത്വം അനുപമമാണ്. അച്ചടി ശാലകൾ തികച്ചും അപൂർണമായിരുന്ന ആക്കാലത്ത് ഒരച്ചടിശാലയുണ്ടാക്കാൻ, അങ്ങനെ സഭയുടെ ദിവ്യദൗത്യങ്ങളും, പഠനവും സാമൂഹിക കാഴ്ചപ്പാടുകളും, ജനങ്ങൾക്കു സംലഭ്യമാക്കാൻ അദ്ദേഹം സഹിച്ച ത്യാഗങ്ങൾ, കഷ്ടപ്പാടുകൾ കുറച്ചൊന്നുമല്ല. നൂറു നൂറു പ്രതിബന്ധങ്ങളെ അതിജീവിക്കേണ്ടതുണ്ടായിരുന്നു. നിസ്വാർത്ഥനായ ഒരു നേതാവിനു ചേർന്ന ധീരതയോടെ ശുഭാപ്തി വിശ്വാസത്തോടെ, ചാവറപിതാവ് അവയെ അഭിമുഖീകരിച്ചു. വിദ്യാഭ്യാസ സാമൂഹിക രംഗത്ത് ഇന്നു നാം കാണുന്ന വമ്പിച്ച നേട്ടങ്ങളുടെ ഉറപ്പുള്ള അടിത്തറ പാകിയത് ചാവറയായിരുന്നു. അദ്ദേഹത്തിന്റെ വിശാല വീക്ഷണവും, കാര്യക്ഷമതയും, സ്വഭാവ ശുദ്ധിയും, കർമ്മരംഗങ്ങളിലെല്ലാം പ്രകടമായി. ഇന്നത്തെ പല നേതാക്കളെയും പോലെയായിരുന്നില്ലചാവറപ്പിതാവ്. നൂറുശതമാനവും സഹജീവികളുടെ നന്മ മാത്രമായിരുന്നു ലക്ഷ്യം. സ്വന്തനാമം കല്ലിലും, മാർബിളിലും കൊത്തി വയ്പ്പിച്ച് നിർവൃതിയടയുന്ന ആധുനിക നേതാക്കൾക്ക് ചാവറ അനുകരണീയനേ ആവില്ല.

ആത്മീയതയിൽ അടിയുറച്ചതായിരുന്നു ചാവറപിതാവിന്റെ വീക്ഷണവും നേതൃത്വ ശൈലിയും. യേശുവിനെ സ്വന്തം നേതാവായിക്കണ്ട ചാവറപ്പിതാവ് നന്മ ചെയ്തുകൊണ്ട് കടന്നു പോയ ആ നേതാവിനെ നൂറു ശതമാനവും അനുകരിച്ചു.

പാലസ്തീനായിലെ ഇടയനില്ലാത്ത ആടുകൾക്ക് യേശു ഇടയനായതുപോലെ 19 ാം നൂററാണ്ടിലെ കേരളത്തിലെ ഇടയനില്ലാതിരുന്ന ആടുകൾക്ക് ചാവറപിതാവ് ഇടയനായി, നായകനായി. സ്വന്തം നേതാവിന്റെ വ്യക്തിത്വവുമായി അദ്ദേഹം അലിഞ്ഞു ചേർന്നു. യേശുവിനെപോലെ പ്രസംഗിക്കുവാനും, പ്രവരത്തിക്കുവാനും ഒരു കൊച്ചു പാലസ്തീന കേരളക്കര അദ്ദേഹത്തിന്റെ മുമ്പിൽ വിരിഞ്ഞു കിടന്നു. നന്മ ചെയ്തുകൊണ്ട് അദ്ദേവും കേരളക്കരയിലൂടെ കടന്നു പോയി.

ക്രിസ്തുവിനെ അനുകരിക്കു, ക്രസ്തുവിനെപ്പോലെ പ്രവർത്തിക്കു എന്നൊക്കെ പറയുക എളുപ്പമാണ്. എന്നാൽ മാനുഷികമായ പല നന്മകളും, അഭ്യസിക്കാതെ പരിചയിക്കാതെ ക്രിസ്തുവിന്റെ നേതൃത്വ ശൈലി സ്വന്തമാക്കാൻ ആർക്കും സാദ്ധ്യമല്ല. നിസ്വാർത്ഥമായ സേവന തത്പരതയും, പ്രതിപക്ഷ ബഹുമാനവും, ഏർപ്പെട്ടിരിക്കുന്ന പ്രവർത്തന മേഖലകളിൽ വിജയിക്കുവാനുള്ള ദൃഢചിത്തതയും, പ്രതി ബന്ധങ്ങളെ സമചിത്തതയോടെ നേരിടുവാനുള്ള കഴിവും നേതാക്കൾക്ക് അവശ്യം ഉണ്ടാകണം. ചാവറപിതാവിന്റെ പ്രവർത്തനങ്ങളിലെല്ലാം ഈ വിശിഷ്ട ഗുണങ്ങൾ നമുക്ക് കാണാനാകും. ശീശ്മയെ അടിച്ചമർത്തിയെങ്കിൽ അടിച്ചമർത്തപ്പെട്ട പരാജിതരായ ശീശ്മക്കാരോട് ഉത്തമ മിത്രങ്ങളെപ്പോലെയാണ് അദ്ദേഹംപെരുമാറിയത്. സഭാസ്ഥാപനത്തിലും, ഇതരപ്രവർത്തനങ്ങളിലും, നേരിട്ട പ്രതിബന്ധങ്ങളെ എത്ര സമചിത്തതയോടെയാണ് അദ്ദേഹം അഭിമുഖീകരിച്ചത്. സ്വാർത്ഥതയുടെ കണികയെങ്കിലും അദ്ദേഹത്തിൽ കാണാനാകില്ല. നേതൃത്ത്വ പീഠത്തിൽ ഉപവിഷ്ഠരാകുന്നതിലല്ല, നിസ്വാർത്ഥതയുടെ ശുശ്രൂഷാ കവചം ധരിക്കുന്നതിലാണ് നേതൃത്വം അടങ്ങിയിരിക്കുന്നതെന്ന് സ്വന്തം സഭയിലെ പിൻതലമുറക്കാരോട് അദ്ദേഹം പറയുന്നുണ്ടാകും.

വിശ്വാസം, ശരണം, സ്നേഹം എന്നീ ദൈവീക പുണ്യങ്ങളുടെ സമജ്ഞസമ്മേളനമായ ഒരു മനുഷ്യ സ്നേഹി, അതായിരുന്നു ചാവറപ്പിതാവ്. വിശ്വാസം അദ്ദേഹത്തിന് വെളിച്ചം നല്കി; ശരണം അവിടുത്തേക്ക് ഉറപ്പു നല്കി. സ്നേഹം അദ്ദേഹത്തെ മനുഷ്യനാക്കി. അതിനുള്ള തെളിവ് ആ ജീവിതം തന്നെയാണ്. സഹ ജീവിയായ മനുഷ്യനെ സ്നേഹിച്ച് ആ സേവനത്തിലൂടെ ദൈവത്തിങ്കലേക്കുയർന്ന ഒരു മഹത് വ്യക്തി. വിശ്വാസം പ്രതീക്ഷ, സ്നേഹം ഇവ നിത്യ രക്ഷക്കും, സായൂജ്യ പ്രാപ്തിക്കും അനുപേക്ഷിണീയമെന്നും എന്നാൽ അതിൽ പ്രധാനം സ്നേഹമാണെന്നും പഠിപ്പിച്ച പൗലോസ്അപ്പസ്തോലനെ ചാവറപ്പിതാവ് നന്നായി മനസ്സിലാക്കി. ദൃശ്യനായ സഹോദരനെ വെറുക്കുകയും, അദൃശ്യനായ ദൈവത്തെ സ്നേഹിക്കുന്നുവെന്നും പറയുന്നവൻ കളവു പറയുന്നു എന്ന് അദ്ദേഹം നന്നായി മനസ്സിലാക്കി. ദൈവസ്നേഹത്തിന്റെ അളവുകോലാണ്, മാനദണ്ഡമാണ് പരസ്നേഹം എന്ന് അദ്ദേഹം എവർക്കും കാണിച്ചു കൊടുത്തു, സ്വന്തം പ്രവർത്തനങ്ങളിലൂടെ. മനുഷ്യ സ്നേഹപരമായ പ്രവർത്തനങ്ങളിൽ നിന്ന് ഒഴിഞ്ഞു മാറുവാനുള്ള ഒരു മറയായിരുന്നില്ല അദ്ദേഹത്തിന് സന്ന്യാസത്തിലെ പുണ്യജീവിതം. ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപോലീത്തയായിരുന്ന അഭിവന്ദ്യ കാവുംകാട്ടു തിരുമേനി ഒരിക്കൽ ചാവറ പിതാനെ പററി ഇങ്ങനെ പറഞ്ഞു: "While he most sumptuously lived the libe of a Religious, dedicated to the love and service of God, the same divine love in him inspired him to devote himseif as he could to the love and service of man".

# चावराः एक दीर्घदर्शी, युगदर्शी एवं क्रांतदर्शी



स्वामी प्रसन्न भाई, चान्दा, महाराष्ट्र

**भारत की आध्यात्मिकता**

आर्ष भारत ऋषि- मुनियों की आध्यात्मिक परंपरा से सुप्रसिद्ध और ओतप्रोत है, इस से चिन्तन की, मथन की, और ईश्वर-दर्शन की परंपरा है, इस में तप है, जप है और ईश्वर-दर्शन पाने तक की अखण्ड साधना का अनुप्रयोग है। इसका फलस्वरूप है ईश्वर-दर्शन और ईश्वर- स्पर्शन। जो धर्म ईश्वर का दर्शन दिलाने का वादा करता है, भारत में उसका स्वागत है इसलिए दुनिया में जिने धर्मसंप्रदाय है, वे सब भारत में पाते है और उन संप्रदायों के अनुयायी लोग भाईचारा में बढ़ते है यहाँ सब धर्मों का पालना- घर है रोप- वाटिका है, नर्सरी है, इसका मुख्य कारण है: *एकं सत विप्रा बहुधा वदन्ति*; मतलब सत एक है पण्डित एवं भक्त लोग उसके बारे में बहुत सारे बोलते है।

इस मनोभाव के भारतवासियों के यहाँ संक थोमस पुरुत्थित मसीह के दर्शन एवं स्पर्शन पाकर आया और उसने अपने आचार- विचार द्वारा भारतीय आध्यात्मिकता को पूर्णता तक पहुँचाया, एवं केरल के विविध स्थानों में भारतीय कलिसियाओं की स्थापना की, यह गर्व की बात है, इस कलिसिया का सुपुत्र थे धन्य चावरा अथवा संत चापरा।

**धन्य चावरा की विरासत**

चावराने अपा सारा जीवन बचपन से प्रभु मसीह केलिए ही बिताया। उसके रोम-रोम में और श्वासोच्छास में भारतीय एवं क्रिस्तीय विचारधारा और आचार- परंपराओं का अद्वितीय स्थान था, इसलिए जब उसके जीवन के संघर्ष अवस्था में- अर्थात कौंटुबिक जीवन अपनाना है या पुरोहिती जीवन अपनाना है - इस के ऊपर निर्णय लेने का मौका आया, तब उसने जब-तप-साधन के माध्यम से पुरोहिती जीवन को अपनाया, चावराने प्रभु को पी विरासत माना।

**चावरा की दीर्घदृष्टी**

चावराने पुरोहिती जीवन की आध्यात्मिकता को सुचारु रूप में ओजस्वी और तेजस्वी बनाने के लिए बहुत प्रयत्न किया, द्वितीय वट्टिक्यान विश्व परिषदने जो आध्यात्मिक परिवर्तन पुरोहितों में देखना चाहा, वह उक्त विश्व परिषद के 200 वर्ष पहले ही चावराने अपने जीवन में लाया। उसके लिए संत चावरा के जमाने से लेकर सीएमाई फादेर्स देवालयों में जाकर ईश्वर के वचन सुनाते थे और प्रभु वचनों की घोषणा करते थे। इसका परिणाम यह था कि जैसे *एवन्जेलियुम नुन्षियाति* (Evangelium Nuntiandi) में वर्णित वचनप्रधोषणा के प्रभाव एवं दबाव से जो आंतरिक रूपान्तर का उल्लेख है वह प्रचुर मात्रा में जनसामान्य में पहुँच गयाः लोग अपने जीवन को प्रभु- वचनों के अनुसार परिवर्तित करते थे, इसलिए सभी पल्लियों में और परिवारों में नूतनीकरण का वातावरण महसूस होता रहता था, मतलब चावरा एक दीर्घदर्शी, युगदर्शी एवं क्रांतिदर्शी था।

सीएमाइ फादेर्स प्रारंभ से तापसी थे, संत चावरा के अनुसार दर्शन भवन का एक ध्येय ऐसा था कि फादेर्स छः महीनों तक जप-तप द्वारा प्रभु- वचनों को प्रघोषित करने केलिए अपने को तैयार करें और छः महीनों तक घोषण करते रहें।

CMI फादेर्स और CMC सिस्टेर्स विशेष रूप से परमप्रसादीय ईसा के भक्त थे, चावराने परमप्रसादीय ईसा के सामने ध्यान में एवं आराधना में घण्टों तक समय बिताया, आज के ज़माने में दो अंताराष्ट्रीय परमप्रसादीय आराधना (International Eucharistic Congress) है, वह चावराने 40 घण्टों की अखण्ड आराधना के रूप नें शुरु किया था, इसके माध्यम से सामानय लोगों को परमप्रसादीय ईसा की और आकर्षित किया।

पुरोहिती जीवन का केन्द्र मध्यस्थ प्रार्थना है, पुरोहिती प्रार्थना क्रमबद्ध बनाने में चावराने कदम उठाया, वह आज भी मार्गदर्शन करता है।

गर्व की बात है कि चावनाने भारतीय विचारों के अनुसार पुरोहिती विद्यार्थियों को प्रशिक्षण देने केलिए गुरुकुल की स्थापना की, और उसके अधिकारी हो कर बहुत काल काम किया।

चावराने अपने आध्यात्मिक विचारों को *आत्मानुतापम* में प्रकट किया, वहाँ येशु के बारे में अलग अलग शब्दों का प्रयोग है, वह चितनीय है मंथनीय है, एवं अनुकरणीय है।

**मृत्युनंतर भी जीवित**

जिसने अपने जीवन में *ईशावास्यं इदं सर्वम* ऐसा देखा है उसको मुत्यु स्वर्गद्वार है, *पूणात पूर्ण उदच्यते* पार्थिव जीवन की पूर्णता स्वर्गीय जीवन में संपन्न होता है, यह सच है करके चावरा की मृत्यु के बहुत सारे चमत्कारों का वर्णन साक्षी है।

# शत शत वंदना

स्वामी प्रसन्न भाई, चान्दा, महाराष्ट्र

(चावराने अपने आत्मानुतापम नामक काव्यरचना में ईसा मसीह के बारे में विविध प्रकार के शब्दों को लेकर जो रूप रेखा की, उसके आधार पर और उन मसीहात्मक शब्दों Christological terms में यह रचना है)

(वंदन ईस्वर वंदन को.......)

Numbers without References in bracket show that they are from "Atmanutapam"

1. वंदे वंदे येशु किस्तं  
कन्यासुतं देवसुतं  
वंदे केसरी यूदासुतं  
कूटस्थदेवं देवसुतं

1. I adore Jesus Christ, the Son of the Virgin Mary, *devasutam* = the Son who is God(1.168), the offspring of the Lion Juda (1.196; Gen 49.9; Rev 5.5), *kutastha-devam* = God who is immovable or unchangeable (III, 2. 19; Bhagavadgita 15.16)

2. वंदे देव नरदेव  
नाथ नायक रक्षानाथं  
कारुण्यनाथं वेदनाथं  
कारुण्यवाधिं दयानिधिं

2. I adore the *nara-devam* man -God (II.241); *natham* the Lord (11,220), nayakam Leader (II, 241), *raksha-natham* the Lord of salvation (II,361), *Karunyanatham* the merciful Lord (III,4) *vedanatham* the Lord of the Vedas (III,96), *kuru nyavaridhim* the ocean of mercy (III,3), *dayanidhim* the treasure of kindness(III,2.4)

3. वंदे देव अम्मानुवेल  
परम पितृसुत आलाह पुत्र

3. I adore God the Emmanuel(11,364) the Son of the Eternal

किरण-निधीश्वर देवकुमार
कारणत्रात किरीट घार

Father (III,2.4), *aalaha putram* Son of God (aalaha is the Syriac word for God,111,5) *kiran-nidhish-waram* the Lord Who is the treasure-house of all rays or revelations (III,2.8) *deva-kumaram* = the sun of God (III,4), *karana-tratat*=the the one who redeems from the original sin (III,2.8), *kireetaharam*- = the one who is crowned, i.e., the King (III,2.10)

4. वंदे निश्चल निस्तुल देवं
कौतूहलं व निर्विकारं
वंदे ईशं कर्तारं
कोपदूरीकृतं गोपालं

4. I adore the unchangeable and praise-worthy God (III,2.19), *kautuhalam* = the one who is embodiment of beauty (III,2.38) and *nirvikaram* the one who is unaffected (III,2.19); I adore the Lord and *Kartaram* = the Market and *gopalam* = the one who has become the Gopala (go= cow, tiger, word, earth etc, *pala* = the one who protects or keeps the *go*)*kopadoorikruta* the one who has kept his anger far awaym i.e., kind or gentle (III,2.31)

5. वंदे सकल गुणान्वित
परम परापरं ईशं अपरं
वंदे सर्वज्ञं समस्तेशं
पावन त्रित्व द्वितीय जातं

5. I adore *sakala-gunam-vitam* = the one who is endowed with all attributes, the most *paraparam* invisible yet visible (IV,29) *isham aparam* the Lord who is avail-able, I adore the All -knowing *Samastesham* Lord of all, the Holy second

person of the trinity (IV-30)

6\. वंदे स्नेह स्नेहाग्रजं
स्नेह पुत्रं अद्वितीयं
वंदे नन्दनं सर्वेश्वरं
अमरापुरिनाथं वंदे

6\. I adore the Lord who is Love *sneham* and *snehagrajam* who is born of Love in the beginning, *snehaputram* the beloved son, the one without a second, I aore the Son, the Lord of all, *amarapurinatham* the Lord of immortal city (IV,159)

7\. वंदे श्रेष्ठं नरमुख्यं
मे प्रिय तात परमदेवं
वंदे सुन्दरं धरणीनाथं
वंदे तिरुप्रजा तिरुपुत्रं

7\. I adore the best and the prime one among men (IV,185), who is my beloved Father, the supreme God (IV,201), I worship the beautiful one (V,30) and *dharani- natham* the Lord of the earth (V, 117), I adore the holy people (V, 30) and the divine Son (V,48).

8\. वंदे क्रिस्तं निखिल पतीं
निर्मलनाथं निष्कलंकं
वंदे दयानिधि श्रेष्ठपालं
सृष्टिनाथं अजपालं

8\. I adore Christ *nikhila-patim* the protector of all (V,143) the pure Lord (V,143) and nishkalankam the one without stain (V, 143). I worship the one who is the treasure of kindness and *shreshtha-palam* the supreme provider (VI,20), the Lord of creation (V,147) and *aja-palam* the Shepherd (VI,24).

9\. वंदे त्रातारं जगत -त्रात
नीतीश्वरं क्षितिपालं
वंदे रक्षकं जनरक्षित
वंदे स्वामी स्नेहदेवं

9\. I adore my Redeemer and the Redeemer of the world (VI, 293), *nitishwaram* the Lord of justice (VI, 136) *kshitipalam* the protector of the horizons (VI, 295). I worship the Saviour and the redeemed

people (saints) (V, 302), the ruler (VII, 359) and the God of love (VII, 332).

10. वंदे वैद्यं रामस्तेश्वरं
सिंहराजेन्द्र–राजनाथं
मंगलनाथं नीतिमानं
अम्मलगामीं दावीदसुतं

10. I adore the Physician (VII, 359) who is the Lord of all (VII, 259), *simha-rajendra-raja-natham* = the Lord of lords and the King of kings (VII, 375), *mangala-natham* = the Lord of glory (VII, 383), the just One, *ammala-gamim* = *malam* = sin; one who does not go on sinning; i.e. sinless; (VII, 415) the son of David (VII, 260).

11. वंदे क्रिस्तं सुन्दरशरीरीं
निर्मल शरीरीं ब्रह्मचारिं
'हा गौरा' ईशं नीतीश्वरं
इसराएल राजं दैवपुत्रं

11. I adore Christ who is incarnate in a beautiful body (VII, 426), and who has a pure and chaste body (VII, 428), and who is the Lord about whom it was said 'behold the man' ('*ha gaura*' the Syriac word for 'Behold the man' VII, 507) who is the Son of God and the King of Israel (VII, 573).

12. वंदे मंगलं स्नेहदेवं
नसराएल येशु नर–रक्षकं
स्नेहं मम देवं जन–रक्षकं
वंदे धर्मश्रेष्ठं धर्मपालं

12.I adore my God of love (VIII, 7) who is auspicious (VIII, 61), Jesus of Nazareth (VII, 569), the Redeemer of man (VIII, 1), my Love and my God (VIII, 1), the Redeemer of the people (VII, 260), *dharma-shreshtham* the embodiment of Dharma (IV, 185) and the Pro tector of Dharma (IX, 97).

| | |
|---|---|
| 13. वंदे क्रिस्तं मम तातं<br>वंदे क्रिस्तं राजराजं<br>वंदे क्रिस्तं परमदेवपुत्रं<br>वंदे क्रिस्तं सृष्टिनाथं | 13. I adore Christ my Father (IV, 185); I adore Christ the King of kings (VII, 260); I adore Christ, the Son of Supreme God (VII, 573) I adore Christ, the Lord of Creation (V, 147). |
| 14. वंदे ऋषीशं ऋषिवांचितं<br>ऋषभ-मध्यस्थं नरजातं<br>ऋक्षप्रकाशात परमप्रकाशं<br>वंदे सदा ऋत्विनाथं | 14. I adore the Lord of rishis, whom the rishis wanted to see, who was born as man among the animals (*rishbha-madhy astha-narajatam)*, who is the supreme Light, more brilliant than stars (*riksha* = star) (III, 2,48). I always adore the Lord of the seasons (*rithvi-natham)* (III, 2.54). |
| 15. वंदे सकल-बोधात्मं<br>राजसुतं राजदेवसुतं<br>परापर-नायकं राजदेवं<br>राजाधिराजं क्रिस्तराजं | 15. I adore the soul of all con sciousness (VI, 321) who is the son of king (VII, 32) and the son of God the king (VII, 35), who is the leader of this world and the other (VI, 333), the King of kings, Christ the king. |
| 16. वंदे कूटस्थ-पिता-पुत्रं<br>पितृ-राम-कूटस्थ-देवपुत्रं<br>कूटस्थ-देवं येशु प्रभुं<br>शत शत वंदे मम देवदेवं | 16. I adore the unchangeable Father and Son (VI, 41) the divine Son who is equal with the Father (VII, 259) Jesus Christ who is the un changeable God (III, 19) I adore hundreds of times my God of gods. |

***

# कुछ दिन और रह सकता तो

Bro. Prem Thomas Chooracka CMI
Samanvaya, Rishikesh



मुस्कुराते हुऐ स्वागत कक्ष में बैढे हुऐ एक स्वामीजी ने पूछा "क्या मैं आपकेलिये कुछ मदद कर सकता हूँ? जी हाँ स्वामीजी; मुझे आपको आश्रय में 16 आगस्त से 20 आगस्त तक रहने केलिये इजाजत मिली थी। मैं ने स्वामी विमलान्द का ई-मेल दिखाया। तब उस स्वामीजी ने मेरा बहुत प्यार से स्वागत किया और एक कमरे की चावी दी। एक परिचारक मुझे कमरे की ओर ले गया। उन्होंने कमरा दिखाया और कहा साहब खुशी से यहाँ रहिये। आप पर सदा सदगुरु शिवानन्दजी का अनुग्रह रहें। तब वहाँ खाने का समय था। सुबह 11 बज कर 30 मिनट हुऐ थे। मैं खाने के कमरे में पहूँचा उन्होंने एक बर्तन मेरे हाथ में दे दिया। वहाँ लोग बैठे हुऐ थे। मैं थी बैठ गया और स्वामी लोगों के साथ "हरे राम-हरे कृष्णा गान शुरु किया। यह वहाँ की प्रार्थना की शुरुआत थी। मैं पहले थोड़ा हिचकिचाया क्योंकि एक ईसाई होने का गर्व मुझे में या और खुलकर कृष्णा या रामा का नाम लेना पसन्द नहीं करता था। खाना लाया गया और उसे देखते ही मेरा पेट भर गया। बौंगन की सूखी सबजी मुझे कभी पसंद नही थी लेकिन दाल और दही देखकर मेरा चेहरा तो खिल उठा। खाना खाने के बाद मैं ने उठकर जाना चाहा तो पास बैठे हुऐ स्वामीजी ने कहा कि भाईजान सबको मिलकर जाना है और अन्त में एक प्रार्थना भी है। शर्मिन्दा होकर सिर जुकाते हुऐ मैं भी बैठा। फिर प्रार्थना हुई तो उठकर बर्तन धोकर लाया। मैं उसे पोंछ कर रखना चाहता था लेकिन सेवा में जो लोग बैठे थे उन्होंने मुझसे बर्तन लेलिया। वहाँ से जब मैं निकला तो मुझे लगा कि लोग मुझे ही देख रहे हैं जैसे मैं कहीं अनजान जगह से आसा हूँ मुझे कुछ नही पता चला फिर मैंने चारों ओर देखा तो समझ गया कि मेरी पहनावे से लोग खफा हैं। वे सब छोती और कुर्ते पहने हुऐ थे और मैं पैंट और शर्ट पहने हुऐ था। अगले ही क्षण में मैंने उसे छोडकर छोती और कुर्ते को पहनने का निर्णय किया।

अब मैं भी एक साधु की तरह दिखने लगा था। फिर कभी इन दिनों में ऐसी मुशिकलों को नही झेलना पडा। फिर मैं गुरुदेव कुटीर में पहूँचा, जहाँ शिवानन्दजी उनके जीवनकाल में रहा करता था, तो लोग बैठकर भजन गा रहे थे। मैं भी पीछ चादर पे बैढ गया। वहाँ कोई नही बैठा था फिर जब एक स्वामी आया तो कई लोगों को पीछे से उठकर आगे जाकर बैढने को कहा। क्योंकि यह जगह केवल स्वामी लोगों केलिए आरक्षित थी। मैं थी वहाँ से उठने लगा तो स्वामीजी ने कहा कि महाराज आप वही

बैठिये। उनको लगा होगा कि मैं बी उन्हीं का एक साधु है, मैं वहाँ बैठ कर उन भजनों को खुलकर नही गा सकता था। शायद फिर उसी अहम् कि मैं ईसाई हूँ कि जंजीरों से मैं जकड़ा हुआ था। मैं सब सुनता रहा। आरती हुई। मैं वहाँ से वापस आया। तब तक 7 बज गये थे। खाने का समय हो चुका था। फिर एक बार पहले के जैसी प्रार्थना हुई। सब होने के बाद जब मैं बाहर आया तों एक स्वामी ने मुझे "हरि के" कहकर मेरा अभिवादन किया। इस बार मुझे चकीन हो गया कि जब मैं उन लोगों जैसा बना तो उन्हों ने मुझे स्वीकार किया। अब कोई मुझे पराया नही समझता अपना ही समझता हैं। मैं ने भी अंग्रेज़ बनने की कोशिश नहीं की मैं अपनी सामान्य भाषा हिन्दी में बातें करने लगा। उस समय मुझे संत पौलुस की बात याद आयी। उन्होंने कहा था कि जब हम रोम मैं है तो हमें एक रोमन या रोमी जैसा बनना या व्यवहार करना चाहिए।

खाने के बाद सत्संग की बरि थी। मैं समाधि मन्दिर में बैठ गया। पहले कृष्ण भजन कीर्तन हुआ और गीता पारायन हुआ। तब तक स्वामी हरि हरा सिंहजी जो उस दिन के सत्संग में प्रवचन देने वाले थे उन्होंने आमावस्य की विशेषता बताकर गुरु किया फिर रामायण को सममाया। 10 बजे तक ये सब खत्म होगया तो मैंने अपने कमरे की ओर प्रस्थान किया। वहाँ कमरे मैं बैठते हुऐ उस दिन के अनुभवों को याद करने लगा और सोचने लगा वन्यों मैं उन भजनों को गा नहीं सका? क्यों मेरा घमण्ड टूट नही सका? मैं अपने मास्टर फादर आन्टनी कल्लीयत के कहने का कि "पवित्र स्थान में प्रवेश करने केलिए अपने "जातें" निकाल लेने चाहिए" का मतलब समझने लगा। जब मैं अपनी वेराभूषा बदल सकता हूँ तो क्यों मैं अपने अहम् को छोड़ नही सकता? सभी धर्म प्यार करना सिरवाते हैं, तफरत करना नही। सब लोग एक ही ईखर से हुआ मांगते है। हाँ ये तो सच है प्रत्येक धर्म में वो ईश्वर अलग-अलग नाम से जाना जाता है। इसलिए उनके ईश्वर को फकारना मेरे ही ईश्वर को फकारने के समान है। 'फल से मैं उन प्रार्थनाओं में सक्रीय रूप से भाग लूँगा' इस द्वढ़ निरचय के साथ मैं सेने के लिए चला गया।

सुबह 5 बजे से प्रार्थनायें शुरु होती हैं। मैं 5.30 बजे तक समाधि मन्दिर में पहूँचा वहाँ गुरुस्तोत्र शुरु हो चुका था। मैं ने उसमें फल के वादे के अनुसार दिल से भाग लिया। सुबह 7 बजे नाश्ता किया। आज उस "हरे रामा हरे कृष्णा" गाना गाने में ज्यादा कुछ सोचना नहीं पड़ा। मैं ने साधुओं के साथ अपना स्वर मिलया। फिर मैं पुस्तकालय में गया। वहाँ मुझे "ALL ABOUT HINDU-ISM" नाम की शिवानन्दजी ने लिखे एक किताब मिली। एक ही बैठक में मैंने उसे पूरा पढ़लिया। तब मैं ने यह निश्चय कर लिया कि मेरे इस चार दिन के रहने में मैं वहाँ के स्वामी लोगों से बातचीत करूँगा। मैं इस निश्चय के साथ कई लोगों से मिला। शायद मेरा भागय होगा कि शिवानन्द आश्रम के सभी दिग्गज साधुओं से बात कर सका। हरिहर सिंह, हरिहर सुब्रमणीयम् आत्मास्वरूपान्दजि और उनकी बेटी अमृतारूपान्दजी विमलान्द स्वामीजी, जो वहाँ के सचिव हैं, और स्वामी नीरलिजानन्दजी जो उपाध्यक्ष है, अंत में श्री गब्रेयिल जो जर्मनी से आए है। मैं ने इन लोगों से कई सवाल किए। उन्होंने खुले दिल से मुझे उत्तर दिया। कई स्वामीयों के साथ घण्टों तक बातें की। कोई मुझे "अब कुछ समय बाद में आईयेगा" ऐसा नही कहा रह था। जब पूछा तो वे सभी मेरे साथ समय बिताने को तैयार थे। मुझे लग रहा था कि वे यह उनका फरज़ मान रहे थे।

उनलोगों से पूछे गये कई सवालों और उनके उत्तरों का विवरण संक्षिप्त में करना चाहता हूँ।

? गुरुदेव की आध्यात्मिकता क्या है? कैसे वह आत्मा साक्षात्कार पा सके?

= "भला करो भला बनो" - गुरु देव जी की सोच का यही आदर्श है।

? आप लोगों के लिये "आश्राम" में आध्यात्मिकता" के नाम से कुछ है क्या? अगर है तो फिर वह क्या है?

= आश्रम सभी वर्गों को - व्यक्तियों के लिये सदा खुला है। खाना-पीना, रहना सब एक साथ है। लेकिन ईश्वर की खोज प्रत्येक व्यक्ति अपने निजी तरीके से करता हैं। यहाँ कुछ भी छिपाने की बात नहीं है।

? यहाँ मैं ने देखा लोग आपस में "हरि ओम" कहकर अभिवादन करते हैं; इसका मतलब क्या है?

= "हरि-ओम" का मतलब है, "हरि" - ईश्वर है जो हरण करने वाला है। और "ओम" ईश्वर का प्रतीक है।

? क्या "हरी-ओम" कहते हैं तब दूसरे को ईश्वर मानते है? जी हाँ, अगर उसे ईश्वर के समान देख सकते तो अच्छा था। असल में यह संत लोगों से ही संभव है।

? आज के इस समाज में शिवानन्दजी के संदेशों को कैसे स्वीकार करेंगे? जहाँ कि लोग धर्म के नाम पर लड़ते हैं?

? लोग लड़ते नहीं हैं, और कुछ लोग धर्म मजस्ब की आड़ लेकर उन्हें आपस में लड़वाते हैं। और हम उस राजनीति के कीचड़ में पड़ना नही चाहते। हम अपनी छोटी-छोटी सेवाओं द्वारा गुरुदेव का संदेश देने थी कोशिश करते हैं। जैसे कि हमारी कृष्ण कॉलीनी और अस्पताल है।

ऐसे सवालों के जवाबों से इन चार दिनों में बहुत कुछ सीखने को मिला। शायद में यही लिखना चाहता था। सबसे पहले कहना चाहूँगा कि (1) आश्रम में सरल जीवन है। इमारत बहुत बड़ी लेकिन उसमें रहनेवाले लोग बहुत साधारण है निजी कमरों में कही संगमरमर का कर्श नही। लेकिन प्रार्थना मन्दिर को खूब अच्छे संगमरमर के पत्थरों से सजाया है। जब कि हमारी संस्थाओं में कहे जगह बात उलटी है। साधुओं की सरलता, सादी वेशभूषा ने मुझे चकित किया। (2) यदि अध्यात्मिक जीवन की ओर देखें तो दिन भर वो प्रार्थना में बिताते हैं। कई साधुओं को सेवा नाम से कुछ काम दिया जाता है लेकिन वहाँ भी वे लोग मौन रहकर प्रार्थना और काम करते है, माला का जाप करते है। (3) खुलापन - जैसे कि मैं ने पहले भी कहा था। यहाँ कोई कहीं भी जा सकता है। कोई हमें मना नही करेगा। शायद यह इसलिए है कि वहाँ छिपाने केलिये कुछ नहीं है। आपसी (4) प्रेम और भाई-चारा - यह वहां की एक और विशेषता है। जब कि हम लोगों के समान सामूहिक जीवन यहाँ जबरदस्ती नहीं है फिर भी लोग एक दूसरे से नफरत नही प्यार की भावना रखते है। और एक दूसरे को आगे बढ़ने में रुकावट नही मददगार बनते है। या ऐसा भी नहीं कि अपने लोगों जैसे फालतू बातों पर समय बरबाद करते है। जैसे कि अपने आश्रम में सोचो तीन सदस्य है और उनमें एक व्यक्ति वहाँ नहीं तो और दोनों उसकी बुराई करना शुरु कर देते हैं। लेकिन यहाँ शिवानन्द आश्रम में सब अपने-अपने कामों में व्यस्त हैं। दूसरे को आगे बढ़ाने केलिये मददगार बनते हैं। (5) यहाँ लोग पैसा मांगने नही बलिक उपदेश मांगने आते है और पैसा दे कर जाते है। क्योंकि लोगों को मालूम कि यहाँ "सन्यासी" लोग रहते है पैसा कमाने वाले

"मालिक" नहीं या "प्रिनसीपाल" नहीं। (6) उपलब्द्‌ता - जब मैं यहाँ स्वामीलोगों से मिलने गया तो मुझे भी ऐसी ही लगा कोई मुझे मना नही किया और वे मुझे सुनने केलिए तय्यार से चाहे मैं उनका कितना भी समय लें। और उन लोगों से बात करते ऐसा महसूस हो रहा था कि मैं कहीं ईश्वर के सामने तो नहीं बैठा हूं क्योंकि उन लोगों की मृदवाणी में गहरा ज्ञान और उपदेश में सही मार्गदर्शन था। शायद ऐसे गुरुजन अपनी संस्या में बहुत कम मिलते हैं।

यह चार दिन बहुत जल्दी ही निकल गयें। मैं आशाव प्रार्थना करता हूं कि मैं अपने जीवन को इसी तरह सरल, खुला, आध्यात्मिक बन सकूं। हमारे प्रभु येसु ने ढीक ही कहा "लोमड़ियों की अपनी माँदे है आकाश के पक्षियों के अपने घोंसले, परन्तु मानव पुत्र को सिर रखने को भी अपनी जगह नही है। Mt. 8:30 लेकिन सोचना यह है कि हम उनके चेलें कितनी गहराई में इन शब्दों का या वचनों का मतलब समझ सके यदि समझे हैं तो कितने प्रतिशत जी सके? यह जाँचना उचित होगा। येसु ने अपनी जीवनी से लेकर मृत्यु तक यही सरलता और गरीबी को महसूस किया। जब अपने गुरु ही ऐसे है तो क्या हम बड़े-बड़े महलों में जो संगमरमर बिछायी हुइ है, रहन उचित होगा? क्या यही हमारा पसन्द या चाह होना चाहिए? मालूम नहीं, सोचते होंगे कि येसु तो दो हज़ार साल पहले जीये थे और हम तीसरी सदी में रहते हैं और आज के समाज के रीती रिवाज़ों के सोच विचारों के अनुसार जीना पड़ता है। हाँ यह सोच भी सच है। फिर कौन गलत है? येसु? कौन सही? हम? कौन सही यह मैं किससे पूछूँ? सोचते-सोचते मैं आश्रम के स्वागत कक्ष की ओर चल पड़ा। वहाँ पहूँचते ही वही स्वामीजी ने जो मुझे स्वागत किया था। बहुत प्यार से पूछा क्या आपका यहाँ रहना ठीक रहा? कोई तकलीफ तो नही हुई न? जी नहीं स्वामीजी मैं ने कहा। सब ठीक रहा, हो सका तो मैं फिर आऊँगा। कमरे की चावी मैं ने वापस कर दी। लौटते-लौटते मैं ने सोचा – **"कुछ दिन ओर रह सकता तो........."**

# The First Star for Literacy

***T T Mundakel***

Is Kerala in fact the God's own land?
Was it invisible for the owners of the land!
Why did they oppress the workers of the land?
Had the GLOOM so densely pervaded the land!

The so Called Land owners!
        They keep a piece alone
Till their last moment,
        As the OWNER God alone.

Yeh, the Lord-like owners and the slave-like tillers,
Were they not in DARKNESS like the blind millers?
Arose than a STAR, the LIGHT of LITERACY
That made them free and that made them see.

In Kainakari at CHAVARA that STAR was born.
In eighteen sixty five brightly it was shone;
As the Vicar General it Kindled with an order
All the Kerala Vicars who started by that order:

"Raise soon a school beside each church,
If you wish to be in our Catholic church.
Let the schools emit the literacy's LIGHT
Till the illiterates see the TRUE LIGHT".

# സ്നേഹസ്മൃതി



*സി. ആൻസി സി. എം. സി*

ഓസ്തിസ്വരൂപനെ നിതരാം കണികാണും
നൈർമല്യമേറും കതിർനാളമോ!?
കൺകളിൽ നക്ഷത്ര ദീപ്തി നിലാവൂറും
കാർമ്മലിൻ പുണ്യമാം ഏലിയായോ!?
ദിവ്യകാരുണ്യ നിയോഗങ്ങൾ കയ്യേററു
മണ്ണിൽ വിതറുന്ന വെൺപിറാവോ!?
ആരാരികൂപ്പുകൈ കുമ്പിളുമായ് നിന്ന്
ആത്മഹർഷം കൊള്ളും ആത്മത്യാഗി!?
വ്യാധികളെത്രയോ അമ്മാനമാടിയെൻ
വീട്ടിലും, നാട്ടിലും ലോഭമെന്യേ
കുടെ നടന്നവരെല്ലാരും പൊയ്പ്പോകേ
മൃത്യു നിഴലിൽ തരിച്ചു നിൽക്കേ
ഊഷ്മള സ്നേഹത്താൽ ഉർവീശാ നീയെന്നെ
ഊഴിയിൽ നിൻ സ്വന്ത ഗേഹമാക്കി.
അഗ്നിയിൽ, ക്ലേശത്തിൽ, ആഴക്കടലിലും
അല്ലലകററും നിൻ സ്നേഹമാർദ്രം.
ഉണ്ടാകുമെന്നിൽ പകർന്ന നിൻ ദാനങ്ങൾ
എണ്ണീടാനാളല്ലെൻ തമ്പുരാനെ......!
അപ്പാ എന്നല്ലാതില്ലൊന്നും വിളികൊൾവാൻ
അക്ഷരപ്പൂക്കളിതെന്റെ പക്കൽ
കർത്താവാണെന്നുടെ ഓഹരി, താവക
നാമത്തിന്നോർമ്മയഭിലാഷവും.
നന്ദിയെഴും ഹൃത്തിൽ സ്നേഹസ്മൃതിസുധ
ദേവസ്തുതി രാഗം പോലെ
കോൾമയിർകൊള്ളിച്ചൊഴുകി കുളിർപ്പിക്കും
കേരളനാടിന്റെ ഊഷരം ചാവറ!

# Maxims of Bl. Chavara

1. A good Christian family is likened to heaven above.
2. A family is constituted by persons related by blood and united in mutual love giving due respect and obedience to parents and elders, fostering devotion to God and living in peace with fellowmen, making every effort according to each one's particular state of life, to attain eternal salvation.
3. Amidst the tribulations and sorrows of this world, it is most consoling to live in a family in which there is peace and order founded on charity.
4. May you live in mutual charity and love.
5. Forget and forgive mutually the defects and shortcomings of others.
6. Our Lord himself has said that a kingdom where there is discord among the citizens will not survive; so also a quarrelsome family will surely perish.
7. If you wish that others forgive your defects, should you not forgive the evils done to you by others?
8. Civil suits destroy families.
9. Don't borrow money unless for some particular essential needs.
10. If your parents have left any obligations of restitution, or have enjoined any obligation of offering holy Mass, fulfil them with diligence and devotion.
11. If one makes a show of his glories and achievements, he/she belittles himself.
12. If anyone makes a show of his riches, he will soon become a beggar.
13. In festivities and celebrations spend according to the prevalent customs and according to your capacity.
14. The glowing light coming from a heep of straw in fire will soon be extinguished; a tiny light coming from a small lamp is much better.
15. Dear brother, had you not lighted the lamp during daytime, you could have lit it during night.

16. Don't try to establish relations which are indisciplined and which are not founded on fear of God.

17. Don't receive in your family all kinds of people, but only those who are polite and live in fear of God.

18. Here is a proverb: Tell me who your friends are, and I will tell you, who you are.

19. Wealth of the family consists not on the quantity of properties, but on the quality of properties.

20. To remain idle without doing any work is not the habit of honourable people.

21. Idleness is the mother of all vices and would induce one to the habit of drinking.

22. Unjust merchants have never attained an honourable status in life.

23. Consumption of alcoholic drinks is something most odious before the world and very sinful before the Lord.

24. What you have achieved by crooked means or by theft will soon melt away like snow.

25. The day in which you have not done good to your fellowmen will not be recorded in your book of life.

26. Desire that others love you, and not that they fear you.

27. Beggars should not leave your door empty-handed.

28. Both stinginess and extravagance are equally sinful.

29. The wealth of a stingy man will be eaten away by worms; and the wealth of an extravagant will disappear like smoke.

30. Select one carefully from a thousand. He who does not love God will neither love you.

31. Do not allow a stolen article to be kept in your house even for a moment.

32. Don't deny just wage to the labourer, nor delay the wage due to he labourer, because it is a sin before the Lord.

33. Don't humiliate a poor man, nor create difficulties to him, because if God happens to see their tears, surely he will question you.

34. Take special care to keep modesty while you sit, or walk or lie down.

35. Abandon yourself to the holy will of God in all your trials and difficulties and in your sickness.

36. If one maintains patience only when he/she is happy he/she is a feeble person.

37. The treasures you can acquire and hand over to your children are good spiritual books that strengthen devotion to God, and good philosophical books which nourish vour thinking.

38. To keep bad books in your house is like fire that you hide beneath a heep of straw.

39. Your children are big treasures that the good God has entrusted to you.

40. If it happens that even one of your children perish due to your negligence, you are engendering your own salvation.

41. Parents shouls often offer their children to God, and commit them to the care of Jesus, May and Joseph of the holy family and quite often pray for them.

42. Thinking that children do not understand to not utter un-decent words, nor speak ill of others before children.

43. If you correct children using abusive words it will not make them better; instead when they become of age they will treat their children the same way.

44. Teach the children to be specially devoted to our Blessed Mother.

45. Let the mother teach children to respect and honour the father by her exemplary behaviour; the same way the father also.

46. If the parents do not love and respect each other, their children will neither love nor respect them.

47. When the children come of age, give them complete freedom to choose their state of life.

48. Dear children, by the law of God itself, you are obliged to obey your parents and not to wound their feelings. Remember therefore, that those who violate the 4th divine commandment, will be punished by the good God in this world itself.

49. God does not dwell in the hearts loaded by sin.

50. Meditation is a conversation with God, just as friends communicate to each other.

# ചാവറ ക്വിസ്സ്

1. വാഴ്ത്തപ്പെട്ട ചാവറപ്പിതാവിന്റെ ജന്മദിനം

   1805 ഫെബ്രുവരി 10

2. ഏത് കുടുംബത്തിന്റെ ശാഖയിൽപ്പെട്ടതാണ് ചാവറക്കുടുംബം?

   പകലോമറ്റം തറവാട്

3. ചാവറകുരിയാക്കോസ് ഏലിയാസച്ചന്റെ ജനനസ്ഥലം?

   ആലപ്പുഴയിലെ കൈനകരി ഗ്രാമം

4. ചാവറയച്ചന്റെ മാതാപിതാക്കൾ

   കുരിയാക്കോസും മറിയവും

5. മാമ്മോദീസ സ്വീകരിച്ചത് എവിടെ വച്ച്? എന്ന്?

   ചേന്നങ്കരി പള്ളിയിൽ വച്ച്, 1805 ഫെബ്രുവരി 18

6. ചാവറയുടെ മാതാവിന്റെ കുടുംബം?

   തോട്ടയ്ക്കാട്ട് ചോതിരക്കുന്നേൽ കുടുംബം

7. ചാവറപ്പിതാവിന്റെ ഏക സഹോദരന്റെ പേര്?

   ജോസഫ്കുഞ്ഞ്

8. ചാവറയച്ചന്റെ ഇടവകപ്പള്ളിയേത്?

   ചേന്നങ്കരി പള്ളി

9. ചാവറപ്പിതാവിന് എത്ര സഹോദരങ്ങളുണ്ടായിരുന്നു?

   ഒരു സഹോദരനും 4 സഹോദരിമാരും

10. ചാവറയച്ചന്റെ വൈദിക ജീവിതത്തിന് വഴിയൊരുക്കിയ വൈദികൻ?

    ചാവറയച്ചന്റെ കാലത്തെ പള്ളിപ്പുറം സെമിനാരി റെക്ടർ ആയിരുന്ന പാലയ്ക്കൽ തോമാ മൽപാൻ.

11. ചാവറയച്ചന്റെ ഗുരു?

    മൽപാനായ പാലയ്ക്കലച്ചൻ


12. ചാവറയച്ചന്റെ മാതാപിതാക്കളും ഏകസഹോദരനും മരണമടഞ്ഞ കാലഘട്ടത്തിൽ അദ്ദേഹം എവിടെയായിരുന്നു?

    പള്ളിപ്പുറം സെമിനാരിയിൽ

13. കുടുംബക്കാർ മരിച്ചു എന്ന ദുഃഖവാർത്ത ചാവറകുര്യാക്കോസിനെ അറിയിക്കാൻ വന്നതാര്?

    ചിറ്റപ്പൻമാർ

14. കൊച്ചു കുരിയാക്കോസിനെ സെമിനാരി ജീവിതം അവസാനിപ്പിച്ച് തിരിച്ചുവിളി



The statue of Jesus situated in the campus of the CMI Vidyavanam Retreat Centre, Bangalore

ക്കാൻ വന്നതാരെല്ലാം?

ചിറ്റപ്പൻമാർ

15. പ്രിയപ്പെട്ടവരുടെ വേർപാടുമൂലം കുടുംബം അന്യംനിന്നു പോകുന്നു എന്നു വന്നപ്പോൾ ചാവറയച്ചൻ പരിഹാരം കണ്ടെത്തിയത് എങ്ങനെ?

ജ്യേഷ്ഠന്റെ മകൾ പ്രായപൂർത്തിയാകുന്നതുവരെ സ്വത്തുക്കൾ പെങ്ങളുടേയും അളിയന്റേയും പേരിൽ എഴുതിവച്ച്, കുട്ടിക്ക് പ്രായപൂർത്തിയാകുമ്പോൾ തിരികെ നൽകുക.

16. അളിയന്റേയും പെങ്ങളുടേയും ചുമലിൽ കാര്യങ്ങൾ ഏൽപ്പിച്ച് സെമിനാരിയിലേക്ക് തിരിച്ചു പോരാനാഗ്രഹിച്ച കുരിയാക്കോസിനെ തടഞ്ഞത് ആര്?

ചിറ്റപ്പൻമാർ

17. സെമിനാരിയിലേക്ക് തിരിച്ചുപോകാതെ വീട്ടുതടവിലാക്കിയ കുരിയാക്കോസിന് തിരിച്ചുപോകാൻ സാധിച്ചത് എങ്ങനെ?

തോപ്പിലമ്മാവന്റെ മദ്ധ്യസ്ഥതയിൽ ചിറ്റപ്പൻമാരുടെ അനുവാദത്തോടെ.

18. കുര്യാക്കോസിനെ ലത്തീൻ പഠിപ്പിച്ചതാര്?

തങ്കിപ്പള്ളി വികാരിയായ മെയിൻ പാതിരി

19. 1817 ൽ ചാവറയച്ചന്റെ ജീവിതത്തിൽ എന്തു പ്രത്യേകതയാണുണ്ടായത്?

ആസ്തപ്പാടു പട്ടം കിട്ടി

20. ചാവറയച്ചന് വൈദിക പട്ടം ലഭിച്ചത് എന്ന്?

1829 നവംബർ 29

21. വൈദിക പട്ടം ലഭിക്കുമ്പോൾ ചാവറയച്ചന്റെ പ്രായമെന്തായിരുന്നു.

24 വയസ്സ്

22. ആരിൽനിന്നാണ് ചാവറയച്ചൻ വൈദികപട്ടം സ്വീകരിച്ചത്?

മൗറേലിയൂസ് സ്തബിലീനി മെത്രാപ്പോലീത്തായിൽ നിന്ന്

23. ഏതു ദേവാലയത്തിൽ വച്ചാണ് പൗരോഹിത്യം ലഭിച്ചത്

അർത്തുങ്കൽ വി. അന്ത്രയോസ് ശ്ലീഹായുടെ ദേവാലയത്തിൽ വച്ച്

24. സി.എം.ഐ. സഭ സ്ഥാപിച്ചത് എന്ന്?

1831 മെയ് 11

25. സ്ഥാപക പിതാക്കൻമാർ ആരെല്ലാം?

ഫാ. തോമസ് പാലയ്ക്കൽ

ഫാ. തോമസ് പോരൂക്കര

ഫാ. കുരിയാക്കോസ് ഏലിയാസ് ചാവറ

26. സി.എം.ഐ. യുടെ പൂർണ്ണരൂപം

കാർമ്മലൈറ്റ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ്

27. 1855 ഡിസംബർ 8 ന് ചാവറയച്ചൻ വ്രതം ചെയ്തപ്പോൾ സ്വീകരിച്ച പേര് എന്ത്?

തിരുക്കുടുംബത്തിന്റെ കുരിയാക്കോസ് ഏലിയാസ്

28. അന്നത്തെ വ്രതാർപ്പണത്തിന്റെ പ്രത്യേകത എന്ത്?

ഒരു ഭാരതീയൻ ആദ്യമായി വ്രതം ചെയ്ത ദിവസം

ഭരതത്തിൽ ഔദ്യോദികമായി സന്ന്യാസ ജീവിതത്തിന്റെ ആരംഭം കുറിച്ച ദിനം.

29. സി.എം.ഐ. സഭയുടെ മാതൃ ഭവനം എവിടെ?

മാന്നാനം

30. മാന്നാനത്ത് സീറോ-മലബാർ സഭയുടെ സെമിനാരി സ്ഥാപിച്ചതെന്ന്?

1833 ൽ

31. പാലയ്ക്കൽ തോമാമൽപ്പാനച്ചന്റെ മരണശേഷം പൊതുമൽപാൻമാർ ആയിരുന്ന വർ

പോരൂക്കരയച്ചനും ചാവറയച്ചനും

32. ചാവറയച്ചന്റെ ജീവിതത്തിൽ 1855 ഡിസംബർ 8 നുള്ള പ്രത്യേകതയെന്തായിരുന്നു?

ആദ്യ സി.എം.ഐ. പ്രിയോർ ജനറലായി നിയുക്തനായി

33. ചാവറയച്ചനെ വികാരി ജനറലായി നിയമിച്ചത് ആര്? എന്ന്?

ബെർണ്ണർദീനോസ് മെത്രാപ്പോലീത്ത. 1861 ജൂൺ 8

34. മാന്നാനം കുന്നിന്റെ പേര്

ബേസ്റൗമ്മ

35. ബേസ്റൗമ്മ എന്ന സുറിയാനി പദത്തിന്റെ അർത്ഥം

മലമുകളിലെ വീട്

36. ചാവറപിതാവിന്റെ ആദർശവാക്യമായി നിലകൊള്ളുന്ന സങ്കീർത്തന ഭാഗം

കർത്താവാണെന്റെ ഓഹരിയും പാനപാത്രവും. എന്റെ ഭാഗധേയം അവിടത്തെ കരങ്ങളിലാണ്. സങ്കീ. 16

37. 1864 മുതൽ ചാവറയച്ചന്റെ പ്രവർത്തന കേന്ദ്രം എവിടെയായിരുന്നു.

കൂനമ്മാവ്

38. ചാവറയച്ചന്റെ ആദ്ധ്യാത്മിക ജീവിതത്തിൽ പ്രധാന പങ്കുവഹിച്ച പാലയ്ക്കൽ തോമ്മാ മൽപ്പാനച്ചനുമായുള്ള സഹവാസം എത്രവർഷം

24 വർഷം

39. സീറോ-മലബാർ സഭയുടെ ആദ്യത്തെ പൊതു സെമിനാരി?

മാന്നാനം സെമിനാരി

40. 1855 ഡിസംബർ 8-ന് ആദ്യമായി സഭയിൽ അംഗങ്ങൾ വ്രതം ചെയ്തപ്പോൾ സന്യാസഗണത്തിന്റെ തലവൻ ആരായിരുന്നു?

ചാവറയച്ചൻ

41. തോമസ് റോക്കോസ് മെത്രാൻ കേരളത്തിൽ വന്നത് എന്ന്?

1861 മെയ് 9 ന്

42. റോക്കോസ് മെത്രാൻ എവിടെ നിന്നാണ് വന്നത്?

ബാബേലിൽ നിന്ന്

43. റോക്കോസ് ശീശ്മയെപ്പറ്റി ചാവറ പിതാവ് ഏതു മാർപ്പാപ്പക്കാണെഴുതിയത്?

ഒമ്പതാം പീയൂസ് മാർപ്പാപ്പയ്ക്ക്

44. 1861 ൽ കേരള സഭയിൽ ഉണ്ടായ പ്രശ്നം ഏത് പേരിലാണ് അറിയപ്പെടുന്നത്?

റോക്കോസ് ശീശ്മ

45. റോക്കോസ് ശീശ്മയ്ക്ക് എതിരെയുള്ള ചാവറയച്ചന്റെ മാന്നാനത്തെ പ്രസ് ഉണ്ടാക്കിയത്?

തിരുവനന്തപുരത്തെ സർക്കാർ പ്രസ്.

46. മാന്നാനം പ്രസ്സിൽ നിന്നും ഇറങ്ങിയ ആദ്യകാല ഗ്രന്ഥങ്ങളിൽ ജനസമ്മതി നേടിയ 2 പുസ്തകങ്ങൾ?

47. 1887 ൽ മാന്നാനം പ്രസ്സിൽ നിന്നും പുറത്തിറക്കാൻ തുടങ്ങിയ പത്രം?

നസ്രാണി ദീപിക

48. ദീപിക ദിനപത്രത്തിന്റെ അച്ചടി 1939 ൽ മാന്നാനത്തു നിന്നും എവിടേക്കു മാറ്റി

കോട്ടയത്തേക്ക്

49. മാന്നാനത്ത് പ്രസ്സ് സ്ഥാപിച്ച ശേഷം രണ്ടാമത്തെ പ്രസ്സ് സ്ഥാപിച്ചത് എവിടെ?

കൂനമ്മാവിൽ

50. സംസ്കൃത വിദ്യാഭ്യാസം അത്യന്താപേക്ഷിതമായി ചാവറയച്ചന് തോന്നാൻ കാരണം?

ഇന്ത്യയിലെ ക്ലാസിക് ഗ്രന്ഥങ്ങൾ എല്ലാംതന്നെ സംസ്കൃതത്തിൽ ആയിരുന്നു.

51. സംസ്കൃത സ്കൂളിൽ ചാവറയച്ചൻ നിയോഗിച്ച അദ്ധ്യാപകൻ

തൃശ്ശൂരിൽ നിന്നുള്ള വാര്യർ.

52. 1887 ൽ ഇംഗ്ലീഷ് ഹൈസ്കൂൾ നിലവിൽ വന്നത് എവിടെ?

മാന്നാനത്ത്

53. ഹരിജനങ്ങളായ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നൽകാൻ ആരംഭിച്ച പ്രസ്ഥാനം?

പിടിയരി പ്രസ്ഥാനം

54. ഹരിജനങ്ങൾക്കുവേണ്ടി കേരളക്കരയിൽ ആദ്യമായി ഒരു വിദ്യാലയം ആരംഭിച്ചത് ആര്?

ചാവറയച്ചൻ

55. ഒരു പള്ളിക്ക് ഒരു പള്ളിക്കൂടം എന്ന ആശയം ചാവറയച്ചൻ കേരളസഭയിൽ നടപ്പിലാക്കിയ വർഷം

1864

56. മാന്നാനം പ്രസ്സിൽ നിന്നും ആദ്യമായി പുറത്തിറക്കിയ പുസ്തകം

ജ്ഞാന പീയൂഷം

57. ചാവറയച്ചൻ ആദ്യത്തെ ഉപവിശാല സ്ഥാപിച്ച് ആതുരശുശ്രൂഷയ്ക്ക് തുടക്കം കുറിച്ച സ്ഥലം?

കൈനകരി

58. ചാവറയച്ചൻ സ്ഥാപിച്ച ആദ്യ കത്തോലിക്കാ അൽമായ ജീവകാരുണ്യ സംഘടന

നന്മരണസഭ

59. ചരിത്രത്തോട് ചാവറപിതാവിന് പ്രതിപത്തി ഉണ്ടായിരുന്നു എന്നതിന് തെളിവായി നിലകൊള്ളുന്നതെന്ത്?

നാളാഗമങ്ങൾ

60. ചാവറയച്ചൻ മാന്നാനത്ത് പ്രസ് സ്ഥാപിച്ചതെന്തിനുവേണ്ടി?

സഭയുടെ ആത്മീയ, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കുവാൻ.

61. പൊതുവിദ്യാഭ്യാസ രംഗത്തും മതവിദ്യാഭ്യാസ രംഗത്തും ചാവറയച്ചൻ ഒരു പോലെ ശ്രദ്ധപതിച്ചു എന്നതിന്റെ തെളിവ് എന്തായിരുന്നു?

മാന്നാനത്തെ സംസ്കൃത വിദ്യാലയവും പള്ളിക്ക് ഒരു പള്ളികൂടമെന്ന കല്പനയും

62. ചാവറയച്ചന്റെ ശ്രദ്ധ ഏറെയും സ്വന്തസമുദായത്തിന്റെ ഉന്നമനത്തിനായിട്ടുള്ള പരിശ്രമങ്ങളിൽ കേന്ദ്രീകരിച്ചതെന്തുകൊണ്ട്?

നാടിന്റെ ഭരണകർത്താക്കളായ സവർണ്ണഹിന്ദുക്കളുടെ ഇച്ഛാനുസരണം മാത്രമേ ക്രൈസ്തവർക്ക് പ്രവർത്തിക്കാൻ കഴിയുമായിരുന്നുള്ളൂ. ജാതിവർഗ്ഗ വർണ്ണഭേദങ്ങൾ കൊടുംപിരികൊണ്ടിരുന്ന കേരളത്തിൽ അതിനെ മറികടന്ന് എല്ലാവരുടേയും നന്മക്കായി സാമൂഹിക സേവനം നടത്തുക അന്നത്തെ സാഹചര്യത്തിൽ അസാദ്ധ്യമായിരുന്നു.

63. ചാവറപിതാവിന്റെ സമ്പൂർണ്ണ കൃതികൾ എങ്ങനെയാണ് സമാഹരിച്ചിരിക്കുന്നത്?

നാളാഗമം, സാഹിത്യകൃതികൾ, ആദ്ധ്യാത്മിക കൃതികൾ, കത്തുകൾ

64. കേരളത്തിൽ ആദ്യമായി 40 മണി ആരാധന നടത്തിയ സ്ഥലം?

കൂനമ്മാവ്

65. 40 മണി ആരാധനയുടെ ആരംഭകൻ?

ചാവറപിതാവ്

66. ചാവറയച്ചന്റെ കാവ്യകൃതികൾ ഏവ?

ആത്മാനുതാപം, മരണവീട്ടിൽ പാടുന്ന പാന, അനസ്താസ്യയുടെ രക്തസാക്ഷ്യം

67. മലയാളത്തിലെ ആദ്യ ഖണ്ഡകാവ്യം

അനസ്താസ്യയുടെ രക്തസാക്ഷ്യം

68. ചാവറയച്ചന്റെ ഖണ്ഡകാവ്യങ്ങൾ ഏവ?

അനസ്താസ്യയുടെ രക്തസാക്ഷ്യം, മരണവീട്ടിൽ പാടുന്ന പാന

69. ആയുസ്സിന്റെ കണക്കിൽപ്പെടുത്താത്ത ദിവസം ഏത്?

അന്യർക്ക് ഉപകാരം ചെയ്യാത്ത ദിനം

70. വചനവേദിയിലെ സിംഹം

ചാവറയച്ചൻ

71. ദൈവസ്നേഹത്തിന്റെ ചലിക്കുന്ന ഒരു പ്രതിരൂപം എന്ന് വിശേഷിപ്പിക്കുന്നത് ആരെയാണ്?

ചാവറപ്പിതാവിനെ

72. ബ്രദർ റോക്കി T.O.C.D. തന്റെ ഡയറിയിൽ ചാവറപ്പിതാവിനെ വിശേഷിപ്പിച്ചിരിക്കുന്നത് എങ്ങിനെ?

ദൈവത്തെ ദർശിച്ചിരുന്ന മനുഷ്യൻ

73. ചാവറപ്പിതാവും ലെയോപ്പോൾഡ് മിഷനറിയും കണ്ടുമുട്ടിയത് എവിടെ വച്ച്?

കൂനമ്മാവിൽ

74. ഫാ. ലെയോപോൾഡ് ബെക്കാറോയും ചാവറയച്ചനും തമ്മിലുള്ള ബന്ധം എന്താണ്?

ചാവറയച്ചന്റെ ആത്മ നിയന്താവ്,

ചാവറയച്ചനും, ഫാ. ലെയോപോൾഡും ചേർന്നാണ് സി. എം. സി. സഭ സ്ഥാപിക്കുന്നത്.

75. ലെയോപോൾഡ് മിഷനറിയുടെ ജന്മ വർഷവും, ജന്മ ദേശവും ഏവ?

ജന്മ വർഷം; 1837, അതായത് ചാവറയച്ചനേക്കാൾ 32 വയസ്സ് കുറവ്
ജന്മ ദേശം; ഇററലി

76. ഫാ. ലെയോപോൾദ് ഇന്ത്യയിൽ എത്തിയത് ഏത് വർഷം?
1860

77. ചാവറയച്ചനും ഫാ. ലെയോപോൾദും പരസ്പരം കണ്ടുമുട്ടിയത് ഏത് വർഷം?
1860

78. ലെയോപോൾദ് മിഷനറി പുരോഹിത പട്ടം സ്വീകരിച്ചത് ഏതു വർഷം?
1860

79. ചാവറയച്ചന്റെ ആദ്യ ജീവചരിത്രം എഴുതിയത് ആര്?
ഫാ. ലെയോപോൾദ് ബെക്കാറോ, ഒ. സി. ഡി.

80. ഫാ. ലെയോപോൾദ് ഇററലിയിലേക്ക് മടങ്ങിപ്പോയ വർഷമേത്?
1876

81. ഫാ. ലെയോപോൾദ് മരിച്ച തിയതി ഏത്?
1914 ഏപ്രിൽ 22

82. കൂനമ്മാവിലെ കർമ്മലീത്താമഠം സ്ഥാപിതമായത് ആരുടെ നാമത്തിൽ? എന്ന്?
വി. അമ്മ ത്രേസ്യായുടെ നാമത്തിൽ. 1866 ഫെബ്രുവരി 13

83. സി.എം.സിയുടെ പൂർണ്ണരൂപം
കോൺഗ്രിഗേഷൻ ഓഫ് മദർ ഓഫ് കാർമ്മൽ

84. സി.എം.സി. സന്യാസസഭാസ്ഥാപനത്തിന്റെ ലക്ഷ്യങ്ങളേവയായിരുന്നു?
ആത്മീയകാര്യങ്ങൾ നിഷ്ഠയോടെ നടത്തുക, ക്രിസ്തീയ പഠനങ്ങൾ വഴി ക്രിസ്തീയ രൂപീകരണം നടത്തുക, ഒരു തൊഴിലഭ്യസിക്കുക.

85. ചാവറയച്ചന്റെ ചിന്തയിൽ ഒളിതൂകിയ രണ്ടു പ്രകാശരേണുക്കൾ
സത്യത്തോടുള്ള ആഭിമുഖ്യവും സഹജരുടെ നന്മയും

86. ചാവറപ്പിതാവിന്റെ ഈശ്വരോന്മുഖതയുടെ പ്രത്യേകത എന്തായിരുന്നു?
പരോന്മുഖത

87. ചാവറയച്ചന്റെ ഭാഷണത്തിൽ ധ്യാനം എന്നത് എന്താണ്?
ധ്യാനം എന്നത് ദൈവത്തോടുള്ള സ്നേഹസംഭാഷണമാകുന്നു.

88. ചാവറയച്ചന്റെ കൃതികളിൽ മാനസിക പ്രാർത്ഥനയുടെ നിറകുടം എന്ന് വിശേഷിപ്പിക്കുന്ന ഗ്രന്ഥം
ധ്യാനസല്ലാപങ്ങൾ

89. ചാവറയച്ചൻ തന്റെ ഹൃദയത്തിൽ വസിക്കുന്ന ദൈവസുതന്റെ സാന്നിദ്ധ്യബോധത്തിനു സാക്ഷ്യം നൽകുന്ന ഗ്രന്ഥം
ധ്യാനസല്ലാപം

90. ചാവറയച്ചന്റെ ആദ്ധ്യാത്മിക ജീവിതത്തിലെ ഡയറിക്കുറിപ്പുകൾ എന്നറിയപ്പെടുന്ന ഗ്രന്ഥം
ധ്യാനസല്ലാപങ്ങൾ

91. ധ്യാനസല്ലാപത്തിൽ ചാവറയച്ചൻ ദൈവത്തെ അനേകം പ്രാവശ്യം അഭിസംബോധന ചെയ്യുന്ന പദം

അപ്പാ, എന്റെ അപ്പാ

92. പാപമുള്ള ഹൃദയത്തോട് ദൈവം ചേരാത്തതുകൊണ്ട് ധ്യാനിക്കുന്ന ആത്മാവ് ആദ്യം ചെയ്യേണ്ടതെന്ത്?

പാപപ്പൊറുതി അപേക്ഷിക്കുക

93. ധ്യാനസല്ലാപത്തിന്റെ ഉള്ളടക്കം

ഈശോയോടും തന്റെ അമ്മയായ മറിയത്തോടും, ത്രേസ്യാപുണ്യവതിയോടും ചാവറയച്ചൻ നടത്തുന്ന സ്നേഹസംഭാഷണം.

94. നമുക്കുണ്ടാകുന്ന അനാരോഗ്യത്തിലും ബുദ്ധിമുട്ടുകളിലും എന്തുചെയ്യാനാണാവശ്യപ്പെടുന്നത്?

ഇതൊക്കെയും കർത്താവിന്റെ പ്രവർത്തിയോടു ചേർത്തു കാഴ്ചവയ്ക്കുക.

95. എല്ലാം കർത്താവിന്റെ പ്രവർത്തിയോടു ചേർത്തു കാഴ്ചവയ്ക്കുമ്പോൾ എന്തു മേന്മയാണു ലഭിക്കുക?

96. സന്യാസ ജീവിതത്തെ ബലമുള്ളതാക്കുന്നതെന്ത്?

ചുമരുകളുടെ കനമല്ല, അതിനുള്ളിൽ പാർക്കുന്നവരുടെ പുണ്യം.

97. ക്രിസ്തീയ ജീവിതത്തിന്റെ കേന്ദ്രബിന്ദു

പരിശുദ്ധ കുർബാന

98. ചാവറയച്ചന്റെ ആദ്ധ്യാത്മികതയുടെ പ്രധാന ഘടകം

അനുതാപത്തിന്റെ മനോഭാവം

99. ചാവറപിതാവിന്റെ ആത്മഗുരു ആരാണ്?

വന്ദ്യ ലെയോപോൾദ് അച്ചൻ

100. നല്ല പുസ്തകങ്ങൾ എന്താണെന്നാണ് ചാവറപ്പിതാവ് പറയുന്നത്?

നിക്ഷേപങ്ങൾ

101. മോശമായ പുസ്തകങ്ങൾ എന്തിനു സമമാണ്

വൈക്കോലിൽ തീ ഒളിച്ചുവയ്ക്കുന്നതിന്

102. പട്ടക്കാർക്കുവേണ്ടി എഴുതിയ ധ്യാനങ്ങൾ ഏവ?

1. ദൈവവിളിയിന്മേൽ ധ്യാനം

2. ദൈവമനോഗുണങ്ങളിന്മേൽ ധ്യാനം

3. ചാവുദോഷത്തിന്മേൽ ധ്യാനം

4. (രണ്ടച്ചന്മാരുടെ വേല) രണ്ടു യജമാനന്മാരെ സേവിക്കുക എന്നതിന്മേൽ ധ്യാനം

5. ഭക്തിയില്ലാത്ത വൈദികന്റെ മരണം

103. പ്രാർത്ഥന ബുദ്ധിയുടെ പ്രവൃത്തിയെന്നതിനേക്കാൾ ഏതിന്റെ പ്രവൃത്തിയാണ്.

ഹൃദയത്തിന്റെ

104. സ്വർഗ്ഗീയ തീർത്ഥാടനയാത്രയിൽ പൈശാചികമായ ആക്രമണം എത്രമേൽ ശക്തമായുണ്ടായാലും വിജയം വരിക്കുവാൻ എന്ത് ചെയ്യണമെന്നാണ് ചാവറയച്ചൻ പറയുന്നത്?

നാഥനായ യേശുവിൽ ശരണമർപ്പിക്കുക

105. ചാവറയച്ചന്റെ ആത്മാനുതാപം ഹൃദയാർദ്രവും ഭക്തിരസം തുടികൊട്ടി നിൽക്കുന്നതുമായ അക്ഷയസാഗരമാണ് - ഇതിനുദാഹരണം

മാമക പിതാവു നീ ഭാഗ്യവുമെനിക്ക് നീ

മംഗലം നീയെന്നിയെ മറ്റെന്തുഗുണം നാഥാ

എന്നുടെ സ്നേഹം നീയേ എന്നുടെ ഭാഗ്യം നീയേ

നിന്നിലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു

106. ഈശ്വരാനുഭൂതിയിൽ സ്വയം മറക്കുവാൻ അനുവാചകരെ പ്രേരിപ്പിക്കുന്ന [illegible] കൃതി

ആത്മാനുതാപം

107. ചാവറപ്പിതാവിന്റെ ജീവിതദർശനം മുഴുവനും നിഴലിക്കുന്ന കൃതി?

ആത്മാനുതാപം

108. ചാവറപ്പിതാവിന്റെ ജീവിതദർശനം മുഴുവനും നിഴലിക്കുന്ന കൃതി?

ആത്മാനുതാപം

109. ആത്മാനുതാപത്തിൽ എത്ര അദ്ധ്യായങ്ങളുണ്ട്?

പന്ത്രണ്ട്

110. ചാവറയച്ചൻ മാതാവിനെ അഭിസംബോധന ചെയ്തിരിക്കുന്നത് എങ്ങനെ?

എന്റെ അമ്മ

111. ചാവറപ്പിതാവിന്റെ മരിയ ഭക്തിയുടെ കാതൽ എന്ത്?

ദൈവത്തിന്റെ അമ്മ എന്റെയും അമ്മ

112. ചാവറയച്ചൻ തനിക്കു ലഭിച്ച ദൈവികദാനങ്ങൾ ഓരോന്നായി അനുസ്മരിക്കുന്ന ഗ്രന്ഥം?

ആത്മാനുതാപം

113. ഏത് കൃതിയെ മുൻനിർത്തിയാണ് ചാവറയച്ചൻ ആത്മാനുതാപം രചിച്ചത്?

'ദൈവത്തിന്റെ നഗരം' എന്ന സ്പാനിഷ് കൃതിയെ

114. അനസ്താസ്യായുടെ രക്തസാക്ഷ്യം എന്ന കൃതി വിരചിക്കപ്പെട്ട സന്ദർഭം?

റോക്കോസ് ശീശ്മ കൊടുമ്പിരിക്കൊണ്ട സന്ദർഭം

115. അനസ്താസ്യായുടെ രക്തസാക്ഷ്യം എന്ന ഖണ്ഡകാവ്യത്തിലെ പ്രമേയം?

സത്യവിശ്വാസത്തിനുവേണ്ടി വീരചരമം പ്രാപിച്ച ധീരവനിതയായ അനസ്താസ്യായുടെ കഥ

116. ചാവറയച്ചന്റെ കുടുംബവീക്ഷണം ഏറ്റവും പ്രകടമായി കാണുന്ന കൃതി? എന്നെഴുതി

നല്ല അപ്പന്റെ ചാവരുൾ, 1868-ൽ

117. കുടുംബത്തിലെ സർവ്വവ്യാപാരങ്ങളെയും നിയന്ത്രിക്കേണ്ടത് എന്താണ്?

ദൈവഭയം

118. ................ അപമാനകരവും ദൈവസന്നിധിയിൽ നിന്ദ്യവുമാകുന്നു.

മദ്യപാനം

119. ഒരു നല്ല ക്രിസ്തീയകുടുംബം എന്തിന് സാദൃശ്യമാകുന്നു എന്നാണ് ചാവറപ്പിതാവ് പഠിപ്പിച്ചത്?

സ്വർഗ്ഗരാജ്യത്തിന്

120. കേരളത്തിലെ ക്രിസ്തീയകുടുംബത്തിന്റെ മാഗ്നാകാർട്ട എന്നു വിശേഷിപ്പിക്കപ്പെടുന്ന ഗ്രന്ഥം?

ഒരു നല്ല അപ്പന്റെ ചാവരുൾ

[illegible] വീക്ഷണത്തിൽ സമാധാനവും നിത്യസൗഭാഗ്യവും അനു[illegible] [illegible]

[illegible]

[illegible] വീക്ഷണത്തിൽ ക്ഷമിക്കുവാൻ സാധിക്കുന്നത് [illegible]

[illegible]യും, വിവേകവും അവസ്ഥയുമുള്ള ആളിന് മാത്രം.

[illegible] വീക്ഷണത്തിൽ നീതിയുടെ മാനദണ്ഡം

[illegible]

[illegible] ദർശനത്തിനു പിമ്പിൽ നിലകൊള്ളുന്നത്

[illegible] സ്വാധീനം

[illegible] കണിവിളക്ക്

[illegible]

[illegible] കുമ്പസാരിക്കാൻ പഠിപ്പിക്കണം എന്നാണ് ചാവറയച്ചൻ പറ[illegible]

[illegible]കുമ്പോൾ

[illegible] കാണിക്കുന്ന ഏതു കാര്യങ്ങളാണ് വലിയ തെറ്റാണെന്ന് ചാവറയച്ചൻ [illegible]

[illegible] കാർക്കശ്യവും, അധിക വാത്സല്യവും

[illegible] സമ്പത്തുള്ള കുടുംബം ഏത്?

[illegible] കുടുംബം

[illegible]വും സന്തോഷവും ഉണ്ടാകുന്നത് ആർക്കാണെന്നാണ് ചാവറയച്ചൻ പറയു[illegible]

[illegible] മാത്രം അന്വേഷിക്കുന്നവർക്ക്

[illegible] ഒരു ഭാഗ്യം ഒരു തറവാടിനും ലഭിക്കാനില്ല. ഏതിൽക്കവിഞ്ഞ്?

[illegible] യാതൊരു വഴക്കും ഇല്ലാതിരിക്കുക, എല്ലാവരോടും സമാധാന[illegible] [illegible]

[illegible] വേണ്ട സന്തോഷവും സമാധാനവും പ്രയോജനവും ലഭി[illegible] [illegible] നിന്നാണ്?

[illegible]വും ജീവിതക്രമവുമുള്ള ബന്ധുക്കളിൽ നിന്ന്

[illegible]വരെയാണ് വീട്ടിൽ സൽക്കരിച്ചാദരിക്കേണ്ടത്?

[illegible]രെയും ദൈവഭയമുള്ളവരേയും മാത്രം

[illegible] അഭിമാനവും ഉള്ളവർക്ക് ചേർന്നതല്ല. ഏത്?

[illegible] ഭക്ഷിക്കുന്നത്.

[illegible]ങ്ങളുടേയും മാതാവ്

[illegible]

[illegible] മുമ്പിലും ദൈവത്തിന്റെ മുമ്പിലും ഒരു വ്യക്തിക്ക് ദോഷം ചെയ്യുന്ന [illegible]

[illegible]

[illegible] ചെയ്യുന്നവർ വളരെ സൂക്ഷിക്കേണ്ട രണ്ടു കാര്യങ്ങൾ?

കപടത ഒഴിവാക്കണം, നീതിപുലർത്തണം

137. സൂത്രം കൊണ്ടും കളവുകൊണ്ടും ഉണ്ടാക്കുന്ന പണത്തിനെന്തു സംഭവിക്കും?

മഞ്ഞുപോലെ വേഗം അലിഞ്ഞുപോകും.

138. ഭിക്ഷക്കാരോടുള്ള പെരുമാറ്റത്തെക്കുറിച്ച് ചാവറപിതാവ് എന്താണ് പറയുന്നത്?

ഒരു ഭകിഷക്കാരനും നിന്റെ വീട്ടിൽ നിന്നും വെറും കൈയ്യോടെ പോകുവാൻ നീ ഇടയാക്കരുത്, സമ്മതിക്കരുത്. ഇല്ലാത്തവർക്ക് ഉള്ളവരല്ലാതെ ആരു കൊടുക്കും. അതുകൊണ്ട് എന്തെങ്കിലും ദാനധർമ്മം നീ കൊടുക്കണം. അല്പമേ ഉള്ളു എങ്കിൽ അതു മതി. ദൈവം അതു കാണും.

139. ഒരുപോലെ തിന്മയാകുന്നു എന്ന് ചാവറപിതാവ് പറയുന്ന രണ്ടു സംഗതികൾ?

പണം ധൂർത്തടിച്ചു ചിലവാക്കുന്നതും വേണ്ടതു പോലെ ചിലവാക്കാതെ ലുബ്ധ് കാണിക്കുന്നതും

140. ദൈവത്തിന്റെ പക്കൽ നിലവിളിക്കുന്ന പാപമേത്?

വേലക്കൂലി കൊടുക്കാതിരിക്കുന്നത്

141. ഒരു കുടുംബത്തിന്റെ സാക്ഷാൽ സമ്പത്ത് ദൈവഭയവും ഭക്തിയുമാണ് എന്ന് പറയുന്നത് എന്തുകൊണ്ട്?

ദൈവഭയമുള്ള ഏതു കുടുംബവും ഈ ലോകത്തിലും പരലോകത്തിലും ദൈവാനുഗ്രഹത്തിന്റെ ഫലം നുകരും.

142. നല്ല കുടുംബത്തിലെ എല്ലാ വെളിച്ചവും മറച്ചുവച്ചുകൊണ്ട് അതിനെ അന്ധകാരത്തിലാഴ്ത്തുന്ന കാർമേഘ പടലമേത്?

പരദൂഷണം

143. അപമാനത്തിനും ആത്മനാശത്തിനും വഴിയൊരുക്കുന്നതെന്ത്?

അന്തസിനു ചേരാത്ത അടക്കമൊതുക്കമില്ലായ്മ

144. കടമുള്ള ദിവസങ്ങളെ എങ്ങനെ ആചരിക്കണം?

വിശുദ്ധ കുർബാനയിൽ സംബന്ധിക്കുക, നല്ല കാര്യങ്ങൾ ചെയ്യുക, നല്ല ഗ്രന്ഥങ്ങൾ തിരഞ്ഞെടുത്ത് വായിക്കുക, ദൈവവചനം ശ്രവിക്കുക, രോഗികളെ ചെന്ന് കാണുക, ആത്മാവിനുതകുന്ന സത്ക്കർമ്മങ്ങൾ യഥാവിധി അനുഷ്ഠിക്കുക.

145. കുടുംബപ്രാർത്ഥനയെക്കുറിച്ച് ചാവറപിതാവ് നൽകുന്ന ഉപദേശമെന്താണ്?

കുടുംബത്തിൽ എത്ര വലിയ വിശിഷ്ടാതിഥികൾ ഉണ്ടായിരുന്നാൽ തന്നെയും കുടുംബപ്രാർത്ഥന മുടക്കരുത്.

146. മാതാപിതാക്കളുടെ ഏറ്റവും വലിയ കടമയെന്ത്?

മക്കളെ വേണ്ടവിധം വളർത്തുക

147. ദൈവം മാതാപിതാക്കളെ ഏൽപിച്ചിരിക്കുന്ന വലിയ നിക്ഷേപമെന്ത്?

അരുമസന്താനങ്ങൾ

148. വിലയേറിയ ആത്മാക്കളായ മക്കളെ എന്തിനാണ് മാതാപിതാക്കൾക്ക് ഭാരമേൽപ്പിച്ചിരിക്കുന്നത്?

ഈശോമിശിഹായുടെ തിരുരക്തംകൊണ്ട് അവരെ വിശുദ്ധീകരിക്കുന്നതിനായി, ഈശോയുടെ യഥാർത്ഥ ശുശ്രൂഷികളാകുന്നതിനായി, അന്തിമ വിധിനാളിൽ കേടുപാടുകൂടാതെ അവരെ തിരികെ ഏൽപ്പിക്കുന്നതിനായി.

149. മക്കളെ നന്നാക്കുന്നതിനുപകരം ചീത്തയാക്കാൻ ഇടയാക്കുന്ന കാര്യം ഏത്?

മക്കളെ ശകാരിക്കുമ്പോൾ അസഭ്യവചനങ്ങളുപയോഗിക്കുന്നത്

150. കുടുംബത്തിൽ മക്കൾക്ക് നല്ല മാതൃക കാണിച്ചു കൊടുക്കുവാൻ മുൻകൈയെടുക്കേണ്ടവർ ആര്?

മാതാപിതാക്കന്മാർ

151. സന്ധ്യക്ക് പള്ളിയിൽ കുരിശുമണിയടിക്കുമ്പോൾ എന്തുചെയ്യാനാണ് ചാവറപിതാവ് ആവശ്യപ്പെടുന്നത്?

മക്കളെല്ലാവരും വീട്ടിലുണ്ടായിരിക്കണം, സന്ധ്യാനമസ്ക്കാരം ചൊല്ലണം, അതുകഴിഞ്ഞ് അപ്പന്റേയും അമ്മയുടേയും കൈമുത്തണം.

152. സന്ധ്യയ്ക്ക് പള്ളിയിൽ കുരിശുമണിയടിക്കുമ്പോൾ എന്തുചെയ്യാനാണ് ചാവറ പിതാവ് ആവശ്യപ്പെടുന്നത്?

മക്കളെല്ലാവരും വീട്ടിലുണ്ടായിരിക്കണം, സന്ധ്യാനമസ്ക്കാരം ചൊല്ലണം, അതുകഴിഞ്ഞ് അപ്പന്റേയും അമ്മയുടേയും കൈമുത്തണം.

153. നരകത്തിനു പറ്റിയ ചട്ടവും സൂത്രവും ഏത്?

പ്രായമായ പെൺകുട്ടികളെ പെരുന്നാൾ ആഘോഷങ്ങൾക്കും മറ്റും തോന്ന്യാസം തുള്ളുവാൻ, അണിയിച്ചൊരുക്കി അയക്കുന്നത്.

154. ആത്മാക്കളിൽ നരകതീ കത്തിച്ചു പിടിപ്പിക്കാൻ കാരണമാകുന്ന സംഗതികൾ?

നാട്ടുനടപ്പ്, തറവാട്ടുമഹിമ, ലോകബഹുമാനം, സാമ്പത്തിക സ്ഥിതി എന്നീ കാരണങ്ങളിൽ കുടുങ്ങി പെൺമക്കളെ ചമയിച്ചു നടത്തുന്നതും, തങ്ങളുടെ അന്തസ്സും പ്രാപ്തിയും കവിയുന്ന തരത്തിൽ ആടയാഭരണങ്ങൾ അണിയിച്ച് അഹങ്കാരത്തിന്റെ പ്രതീകമായി പെൺകുട്ടികളെ നടത്തുന്നതും.

155. ഒരു പെൺകുട്ടിയുടെ ഏറ്റവും വലിയ ആഭരണം?

അവളുടെ ചാരിത്ര്യം

156. കാരണവന്മാരുടെ മരണശേഷം ഉണ്ടാകാവുന്ന തർക്കം, വഴക്ക് മുതലായ പാപങ്ങൾ ഒഴിവാക്കാൻ അവർ എന്തു ചെയ്യണം?

കാരണവന്മാർ മരിക്കുന്നതിനു മുമ്പ് മക്കൾ വേറെ വേറെ താമസിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ചെയ്തു കൊടുക്കുക സുബോധമുള്ളപ്പോൾതന്നെ വസ്തുക്കൾ ഭാഗം ചെയ്തുവയ്ക്കുക മരിക്കുന്നതിനു മുൻപ് മക്കളെ അത് ഏൽപ്പിക്കുക.

157. ദൈവപ്രമാണത്താൽതന്നെ നിങ്ങളിതിനു കടപ്പെട്ടവരാണെന്ന കാര്യം വിസ്മരിക്കരുത് ഏതിന്?

നിങ്ങൾ നിങ്ങളുടെ കാരണവാൻമാരെ ബഹുമാനിക്കണം, അവരുടെ മനസ്സിനെ വേദനിപ്പിക്കരുത് എന്നതിന്.

158. കുടുംബത്തെക്കുറിച്ചുള്ള ചാവറയച്ചന്റെ അടിസ്ഥാനപരമായ ദർശനം എന്ത്?

ഓരോ കുടുംബത്തേയും സ്വർഗ്ഗരാജ്യത്തിന്റെ ഭൂമിയിലെ പകർപ്പാക്കുക.

159. ഒരു കുഞ്ഞ് മനുഷ്യനേയും ദൈവത്തേയും സ്നേഹിക്കാനുള്ള തന്റെ കഴിവ് ആദ്യമായി ഉപയോഗപ്പെടുത്തുന്നതെവിടെയാണ്

കുടുംബത്തിൽ

160. ഇളകിപ്പോകാത്ത കുറ്റികളായി ചാവറയച്ചൻ മനസ്സിൽ കരുതുന്ന കാര്യങ്ങൾ എന്തെല്ലാം?

ഇടവകയും, തറവാടും, കാരണവന്മാരും

161. കുടുംബത്തെ കുടുംബമായി നിലനിർത്തുന്ന ഘടകങ്ങൾ എന്തെല്ലാം?
സ്നേഹം, സമാധാനം, ത്യാഗം, പ്രാർത്ഥന, പരസ്പര ധാരണ

162. ചാവറയച്ചന്റെ മരണം
1871 ജനുവരി 3

163. ചാവറയച്ചന്റെ മരണം എവിടെവച്ച്?
കൂനമ്മാവിൽ

164. ചാവറയച്ചനെ ധന്യനായി പ്രഖ്യാപിച്ചതാര്? എന്ന്?
ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ. 1984 ഏപ്രിൽ 7

165. ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചത് ആര്? എന്ന്? എവിടെവച്ച്?
1986 ഫെബ്രുവരി 8, ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ, കോട്ടയത്തുവച്ച്

166. ചാവറയച്ചന്റെ ബഹുമാനാർത്ഥമുള്ള തപാൽസ്റ്റാമ്പ് പുറത്തിറക്കിയത് ആര്? എന്ന്?
രാഷ്ട്രപതി ആർ. വെങ്കിട്ടരാമൻ, 1987 ഡിസംബർ 20

167. ആരംഭകനെന്ന നിലയിൽ ചാവറപ്പിതാവു കേരളത്തിൽ നടപ്പിലാക്കിയ കാര്യങ്ങൾ

1. ഭാരതത്തിലെ ആദ്യത്തെ ഏതദ്ദേശിയ സന്യാസസഭയുടെ (CMI) സ്ഥാപനം. - 1831

2. ഞായറാഴ്ച പ്രസംഗങ്ങളും ഇടവകധ്യാനങ്ങളും വൈദികർക്കുള്ള ധ്യാനവും നടപ്പിലാക്കി പ്രചരിപ്പിച്ചു. - 1831

3. സുറിയാനി കത്തോലിക്കരുടെ ആദ്യത്തെ മേജർ സെമിനാരി മാന്നാനത്തു സ്ഥാപിച്ചു നടത്താൻ സഹായിച്ചു. -1833

4. 'കുരിശിന്റെ വഴി' എന്ന ഭക്തിക്രമം മാന്നാനത്തു നിന്നാരംഭിച്ചു. - 1833

5. സുറിയാനി വൈദികരുടെ മൽപ്പാനും പരീക്ഷകനുമായി നിയമിതനായി. - 1844

6. സുറിയാനി കത്തോലിക്കരുടെയിടയിലെ ആദ്യത്തെ പ്രസ്സും പ്രസിദ്ധീകരണകേന്ദ്രവും മാന്നാനത്തു സ്ഥാപിച്ചു. - 1846

7. കത്തോലിക്കാസഭയുടെ നേതൃത്വത്തിലുള്ള ആദ്യത്തെ സംസ്കൃത സ്കൂൾ സ്ഥാപിച്ചു. - 1846

8. സുറിയാനി കത്തോലിക്കരുടേതായി ആദ്യത്തെ വിശ്വാസപരിശീലനകേന്ദ്രം (Catechumenate) മാന്നാനത്താരംഭിച്ചു. - 1853

9. 1854 -ൽ പരിശുദ്ധമറിയത്തെ അമലോത്ഭവയായി പ്രഖ്യാപിച്ചതിനുശേഷം 'അമലോത്ഭവ' മാതാവിന്റെ നാമത്തിൽ സ്ഥാപിച്ച ആദ്യ സന്യാസസഭ. - 1855

10. ഇൻഡ്യൻ ജനതയിൽ നിന്നുള്ള ആദ്യത്തെ ക്രൈസ്തവ സന്യാസവ്രത സമർപ്പകൻ. - 1855

11. കേരളസഭയിലെ ആർച്ചുഡീക്കന്മാർക്കു ശേഷമുള്ള ആദ്യത്തെ വികാരിജനറൽ. - 1861

12. കേരളസഭയിലുണ്ടായ റോക്കോസ് ശീശ്മയെ നിർവീര്യമാക്കി സഭയെ ഐക്യത്തിൽ നിലനിർത്തിയ നേതാവ്. - 1861

13. മലയാളഭാഷയിലെ ആദ്യഖണ്ഡകാവ്യം 'അനസ്താസ്യായുടെ രക്തസാക്ഷ്യം' രചിച്ചു. - 1862

14. പരിശുദ്ധ മാതാവിന്റെ മാസവണക്കം ബെർണർഡിൻ മെത്രാന്റെ സഹായത്തോടെ പ്രചരിപ്പിച്ചു. - 1865

15. 'ഒരു പള്ളിക്ക് ഒരു പള്ളിക്കൂടം' എന്ന നിയമം വികാരി ജനറൽ ആയിരുന്നപ്പോൾ നടപ്പിലാക്കി. - 1865

16. ആരാധനക്രമം, കാനോന നമസ്ക്കാരം, കുർബ്ബാന കലണ്ടർ തുടങ്ങിയ ആരാധന ക്രമനവീകരണത്തിന് നേതൃത്വമെടുത്തു. -1865-1869

17. സീറോ-മലബാർസഭയിലെ ആദ്യത്തെ ഏതദ്ദേശിയ സന്യാസിനി സഭ(C.M.C.) സ്ഥാപിക്കാൻ നേതൃത്വമെടുത്തു. - 1866

18. നാൽപതുമണി ആരാധന കേരളസഭയിൽ ആരംഭിച്ചു. - 1866

19. പെൺകുട്ടികൾക്കു താമസിച്ചു പഠിക്കാനുള്ള ഇൻഡ്യയിലെ ആദ്യത്തെ ബോർഡിംങ്ങ് ഹൗസ് ആരംഭിച്ചു. - 1867

20. 'ഒരു നല്ല അപ്പന്റെ ചാവരുൾ' എന്ന കുടുംബ നവീകരണക്രമം നൽകി. - 1868

21. കേരളസഭയിലെ ആദ്യ അത്മായ സംഘടനയായ 'വിശുദ്ധ യൗസേപ്പിതാവിന്റെ നന്മരണസഖ്യം' സ്ഥാപിച്ചു. - 1869

22. അനാഥർക്കും രോഗികൾക്കും, വൃദ്ധർക്കുമുള്ള ആദ്യ ക്രൈസ്തവ അഗതിമന്ദിരം കൈനകരിയിൽ സ്ഥാപിച്ചു. - 1869

23. (19-ാം നൂറ്റാണ്ടിലെ) കത്തോലിക്കാസഭയിലേക്കുള്ള പുനരൈക്യ പ്രസ്ഥാനത്തിന് പ്രേരണ നൽകി. - 1869

24. 'വാഴ്ത്തപ്പെട്ടവൻ' എന്നു പേരു വിളിക്കപ്പെട്ട ആദ്യ കേരളീയൻ. - 1986

168. ചാവറപ്പിതാവിനെ സമകാലിനർ വിശേഷിപ്പിച്ചിരുന്നതെങ്ങനെ?

പരിശുദ്ധാത്മാവു നിറഞ്ഞവൻ, സന്യാസദർശനക്കാർക്ക് ഉത്തമമാതൃക

169. ചാവറപിതാവിന്റെ മാദ്ധ്യസ്ഥം വഴി രോഗശാന്തി ലഭിച്ച പുണ്യാത്മാവ്

വാഴ്ത്തപ്പെട്ട അൽഫോൻസാമ്മ

170. സഭയിലും സമൂഹത്തിലും കുടുംബങ്ങൾക്കുള്ള മൗലീകസ്ഥാനം മനസ്സിലാക്കിയ ചാവറയച്ചൻ എന്ത് പ്രവർത്തിച്ചു എന്നാണ് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ എടുത്തുപറഞ്ഞത്?

ക്രിസ്തീയ കുടുംബങ്ങൾക്ക് പ്രോത്സാഹനവും ഉപദേശവും നൽകി ശക്തി പകർന്നു.

171. കേരളഗവർണ്ണറായിരുന്ന പി. രാമചന്ദ്രൻ ചാവറയച്ചന്റെ വ്യക്തിത്വത്തെ പരാമർശിക്കുന്നതെപ്രകാരമാണ്?

അര ശതാബ്ദം നീണ്ടുനിന്ന അദ്ദേഹത്തിന്റെ സുകൃതചര്യകൾ ഈ മർത്ത്യലോകത്ത് അമർത്യതയുടെ മൂശയിൽ വാർത്തെടുത്ത വ്യക്തിയായി അദ്ദേഹത്തെ പ്രതിഷ്ഠിച്ചിരിക്കുന്നു.


172. ചാവറയച്ചനെക്കുറിച്ച് ഡോ. സുകുമാർ അഴീക്കോടിന്റെ പരാമർശം എന്ത്?

ചാവറയച്ചന്റെ കൃതികളിൽ ആത്മീയവും സാഹിതീയവുമായ പരിമളം സമ്മിളിതമായി സ്പുരിച്ച് കാണുന്നു.

# Hearty Felicitations to the CMI Deacons to be ordained Priests in the Chavara Jayanthi Year.



Palamattam Mathew
Trivandrum



Kureethara Joseph Varghese
Trivandrum



Cheeremthara Xavier
Trivandrum




Anandakattu Philip
Trivandrum



Mathilakathu Thomas
Kottayam



Mannamparampil Joseph
Kottayam



Anakkallumkal Michael
Kottayam



Vayalilpurayidathil Sebastian
Kottayam



Puthupally George
Kalamassery



Murikelil Joshy
Kalamassery



Menachery Jacob
Kalamassery



Kachappilly Varghese
Kalamassery



Chanikuzhy Joshy
Kalamassery



Palatty Roy
Kalamassery




Palatty Tomy
Kalamassery



Areeckal Johnson
Kalamassery


# Hearty Felicitations to the CMI Deacons to be ordained Priests in the Chavara Jayanthi Year.




Parecattil Aji Thomas
Kalamassery




Pulinthanathu Biju
Muvattupuzha




Illickal George
Thrissur



Chathely Biju
Thrissur




Puthoor Deljo
Thrissur



Theethai Jijo
Thrissur



Thandieckal Seejo
Thrissur



Kachappilly Joby
Thrissur



Puthenpurackal Shibu
Thrissur




Kizhakkenputhupally Mathew Saji
Kozhikode




Thalappillil Kurian
Kozhikode




Valiyaveettil Jose
Coimbatore



Srayil Santhosh
Mysore



Punnotil Reji
Mysore



Kamukampally Joy
Mysore




Cheruparambil Joshy
Mysore

## Hearty Felicitations to the CMI Deacons to be ordained Priests in the Chavara Jayanthi Year.


Parayil Thomas
Mysore



Varampunkal Varghese
Mysore


Edichilath Joshy
Mysore


Pazhoopallil Anil Mathew
Sagar


Tharayil Babu John
Sagar


Pallipatt John Shibu
Sagar


Pothanappara Tomy
Rajkot


Virippamattathil Joby
Rajkot


Njavarakkattu George
Rajkot


Vadakkekara Joseph
Rajkot


Thadathil Mathew
Bijnor


Kalambukattu Naiju
Bijnor


Thuruthikoduthan Antony
Bijnor


Kuzhivelil Martin
Bijnor




**Entrance to the Jerusalem Retreat Centre, Thalore, Thrissur, were the Chavara Jayanthi National Celebrations take place**



**The *Marian Mandapam* in the campus of the Jeruasalem Retreat Centre, Thalore**

CARMEL JYOTHI
ALWAYE
THAIKKATTUKARA

# ജറുസലേം ധ്യാന കേന്ദ്രം, തലോർ



ഫാ. ഡേവിസ് പട്ടത്ത് CMI

### ജറുസലെം - വളർച്ചയുടെ പാതയിൽ

തൃശ്ശൂർ അതിരൂപതയിൽ CMI സഭ ദേവമാതാ പ്രവിശ്യയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന ജറുസലെം വചന കൂടാരം ദൈവത്തിന്റെ ഹൃദയത്തിലെ സ്വപ്നമായി വളർന്നുകൊണ്ടിരിക്കുന്നു. ദൈവരാജ്യനിർമ്മിതിയ്ക്കും പരിശുദ്ധാത്മ നവയുഗപിറവിയ്ക്കുമായി ദൈവജനത്തെ സജ്ജമാക്കി സഭയെ പരിപോഷിപ്പിക്കുന്ന പരിപാവനമായ ദൗത്യമാണ് ജറുസലെം ശിരസ്സാവഹിക്കുന്നത്. 1995 സെപ്തംബർ 8ന് തൃശൂർ അതിരൂപതയുടെ മുൻ മെത്രാപ്പോലീത്ത മാർ ജോസഫ് കുണ്ടുകുളം പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിലും പ്രാർത്ഥനാ നിർഭരമായ അന്തരീക്ഷത്തിലുമാണ് ജറുസലെം വചനകൂടാരം, ജറുസലെം നഗർ എന്ന് ഇന്നറിയപ്പെടുന്ന തലോർമണ്ണുത്തി ബൈപ്പാസ്സിനരികെ ശിലാസ്ഥാപനം നടന്നത്. ലളിതമായ സാഹചര്യത്തിൽ 7 പേരിൽ നിന്നാരംഭിച്ച പ്രാർത്ഥനാസമൂഹം, അമ്പതായിരം പേർ പങ്കെടുക്കുന്ന പ്രാർത്ഥന സംഗമമായി വളർന്നു. ആയിരത്തിൽപരം പ്രേഷിതരും, ബാലപ്രേഷിതരും, യുവപ്രേഷിതരും സേവനസന്നദ്ധസംഘങ്ങളും ജറുസലെം ശുശ്രൂഷകളുടെ ശക്തി സ്രോതസ്സാണ്. "ഭയപ്പെടേണ്ട; വിശ്വസിക്കുക മാത്രം ചെയ്യുക" എന്നതാണ് വചനകൂടാരത്തിന്റെ മുദ്രാവാക്യം.

### ജറുസലെം ശുശ്രൂഷകൾ

മാനസാന്തരോന്മുഖമായ വചന പ്രഘോഷണത്തിലൂടെയും കൂദാശാനുകരണ ജീവിതത്തിലൂടെയും വ്യക്തികളിലേക്കും കുടുംബങ്ങളിലേക്കും യേശുക്രിസ്തു കൊണ്ടുവന്ന രക്ഷ പകർന്നുകൊടുക്കുകയാണ് ആത്മീയശുശ്രൂഷകളുടെ ലക്ഷ്യം. ഒരു കാലഘട്ടത്തിന്റെ ശബ്ദവും നാവുമായി തീർന്ന പുണ്യപിതാവായ ചാവറയച്ചന്റെ ജനകീയ സുവിശേഷവത്കരണത്തിന്റെ ആത്മീയദർശനം ഉൾക്കൊള്ളുവാൻ ശ്രമിക്കുകയാണ് ജറുസലെം.

**പൊതുപ്രാർത്ഥന ദിനം**

എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 8 മണിക്ക് ആരംഭിച്ച് വൈകിട്ട് 4.30ന് സമാപനം കുറിക്കുന്ന ശുശ്രൂഷകളിൽ ജപമാലപ്രദക്ഷിണം, വി. കുരിശിന്റെ ആശീർവ്വാദം, ദിവ്യബലി, വചനപ്രഘോഷണം, ആരാധന എന്നിവയിൽ 30000 ത്തിലധികം ജനം പങ്കെടുക്കുന്നു.

**ജാഗരണപ്രാർത്ഥന-വാഹനാശീർവ്വാദം**

മാസാവസാന ശനിയാഴ്ചകളിൽ രാത്രി 7 മണി മുതൽ പുലർച്ച 5.30 വരെ ലോകം

മുഴുവനും വേണ്ടി ഉറക്കമിളച്ചു പ്രാർത്ഥിക്കാൻ, രോദനങ്ങളും പ്രാർത്ഥനകളും ജലധാര പോലെ ദൈവസന്നിധിയിൽ ചൊരിയാൻ മുപ്പതിനായിരത്തിലധികം പേർ ഒരുമിച്ചു ചേരുന്നു. ദിവ്യബലിയും വചനപ്രഘോഷണവും കഴിഞ്ഞ് ദിവ്യകാരുണ്യ പ്രദക്ഷിണത്തിന്റെ സമാപനത്തിൽ വാഹനാശീർവ്വാദ ശുശ്രൂഷ നടക്കും. ജറുസലെമിന്റെ വിശാലമായ കോമ്പൗണ്ടിൽ പാർക്കു ചെയ്തിട്ടുള്ള 5000ൽപരം വാഹനങ്ങളെ അഭിഷിക്തർ ആശീർവദിച്ചു യാത്രയാക്കുന്നു.

### ജറുസലെം ഇന്റർസെഷൻ നെറ്റ്‌വർക്ക് (JIN)

രണ്ടാം ശനിയാഴ്ചകളിൽ രാവിലെ 8 മണി മുതൽ രാത്രി 8 മണിവരെ 12 മണിക്കൂർ ആരാധനയിൽ ലോകസമാധാനത്തിനും, ജീവിതത്തിന്റെ പലമേഖലകളിൽ വ്യാപരിക്കുന്ന വൈദികർ, സന്ന്യസ്തർ, വിദ്യാർത്ഥികൾ, അദ്ധ്യാപകർ, ഡോക്ടർമാർ, നേഴ്സുമാർ, ജഡ്ജിമാർ, വക്കീലന്മാർ, പോലീസുദ്യോഗസ്ഥർ, കര-വ്യോമ-നാവിക സേനാംഗങ്ങൾ, രാഷ്ട്രീയ നേതാക്കന്മാർ, സാമൂഹ്യപ്രവർത്തകർ, രോഗികൾ, പീഡിതർ, വിധവകൾ, അനാഥർ, പരദേശികൾ, ഗർഭിണികൾ, കൈകുഞ്ഞുങ്ങൾ, വാഹനങ്ങൾ, തൊഴിലാളികൾ, ഉടമസ്ഥർ, കച്ചവടക്കാർ എന്നിവർക്കെല്ലാം പ്രാർത്ഥനകളോടൊപ്പം ദൈവസ്തുതിഗീതകങ്ങളും സങ്കീർത്തനാലാപനങ്ങളും സമർപ്പിയ്ക്കപ്പെടുന്നു.

### ആന്തരികവിശുദ്ധീകരണ ധ്യാനം

ഒരാഴ്ച നീണ്ടുനിൽക്കുന്ന താമസിച്ചുള്ള ആന്തരിക വിശുദ്ധീകരണ ധ്യാനം രണ്ടാമത്തെ ആഴ്ചകളിൽ എല്ലാ മാസങ്ങളിലുമുണ്ട്. 280 പേർക്കു ധ്യാനിക്കാൻ സൗകര്യങ്ങളുള്ള ധ്യാനത്തിൽ ആത്മീയ ജ്വലനത്തോടെ വചനശുശ്രൂഷ നടത്താൻ ഫാ. ഡേവിസ് പട്ടത്ത് CMI, ഫാ. ദേവസ്യ കാനാട്ട് CMI റവ. ഡോ. റാഫേൽ തട്ടിൽ (റെക്ടർ, മേരി മാതാ മേജർ സെമിനാരി) പ്രൊ. K.M. ഫ്രാൻസിസ്, പ്രൊഫ. P.C.തോമസ്, ബ്രദർ ആന്റണി, ബ്രദർ P.J.മണി ജോർജ്ജ്, ബ്രദർ സാബുകാസർകോട്, ഗീത സത്യൻ എന്നിവരടങ്ങുന്ന ശക്തമായ ടീമുണ്ട്.

### കുഞ്ഞുങ്ങളുടെ ശുശ്രൂഷകൾ

മാസാദ്യശനിയാഴ്ചകളിൽ ഗർഭിണികൾക്കും കൈക്കുഞ്ഞുങ്ങൾക്കും 11 മണിമുതൽ 2 മണിവരെയുള്ള ശുശ്രൂഷയിൽ രോഗശാന്തി പ്രാർത്ഥനകളും സൗഖ്യശുശ്രൂഷയും നടത്തുന്നു. ഭ്രൂണാവസ്ഥ മുതൽ ആന്തരികവൈകല്യങ്ങളില്ലാതെ കുഞ്ഞുങ്ങൾക്കു ജന്മമേകാൻ മാതാപിതാക്കളെ വചനകൂടാരം ഒരുക്കുന്നു. അമ്മയും കുഞ്ഞും ശുശ്രൂഷയിൽ വ്യക്തിപരമായ ദിവ്യകാരുണ്യാശീർവാദത്തിനുശേഷം തീർത്ഥജലം നൽകി അഭിഷിക്തർ കൈവയ്പുശുശ്രൂഷ നടത്തുന്നു. ജന്മവൈകല്യങ്ങൾ, പറയാനറിയാത്ത രോഗകാരണങ്ങൾ, വാശി, കരച്ചിൽ എന്നിവയിൽ കഷ്ടപ്പെടുന്ന മൂവായിരത്തിലധികം കൈകുഞ്ഞുങ്ങൾ പ്രതിമാസം "അമ്മയും കുഞ്ഞും" ശുശ്രൂഷയിൽ വരുന്നു. കൂടാതെ, 4 മാസത്തിലൊരിക്കൽ അൾത്താരയിലെ സമർപ്പണ പ്രതീകമായ ആട്ടുതൊട്ടിലിൽ 4 മാസത്തിനു താഴെയുള്ള കൈകുഞ്ഞുങ്ങളെ സമർപ്പിക്കുന്ന ശുശ്രൂഷയുമുണ്ട്. നഴ്സറി ക്ലാസ്സു മുതൽ +2 വരെയുള്ള വിദ്യാർത്ഥികൾക്കുള്ള പ്രാർത്ഥനകളുമുണ്ട്. ജ്ഞാനത്തിലും പ്രായത്തിനും വചനതീക്ഷ്ണതയിലും പഠനവിജയത്തിലും സ്വഭാവവൈശിഷ്ട്യത്തിലും ഗുണമേന്മയുള്ള ഇളംതലമുറയെ വാർത്തെടുക്കാനുള്ള ചാവറയച്ചന്റെ ഉൾദർശനം ജറുസലെമിൽ സാഫല്യമണിയുന്നു. ജൂൺമാസത്തിൽ വിദ്യാരംഭശുശ്രൂഷയും, ഈശോ എന്ന ആദ്യക്ഷരം കുറിക്കൽ ശുശ്രൂഷയും ജനുവരിയിൽ SSLC, +2 വിദ്യാർത്ഥികളുടെ പരീക്ഷ കൺവെൻഷനും നടത്തപ്പെടുന്നു.

## ജറുസലെം ബൈബിൾ ഗ്രാമം

അക്ഷരലോകത്തിലേക്കു കടക്കും മുമ്പേ, 2½ വയസ്സുമുതൽ 3½ വയസ്സുവരെയുള്ള 65 കുഞ്ഞിപൈതങ്ങൾക്ക് സൗജന്യമായി ഒരു വർഷത്തെ വചനപഠന പരിശീലനവും, സ്വഭാവ രൂപീകരണവും നൽകാൻ യത്നിക്കുന്ന മനോഹരമായ ജറുസലെമിന്റെ തനിമയാർന്ന ശുശ്രൂഷയാണ് ബൈബിൾ ഗ്രാമം. കുഞ്ഞുങ്ങളുടെ സഭാവസ്ത്രസ്വീകരണവും, ഹോംമിഷനും ഇതിന്റെ ഭാഗമാണ്.

**രോഗശാന്തി ശുശ്രൂഷ**

മാസാദ്യശനിയാഴ്ചകളിൽ രാവിലെ 9 മണിമുതൽ 1 മണിവരെയാണ് രോഗശാന്തി ശുശ്രൂഷ. രോഗപീഡകളാൽ ക്ലേശിക്കുന്ന പതിനായിരങ്ങൾക്ക് വചന ശുശ്രൂഷയ്ക്കു ശേഷം വ്യക്തിപരമായ ദിവ്യകാരുണ്യ ആശീർവ്വാദം നൽകുന്നു. കൂടാതെ ഭവനങ്ങളിൽ തളർന്നു കിടക്കുന്ന രോഗികളെ വചനകൂടാരത്തിലെ അഭിഷിക്തരടങ്ങുന്ന പ്രാർത്ഥനാടീം സന്ദർശിക്കുന്ന "കിടപ്പുരോഗി ഭവന സന്ദർശന ശുശ്രൂഷ" മഹത്തായ സംരംഭമാണ് Grass root level ലുള്ള കുടുംബപ്രേഷിതത്വത്തിലൂടെ അനേകരിൽ രക്ഷയും സൗഖ്യവും നിറയുന്നു.

**ജറുസലെം ശാന്തി ഗ്രാമം**

ഭവനത്തിൽ നിന്നും മാറിതാമസിച്ച് വചനം ശ്രവിക്കാനും, കൂദാശകളിലൂടെ, സ്നേഹ സാന്ത്വനവചസ്സുകളിലൂടെ സന്തോഷമുള്ളവരും ദൈവഹിതാനുവർത്തികളായി വചന സാക്ഷികളായി ജീവിക്കാൻ, തളർന്നു കിടക്കുന്ന രോഗികളെ ജറുസലെം സജ്ജമാക്കുന്നു. 12 പേർക്ക് 20 ദിവസങ്ങൾ സേവന സന്നദ്ധരായ നേഴ്സുമാരുടെയും പ്രതിഫലമന്യേ പ്രവർത്തിക്കുന്ന സ്നേഹസേവന ശുശ്രൂഷകരുടെയും ശുശ്രൂഷ ഏറ്റുവാങ്ങാൻ സൗകര്യമൊരുക്കുന്ന സൗഖ്യശുശ്രൂഷയാണ് ശാന്തിഗ്രാമം.

**ഹോളിഫയർ – യുവജനമുന്നേറ്റം**

മാസാദ്യ ഞായറാഴ്ചകളിൽ പഠനത്തിലും പരിശീലനത്തിലും ജോലികളിലും വ്യാപൃതരായ യുവജനങ്ങൾ വചനത്തിൽ വളരാനും, വിശുദ്ധമായ അഗ്നി ഹൃദയത്തിൽ ജ്വലിക്കുന്നതിനുമായി ഒരുമിച്ചു കൂടുന്നു. മൂന്നാം ശനിയാഴ്ചകളിലെ രാത്രിയാമങ്ങളിൽ ലോകസമാധാനത്തിനും സുവിശേഷവത്കരണത്തിനുമായി ദിവ്യകാരുണ്യസന്നിധിയിൽ പ്രാർത്ഥിക്കുന്നു.

**ജറുസലെം കുരിശ്**

വ്യക്തികൾക്കും വാഹനത്തിനും കുടുംബങ്ങൾക്കും സ്ഥാപനങ്ങൾക്കും സംരക്ഷണം നൽകുന്ന ജറുസലെം കുരിശിന്റെ സന്നിധാനം നാനാ ജാതിമതസ്ഥരായ ദൈവജനത്തിന്റെ അഭയസ്ഥലമാണ്. നാഷണൽ ഹൈവേയ്ക്ക് അഭിമുഖമായി 24 അടി ഉയരത്തിൽ മനുഷ്യഹൃദയത്തിൽ നിന്നുയരുന്നതു പോലെ പണിതുയർത്തിയ കുരിശിലേക്ക് കയറാൻ ഇരുവശങ്ങളിലും 14 ചവിട്ടുപടികളുണ്ട്. ഉയിർത്തെഴുന്നേറ്റ മനുഷ്യന്റെ പ്രതീകമായ തിരുക്കച്ചയും, പരിശുദ്ധാത്മാവിന്റെ പ്രതീകമായ പ്രാവും, തിരുരക്താഭിഷേകം നൽകുന്ന മുൾമുടിയും, ഹൃദയത്തിൽ നിന്നും ഒഴുകുന്ന ജീവന്റെ അരുവികളും ചിന്തോദ്ദീപകമാണ്. പ്രതീകങ്ങളാൽ സമ്പന്നമായ കുരിശിന്റെ സന്നിധാനം ജറുസലെം സ്പിരിച്ച്വൽ പാർക്കിന്റെ പ്രഥമ നാഴിക കല്ലാണ്.

**വിയ മരിയേ**

പരിശുദ്ധ വ്യാകുലമാതാവിന്റെ ഏഴു വ്യാകുലങ്ങളെ ലില്ലിപ്പൂവിനുള്ളിൽ മനോഹരമായി രൂപകല്പന ചെയ്തിട്ടുള്ള സുകൃതങ്ങളുടെ വഴിത്താരയാണ് വിയ മരിയേ (മാതാവിന്റെ വഴി) വ്യക്തിപരമായ ആത്മീയ വളർച്ചയും, പാപശാപബന്ധങ്ങളിൽ നിന്നുള്ള വിമോചനവും, യേശുക്രിസ്തുവിനോടു ഐക്യപ്പെട്ട് ജീവിത ദുഃഖങ്ങൾ സഹിക്കുന്നതിനുള്ള ശക്തിയും വിയ മരിയേയിലൂടെയുള്ള തീർത്ഥാടനം ലഭ്യമാക്കുന്നു.

**മരിയൻ മണ്ഡപം**

2004 ജനുവരി 4ന് സാക്ഷാത്കരിക്കപ്പെട്ട CMI സഭയുടെ സ്വപ്നമാണ് ജറുസലെം മരിയൻ മണ്ഡപം, മാതൃസ്തുതി വർണ്ണനകൾ പ്രകീർത്തിക്കുന്ന ലുത്തിനിയായുടെ 58 ചിത്രീകരണങ്ങളും, വിശുദ്ധരുടെ സജീവമായ സാന്നിധ്യമേകുന്ന 58 വിശുദ്ധരുടെ തിരുശേഷിപ്പുകളും, 16 വ്യത്യസ്ത രാജ്യങ്ങളിൽ പ്രത്യക്ഷപ്പെട്ട മാതാവിന്റെ ചിത്രങ്ങളും അതിമനോഹരമായി ചിത്രീകരിച്ചിരിക്കുന്ന വൃത്താകൃതിയിലുള്ള ആത്മീയസൗധമാണ് മരിയൻ മണ്ഡപം. വിജയസഭയും സമരസഭയും, സഹനസഭയും ഒന്നിക്കുന്ന പുണ്യസംഗമമാണ് മരിയൻ മണ്ഡപം. പതിനായിരങ്ങൾ അനുദിനവും തീർത്ഥാടനം ചെയ്യുന്ന തീർത്ഥാടകഭൂമിയാണ് ജറുസലെമിനെ ദൈവപരിപാലന ഉയർത്തുകയാണ് ജറുസലെം സ്പിരിച്ചൽ പാർക്കിന്റെ അവിഭാജ്യ ഘടകമാണ് ജറുസലെം മരിയൻ മണ്ഡപം.

**ചിൽഡ്രൻസ് സ്പിരിച്ചൽ പാർക്ക്**

കുഞ്ഞുങ്ങളുടെ ലോകം തിരിച്ചറിഞ്ഞ ജറുസലെമിന്റെ 2004 ൽ പൂർത്തീകരിക്കാനുള്ള നൂതനസംരംഭമാണ് ചിൽഡ്രൻസ് സ്പിരിച്ചൽ പാർക്ക്, കുഞ്ഞുങ്ങളുടെ ഈ ആത്മീയ ഉദ്യാനത്തിൽ Mary's cave, infant Jesus Mount, Lucky child, Dreaming child, Boosting child, Praying child, God experienced child സവിശേഷതകളാണ്. കുഞ്ഞുങ്ങളെ സത്‌വഴിയിലൂടെ നടത്താനാഗ്രഹിക്കുന്നവർക്കും, കുഞ്ഞുങ്ങളെ വിശുദ്ധരും പ്രതിഭാശാലികളുമാക്കാൻ കൊതിക്കുന്നവർക്കും ഇതൊരു അനുഗ്രഹമായിരിക്കും. നൂതന ശുശ്രൂഷകളുടെ വഴിത്താരയിൽ പുതിയ നാഴികക്കല്ലുകൾ പിന്നിടുകയാണ് ജറുസലെം.

ജറുസലെമിലെ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്ന റവ. ഫാ. ഡേവിസ് പട്ടത്ത് റവ. ഫാ. യുസ്റ്റസ് തോട്ടാൻ CMI റവ. ഫാ ദേവസ്യ കാനാട്ട് CMI റവ. ബ്രദർ ജോ. ആന്റെണി പാച്ചേരിൽ CMI എന്നിവർ ദൈവജനത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാൻ സദാ സന്നദ്ധരാണ് പുണ്യപിതാവായ ചാവറയച്ചന്റെ ഇരുനൂറാം ജന്മശതാബ്ദിയും, 45 ഡീക്കന്മാരുടെ തിരുപട്ടാഭിഷേകത്തിനുംവേണ്ടി ജറുസലെം വചനകൂടാരം അണിഞ്ഞൊരുങ്ങുകയാണ് സഭയുടെ ആവശ്യങ്ങൾക്കനുസൃതം ജറുസലെം വളരുന്നതിൽ ദൈവത്തിനു നന്ദി പറയുന്നു. അഭിവന്ദ്യപിതാക്കന്മാരെയും, സന്ന്യാസിനി സന്ന്യാസികളെയും, വൈദികരെയും, തിരുപട്ടാഭിഷേകത്തിന് ഒരുങ്ങുന്ന ഡീക്കന്മാരുടെ മാതാപിതാക്കളെയും ബന്ധുജനങ്ങളെയും ഞങ്ങൾ സ്വാഗതം ചെയ്യുന്നു. ജറുസലെമിന്റെ പ്രാർത്ഥനയിലും സ്വപ്നങ്ങളിലും ശുശ്രൂഷകളിലും നമുക്ക് ഒന്നിക്കാം......... ദൈവത്തിന്റെ രാജ്യം വളർന്നു വലുതാകട്ടെ!!

# അപ്രതീക്ഷവും സാഹസികവുമായ ഒരു മിഷൻ അനുഭവം

*സിസ്റ്റർ ജോൺ മേരി സി. എം. സി.*
*ജാർഗഢ്*

1977 ലെ ഒരു അനുഭവമാണിത്. മദ്ധ്യപ്രദേശിൽ പെട്ട സഭാഗ് എന്ന ഗ്രാമത്തിൽ ഒരു പ്രത്യേകതരം പകർച്ചവ്യാധിക്കാരെ ചികിത്സിക്കുവാനും പരിചരിക്കുവാനും വേണ്ടി സി. എം. സി. യിലെ രണ്ട് സിസ്റ്റേഴ്സ് സബാഗിൽ താമസിക്കുന്ന അവസരം. ഒരു ദിവസം സിസ്റ്റേഴ്സ് രണ്ടുപേരും ഒരുമിച്ച് ഗ്രാമവാസികളെ സന്ദർശിക്കുവാൻ പുറപ്പെട്ടു. കരടികളും, കാട്ടുമൃഗങ്ങളും നിറഞ്ഞ വന പ്രദേശമാണത്. നടന്ന് നടന്ന് വൈകുന്നേരമായപ്പോൾ ഒരു ഗ്രാമത്തിലെത്തി. തിരിച്ചു ഭവനത്തിലെത്തുവാൻ സമയമില്ലായിരുന്നു. ആ ഗ്രാമത്തിലെ ഭവനത്തിൽ ആ രാത്രി വിശ്രമിക്കുവാൻ സ്ഥലം തരുമോ എന്ന് സിസ്റ്റേഴ്സ് ചോദിച്ചു. ഇവിടെ താമസിക്കുവാൻ പററുകയില്ല എന്നായിരുന്നു ഉത്തരം. (അവർക്ക് സിസ്റ്റേഴ്സിനെ പരിചയമില്ലായിരുന്നു). ഉടനെ അവർ മറെറാരു ഗ്രാമത്തിലേക്ക് പുറപ്പെട്ടു. തിരസ്ക്കരണമാണ് ലഭിച്ചത്. ഇനി എന്തു ചെയ്യും, ഏതായാലും ഇരുട്ടി തുടങ്ങിയെങ്കിലും അടുത്ത ഗ്രാമത്തെ ലക്ഷ്യമാക്കി അവർ യാത്ര തുടർന്നു. ഇരുട്ടിതുടങ്ങിയപ്പോൾ അവർ അടുത്ത ഗ്രാമങ്ങളിൽ എത്തി. അവിടെ ഒരു പെൺകുട്ടി മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആ കുട്ടിയോട് ഇവരുടെ ആവശ്യം അറിയിച്ചു. ആ കുട്ടി പറഞ്ഞു അച്ഛൻ ഇവിടെയില്ല. ഏതായാലും വരാന്തയിൽ ഇരിക്കുക അച്ഛൻ വരുന്നതു വരെ, എന്നായിരുന്നു മറുപടി. ഏതായാലും ഇരിക്കാനെങ്കിലും ഒരു സ്ഥലം കിട്ടിയല്ലോ എന്ന സമാധാനത്തിൽ സിസ്റ്റേഴ്സ് അവിടെയിരുന്നു. രാത്രി എട്ടുമണി കഴിഞ്ഞപ്പോൾ കുടുംബനാഥൻ എത്തി. അയാൾ ആകെ പരിഭ്രാന്തനായി കാണപ്പെട്ടു. സിസ്റ്റേഴ്സ് ചോദിച്ചു, എന്തേ അസ്വസ്ഥനായി കാണപ്പെടുന്നു. അയാൾ പറഞ്ഞു; അല്പം കഴിയുമ്പോൾ ഒരു കൂട്ടം ആളുകൾ ഇവിടെ വരും. അവർ വരുമ്പോഴേക്കും ആടുകൾ, കോഴികൾ, രൂപാ, അരി ... ഇത്ര വീതം ശേഖരിച്ച് അവർക്ക് കൊടുക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. അതിനാൽ അവർ പറഞ്ഞവ ശേഖരിക്കാനുള്ള ബദ്ധപ്പാടിലാണ് ഗ്രാമവാസികൾ മുഴുവനും. എല്ലാവരും ഭയചകിതരും, പരിഭ്രാന്തരുമാണ്. ഗ്രാമവാസികൾ എല്ലാവരും ഒരു സ്ഥലത്ത് ഒരുമിച്ചു.

ഇനി സിസ്റ്റേഴ്സും ഗ്രാമവാസികളും തമ്മിലുള്ള സംസാരം താഴെ ചേർക്കാം.
സി. അവർ എത്ര പേരുണ്ട്?
ഗ്രാമ.അവർ പത്തു പേർ.

സി. നിങ്ങൾ എത്ര പേരുണ്ട്?
ഗ്രാമ. ഞങ്ങൾ 40 പേർ.
സി. നിങ്ങൾ 40 പേർ കൂടിയാൽ 10 പേരെ തുരത്തുവാൻ പററുകയില്ലേ?
(അവർ നിസ്സഹായരായി കാണപ്പെട്ടു).

സി. ഞങ്ങൾ മുൻപിൽ നിൽക്കാം. നിങ്ങൾ ഞങ്ങളുടെ പിന്നാലെ നിൽക്കുക. അവർ വരുമ്പോൾ ഞാൻ പറയുന്നതു പോലെ ചെയ്യുക. (അവർ എല്ലാവരും സമ്മതിച്ചു). സി. അടുത്തുള്ള വേലിപ്പത്തലുകളും, വടികളു, കോടാലിയും വാക്കത്തിയുമെല്ലാം കയ്യിലെടുക്കുക. എല്ലാവരുടേയും കൈകളിൽ എന്തെങ്കിലും ഉപകരണം വേണം. നിങ്ങൾ ആരും ഒന്നും സംസാരിക്കേണ്ട. ഞങ്ങൾ സംസാരിച്ചുകൊള്ളാം. അപ്പോഴേക്കും അവർ അടുത്തെത്തി. ഒരാൾ കുതിരപ്പുറത്ത് മററു സ്ഥലങ്ങളിൽ നിന്ന് ശേഖരിച്ച അരി മററു സാധനങ്ങളെല്ലാം കുതിരപ്പുറത്ത്. ആട്, കോഴി മുതലായവ തൊട്ടു പിന്നാലെയുള്ളവരുടെ കൈവശം. കുതിരപ്പുറത്തിരിക്കുന്നവന് രണ്ട് പേർ പങ്ക വീശുന്നു. അവർ എന്തോ വിളിച്ചു പറയുന്നുണ്ട്. അവരെ കണ്ടപ്പോൾ തന്നെ സിസ്റ്ററിന്റെ നിർദേശാനുസരണം എല്ലാവരും ലൈൻ ആയി നിന്നു. സിസ്ററർ മുൻപോട്ടു ചെന്നു ചോദിച്ചു, നിങ്ങൾ ആരാണ്, എവിടെ നിന്ന് വരുന്നു. നിങ്ങളുടെ ഉദ്ദേശം എന്താണ്. നിങ്ങൾ മര്യാദക്ക് സ്ഥലം വിട്ടില്ലെങ്കിൽ നിങ്ങളെയൊക്കെ ഇപ്പോൾ തന്നെ ശരിപ്പെടുത്തും. ഉടനെ പിന്നിൽ അണി നിരന്നിരുന്നവരെല്ലാം വടിയും കോടാലിയുമൊക്കെയായി മുൻപോട്ടാഞ്ഞു. വന്നവരെല്ലാം ജീവനും കൊണ്ട് സ്ഥലം വിട്ടു. അവർ കൊണ്ടുവന്നിരുന്ന ആടുകളേയും കോഴികളേയുമെല്ലാം അവിടെ ഉപേക്ഷിച്ചു. അന്നു രാത്രി വലിയ സദ്യ ഒരുക്കി. കോഴി ആട് മുതലായവ. തങ്ങളെ രക്ഷിക്കാൻ ദൈവം അയച്ച ദേവതമാരാണ് സിസ്റ്റേഴ്സ് എന്ന് അവർ പറഞ്ഞു. പിറേറ ദിവസം രാവിലെ സിസ്റ്റേഴ്സ് ഏതാനും പേരെ അടുത്ത ഗ്രാമത്തിലേക്കയച്ചു. അവിടേയും അവർ എല്ലാം ശേഖരിക്കുകയായിരുന്നു. ഇവരെ കണ്ടപ്പോൾ അവർ ജീവനും കൊണ്ട് സ്ഥലം വിട്ടു. പിന്നീട് ഇത്തരം ശല്യം ഗ്രാമവാസികൾക്കുണ്ടായിട്ടില്ല.

# വിശുദ്ധ നാട്ടിലൂടെ ഒരു തീർത്ഥയാത്ര



*ഫാ. ചാക്കോ തെങ്ങുംപള്ളി, Germany*

പാലസ്തീനാ എന്ന പേര് കേൾക്കുമ്പോൾ വി. നാട് എന്നാണ് നമ്മുടെ മനോമുകുരത്തിൽ പൊന്തി വരുന്ന ചിന്ത. അന്ധകാരത്തിന്റെ ശക്തിക്ക് വഴിപ്പെടാതെ പ്രകാശത്തിന്റെ മക്കളായി വളരുവാൻ പരിശ്രമിച്ച കുംറാൻ സമൂഹം (Qumran Community). വിശ്വാസത്തിന്റെ മാററുരച്ചപ്പോൾ വിശ്വാസ ദാർഢ്യം ഉറക്കെ വിളിച്ചു പറഞ്ഞ പിതാവായ അബ്രാഹം തന്റെ അകാലജാതനായ മകനെ ബലിക്കഴിക്കാൻ തയ്യാറായ മോറിയ മല. ദൈവപുത്രന്റെ ജന്മം കൊണ്ട് അനുഗ്രഹീതമായ ബത്‌ലഹം. യേശുവിന്റെ പാദ സ്പർശം കൊണ്ട് അനുഗ്രഹീതമായ ഗലീലിയ കടലും, അതിന്റെ പരിസരങ്ങളും. യേശുവിന്റെ പല ജീവിത സംഭവങ്ങൾക്കും സാക്ഷ്യം വഹിച്ച ജറുസെലം ദേവാലയം സ്ഥിതിചെയ്തിരുന്ന പൂജ്യ സ്ഥലം. യേശു രക്തം വിയർത്തു പ്രാർത്ഥിച്ച ഗദ്സമനി (ഒലിവു മല). യേശുവിന്റെ കുരിശുമരണം കൊണ്ടും, ഉത്ഥാനം കൊണ്ടും, തീർത്ഥാടകരുടെ കണ്ണുകളെ ഈറനണിയിക്കുന്ന ഗാഗുൽത്താ മല. ഇവയെല്ലാം ഇന്നത്തെ ഇസ്രായേലിലും, പാലസ്തീനായിലും ആയി വ്യാപിച്ചു കിടക്കുന്ന സ്ഥലങ്ങളാണ്. മുഹമദ്ദ് നബി മക്കയിൽ ജനിച്ചു എങ്കിലും, സ്വർഗ്ഗ പ്രവേശനം നടത്തുന്നത് പഴയ ജറുസെലം പട്ടണത്തിന്റെ ഹൃദയ ഭാഗത്തു സ്ഥിതി ചെയ്യുന്ന മൊറിയ മലയിൽ നിന്നാണ്. അങ്ങനെ യഹൂദമതത്തിന്റെയും, ക്രിസ്തു മതത്തിന്റെയും ഇസ്ലാം മതത്തിന്റെയും, ജന്മ സ്ഥലമെന്നു വിശേഷിപ്പിക്കാവുന്ന പാലസ്തീനായിലൂടെ ഒരു തീർത്ഥാടനം നടത്തുന്നത് നമ്മുടെ ദൈവ വിശ്വാസത്തെ ദൃഢമാക്കു മെന്നതിൽ സംശയമില്ല.

67 ലക്ഷം ജനങ്ങൾ ഉള്ള ഒരു ചെറിയ രാജ്യമാണ് ഇന്നത്തെ ഇസ്രായേൽ. ഇതിൽ പഴയ തലസ്ഥാന നഗരിയായ ജറുസലേമിൽ 7 ലക്ഷം ജനങ്ങളും, ഇപ്പോഴത്തെ തലസ്ഥാനമായ റൈറൽ അവിവിൽ (Tel Aviv) 4.5 ലക്ഷം ജനങ്ങളും, മദ്ധ്യധരണ്യാഴി (Meditarian Sea) യുടെ തീരത്തു സ്ഥിതി ചെയ്യുന്ന തുറമുഖപട്ടണമായ ഹൈഫാ (Haifa) യിൽ 3 ലക്ഷം ജനങ്ങളും പാർക്കുന്നു. ഈ ജനങ്ങളിൽ ഭൂരിഭാഗം ആളുകളും, മുസ്ലീമുകളും, യഹൂദരുമാണ്. ക്രിസ്ത്യാനികൾ പേരിനു മാത്രം.

1. ചാവു കടൽ:

ഇന്നത്തെ ഇസ്രായേലിന്റെ തെക്കു ഭാഗത്തായിട്ടാണ് ചാവു കടൽ (Dead Sea) സ്ഥിതി ചെയ്യുന്നത്. ഈ ചാവുകടലിന്റെ തീരത്ത് പഴയ സോദോം ഗൊമോറ പട്ടണങ്ങൾ സ്ഥിതി ചെയ്തിരുന്നതായി കണക്കാക്കപ്പെടുന്നു. ചാവുകടലിലെ എല്ലാ വിധ രാസ പദാർത്ഥങ്ങളും കൊണ്ട് സാന്ദ്രത കൂടിയ ജലത്തിൽ മനുഷ്യർ വീണു പോയാൽ താണു പോകുകയില്ല.

2. കുംറാൻ സമൂഹം (Qumran Community).

ചാവുകടലിന്റെ ഒരു വശത്ത് കുറച്ച് അകലെയായി ഉയർന്നു നിൽക്കുന്ന ചെറിയ മലയിലായിരുന്നു ബി. സി. 8, 7 നൂററാണ്ടുകളിൽ രൂപം കൊണ്ട കുംറാൻ സമൂഹം ജീവിച്ചിരുന്നത്. കുംറാൻ സമൂഹത്തിന്റെ പ്രധാന ചിന്ത അന്ധകാരത്തിന്റെ മക്കൾ പ്രകാശത്തിന്റെ മക്കളുമായി എപ്പോഴും യുദ്ധത്തിലാണ്. അതുകൊണ്ട് സാധാരണ ജനങ്ങളുടെയിടയിൽ ജീവിച്ചാൽ അന്ധകാര ശക്തിക്ക് വശം വദരായി പ്രകാശത്തിൽ നിന്ന് അകന്നു പോകുവാൻ സാധ്യതയുണ്ട്. അതു കൊണ്ട് 18 വയസ്സ് പൂർത്തിയായ ചെറുപ്പക്കാർ സ്വന്തം വിടും കുടുംബവും ഉപേക്ഷിച്ച് സ്ത്രീകളുമായി ബന്ധപ്പെടാതെ സമൂഹമായി ഈ മലയിലെ ഗുഹയിൽ ജീവിച്ചിരുന്നു. അന്ധകാര ശക്തിക്ക് വശംവദരാകാതിരിക്കാൻ പ്രത്യേക പ്രാർത്ഥനയും, ബാഹ്യവും ആന്തരികവുമായ ശുദ്ധി കൈവരിക്കുന്നതിനായി ആചാരപരമായ കുളിയും (Ritual Bath) അവർ ദിവസേന നടത്തിയിരുന്നു. കൂടാതെ പഴയ നിയമ ഗ്രന്ഥങ്ങളും, അവരുടെ സമൂഹത്തിന്റെ നിയമങ്ങളും, ഓരോ സെല്ലുകളിൽ ഏകാന്തമായിരുന്ന് പകർത്തി എഴുതുന്നതിനും ഇവർ ശ്രദ്ധിച്ചിരുന്നു. ഭക്ഷണത്തിനു മുൻപും, പിൻപും, ആചാരപരമായ കുളി (Ritual Bath) നടത്തിയിരുന്നതായി പറയപ്പെടുന്നു. വി. സ്നാപക യോഹന്നാൻ ഈ സമൂഹത്തിലെ അംഗമായിരുന്നു എന്ന് കണക്കാക്കപ്പെടുന്നു. പ്രീശരും നിയമജ്ഞരും ഈ കൈകഴുകൽ ശുശ്രൂഷ കൃത്യമായി പാലിച്ചിരുന്നു. (Mk. 7: 1-7). അന്ധകാരത്തിന്റെ മക്കളും, പ്രകാശത്തിന്റെ മക്കളുമായി നിരന്തര യുദ്ധത്തിലാണ്. അതിനാൽ തിന്മ വെടിഞ്ഞ് പ്രകാശത്തിന്റെ മക്കളെപ്പോലെ ജീവിക്കുവിൻ എന്ന കുംറാൻ സമൂഹത്തിന്റെ ആശയം വി. യോഹന്നാന്റെ ലേഖനത്തിലും (1 Jh. 1: 5-7) വി. പൗലോസിന്റെ ലേഖനത്തിലും (Eph 5. 7-14) നമുക്ക് കാണാവുന്നതാണ്.

3. ജറീക്കോ പട്ടണം.

ലോകത്തിലെ അതി പുരാതന പട്ടണങ്ങളിൽ ഒന്നും, ഫിലിസ്ത്യർ പടുത്തുയർത്തിയതുമായ ജറീക്കോ പട്ടണത്തിന് 6000 വർഷത്തെ ചരിത്രമുണ്ട് എന്ന് കണക്കാക്കപ്പെടുന്നു. പരിഛേദനം ചെയ്യപ്പെടാത്ത ഫിലിസ്ത്യരുടെ കൈകളാൽ വധിക്കപ്പെടാതിരിക്കാൻ സാവൂൾ രാജാവ് സ്വന്തം വാളിൻമേൽ വീണ് ആത്മഹത്യ ചെയ്യുന്നു. (1Sam, 31. 1-7) സാവൂളിന്റെ മകനായ ദാവീദ് രാജാവ് ഫിലിസ്ത്യരെ യുദ്ധത്തിൽ തോല്പിക്കുന്നു. (2Sam 5. 17-25) ഇവയൊക്ക നാം പഴയ നിയമത്തിൽ വായിക്കുന്നു. ഫിലിസ്ത്യർ എന്ന വാക്കിൽ നിന്നാണ് ഉരുത്തിരിഞ്ഞതെന്ന് പറയപ്പെടുന്നു.

ഈശോയുടെ കാലത്ത് ജറുസെലം ഒരു വലിയ പട്ടണവും, ജറീക്കോ ഒരു ചെറിയ പട്ടണവും ആയിരുന്നു. ഈശോയുടെ ഒരു നല്ല സമറിയാക്കാരന്റെ ഉപമയിലെ ജറുസലേമിൽ നിന്ന് ജറീക്കോയിലേക്ക് പോവുക ആയിരുന്നല്ലോ. (Luk, 10. 30) ജറുസലേമും ജറീക്കോയും തമ്മിൽ 25 കി. മീ. അകലമേ ഉള്ളൂ. ഇന്ന് 20,000 പേർ താമസിക്കുന്ന ചെറിയ പട്ടണമാണ് ജറീക്കോ. ജറീക്കോയിൽ വച്ച് ദാവീദിന്റെ പുത്രാ എന്നിൽ കനിയണമേ എന്ന് അലറിയ അന്ധനെ ഈശോ സുഖപ്പെടുത്തുമ്പോൾ ഒരു ജനക്കൂട്ടം ഈശോയുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. (Luk, 18. 35-43) ധനികനും, ചുങ്കക്കാരിൽ പ്രധാനിയുമായ സക്കെയുടെ വീടും ജറീക്കോയിൽ ആയിരുന്നല്ലോ. (Luk, 19. 1-10)

## 4. തിബേരിയസ് പട്ടണം. (Tiberias)

21. കി. മീ. ഏററവും കൂടുതൽ വീതിയുമുള്ളിടത്ത് 7.5 കി. മീ. ഉള്ളതുമായ ഒരു തടാകമാണ് ഗലീലിയാ കടൽ. ഈ തടാകത്തെ മുകളിൽ നിന്ന് നോക്കി നിൽക്കുന്ന മനോഹരമായ ഒരു പട്ടണമാണ് തിബേരിയസ് പട്ടണം. ഒരു ലക്ഷം ആളുകൾ ഇപ്പോൾ പാർക്കുന്ന ഈ പട്ടണം റോമാ ചക്രവർത്തിയായ തിബേരിയസിന്റെ നാമത്തിൽ ഹേറോദേസ് പണിയിപ്പിച്ചതാണ്. പിന്നീട് ഹേറോദേസിന്റെ മകൻ അഗ്രിപ്പാ (Agrippa) ന്റെ തലസ്ഥാനമാക്കുകയും ചെയ്തു. യേശുവിന്റെ കാലത്തുണ്ടായിരുന്ന ഈ പട്ടണത്തിന്റെ ഒരു വശത്തായി കിടക്കുന്ന ഗലീലിയ തടാകത്തിനാണ് തിബേരിയസ് കടൽ എന്ന് വി. യോഹന്നാൻ ശ്ലീഹാ വിളിക്കുന്നത്. തീർത്ഥാടകരെ ആകർഷിക്കുന്നതിനായി പണിചെയ്യപ്പെട്ടിട്ടുള്ള അംബര ചുംബികളായ പടുകൂററൻ മനോഹര മന്ദിരങ്ങൾ ഇപ്പോൾ തിബേരിയസ് പട്ടണത്തിന്റെ തൊടുകുറുയായി ശോഭിക്കുന്നു.

## 5. അഷ്ട ഭാഗ്യങ്ങളുടെ മല; (Mount of Beatitudes)

ഗലീലിയ തടാകത്തിന്റെ തൊട്ടു കരയിലായി 140 മീററർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന മനോഹരമായ ഒരു ചെറിയ മലയാണ് അഷ്ട ഭാഗ്യങ്ങളുടെ മല എന്ന പേരിൽ തീർത്ഥാടകരെ ആകർഷിച്ചു കൊണ്ടിരിക്കുന്നത്. ഇതിന് ഉപോൽബലകമായിട്ടുള്ള പുതിയ നിയമ ഭാഗം "ഈശോ ജനക്കൂട്ടത്തെ കണ്ടപ്പോൾ ഒരു മലയിലേക്ക് കയറി; അവിടെ ഇരുന്നുകൊണ്ട് അവരെ പഠിപ്പിക്കാൻ തുടങ്ങി"(Mt, 5.1) എന്നതാണ്. ബൈബിൾ പണ്ഡിതൻമാർ ഇതിന്റെ ചരിത്ര വസ്തുതയെ ചോദ്യം ചെയ്യുമെങ്കിലും, (കാരണം വി. ലൂക്കാ സുവിശേഷകൻ, വി. മത്തായിയുടെ ഈ മലയിലെ പ്രസംഗത്തിന്റെ ഭാഗങ്ങൾ 'സമതില പ്രസംഗം' ആയിട്ടാണ് എഴുതിയിരിക്കുന്നത്. (Lk, 6. 17) സാധാരണ വിശ്വാസമുള്ള നല്ല ക്രിസ്ത്യാനികൾ ഈ മലയിൽ ഇരുന്നുകൊണ്ടു തന്നെയാണ് ഈശോ അഷ്ട ഭാഗ്യങ്ങൾ ഉരുവിട്ടതെന്ന് ഉറച്ചു വിശ്വസിക്കുന്നു.ഈ മലയിൽ അഷ്ടഭാഗ്യങ്ങളെ പ്രതീകാത്മകമായി സൂചിപ്പിക്കുന്ന എട്ടു വട്ടത്തിൽ നിർമ്മിക്കപ്പെട്ട അതി മനോഹരമായ ഒരു ചെറിയ ദേവാലയമുണ്ട്. ഈ ദേവാലയത്തിന്റെ മദ്ധ്യത്തിലായി പ്രതിഷ്ഠിച്ചിരിക്കുന്ന കുരിശിനു ചുററും ആൾക്കാർക്ക് പ്രാർത്ഥിക്കുവാനുള്ള സ്ഥലം ക്രമീകരിച്ചിരിക്കുന്നു. അതുപോലെ തന്നെ എട്ടു വട്ടത്തിലുള്ള ഈ ദേവാലയത്തിന്റെ വിശാലമായ വരാന്തയുടെ അകത്തെ ഭിത്തിയുടെ ചുററും ചില്ലു പിടിപ്പിച്ചിരിക്കുന്നതിനാൽ ദേവാലയത്തിന്റെ അകത്ത് പ്രതിഷ്ഠിച്ചിരിക്കുന്ന കുരിശ് വരാന്തയുടെ എവിടെ നിന്ന് നോക്കിയാലും കാണാവുനവനതാണ്. കുരിശ് ഈശോയുടെ പ്രതീകമാണല്ലോ! ഈശോ ഈ മലയിലെ പ്രസംഗം അവിടെ വരുന്ന എല്ലാ ഭക്ത ജനങ്ങളേയും നോക്കി ഉരുവിടുന്നു എന്ന് നമുക്ക് തോന്നിപ്പോകും ഈ ദേവാലയം കണ്ടാൽ.

ഈ ദേവാലയത്തിന്റെ പരിസരത്ത് പല ചെറിയ അൾത്താരകളും, അതിനുചുററും ഇരിക്കുവാനുള്ള വാർക്ക ബഞ്ചുകളും നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ഭക്ത ജനങ്ങൾ ചെറിയ ഗ്രൂപ്പുകളായി വന്ന് വിശ്വാസത്തിലൂടെ ഈശോയെ ശ്രവിച്ച് ഗലീലിയ കടലിന്റെ മനോഹാരിതയും ആസ്വദിച്ച് അഷ്ടഭാഗ്യങ്ങൾ പ്രാപിച്ച് സമാധാനത്തോടും, ആത്മ സംതൃപ്തിയോടും കൂടെ തിരിച്ചു പോകുന്നു.

## 6. പർഗ്ഗ; (Pargha)

അഷ്ടഭാഗ്യങ്ങളുടെ മല കാൽനടയായി ഇറങ്ങിച്ചെന്നാൽ എത്തിച്ചേരുന്ന സ്ഥലമാണ് പർഗ്ഗ. ഇതിന്റെ ഒരു വശത്ത് നിന്ന് ഗലീലിയ തടാകത്തിലേക്ക് നമുക്കിറങ്ങാം.

പൊള്ളുന്ന വെയിലത്ത് അഷ്ടാംഗഭാഗ്യങ്ങളുടെ മല ഇറങ്ങിവരുന്ന ഭക്ത ജനങ്ങൾ കണ്ണീരു പോലുള്ള ഗലീലിയ തടാകത്തിലെ വെള്ളത്തിൽ മുഖം കഴുകിയില്ലെങ്കിലെ അത്ഭുതമുള്ളൂ! ഇവിടെ തന്നെയുള്ള ഒരു വലിയ കരിങ്കൽ പാറ ഉള്ളിലാക്കി ഒരു ദേവാലയം പണിചെയ്യപ്പെട്ടിട്ടുണ്ട്. ഇവിടെ വച്ചാണ് കർത്താവ് "പത്രോസേ നീ പാറയാകുന്നു; ഈ പാറമേൽ എന്റെ പള്ളി ഞാൻ പണിയും, നരകവാതിലുകൾ അതിനെതിരായി പ്രബലപ്പെടുകയില്ല" (Mt. 16. 18-20) പറയപ്പെടുന്നു. ചരിത്ര വസ്തുത എന്തായാലും ഈ പാറയിൽ ചവിട്ടി, ഗലീലിയ കടലിൽ കിടക്കുന്ന ബോട്ടിൽ കാലിൽ വെള്ളം തൊടാതെ ആർക്കും കയറുവാൻ സാധിക്കും.

ഈ ചെറിയ ദേവാലയത്തിൽ നിന്ന് 500 മീററർ ദൂരെയായി ഒരു സമതല പ്രദേശമുണ്ട്. അവിടെ വച്ചാണ് ഈശോ അഞ്ചപ്പവും, രണ്ടു മീനും കൊണ്ട് അയ്യായിരം പേരെ സംതൃപ്തരാക്കിയ സംഭവം (Mk,6. 31- 44; Mt, 14. 13 - 21; Luk, 9. 10- 17) നടന്നതെന്ന് പറയപ്പെടുന്നു. ഇവിടെ ജർമ്മനിയിലെ കൊളോൺ രൂപതയുടെ സാമ്പത്തിക സഹായത്തോടെ ഒരു വലിയ ദേവാലയം പണിചെയ്യപ്പെട്ടിട്ടുണ്ട്. ഈ ദേവാലയത്തിന്റെ പരിസര പ്രദേശം നിരപ്പുള്ളതാകയാൽ അയ്യായിരം പേർക്ക് ഒന്നിച്ചിരുന്ന് ഭക്ഷിക്കുവാനുള്ള സ്ഥലമുണ്ടല്ലോ എന്ന് കാണികൾക്ക് തോന്നിപോകും. യേശുവിന്റെ ഉത്ഥാനത്തിനു ശേഷം ആ പരിസരത്തുണ്ടായിരുന്ന യഹൂദ ക്രിസ്ത്യാനികൾ ഇവിടെ വന്നു പ്രാർത്ഥിച്ചു പോയതായി പാരമ്പര്യം പറയുന്നു. ഈ സ്ഥലത്തിന്റെ ചരിത്രം പറയുന്നത് എ. ഡി. 350 ൽ ഇവിടെ ഒരു ദേവാലയം കോൺസ്റ്റന്റൈൻ (Constantine) ചക്രവർത്തിയുടെ നേതൃത്വത്തിൽ പണി ചെയ്യപ്പെട്ടു. പിന്നീട് അത് വലുതാക്കി പുതുക്കി പണിതു. 7 ാം നൂററാണ്ടിൽ മുസ്ലീമുകൾ വന്നതോടെ ഈ ദേവാലയം നിശ്ശേഷം തകർക്കപ്പെട്ടു. ഇപ്പോഴത്തെ ഈ മനോഹരമായ വലിയ ദേവാലയം 20 ാം നൂററാണ്ടിൽ പണിചെയ്യപ്പെട്ടതാണ്.

തുടരും.......................

# വയനാട്ടിൽ ഒരു ചാവറ തീർത്ഥാടന കേന്ദ്രം

*ഫാ. ഫ്രാൻസിസ് ഞള്ളമ്പുഴ*

ഞാൻ ഫാ. ഫ്രാൻസിസ് ഞള്ളമ്പുഴ സി. എം. ഐ. മാനന്തവാടി രൂപതയുടെ അധീനതയിലുള്ള മേരി മാതാ കോളേജിൽ അഞ്ച് വർഷമായി അദ്ധ്യാപകനാണ്. മൂന്നു വർഷമായി ഈ രൂപതയിലുള്ള ഒരു ചാവറ പള്ളിയുടെ വികാരിയുമാണ്. താൽകാലികമായുണ്ടാക്കിയ ഒരു ഷെഡ്ഡിൽ കുർബാനയർപ്പിക്കുന്നു. ആകെ 44 കുടുംബങ്ങൾ മാത്രം. എല്ലാവരും തന്നെ കൂലിപണിക്കാർ. മാനന്തവാടി രൂപതയുടെ മുൻ മെത്രാനായിരുന്ന എമ്മാനുവേൽ പോത്തനാമുഴി പിതാവാണ് എന്നെ ഈ പള്ളി ഏൽപിച്ചത്. ശോചനീയമായ അവസ്ഥയിൽ നിന്നും, ഈ പള്ളി പുനരുദ്ധരിക്കേണ്ടതിന്റെ ആവശ്യകത എല്ലാവർക്കും ബോദ്ധ്യമുള്ളതാണ്. എമ്മാനുവേൽ പിതാവ് ചരമമടയുന്നതിന് മൂന്നു മാസം മുൻമ്പ് പള്ളി സന്ദർശിക്കുകയും, പ്രവചനപരമായ ഒരു പ്രസംഗം പറയുകയുമുണ്ടായി. അദ്ദേഹത്തിന്റെ പൂർത്തികരിക്കപ്പെടാത്ത ഒരു അഭിലാഷമായിരുന്നു ചാവറയച്ചന്റെ പേരിൽ ഒരു തീർത്ഥാടന കേന്ദ്രം ഈ രൂപതയിൽ സ്ഥാപിക്കുക എന്നത്. ഇമ്മാനുവേൽ പിതാവിന്റെ പ്രസംഗത്തിൽ നിന്നും പ്രസക്തഭാഗങ്ങൾ ഉദ്ധരിക്കാം.

**എമ്മാനുവേൽ പിതാവിന്റെ പ്രവചനപരമായ പ്രസംഗം**

ചാവറയച്ചന്റെ പേരിൽ വയനാട്ടിൽ ആദ്യമായി സ്ഥാപിതമായ ദൈവാലയമാണിത്. 14 വർഷങ്ങൾക്കുമുൻമ്പ് ചാവറയച്ചന്റെ പേരിൽ മററ് രണ്ട് പള്ളികൾ കൂടി ഈ രൂപതയിലുണ്ട്. എങ്കിലും ചാവറയച്ചന് ഉചിതമായ ഒരു തീർത്ഥാടന കേന്ദ്രം ഈ രൂപതയിലില്ല. പടമല പള്ളി, വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയുടെ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിതമാണ്.രണ്ട് കൊല്ലം മുൻപാണ് ആ പള്ളി പുതുതായി പണി കഴിപ്പിച്ചത്. അതിനടുത്തുള്ള ഈ പള്ളി പുതുക്കി പണിതുകഴിഞ്ഞാൽ ഇതു വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ തീർത്ഥാടന കേന്ദ്രമായി സ്ഥാപിക്കുന്നത് ഉചിതമായിരിക്കും. അതിനാൽ ഈ ദേവാലയം നിർമ്മിക്കുന്നത് ഒരു ഇടവകപള്ളി എന്ന ചിന്തയോടെ മാത്രമാകരുത്. നാല്പതോ, അമ്പതോ കുടുംബങ്ങൾ മാത്രമുള്ള ഒരു ഇടവകപള്ളി എന്ന നിലയിലാണെങ്കിൽ നിലവിലുള്ള ഈ ദേവാലയത്തേക്കാൾ അല്പം കൂടി വലുതായി നിർമ്മിച്ചാൽ മതിയാകും. എന്നാൽ ഈ പള്ളിയെ കുറിച്ചുള്ള സങ്കല്പം അതല്ല. സി. എം. ഐ. സഭാംഗങ്ങൾ ആരുടേയും പ്രേരണ കൂടാതെ ബ. തൂങ്കുഴി പിതാവിന്റെ ഭരണകാലത്ത് സ്ഥാപിതമായ ദേവാലയമാണിത്....അതോ അദ്ദേഹം ഭരണം ഏറെറടുക്കുന്നതിന് മുൻപാണോ എന്ന് എനിക്ക് തീർച്ചയില്ല. ഏതായാലും ജനങ്ങളുടെ ആഗ്രഹപ്രകാരംഅരമനയിൽ നിന്ന് അനുവദിച്ചതാണിത്. വിശ്വാസികളിൽ നിന്നുമുണ്ടായ ഈ പ്രേരണക്കു പിന്നിൽ സി. എം. സി, സന്ന്യാസിനികളുടെ ആഗ്രഹവും ഉണ്ടായിരുന്നതായി ഞാൻ കരുതുന്നു. ഒരു സി. എം. സി മഠം ആദ്യകാലം മുതൽ ഇവിടെ ഉണ്ടായിരുന്നു എന്നത് ഒരു കാരണമായി കരുതാം. നമ്മുടെ രൂപതയുടെ ഭരിച്ച

സാമ്പത്തിക ബാദ്ധ്യതകൾ മൂലം ഈ ദേവാലയത്തെ പരിഗണിക്കുവാൻ കഴിഞ്ഞി എന്നത് ഒരു വസ്തുതയാണ്.

ഏതായാലും ഇപ്പോൾ നിങ്ങളുടെ വികാരിയച്ചനും കൈകാരൻമാരുമെല്ലാം ഈ ആഗ്രഹം പറഞ്ഞപ്പോൾ ഇനിയുമത് നീട്ടിവക്കേണ്ടതില്ല എന്ന് ഞാൻ വിചാരിക്കുന്നു ഭൗതീകമായ പുരോഗതിക്ക് ശ്രമിക്കുന്നതോടൊപ്പം ഈ രൂപതക്ക് പ്രാർത്ഥനയുടെ ശക്തി തെളിയിക്കുന്നതിനായി ചില സ്ഥാപനങ്ങൾ ഉണ്ടാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു പുതിയ പള്ളി പണിയുവാനുള്ള അപേക്ഷ ഉടനെ സമർപ്പിക്കുക. തുടർന്നുള്ള നടപടികൾ ആരംഭിക്കാവുന്നതാണ്.

പണത്തിന്റെ കാര്യത്തിൽ നമുക്ക് തീർച്ചയില്ല, എങ്കിലും പണി തുടങ്ങുമ്പോൾ അത് എവിടെ നിന്നെങ്കിലും ഉണ്ടാകുന്ന അനുഭവമാണ് കണ്ടിട്ടുള്ളത്. പല പള്ളികളുടെയും ചരിത്രം അതാണ്. ഇസഹാക്കിനോട് അബ്രാഹം പറഞ്ഞതുപോലെ ബലിയർപ്പിക്കാനുള്ള മൃഗം മലയിൽ വച്ച് ദൈവം തന്നുകൊള്ളും. ദൈവത്തിന്റെ മലയിൽ ഒന്നിനും കുറവുണ്ടാവുകയില്ല എന്ന് പഴയ നിയമത്തിൽ എഴുതപെട്ടിരിക്കുന്നു ഇടയർകുന്ന് എന്ന ഈ മല ശാന്തവും, പ്രാർത്ഥനക്ക് പററിയതുമാണ്. ഇവിടം നിശബ്ദമായ ധ്യാനത്തിന് പററിയ ഒരു വസതിയാക്കി മാററിയാൽ കൊള്ളാമെന്ന് ഞാൻ വിചാരിച്ചിരുന്നു.ഇടയർ കുന്നിലെ സാധ്യത ഇവിടെ വരുമ്പോഴൊക്കെ ഞാൻ ഓർമ്മിച്ചിട്ടുണ്ട്. എങ്കിലും ഗൗരവമായി അതു നടപ്പാക്കുന്നതിനെ കുറിച്ച് ചിന്തിക്കാൻ അവസരമുണ്ടായില്ല. ഇപ്പോൾ ഒരു സി. എം. ഐ വൈദികൻ തന്നെയാണ് നിങ്ങൾക്ക് വികാരിയായി ലഭിച്ചിട്ടുള്ളത്. ഞാനും ഒരു സി. എം. ഐ സഭാംഗമാണ്. വയനാട്ടിലെ ആദ്യത്തെ ചാവറപള്ളി ചാവറയച്ചന്റെ തീർത്ഥാടനകേന്ദ്രമായി മാറുന്നത് ഉചിതമായിരിക്കും. അടുത്തു തന്നെ വാഴ്ത്തപെട്ട അൽഫോൻസാമ്മയുടെ തീർത്ഥാടന കേന്ദ്രമുള്ളതിനാൽ അത് മാന്നാനം പോലെയുള്ള ഒരു സാദൃശ്യവും തരുന്നുണ്ട്. ദേവാലയം മനോഹരമായിരിക്കണം. ലളിതമായി മതി. വി. യൗസേപ്പ് പിതാവിന്റെ പേരിലാണ് പള്ളിപറമ്പ് വാങ്ങിയിരിക്കുന്നതെന്ന് വികാരിയച്ചൻ സൂചിപ്പിച്ചു. അതിനാൽ വി. യൌസേപ്പ് പിതാവിന്റെ സഹായവും ഇതിനെ പൂർത്തീകരിക്കുവാൻ ഉപകരിക്കും. ചാവറയച്ചൻ മദ്ധ്യസ്ഥനായി സ്വീകരിച്ചിരുന്നത് വി. യൗസേപ്പിതാവിനെയാണ്. ആദ്യത്തെ സി. എം. ഐ പള്ളീയും, ആശ്രമവുമൊക്കെ വി. യൗസേപ്പിതാവിന്റെ നാമത്തിലാണ് സ്ഥാപിതമായത്. പ്രാരംഭ നടപടികൾ ആരംഭിക്കുക. താമസിയാതെ ബാക്കി കാര്യങ്ങൾ പൂർത്തീകരിക്കുവാൻ ദൈവം ഇടയാക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

**തുടർ നടപടികൾ.**

പള്ളി പണി ആരംഭിക്കുവാനുള്ള നടപടികൾ ഞാൻ പൂർത്തിയാക്കി. എന്നാൽ മൂന്നു മാസത്തിനകം പിതാവ് ചരമമടയുകയാണ് ചെയ്തത്. എങ്കിലും തുടങ്ങിയ പണികൾ മുന്നോട്ട് കൊണ്ടുപോയി. എന്റെ ശമ്പളം ഉപയോഗിക്കുവാൻ പ്രൊവിൻസ് അനുവദിച്ചു. സി. എം. ഐ സ്ഥാപനങ്ങളിൽ നിന്ന് കുറച്ച് സഹായം ലഭിച്ചു. അങ്ങനെ തറവരെയുള്ള ഭാഗം പൂർത്തിയാക്കി. ഇനി ഭിത്തി, കതകുകൾ, ജനലുകൾ, ദേവാലയോപകരണങ്ങൾ, എല്ലാററിനും കൂടി സാരമായ ഒരു തുക ആവശ്യമുണ്ട്. റൂഫി നുള്ള ചിലവ് രൂപതയിൽ നിന്ന് തരാമെന്ന് വികാരിജനറാളച്ചൻ പറയുകയുണ്ടായി.

ചാവറ ജയന്തിയിൽ വെഞ്ചിരിപ്പ്.

2005 ഫെബ്രുവരി 10 ന് ചാവറയച്ചന്റെ 200 ാം ജന്മദിനവാർഷികത്തിൽ പള്ളി വെഞ്ചിരിക്കണമെന്ന അഗ്രഹത്തോടെയാണ് പണി തുടങ്ങിയത്. . ഇനി ആരെങ്കിലും സഹായിച്ചാൽ മാത്രമേ ആറ് മാസത്തിനുള്ളിൽ പൂർത്തിയാക്കാൻ സാധിക്കുകയുള്ളു. കാനായിലെ വീട്ടുകാരേ പോലെ ഒഴിഞ്ഞ കൽഭിത്തികളിൽ പ്രതീക്ഷയുടെ വെള്ളം കോരി നിറപ്പിച്ചിരിക്കുകയാണ് ഞങ്ങൾ. വായനക്കാരിലാർക്കെങ്കിലും അത് വീഞ്ഞാക്കി മാറ്റാൻ കഴിയുമോ?


## RECENT CHAVARA PUBLICATIONS

Blessed Kuriakose Elias Chavara (By Biju Tharaniyil, Bhopal)
Picture Stand Memento of Blessed Chavara
ചാവറയച്ചന്റെ ഹൃദയത്തുടിപ്പുകൾ (എം. ജെ. കളപ്പുരയ്ക്കൽ)
കുടുംബ പ്രേഷിതൻ ചാവറയച്ചൻ (ടി. ടി. മുണ്ടയ്ക്കൽ)
ചാവറ നക്ഷത്രം
ചാവറ പിതാവിനോടുള്ള പ്രാർത്ഥന
Chavara Picture Card
ആത്മാനുതാപം ( C. D. )
ആത്മാനുതാപം ( Cassette )
Divya Darsan - Hindi ( C. D. )
Divya Darsan - Hindi ( Cassette )
Wall Calendar, 2005 - English
Wall Calendar, 2005 - Malayalam
Chavara Picture - Large
Chavara Picture - Medium
Chavara Picture - Small
Pocket Calendar 2005
Chavara Prayer Cards for Students - English
Chavara Prayer Cards for Students - Malayalam

Contact: Pastoral Department
C.M.I. Generalate
Monastery Road, P. B. No 1056
Ernakulam - 682 011

# കർമ്മലോദയയുടെ മിഷൻഗാഥ

*ഫാ. ടോമി ചിറപ്പുറം*

ഇന്നലകളുടെ സംഭവങ്ങൾ ഓർമ്മകളായി മായുന്നു. അവയെ അക്ഷര ലോകത്തിലേക്ക് പരാവർത്തനം ചെയ്താൽ നാളകളുടെ ചൂണ്ടികകളും, ഇന്നുകളുടെ മാർഗ്ഗരേഖയും ആയേക്കും. ബന്ധമില്ലാതെ ചിതറിക്കിടക്കുന്ന ഈ സംഭവങ്ങളെ കൂട്ടിയിണക്കി ചിട്ടപ്പെടുത്തി കാണാനുള്ള ഈ കഴിവ് മനുഷ്യമനസ്സുകൾക്ക് ഉണ്ടെന്ന് ജവഹർലാൽ നെഹ്റു തന്റെ ലോക ചരിത്രത്തിൽ കുറിക്കുന്നുണ്ട്. അങ്ങയുടെ ചിറകുകൾക്കുകീഴെ എന്ന 152 പേജുകളുള്ള കൊച്ചു പുസ്തകം ഇത്തരത്തിലുള്ള ഒരു കുഞ്ഞിക്കാൽ ആണ്. സീറോ മലബാർ സഭയുടെ വടക്കേന്ത്യൻ മിഷൻ ചരിത്രത്തിന് ഒരുനാൾ കൂടി എന്ന് വിശേഷിപ്പിക്കാം ഈ പുസ്തകത്തെ. ഭാരത കത്തോലിക്ക സഭയിലെ ആദ്യ സന്ന്യാസിനീ സഭയായ സി. എം. സി. (കർമ്മലീത്ത സന്യാസിനി സഭ)വാർദ്ധാ പ്രൊവിൻസിന്റെ ഉത്തരേന്ത്യൻ മിഷൻ വളർച്ചയാണ് ഇതിലെ പ്രതിപാദ്യം. നെഹ്റു പറഞ്ഞതു പോലെ ബന്ധമില്ലാതെ ചിതറിയ സംഭവങ്ങളെ കൂട്ടി കെട്ടി ചിട്ടപെടുത്തിയിരിക്കുന്നത് ദൈവികതയുടെ കരസ്പർശങ്ങളും വിശുദ്ധഗ്രന്ഥത്തിലെ വചനങ്ങളും കൊണ്ടാണ്.

ഒരു അക്കഡെമിക്ക് ചരിത്രരചനയേക്കാൾ ക്രൈസ്തവ വിശ്വാസത്തിന്റെ കുമ്മായ കൂട്ടിലൂടെയാണ് ഇന്നലയുടെ സംഭവങ്ങളെ ബന്ധിച്ചുറപ്പിച്ചിരിക്കുന്നത്. കർമ്മല റാണിയുടെ ചിത്രത്തോടെ തുടങ്ങുന്ന താളുകൾ, വിട പറഞ്ഞ് സ്വർഗ്ഗസ്ഥരായി തീർന്ന മിഷനറി സഭാംഗങ്ങളുടെ ചിത്രത്തോടെ അവസാനിപ്പിക്കുന്നു. ഉള്ളടക്ക സൂചികയില്ലാതെ സ്ഥാപനാരംഭങ്ങളുടെ ക്രമനമ്പറുകളിൽ 1962 മുതൽ 2002 വരെയുള്ള 19 സെന്ററുകളിലായി നടത്തിയ പ്രേഷിത വിവരങ്ങളാണ് "Beneath the Wings". എല്ലാ സ്ഥാപനങ്ങളുടേയും ചിത്രങ്ങളും, അധികാരികളുടേയും, പ്രിൻസിപ്പൽമാരുടേയും, സേവന കാലഘട്ടത്തിന്റെ പട്ടികകളും ഉള്ള ബോക്സുകൾ കൊണ്ടുമാണ് വിവരണം നടത്തിയിട്ടുള്ളത്. രണ്ട് ദശവത്സരം ചാന്ദയിൽ തന്നെ (ചാന്ദാ, അദിലാബാദ് ) കേന്ദ്രീകരിച്ച കരമ്മലോദയ പ്രൊവിൻസിലെ പ്രേഷിത വേല 81 കളിലാണ് കല്ല്യാൺ, നാഗപ്പൂർ, ബാംഗ്ലൂർ തുടങ്ങിയ മിഷൻ രൂപതകളിലേക്ക് വ്യാപിക്കുന്നത്.

കർമ്മലോദയ മിഷൻ പ്രൊവിൻസിന്റെ വളർച്ചയിൽ ഓരോ സ്റേറഷന്റെയും രൂപപ്പെടലിൽ അദ്ധ്വാനിച്ച സി. എം. ഐ. ഇടവക വൈദികരുടെ പേരുകളും മറക്കാതെ ചേർത്തിട്ടുണ്ട്. സീറോ മലബാർ മിഷൻ ചരിത്രത്തിന്റെ സ്ഥപതി (ക്ഷേത്ര നിർമ്മാണത്തിലെ മുഖ്യ ശിൽപി) എന്ന് വിളിക്കപ്പെടുന്ന ബിഷപ്പ് ജനുവാരിയുസ് സി. എം. ഐ യുടെ ചിത്രവും ആരെയും അനുകരിക്കാതെ........ എന്ന മുദ്രാവാക്യവും വീടിന്റെ മുററത്തെ ദീപാലംകൃതമായ തുളസിതറപോലെ ആദ്യപേജുകളിലൊന്നിൽ നീക്കി വച്ചിട്ടാണ് ഫോർവേഡ് തന്നെ തുടങ്ങുന്നത് എന്നത് ശ്രദ്ധേയമാണ്.

സ്ഥലകാല സാഹചര്യങ്ങലുടെ സമർദ്ദത്തിൽ കാലിലെ പൊടി പോലും കുടഞ്ഞ് കളഞ്ഞ് സ്ഥലം വിടണം. എന്ന വി. ഗ്രന്ഥ വരി പോലെ പൂട്ടി നിർത്തലാക്കിയ [illegible] ലെ കന്നി മിഷനായ പുൽഗാവ് സിൽ പ്പൂർപ്പൂർ തോൽവികൾ ധൈര്യത്തോടെ പറഞ്ഞുകൊണ്ട് ചാമ്പലിൽ നിന്നും ഉയർന്ന മിവൽ പക്ഷിയെ പോലെ കർമ്മലോദയ പ്രൊവിൻസ് വളർച്ചയുടെ നാഴികകല്ലുകൾ നിരത്തുന്നത് എടുത്തു് പറയേണ്ടതാണ്.

ചാന്ദാ മിഷന്റെ ഭാഗമായിരുന്ന ആന്ധ്രായിലെ റാളമട്ടപ്പള്ളി വില്ലേജ് മിഷന്റെ ചരിത്രം, പുത്തൻ മിഷനറിമാർക്ക് ഒരു പാഠവും, ഇന്നിന്റെ വെല്ലുവിളികളെ ധൈര്യത്തോടെ നേരിടാനുള്ള ഒരു ഉത്തേജകവും ആയിത്തീരന്നു, ഇവിടുത്തെ ചരിത്രസംഭവങ്ങളും, ജോലിചെയ്ത സിസ്റ്റേഴ്സും. റാളമട്ടപള്ളിക്ക് ചുററിലുമുള്ള ആറോളം വില്ലേജുകളിൽ കാളവണ്ടിയും നടപ്പുമായി കയറിയിറങ്ങി വികസനത്തിന്റെയും, ക്രിസ്തീയ വിശ്വാസത്തിന്റെയും ദീപം ജ്വലിപ്പിച്ച മിഷനറിമാരുടെ പാദങ്ങൾ [illegible]ണങ്ങപ്പെടേണ്ടതുതന്നെ. ചരിത്രത്തിലെന്നതിനേക്കാൾ ഇവിടുത്തെ മനുഷ്യരുടെ ഹൃദയങ്ങളിൽ തലമുറതലമുറയായി കുറിച്ചിടാൻ കഴിഞ്ഞതുതന്നെ ഇവിടെ ജോലി ചെയ്ത സിസ്റ്റേഴ്സിന്റെ മാററുരച്ച് കാണിക്കുന്നു. റാളമെട്ടപ്പള്ളി, സാലിഗാം ഗ്രാമീണ മിഷനുകളിൽ ജോലി ചെയ്ത ഫ. ജോസഫ് കുന്നത്തച്ചൻ അദിലാബാദ് സ്വതന്ത്രരൂപതയായി തിരിയുകയും, ബിഷപ്പുമായപ്പോൾ തന്റെ കുല മുദ്രയായി കാളവണ്ടി [illegible]പ്പു ചേർത്തത് ഈ കാളവണ്ടി അനുഭവമാകും.

ചാന്ദായെന്ന സീറോ മലബാർ സഭയുടെ പ്രഥമ വടക്കേന്ത്യൻ മിഷൻ 50 ാം വർഷത്തിനോട് അടുക്കുമ്പോൾ അതിന്റെ അവിഭാജ്യഘടകമായ സി. എം. ഐ സഭയും, ചാന്ദാ അദിലാബാദ് രൂപതകളും ഇന്നലയുടെ അനുഭവങ്ങൾ ചരിത്രലിപികളിലേക്ക് പകർത്താൻ കർമ്മലോദയുടെ ഈ പ്രസിദ്ധീകരണം Beneath the Wings പ്രചോദനവും വഴികാട്ടിയുമാകും.

## യുഗപുരുഷനായ
## ചാവറയച്ചന്റെ അനന്യത

അടിയുറച്ച തിരുസഭാ സ്നേഹം,
അറിവിനെ അക്ഷരമാക്കിയ പ്രവാചക വീക്ഷണം,
ആഴങ്ങളെ സ്പർശിച്ച ജന്മോന്മുഖത,
എല്ലാം സമന്വയിപ്പിച്ചു ധന്യമാക്കിയ
ആധ്യാത്മീകത.

# ചാവറയച്ചനെപ്പറ്റി പ്രമുഖ വ്യക്തികൾ

## പരി. പിതാവ് ജോൺ പോൾ രണ്ടാമൻ

"....കേരളത്തിൽ ജനിക്കയും അറുപത്തഞ്ചു വർഷത്തോളം ഇവിടെ ജീവിക്കയും ചെയ്ത ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ, ക്രിസ്തീയ ജീവിതത്തിന്റെ നവീകരണത്തിനും വളർച്ചക്കും വേണ്ടി കഠിനാദ്ധ്വാനം ചെയ്ത ആളാണ്. ക്രിസ്തുവിനോടുള്ള ആഴമായ സ്നേഹം അദ്ദേഹത്തെ അപ്പസ്തോലിക തീക്ഷണത കൊണ്ടു നിറച്ചു. ഇത് സഭയുടെ ഐക്യത്തെ വളർത്തുവാൻ പ്രത്യേകമായ സഹായിച്ചു. ആത്മാക്കളുടെ രക്ഷയിലുള്ള പ്രവർത്തനങ്ങളിൽ വലിയ ഔദാര്യത്തോടെ എല്ലാവരോടും പ്രത്യേകിച്ച് തന്റെ സഹ സന്ന്യാസികളോടും വൈദികരോടും സഹകരിച്ചു...."

1986 ഫെബ്രുവരി 8 ാം തിയതി പരി. പിതാവ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ കോട്ടയത്തു വച്ച് ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു കൊണ്ട് നടത്തിയ പ്രസംഗത്തിൽ നിന്ന്.

## ആർ. വെങ്കിട്ട രാമൻ

".....വിദ്യഭ്യാസ പ്രവർത്തനം അദ്ദേഹത്തിന് എററവും പ്രിയപ്പെട്ട ഒന്നായിരുന്നു. മത വിദ്യാഭ്യാസവും പൊതു വിദ്യാഭ്യാസവും അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഒരേ നാണയത്തിന്റെ രണ്ടു വശങ്ങൾ മാത്രമായിരുന്നു. അധഃകൃതരെ ഉദ്ദരിക്കുന്നതിന് ഒന്നാന്തരമൊരു മാർഗ്ഗമായിരുന്നു ചാവറയച്ചന് വിദ്യാദാന പ്രവർത്തനം. വിദ്യാദാനത്തിനു വേണ്ടി അപേക്ഷിക്കുന്ന ഏതു മതക്കാരനും, ഹരിജനങ്ങളുൾപ്പെടെ ചാവറയച്ചൻ സമാരംഭിച്ച സ്ക്കൂളുകളിൽ പ്രവേശനം ലഭിച്ചിരുന്നു. അന്നത്തെ സാഹചര്യത്തിൽ ഇത് വിപ്ലവകരമായ ഒരു നീക്കം തന്നെ ആയിരുന്നു....."

രാഷ്ട്രപതി ആർ. വെങ്കിട്ട രാമൻ, മുൻ ഇന്ത്യൻ പ്രസിഡണ്ട് 1987 ഡിസംബർ 20 ാം തിയതി തിരുവനന്തപുരത്ത് ചാവറ സ്ററാമ്പ് പ്രകാശനം ചെയ്തപ്പോൾ നടത്തിയ പ്രസംഗത്തിൽ നിന്ന്.

## പ്രൊഫ. എ. ശ്രീധരമേനോൻ
## കേരളത്തിന്റെ ആധികാരിക ചരിത്രകാരൻ

".....ക്രൈസ്തവ സാമുദായിക പരിഷ്കർത്താക്കളെ കേരള ചരിത്രകാരൻമാർ പൊതുവേ അവഗണിച്ചു. ഈ അബദ്ധം മൂലം കേരളചരിത്രത്തിൽ അർഹമായ സ്ഥാനം ലഭിക്കാതെ പോയ നവോത്ഥാന നായകനാണ് ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ.

.....എല്ലാ പള്ളികളോടും ചേർന്ന് പള്ളിക്കൂടം സ്ഥാപിക്കണമെന്ന് കർശന നിർദേശം നൽകി. എല്ലാ വീട്ടിലേയും കുട്ടികൾ സ്കൂളിൽ ചേർന്നിരിക്കണമെന്നും നിർദേശിച്ചു. ഇങ്ങനെ ചെയ്യാത്ത പള്ളികൾക്ക് ആത്മീയ പ്രവർത്തനങ്ങൾക്ക് അനുമതി നിഷേധിക്കുമെന്നും ചാവറയച്ചൻ താക്കീതു ചെയ്തു. പള്ളിക്കൂടങ്ങളിൽ ജാതിമത ഭേതമന്യേ എല്ലാ കുട്ടികൾക്കും പ്രവേശനം നൽകി. സർക്കാർ സ്ക്കൂളുകളിൽ പോലു ദളിതർക്കും അവർണ്ണർക്കും പ്രവേശനമില്ലാതിരുന്ന കാലത്താണൊതെന്ന് ഓർക്കണം.

.... കേരള ചരിത്രം പഠിക്കുമ്പോഴും രചിക്കുമ്പോഴും പലകുറി കണ്ടുമുട്ടിയ ചാവറയച്ചനെപ്പററി വിശദമായി പഠിക്കാനായില്ലല്ലോ എന്ന് എനിക്ക് ദുഃഖം തോന്നുന്നു. ആ സങ്കടം തീർക്കുവാൻ വേണ്ടികൂടിയാണ് ഈ കുറിപ്പ്. ചാവറയച്ചന്റെ സന്ദേശവും ജീവിതവുണ നേട്ടങ്ങളും കത്തോലിക്കാ സമുദായത്തിനു മാത്രമുള്ളതല്ല. എല്ലാ സമുദായങ്ങൾക്കും എല്ലാ കാലത്തും പ്രസക്തമാണ്. കാലത്തിനു മുൻപേ ജനിച്ച മഹാനായിരുന്നു ചാവറ കുരിയാക്കോസ് ഏലിയാസച്ചനെന്ന് നിസംശയം പറയാം....."

ചാവറയച്ചൻ (ed), ദീപിക പബ്ലിക്കേഷൻ, കോട്ടയം 2004, pp. 16-20

## പ്രൊഫ. എം. കെ. സാനു

"...ഇതൊക്കെയും നടക്കുന്നത്1865 കാലത്താണെന്നോർമ്മിക്കണം. അന്ന്, ശ്രീനാരായണഗുരു കേവലം ഒമ്പതു വയസ്സുള്ള ബാലൻ മാത്രമായിരുന്നു. മതമോ ജാതിയോ പരിഗണിക്കാതെ വിദ്യാഭ്യാസത്തിലൂടെ ഒരു സമൂഹത്തെ പാരതന്ത്ര്യത്തിന്റെ ചങ്ങളകളിൽ നിന്നും മോചിപ്പിക്കാൻ കഠിനമായും സാഹസീകമായും പരിശ്രമിച്ച ചാവറയച്ചന് ന്മുടെ നവോത്ഥാന നായകരിൽ സുപ്രധാന സ്ഥാനമുണ്ടെന്നോർമ്മിപ്പിക്കാനാണ് ഇക്കാര്യങ്ങൾ ഇവിടെ പ്രസ്താവിച്ചത്....."

ചാവറയച്ചൻ (ed), ദീപിക പബ്ലിക്കേഷൻ, കോട്ടയം 2004, pp. 25-27

## പി. ഗോവിന്ദപ്പിള്ള
### മാർക്സിസ്റ്റ് സൈദ്ധാന്തികൻ, ദേശാഭിമാനി മുൻ ചീഫ് എഡിററർ

"....അതുകൊണ്ട് രാജാറാം മോഹൻ റോയിയേയും (1774-1831), ശ്രീനാരായണ ഗുരുവിനേയും (1856 -1928) പശ്ചിമേന്ത്യൻ ദയാനന്ദ സരസ്വതിയേയും (1824 - 1883) എല്ലാം നവോത്ഥാന നായകരായി വാഴ്ത്തുന്നതിൽ തെററില്ലെങ്കിലും ഇവർക്കെല്ലാം മുമ്പും പിമ്പും പ്രവർത്തിച്ച അനേകം പ്രതിഭാ ശാലികളായ നവോത്ഥാന നായകരെ വിസ്മരിക്കുന്നത് ചരിത്രത്തോട് കാട്ടുന്ന അനീതിയായിരിക്കും.

....കേരളീയ കത്തോലിക്കാ സഭയിൽ, വിശേഷിച്ച് കത്തോലിക്കാ സുറിയാനി സഭയിൽ ദൂരവ്യാപകമായ പരിഷ്ക്കരണങ്ങൾക്ക് നേതൃത്വം നൽകിയ അനുഗ്രഹീത പുരോഹിത ശ്രേഷ്ഠൻ എന്ന നിലയിൽ ചാവറയച്ചൻ സഭക്കകത്തും വെളിയിലും അറിയപ്പെടുന്നു എന്നതു നേരു തന്നെ. അദ്ദേഹത്തിന്റെ സമർപ്പിത ജീവിതവും ദീർഘദൃഷ്ടിയോടു കൂടിയുള്ള പരിഷ്ക്കരണ പ്രവർത്തനങ്ങളും കേരള നവോത്ഥാന ചരിത്രത്തിന്റെ അവിഭാജ്യ ഘടകങ്ങളാണ്...."

ചാവറയച്ചൻ (ed), ദീപിക പബ്ലിക്കേഷൻ, കോട്ടയം 2004, ppp. 32-34; 169-172

## സി. പി. ശ്രീധരൻ

"....അദ്ദേഹത്തിന്റെ കാലത്ത് സംസ്കൃത വൃത്തങ്ങൾക്കായിരുന്നു ഇവിടെ പ്രാമാണ്യം. എന്നിട്ടും അന്ന് നാട്ടിൽ നടപ്പുണ്ടായിരുന്ന പതിനഞ്ചോ പതിനെട്ടോ ഗാന വൃത്തങ്ങൾ ഏലിയാസച്ചൻ ഉപയോഗിക്കുകയുണ്ടായി.... ഇങ്ങനെ കിളിപ്പാട്ട്, പാന, തരംഗിണി, വഞ്ചിപ്പാട്ട് തുടങ്ങീയ നാടൻ വൃത്തങ്ങളിൽ കവിതയെഴുതിയ ഈ പ്രതിഭാ ശാലി വായ്മൊഴികളൊക്കെ സംസ്കൃതത്തിലായിരുന്ന അക്കാലത്ത് ഒരത്ഭുതം സൃഷ്ടിക്കുകയായിരുന്നു. രതിപദങ്ങൾ രാസപദങ്ങളായിരുന്ന സമൂഹത്തിൽ വിരതി പദങ്ങളും രാസോത്തരങ്ങളാണെന്ന് കാണിച്ചു കൊടുക്കുന്നതിനോടൊപ്പം ജന ഹൃദയത്തോട് സംവാപക്ഷമമായ നാടൻ ശീലുകൾക്കാണ് സംസ്കൃതഛന്ദസ്സുകളെക്കാൾ ആത്മ സ്പർശത കൂടുതലെന്ന് സ്ഥാപിച്ച ഈ യോഗിവര്യൻ മലയാള കവിതയുടെ ഉടലും ഉയിരും രൂപാന്തരപ്പെടുത്തി എന്നതാണ് സത്യം......"

ചാവറ ചരമ ശതാബ്ദി 1871 - 1971 (ed) സി. പി. ശ്രീധരൻ, ആത്മൗന്നത്യം ചുരത്തിയ കവിതാഗംഗ, പ്രകാശം പബ്ലിക്കേഷൻ, pp. 61-66

## നിത്യചൈതന്യയതി

"ദുഃഖസമുദ്രത്തിന്റെ അലമാലകൾ ചുഴ്ന്നുയരന്നപ്പോഴും പ്രശാന്ത മനസ്ക്കനായ ഒരു യമിനിയായി നില കൊള്ളുവാൻ ചാവറയച്ചനു കഴിഞ്ഞു. തെററുകളെ ശക്തമായി എതിർക്കുമ്പോൾ പോലും തെററു ചെയ്തവനോടുള്ള കാരുണ്യത്തിന് അതിരുണ്ടായിരുന്നില്ല. തന്റെ പ്രതിജ്ഞയായ അനുസരണം, ബ്രഹ്മചര്യം, എന്നിവയിൽ നിന്ന് അണുവോളം വ്യതിചലിക്കാതെയും തന്റെ കർമ്മ ധാരയെ ദൈവത്തിനു സാമ്യപ്പെടുത്തി സ്വധർമ്മത്തിനു പോറലേൽക്കാതെയുമാണ് ചാവറയച്ചൻ കൊണ്ടു പോയത്. വലിയ സംഘാടകനും, സംയോജകനുമായിരുന്നു ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ. അത്ഭുത പൂർവ്വകമായ ജന സമ്മതിക്കും പാത്രമായി. സമാരാദ്ധ്യനായിരുന്നപ്പോൾ പോലും ഒരു മഹിമയും അദ്ദേഹം തന്റേതായി എണ്ണിയില്ല. എല്ലാം പരമ കാരുണ്യകനായ ഈശ്വരന്റെ ദയാവായ്പുമൂലം ജനങ്ങൾക്കു ലഭിക്കുന്ന കൃപാകടാക്ഷം എന്നു മാത്രമേ ആ മഹാ പുരുഷൻ കരുതിയുള്ളൂ. താനൊരു നിമിത്തമെന്നതിലധികമായി അദ്ദേഹം തന്റെ മഹിമയെ ഒരിക്കലും കണ്ടിരുന്നില്ല"

ചാവറയച്ചൻ, ആത്മാനുതാപം, ഗദ്യാവിഷ്ക്കരണം, സെഡ്. എം. മൂഴൂർ, തേവര, 1990, p. 364

## പി. രാമചന്ദ്രൻ

"....ആറരശതാബ്ദം നീണ്ടു നിന്ന അദ്ദേഹത്തിന്റെ സുകൃതചര്യകൾ ഈ മർത്യ ലോകത്ത് അമർത്യതയുടെ മൂശയിൽ വാർത്തെടുത്ത വ്യക്തിയായി അദ്ദേഹത്തെ പ്രതിഷ്ഠിച്ചിരിക്കുന്നു.... ചാവറയച്ചന്റെ ജീവിതം ആത്മാവിലാവേശം പകരുന്ന അന്തസാരപൂർണ്ണമായ ഒരു വീര ഗാഥയാണ്. ക്രൈസ്തവസഭയിൽ വൈദികനായ അദ്ദേഹം അഭിഷിക്തനായ നിമിഷം മുതൽ ദൈവത്തിനായി ജീവിതം ഉഴിഞ്ഞുവെച്ചുകൊണ്ട് സഹജീവികളുടെ സാമൂഹ്യവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ ഉന്നമനത്തിന് ആത്മാർത്ഥമായി യത്നിച്ചു......"

പി. രാമചന്ദ്രൻ മുൻ കേരള ഗവർണ്ണർ 1987 ഡിസംബർ 20ന് തിരുവനന്തപുരത്ത് ചാവറ സ്ററാമ്പുപ്രകാശനം ചെയ്തപ്പോൾ നടത്തിയ പ്രസംഗത്തിൽ നിന്ന്.

# CHAVARA JAYANTHI CELEBRATIONS

## NEWS FROM INDIA AND ABROAD

## ROME:

In connection with the *Chavara Jayanthi, we* we organized a **Lecture Series in honour of our Bl. Founder**. It was held at the CIIS (Centre for Indian and Inter-religious Studies). The Lecture Series was called **Chavara Memorial Lectures**. The Theme was ***Interpreting Jesus Christ in the Indian Context***. The Lectures were given by **Prof. Dr. Jacob Parappally MSFS** of Jnanadeep Vidya Peeth, Pune. They were **on 11, 12, and 13 of November 2004**. The response was very good. Every day more than 60 participants were there. The discussions were very lively.

We will have one solemn celebration, jointly organized by CMCs and CMIs, on Sunday, the 09th of January. To his function, we invite all the Indian Priests, Brothers and Sisters as well as lay Catholics in Rome.

Fr. Alexander Thannippara, CMI

## KENYA, AFRICA:

We celebrated Chavara Jayanthi on 17th August, 2004. All the CMIs working in Kenya met together at Mount Sinai CMI School. We had a holy hour in which we remembered the members of CMI & CMC Congregations especially those worked in Kenya -Madagascar region. Rev. Fr Varghese Kokkadan (Provincial Councillor, Coimbatore) delivered the Chavara Jayanthi message.

Fr Davy Kavungal, CMI

Kenya

## CMC, CARMEL MATHA PROVINCE, HAZARIBAGH, JHARKHAND:

We have decided to name one formation house, which is under construction after Bl.Chavara.

We conduct One hour adoration in all our houses once a month, with neighbouring people and hostel children.

We conduct 13 hours adoration in the Provincial house on every 2nd Saturday of the month. Neighbouring people also join with us.

The teachings of Bl.Chavara on family life got printed and distributed to the people in all our centres.

Every community studied the books of Bl.Chavara and conducted competition in Province level.

Houses also conducted competitions like quiz, recitation of Bl.Chavara's poem, speech etc.

Conducted competitions for hostel children- drawing, painting, skit, street play etc based on Bl.Chavara

Each community visited at least 200 families during this year.

A Province bulletin on Bl.Chvara is being printed with the articles written by our sisters, which will be released on 2nd January during the Province level Celebration.

## CMC, CARMELODAYA PROVINCE, WARDHA, MAHARASHTRA:

The solemn Eucharistic celebration at Darsana on 3rd Jan 2004 marked

the beginning of the Chavara Jayanthi Year. All the religious communiti of Sawangi joined us in praising and thanking the good Lord in honor o Bl.Chavara on this blessed feast day.

The inauguration of the Chavara Jayanthi year was done in a grand wa at Mt.Carmel Convent School Chandrapur on 10th February 2004. Th beautifully decked and decorated portrait of our founder father was placed on the dais. Then Sr. Sajeeva, the Principal gave an elaborate and inspirin talk on the life and activities of Bl. Chavara. A pocket calendar with th photo of Bl. Chavara was a distributed to the entire staff and students on that auspicious occasion

In this Jubilee year, God blessed us to start an English Medium School at Samdraupur Thahsil within the boundaries of Chanda Diocese.

Free boarding and facilities to study in English Medium is given to 10 poor village girls.

Video Cassette of Bl.Chavara was shown to the parishioners and students of our schools.

Tuned with the exhortation of our founding Father Bl.Chavara – "When we help the poor , down trodden, old or orphans we help Jesus Christ Himself.", Our students at Mount Carmel Chandrapur collected a sum of Rs. 50000 /- to help the blind children.

The tailoring centers run by our sisters at Kaghaz Nagar, Chandrapur, Cement Nagar, Dhomasandra and Thommana provide opportunity to the poor girls and women to find self employment

Our sisters at Mt. Carmel Chandrapur and Cement Nagar spend a sum of the money for the medical treatment and purchase of medicines for the poor.

In all our convents sisters have taken more interest to visit the families of our students, parishioners and the people around.

Mt.Carmel Cement Nagar gave financial help to a poor family to construct their house. They financially helped a man to find an employment.

Mt. Carmel Chandrapur gave Rs. 15,000/- for the repairing and maintenance of three houses of the poor people and Rs.10,000/- to a family struggling with financial problem and Rs. 5000 /- towards the

expenses of the marriage of two girls.

Exposure Programmes were conducted for the students of social service wing and YSM to make them conscious of the need to share their riches with the poor. This year the animators and members of Social Service Wing visited the deaf and dumb school, Chandrapur. They entertained the children conducted various competitions, awarded prizes and distributed sweets and snacks to all of them. They presented a Carom Board to their school.

The animators and students of Y.S.M visited the remote village in Chandrapur and the Marathi Medium School close by students gave them talks on cleanliness and need for education. They staged a short cultural programme, conducted afew lucky game and distributed balls, pencils, soap, bath towels and the money they pooled together through skip a meal.

Many of our sisters participated in all the programmes conducted at Poornodaya Bhopal such as CMI - CMC get together , Chavara Bi-Centenary Seminar on 'Bl.Chavra- Life and Mission', Chavara Retreat and a course on Carmelite Spirituality in connection with the Chavara Jayanthi Celebration.

## NIRMAL JYOTI PROVINCE, BINA

Bicentenary of the birth of Bl.Chavara was celebrated on 15th Nov. 2004 in the Provincial house with solemn mass. Fr.Nobert Edattukaran, CMI, preached the homily. We distributed a memento of Bl.Chavara and all our schools printed calendars with the picture of Bl.Chavara for distributing to the public. On the previous night (14th Nov.) a Cultural banquet was served with varieties of entertainments and programmes. Two songs were composed by Sr.Damascene and the provincial choir team sung it on the occasion. A quiz on Bl.Chavara was conducted for all the sisters and toppers were given prizes.

'Chavarul' of Bl.Chavara is translated in Hindi by Sr.Damascene and decided to release it on 3rd January 2005. All our schools are planning to conduct 'Chavara Day' with varieties of programmes on 3rd Jan.2005.

Eleven of our sisters attended symposium on Bl.Chavara and five sisters

attended 'Chavara Siddhi' retreat at Poornodaya, Bhopal. The sisters of our province enacted a beautiful and inspiring street play at Poornodaya Bhopal which was well appreciated.

## CMC, MOUNT CARMEL PROVINCE, BHOPAL.

As the sons and daughters of Bl.Chavara stroll through the CHAVARA JAYANTHI year we the members of Mount Carmel Province, Bhopal, have organized a number of programmes to elevate honor and increase devotion to Bl.Kuriakose Elias Chavara, in the mind and heart of the people. To mark this Jayanthi year, in all our convents, we installed statue/ photograph of Bl.Chavara. Sisters took special interest and efforts to know about our beloved founder. Chavara Jayanthi was inaugurated on 4th Jan 2004 and inaugural function began with the Eucharistic celebration. To solemnize the day Rev.Fr.Jose Paul the Vicar Provincial of St.Paul's Province, Bhopal, presented a paper on Chavara and His spirituality and Mother Assumpta the Provincial Superior presented a paper on Chavara the Founder of CMC. Almost 50 sisters were present for the function and the Aspirants & Juniors presented a colourful cultural programme. Imbibing the spirit of our Founder and his special devotion to Bl.Sacrament we have started the perpetual adoration in the Provincialate.The faithful from near and far away places join in this adoration. A symposium was organized on the various aspects of Bl.Chavara's life and mission, a quiz contest was held and ***Chavara Sookthangal*** were learned by all the sisters as a part of our Jayanthi celebrations.

CMI-CMC joint celebration was held at Poornodya from 4th to 7th September 2004.During this celebration Srs.Ancilla and Magi presented papers on Mother Mary in the life of Bl.Chavara and Chavara the Visionary respectively. Thirty sisters actively participated in this Seminar. Sisters entertained and challenged the gathering through a beautiful cultural show depicting the dynamic life of our Founder.

During this year we have formed 'Chavara Prayer Group' for all the workers of our institutions and there are fifty members in this group. Also Chavara Night Vigil group is formed in the province including two members from each community and they gather together once a month and spend

the whole night in prayer and vigil. On 27th June we conducted one-day seminar on Prayer for all the catholic children of the archdiocese of Bhopal.Chavara scholarship is introduced during this year for the top holder in Catechism in 10th class. The *'Chavarul'* was distributed to a hundreds of slum dwellers, villagers, teachers and students of Bhopal, Balasore, Bhadrak, Ujjain and Etawah. New Year calendars with photograph of Bl.Chavara were distributed to the parishioners of various parishes in Bhopal. Thus many came to know about our holy father. In connection with the bicentenary celebrations we have renovated fifty houses, constructed fifty latrines and built three houses for poor people. Few Serious patients were given financial care for medical care and five girls were given financial assistance for their marriage.

The social work wing of our Province, which is named after, ***CEROWC*** (Cyriac Elias Rural Organization for women and children) have made following efforts in spreading the devotion to Bl.Chavara. Everyday the sisters, staff and villagers pray the novena before Bl.Chavara with much devotion. They have also made a pilgrimage to Mannanam and Kainakary during this year and sought his blessings. The book ***"Bl. Fr. Kuriakose Elias Chavara"*** written by Prof. K.C. Chacko is being translated to Hindi. Sr. Magi Maria has written a book on Bl. Chavara titled as ***"Blessed Chavara to Me".*** Two hundred families are assisted for income generation programme to the tune of Rs. 9,00,000/- nine widows are assisted for integral development and two hundred women were made literate in this year. 300 children were given Pre-school education. 75 school dropouts both male and female are taught and motivated to appear the X Board Examination. Twenty youth were assisted for vocational training and self-employment. Hundred SHG's are formed and credit linked with Nationalized banks and availed Rs. 13,10,000/- for their income development through various banks.

The culmination of the ***BIRTH BICENTENARY*** celebrations in the Province level was marked with the cultural Bonanza on 17th Dec 2004 held at Carmel Convent BHEL Bhopal. In this grand celebration Most Rev.Dr. Paschal Topno the Archbishop of Bhopal was the chief guest and many other distinguished guests were present. Priests, religious and laity

gathered in large number to beseech his blessings and share in our joy. Mother Assumpta the Provincial Superior accorded a warm welcome to the august assembly and she exhorted that Bl.Chavara is a saint whom people of every walk and every age can follow. Catholic and non-catholic students of our schools in Bhopal presented a drama on "Family in the dream of Bl.Chavara" and a dance-drama on the life and activities of Bl. Chavara.The invitees were highly taken up by the Holy and saintly Life of Bl.Chavara. ***"Chavarul"*** was distributed to all those were present for the function.

We earnestly pray that our Bl.Founder Father be canonized soon and known all through the Christendom.

Sr.Pavithra CMC

Provincial Councillor

## CMC, MARY MATHA PROVINCE, ANGAMALY

Chavara Day was solemnly observed on 4th December 2004 at Chengal. It started with a Seminar led by Fr. Mathew Kaniamparampil, CMI, Vicar General. He spoke about the life and message of Blessed Chavara and its current relevance in our times. 250 Sisters participated. It was followed by a grand rally through the town of Kalady in which 1500 people from various parishes participated. Bishop Thomas Chakyath of Ernakulam was the main celebrant for the Mass. Fr. George Karintholil, MCBS and Fr. Mathew Koikara, CMI, spoke in the Public Meeting which followed.

## CMC, VIMALA PROVINCE, ERNAKULAM

We observed the Chavara Day on 11th December 2004. Almost 120 Sisters participated in the Talks given by Fr. Mathew Kaniamparampil, CMI.

## CMC, AMALA PROVINCE, KANJIRAPALLY

We will be observing the Chavara Day on 28th December 2004. Fr. Mathew Kaniamparampil, CMI. will be the Resource person.

## CMI, ST. JOHN'S PROVINCE, BIJNOR

St. John's Province Bijnor Celebrates the Jayanthi in the different centres emphasising the thrust of Bl. Chavara in the field of education and Social apostolate.

St. John's Ashram, Provincial House, Najibabad, Bijnor Diocese: We plan to construct five houses for the poor under the Provincial house and two are already completed.

There will be a common gathering of the members of the province, the diocese, and all the religious associated with us in the diocese of Bijnor, Meerut, Bareilly, Agra, and Lucknow to celebrate the day on 10th February 2005 with a one-day seminar cum reflection ad cultural evening.

Maria Bhavan, Nathewaly, Bijnor Diocese: Three houses for the poor are complete. Two more houses would be constructed soon.

Chavara Sadan, Nagina, Bijnor Diocese: Three houses are competed for the poor and we plan to have a celebration with the students of St. Mary's School, Nagina in February 2005.

Carmel School, Chamba, Bijnor Diocese: A school celebration to give awareness on the great qualities of our founder.

Sadharamyam, Srinagar, Bijnor diocese: A gathering is planned in connection with the inter-religious meeting in this centre.

Jeevandhara ashram, Jaiharikhal, Bijnor diocese: Fr. Thomas Kochumuttom is involved in the Chavara Seminar and conducted Chavara retreat for CMC Sisters at Jalandhar. The reflections and talks at Jeevandhara would emphasise on the contributions of Bl. Chavara and his spirituality.

Mariashram, Jaspur, Bareilly Diocese: A boarding house is started to commemorate the 200th Jayanthi of Bl. Chavara for the boys up to fifth standard and girls up to 10th standard. This would be to promote education of the poor Catholic children of Bijnor and Bareilly dioceses.

Carmelaram, Gadarpur, Bareilly Diocese: A celebration for the Catholics on a Sunday in January 2005 and a school gathering to commemorate

the 200th Jayanthi of Bl. Chavara.

Mount Carmel Ashram, Champawat, Bareilly Diocese: A liturgy on Sunday in January 2005 with the faithful and the local people of the area.

St. Joseph's Study House, Meerut Diocese: A get together of the priests and religious of Meerut to commemorate the Jayanthi.

Sanjo CMI, Bhavan, Ghaziabad, Meerut Diocese: A gathering of the different religious communities of Mariam Nagar, Ghaziabad. A school celebration in January 2005. A scholarship programme to be initiated for poor children in the name of Chavara scholarship to support the study of many poor students.

San Thom Ashram, Khatauli, Meerut Diocese:

A mass celebration on the day of Jayanti with the faithful in the parish at Palri. A celebration with the students of St. Thomas School in January 2005.

St. Joseph's Monastery, Jahangirabad, Agra Diocese: A school day celebration in connection with Chavara 200th Jayanthi.

Sacred heart monastery, Degree College, and institute of Management Sitapur, Lucknow:

A gathering of the religious communities and a celebration at the institutional level to remember the day.

Anugrahalayam, Aluva, Ernakulam Diocese: A gathering and celebration of the day with priest and religious of neighbouring houses.

## JAMMU & KASHMIR

The Diocese of Jammu and Kashmir will be celebrating the *CHAVARA JAYANTHI* on 15th January 2005. Fr. Mathew Kaniamparampil will be the Resource person.

## CMI, DARSANA PHILOSOPHATE, WARDHA

On the occasion of the second centenary of the birthday of Bl. Chavara, there will be a joint celebration by the CMIs and the CMCs in Wardha.

About 800 people from the locality will be participating. The resource persons are Bishop Viajay Anand of Chanda,

Bishop Joseph Kunnath of Adilabad, Fr. Antony Vallavanthara, Sr. Guna, CMC, and Fr. Frank Chakalackal,

## CMI, NIRMAL PROVINCE, JAGDALPUR

House for the poor: We have a target of 10 houses for the poor. The cases selected are poor and needy near to our houses and mission centers. Construction of Five houses are almost over and five more are in progress.

Schools: In all our schools there are special programmes arranged in the annual celebration programmes to make Bl. Chavara known to people.

Balbhavans: Since most of the boarding in Jagdalpur mission has Bl. Chavara as the Patron such boarding houses arrange special cultural programmes in their annual celebrations.

Symposium: In the First week of February we are organizing a Symposium for priests religious and laity of this mission territory.

## CMI, DHARMARAM COLLEGE, BANGALORE

Dreams Programme: The Students of Dharmaram College, presented a programme by name *DREAMS* in various schools from Trivandrum to Palakkad in Kerala during the summer vacation in 2004. It was presented in 18 centres. 38,000 people, mostly students witnessed it. It was appreciated by everyone.

Philosophy Seminar at D.V.K: Blessed Chavaraq: A Man for All Seasons; His role and Relevance in today's India. Dr. Antony Kariyil, The Vice-Chancellor of D.V.K., gave the orientation talk. Fr. Kuncheria Pathil, President D.V.K., delivered the Inaugural Address. The Seminar was introduced by Fr. Joshy Paramthottu. Papers were presented by Br. Mathew Kuruvanthanathu, V.C., Br. Philip Attukadavil, CMI, and Bro. Roshan Deepak Pinto, OCD. Dr. John F. Sequeira, OCD and Dr. Rafy Vezhaparampil, V.C., were the moderators. Responses were given by

Br. Fernandez Alliston, Sr. Vineetha and Br. N. Nirmal Kumar.

Theology Faculty Seminar: A Seminar will be conducted in the Theology Faculty on 13th January 2005. Fr. Antony Puthenangady and Fr. Jose Thachukunnel are the directors. The resource persons are Bros. Jolly maliekal, Fiji Naduviletharayil, Biju Kottackal, Balraj O.F.M., Joshy Pazhukathara, Prem Thomas Choorackal, and Sr. Seena Maria, SABS.

Crib 2004: Brothers from C Section are making a Christmas Crib depicting the theme Eucharistic Year and Chavara Jayanthi.

## CMI, ST. PAUL'S PROVINCE, MYSORE

Help has been given to construct 10 houses for the poor.

Scholarships were given to 25 students in and around Mysore.

Yuvadhare- a youth convention of Mysore diocese was partially sponsored by the Province as part of the Chavara Jayanthi.

We will be celebrating the Chavara Festival inviting the Bishop of Mysore, all the Latin Parishes, religious houses and Catholic Associations.

We sponsor 20 youth animators for the 'Cairos' convention at Chennai in December 2004.

Sponsoring the Carmel Carol singing competition organized by the Carmel Catholic Association, Mysore, involving 2000 School children.

Starting a Chavara Retreat Centre at Mysore in this Jubilee Year.

## CMI, CARMEL PROVINCE, MUVATTUPUZHA

As part of the Housing Project for the poor, the Social Work Dept. took the initiative to construct 30 Houses.

Chavara Inter-school painting competition and speech competition were held at Carmel Giri Public School, Munnar.

Chavara Inter-school Basket ball tournament will be held at Carmel Public

School, Vazhakulam.

Statues of Bl. Chavara were given to various families by the Pastoral Dept.

The Vacahana Vedi of the Pastoral Dept. will be organizing 10 programmes for the people.

Chavara Jayanthi was celebrated at our House in Vattavada.

Pilgrimages to Mannanam and Kainakari will be organized from various Houses.

Adimaly: The Vishwadeepti School celebrated the Chavara Day on 12th December 2004 with various programmes. Fr. Mathew Kaniamparampil, CMI, was the Chief Guest. Fr. Joseph Kulakkatt, CMI, Vicar Provincial, presided over the functions.

Korandakkad, Munnar: The Carmelgiri Public School celebrates the Chavara Day on 29th December 2004. Fr. Mathew Kaniamparampil, CMI, will be the Chief Guest.

## CMI, GENERAL DEPARTMENT OF EVANGELIZATION & PASTORAL MINISTRY

Chavara Museum & Art Gallery at Mannanam, with the collaboration of all our Provinces, & the CMC Congregation. It was inaugurated on 11th May 2004.

Publication of Chavara Prayer Cards for Students, Chavara Pictures, Brochures:

65,000 Chavara prayer cards were distributed to students.

Chavara Supplement in the *Sunday Shalom* News Paper.

A Seminar on the *Vision and Mission of Blessed Chavara* was held at *Poornodaya*, Bhopal, in connection with the *Chavara Jayanthi Year.* It was held from 4th to 7th September 2004. It was a joint venture of the CMIs and the CMCs working in North India. 132 persons including CMI Fathers, CMC Sisters and CMI Theology Students from *Samanvaya* Mission Theologate, Bhopal, participated. The following

Fathers and Sisters presented papers on various days of the Seminar: Sr. Jossey, CMC, Ghaziabad: Blessed Chavara and the founding of the CMI & CMC Congregations; Fr. Mathew Thenamkalayil, Bijnor: The 19th century Kerala Church and the leadership of Blessed Chavara; Fr. James Muttickal, Bhopal: Chavara a Man who walked ahead of his times; Fr. Jacob Peenickaparampil, Bhopal: The educational vision of Bl. Chavara and our challenges today; Sr. Magi Maria, CMC, Bhopal: Challenges of Social Apostolate and our challenges as followers of Bl. Chavara; Fr. Jacob Marangatt, Bhavanagar: Bl. Chavara, a true Pastor in the footsteps of Jesus; Fr. Thomas Kochumuttom, Jaiharikhal: Bl. Chavara a Man of Prophetic Charism and a Contemplative in Action; and Sr. Ancella, CMC, Bhopal: Blessed Mother in the Spirituality of Bl. Chavara.

The Divine Liturgy on the concluding day was presided over by His Grace Paschal Topno, Archbishop of Bhopal. In his inspiring homily he spoke about the prophetic vision of Blessed Chavara and asked the CMIs and CMCs working in North Indian Missions to be full of zeal like Blessed Chavara in the field of evangelization.

CMC Bhopal and Bina Provinces, Theology students of *Samanvaya*, and the students of *Navachetana*, Bhopal, staged beautiful cultural programme during the evenings of the Seminar.

The *Navachetana* team of Fr. Joy Therullil, Fr. Jaison Puthoor and Fr. Seby Pellissery conducted a Quiz Programme on the life and pioneering works of Blessed Chavara. A Steering Committee consisting of Fr. Anto Karokaran, Fr. James Muttickal, Fr. Sebastian Perepadan, Fr. Louis Maliekal, Fr. Paul Vithayathil, Sr. Noel, Sr. Pavitra and Sr. Livina successfully coordinated the Seminar which became a mile stone in the history of the five CMI and seven CMC Provinces in North India.

The *Herald of the East* brought out 2 special issues on Chavara Jayanthi.

The *C-MISSION* brought out 2 special issues on Chavara Jayanthi.

Chavara Wall Calendars in Malayalam & English were published.

Chavara Pocket Calendars were published and 55,000 copies were distributed.

## CMI, GENERAL DEPARTMENT OF EDUCATION

A Special Seminar was held at CSR, Pariyaram. It was a joint venture of the CMIs and the CMCs. The theme was: Education: Vișion and Mission. It was held on 28-29, August, 2004. The resource persons were Dr. Antony Kariyil, Prior General, Dr. Cyriac Thomas, Vice-Chancellor, M.G. University, Dr. Alexander Jacob, I.G., Director, Police Academy, Mr. Alphonse Kannamthanam, IAS, Dr. Thomas Mathew, Christ College, Bangalore, and Mr. Kennedy Andrew Thomas, Christ College, Bangalore.

## CMI, GENERAL DEPARTMENT OF SOCIAL APOSTOLATE

In connection with the Chavara Jayanthi celebrations, a Joint Seminar of the CMIs and the CMCs was held at CSR, Pariyaram, on 18,19, and 20th November 2004. The these was 'Role of Religious in the Injtegral Development of the Poor'. The Resource persons were: Mar Thomas Chakyath, Aux. Bishop of Ernakulam, FR. Antony Kariyil, Prior General, Fr. Thomas Mampra, Provincial, Trivandrum, FR. P.P. Mathew Pampackal, S.J., mar Mathew Arackal, Bishop of Kanjirapally, Fr. Dominic George S.J., Sr. Alice Lukose, Sr. Kochuthresia SABS, Dr. Parthasarathi, Dr. Hormis Mynatty, and Dr. Jaya Cherian.

## CMI, St. XAVIER'S PROVINCE, RAJKOT

We have done the following to commemorate the Chavara Jayanthi:

Giving prominence to the picture of Chavara in the School Calendars.

Conducting Essay Competition, Speech Competition and other Cultural items in his name.

Project Chavara's presence in our Schools by setting up a bust or statue of Chavara in a prominent place.

A grand celebration is planned at the Provincial House, on 10th February 2005.

## CMI PRESHITA PROVINCE, COIMBATORE

The Lisieux parish with the support of the School and the Parish community has built 10 Houses for the poor.

Erode Monastery has built four houses for the poor.

Our Schools have displayed the Blessed Chavara's picture in a prominent place.

Chavara picture cards were distributed in the schools.

Fr. Varghese Kokkadan, our Concillor for Social Dept., has arranged a cultural fest at Attappady for the tribal hostels involving the local parish and the CMC Sisters. The Dept. has planned to distribute wall calendars with a picture of Chavara to all the houses and the students.

## CMI, S.H. PROVINCE, KALAMASSERRY

*God's land Tourism* of the Dept. of Social Apostolate will be organizing a Chavara Pilgrimage.

Jayanthi celebrations are planned in all our Schools in January 2005.

A Chavara Mega event for the students will be organized by the Yuvanirmithi.

Koonammavu: A joint celebration by our Monastery, CMC Convent and the Latin parish is planned on 19th January 2005.

Karukutty: Celebration at the Monastery, School, and parish levels are planned between 10th and 15th January 2005. A room named *Pithru Sannidhi* is already furnished.

Aluva, Neeleshwaram, Chunamgamveli, Chennai: Special celebrations are planned in January and February 2005.

Vaikom: The feast of Bl. Chavara was celebrated from 12thy 21st November 2004.

Jyothis Bhavan, Angamali: Jayanthi was held involving the neighbouring parish.

## CMI, ST JOSEPH'S PROVINCE, KOTTAYAM

Kottayam: A gathering of the Eucharistic Community is planned after the ordinations of our New Priests in January 2005.

Mutholy: A Chavara Week was observed in the first week of February

2004. Copies of the 'Chavarul' were distributed to 500 families. A 2-day retreat focusing on the renewal of families was held in February. Various cultural programmes highlighting the life and message of Chavara were conducted by our scholastics, students, boarders, members of Ayalkoottam, and self-help groups. Chavara feast was celebrated on 8th February. It was a joint programme by the CMIs and the CMCs in Mutholy and Cherpumkal. A one-day programme is scheduled for January 2005 for our students and teachers.

Poonjar: Three houses were built for the poor. Two houses are nearing completion. 300 families were give the 'Chavarul'. The coming 40-hour Adoration will be held more solemnly.

Puliyanmala: Construction of 5 houses for the poor is progressing.

Kristhu Jayanthi Ashram, Bangalore: Talks to the Eucharistic community on Chavara. Hostelers' Sangamam. Chavara Day for the College Students with various programmes. Literary competitions on the theme: Blessed Chavar's contributions to the field of education and literature.

Puthupally: A sum of Rs. 10,000 was given to the poor.

Dept. of Social Apostolate: 12 houses were constructed for the poor. Five eminent social workers were honoured by giving them *Chavara Jayanthi Janasevana Awards* at a public function held at Sewagram, Vettimukal, on 3oth October 2004.

------------

# ചാവറ ജയന്തി വാർത്തകൾ നാനാ ദിക്കുകളിൽ നിന്നും

ഭാരത സഭയിൽ സന്ന്യാസ ജീവിതത്തിന്റെ ആരംഭകനും 19-ാം നൂററാണ്ടിൽ കേരള സഭയുടെ നവോത്ഥാരകനും, അനിഷേധ്യ നേതാവും, സി. എം. ഐ, സി. എം. സി. സഭകളുടെ അടിസ്ഥാനക്കാരനുമായ വാഴ്ത്തപ്പെട്ട ചാവറ പിതാവിന്റെ 200-ാം ജന്മ വാർഷികം, ചാവറജയന്തി, നാടെങ്ങും ആഘോഷിക്കപ്പെടുന്നു. വിവിധ ആഘോഷങ്ങളിലേക്ക് ഒരു തിരനോട്ടം.

**★ 2004 ജനുവരി 3ന് മാന്നാനത്ത് ചാവറജയന്തിക്ക് സമാരംഭം:.**

സീറോ മലബാർ സഭയുടെ തലവനും പിതാവുമായ കർദ്ദിനാൾ വർക്കി വിതയത്തിൽ ശ്രേഷ്ഠ മെത്രാപോലീത്ത മുഖ്യ കാർമ്മികനായിരുന്നു. സമൂഹ ബലിയിലും അതേ തുടർന്നുള്ള പൊതു സമ്മേളനത്തിലും 10 അഭിവന്ദ്യ പിതാക്കൻമാരും, 150 വൈദികരും, 500 സിസ്റ്റേഴ്സും, പതിനായിരത്തോളം വിശ്വാസികളും പങ്കെടുത്തു. അഭിവന്ദ്യ കോട്ടയം ബിഷപ്പ് കുരിയാക്കോസ് കുന്നശ്ശേരി പിതാവ് സുവിശേഷ പ്രസംഗം നടത്തി. പൊതു സമ്മേളനത്തിൽ മന്ത്രി ശ്രീ കെ. എം. മാണി; സി. എം. സി. സഭയുടെ സുപ്പീരിയർ ജനറൽ മദർ എഡ്വേർഡ്; ഡോ. സിറിയക് തോമസ്, വൈസ് ചാൻസലർ എം ജി യൂണിവേഴ്സിററി; ശ്രീ തോമസ് ചാഴിക്കാടൻ എം എൽ എ തുടങ്ങിയവർ പ്രസംഗിച്ചു. പ്രിയോർ ജനറൽ ഫാ. ആന്റണി കരിയിൽ സ്വാഗതവും, തിരുവനന്തപുരം പ്രൊവിൻഷ്യൽ ഫാ. തോമസ് മാമ്പ്ര കൃതജ്ഞതയും അർപ്പിച്ചു.

**★ 2004 നവംബർ 29**

വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ തിരുപ്പട്ടസ്വീകരണത്തിന്റെ 175-ാം വാർഷികം അർത്തുങ്കൽ പള്ളിയിൽ നടത്തി. അന്നത്തെ തിരുകർമ്മങ്ങളിൽ സി. എം. ഐ. വികാരി ജനറൽ ഫാ. മാത്യു കണിയാംപറമ്പിൽ മുഖ്യ കാർമ്മികനായിരുന്നു. 45 വൈദികർ സഹ കാർമ്മികരായി. നൂററമ്പതോളം സി. എം. സി. സിസ്റ്റേഴ്സും,

മുന്നൂറിലധികം വിശ്വാസികളും പങ്കെടുത്തു. 1829 നവംബർ 29ന് ആണ് അർത്തുങ്കൽ പള്ളിയിൽ വച്ച് ചാവറയച്ചൻ പൗരോഹിത്യം സ്വീകരിച്ചത്.

### ★ 2004 ഡിസംബർ 8

സി. എം. ഐ സഭയുടെ കാനോനിക സ്ഥാപനത്തിന്റെയും, ആദ്യ അംഗവും ആദ്യ പ്രിയോർ ജനറലും ആയിരുന്ന വാഴ്ത്തപ്പെട്ട ചാവറ പിതാവിന്റെ ആദ്യ വ്രതാനുഷ്ഠാനത്തിന്റെയും 150-ാം ജൂബിലി വത്സര പ്രവേശനം മാന്നാനത്ത് നടന്നു.

### ★ 2005 ജനുവരി 2

ചാവറജയന്തി ദേശീയാഘോഷങ്ങൾ തൃശൂരിനടുത്ത് തലോർ ജറുസലേം ധ്യാന കേന്ദ്രത്തിൽ നടക്കുന്നു. അന്നേ ദിവസം ആഘോഷമായ ദിവ്യബലി മദ്ധ്യേ 45 സി. എം. ഐ. ഡീക്കൻമാർ പൗരോഹിത്യ പദവിയിലേക്ക് ഉയർത്തപ്പെടുന്നു. കർദ്ദിനാൾ വർക്കി വിതയത്തിൽ ശ്രേഷ്ഠ മെത്രാപോലീത്ത മുഖ്യകാർമ്മികനായിരിക്കും.

തിരുപട്ടം നൽകുന്ന മററു പിതാക്കന്മാർ:

അഭിവന്ദ്യ മാർ ജെയിംസ് പഴയാററിൽ, ഇരിങ്ങാലക്കുട മെത്രാൻ

അഭിവന്ദ്യ മാർ ഗ്രേഷ്യൻ മുണ്ടാടൻ സി. എം. ഐ; ബിജനോർ മെത്രാൻ

അഭിവന്ദ്യ മാർ ഗ്രിഗറി കരോട്ടെമ്പ്രേൽ സി. എം. ഐ; രാജ്ക്കോട്ട് മെത്രാൻ

അഭിവന്ദ്യ മാർ പാസ്റ്റർ നീലങ്കാവിൽ സി. എം. ഐ; സാഗർ മെത്രാൻ

അഭിവന്ദ്യ മാർ വിജയാനന്ദ് നെടുംപുറം സി. എം. ഐ; ചാന്ദാ മെത്രാൻ

അഭിവന്ദ്യ മാർ സൈമൺസ്റ്റോക്ക് പാലാത്ര സി. എം. ഐ; ജഗദൽപൂർ മെത്രാൻ

അഭിവന്ദ്യ മാർ ജോസഫ് കുന്നത്ത് സി. എം. ഐ; അദിലാബാദ് മെത്രാൻ

അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്; പാലാ മെത്രാൻ

അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം; മാനന്തവാടി മെത്രാൻ

അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത്; തൃശൂർ സഹായമെത്രാൻ

അഭിവന്ദ്യ ഡോ. ഫ്രാൻസിസ് കല്ലറക്കൽ, കോട്ടപ്പുറം മെത്രാൻ

സുവിശേഷ പ്രസംഗം നടത്തും.

ആഘോഷമായ ദിവ്യബലിയെ തുടർന്നുടനെ പൊതു സമ്മേളനം ആരംഭിക്കുന്നു. പൊതു സമ്മേളനത്തിൽ വെരി. റവ. ഫാ. ആന്റണി കരിയിൽ, പ്രിയോർ ജനറാൾ സ്വാഗതവും, സി. എം. സി. സുപ്പീരിയർ ജനറൽ മദർ എഡ്വേർഡ് കൃതജ്ഞതയും അർപ്പിക്കും

പൊതു സമ്മേളനത്തിൽ സംബന്ധിക്കുന്ന വിശിഷ്ടാതിഥികൾ.

ശ്രീ ഉമ്മൻ ചാണ്ടി, കേരള മുഖ്യമന്ത്രി
അഭിവന്ദ്യ കർദ്ദിനാൾ വർക്കി വിതയത്തിൽ ശ്രേഷ്ഠ മെത്രാപോലീത്ത
അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി, തൃശൂർ മെത്രാപോലീത്ത
ശ്രീ തേറമ്പിൽ രാമകൃഷ്ണൻ, കേരള നിയമാ സ്പീക്കർ
ശ്രീ പി. കെ. വിശ്വനാഥൻ, കേരളമന്ത്രി
ശ്രീ ഡൊമനിക് പ്രസന്റേഷൻ, കേരള മന്ത്രി
അഭിവന്ദ്യ ഡോ. ജോൺ തട്ടുങ്കൽ, കൊച്ചി മെത്രാൻ
അഭിവന്ദ്യ ഐസക് മാർ ക്ലീമീസ്, തിരുവല്ല മെത്രാൻ
ശ്രീ പി. കെ. ചന്ദ്രപ്പൻ, എം. പി. തൃശൂർ
ശ്രീ ലോനപ്പൻ നമ്പാടൻ, എം. പി. മുകുന്ദപുരം
ശ്രീ പി. പി. ജോർജ്ജ്, എം. എൽ. എ. ഒല്ലൂർ...........

★ **2005 ജനുവരി 3**

മാന്നാനത്ത് വാഴ്ത്തപ്പെട്ട ചാവറപ്പിതാവിന്റെ തിരുനാൾ അഘോഷമായി ആചരിക്കുന്നു.

★ **2005 ജനുവരി 3**

കൂനമ്മാവ് സെന്റ് ഫിലോമിനാസ് പള്ളിയിൽ വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ ജയന്തി ആഘോഷം.

★ **2005 ജനുവരി 4**

സീറോ മലബാർ സഭ വാഴ്ത്തപ്പെട്ട ചാവറപ്പിതാവിന്റെ ജയന്തി അഘോഷിക്കുന്നു. സീറോ മലബാർ മെത്രാൻമാരും ഓരോ രൂപതയിൽ നിന്നും പ്രതിനിധികളും സംബന്ധിക്കുന്നു. എറണാകുളം റിന്യൂവൽ സെന്ററിൽ വച്ചാണ് പരിപാടികൾ നടക്കുന്നത്.

പങ്കെടുക്കുന്ന പ്രമുഖ വ്യക്തികളിൽ ചിലർ:

അഭിവന്ദ്യ കർദ്ദിനാൾ വർക്കി വിതയത്തിൽ ശ്രേഷ്ഠ

മെത്രാപോലീത്ത

അഭിവന്ദ്യ മാർ ഗ്രേഷ്യൻ മുണ്ടാടൻ സി. എം. ഐ.

ഫാ. ബോസ്ക്കോ പുത്തൂർ

ഡോ. തോമസ് ഐക്കര സി. എം. ഐ.

സി. സോഫി സി. എം. സി.

ഡോ. കെ. എസ്. രാധാകൃഷ്ണൻ, വൈസ് ചാൻസലർ, കാലടി സംസ്കൃത സർവ്വകലാശാല

ഡോ. പി ഗോപകുമാർ ലാഗ്രേഞ്ച് ഇൻസ്റ്റിററ്യൂട്ട്, തിരുവനന്തപരം

ഡോ. തോമസ് മാത്യു, എറണാകുളം മഹാരാജാസ് കോളേജ് മുൻ പ്രൊഫസർ

ശ്രീമതി മോനമ്മ കോക്കാട്ട്

ഡോ. ആന്റണി കരിയിൽ സി. എം. ഐ. പ്രിയോർ ജനറൽ

മദർ എഡ്വേർഡ് സി. എം. സി. സുപ്പീരിയർ ജനറൽ, തുടങ്ങി മററു പലരും.

അഭിവന്ദ്യ മാർ സെബാസ്ററ്യൻ എടയന്ത്രത്ത് പിതാവാണ് ആഘോഷ കമ്മിററിയുടെ ചെയർമാൻ.

★ **2005 ജനുവരി 19**

കൂനമ്മാവിൽ സി. എം. സി; സി. എം ഐ; സെന്റ് ഫിലോമിനാസ് ചർച്ച് എന്നിവയുടെ ആഭിമുഖ്യത്തിൽ ചാവറ ജയന്തി ആഘോഷം.

★ **2005 ഫെബ്രുവരി 1 - 10**

മാന്നാനത്ത് ചാവറ ജയന്തി ആചരണം

★ **2005 ഫെബ്രുവരി 5**

മാന്നാനത്ത് സി. എം. സി. സഭയിലെ എല്ലാ പ്രൊവിൻസുകളിൽ നിന്നുമുള്ള നവ സന്ന്യാസിനികളുടെ സഭാ വസ്ത്ര സ്വീകരണവും ആദ്യ വ്രതാനുഷ്ഠാനവും.

★ **2005 ഫെബ്രുവരി 13**

വാഴ്ത്തപ്പെട്ട ചാവറപ്പിതാവിന്റെ ജന്മ സ്ഥലമായ കൈനകരിയിൽ ചാവറ ജയന്തി ആഘോഷം. ആഘോഷമായ ദിവ്യ ബലിയും, പ്രദക്ഷിണവും, നേർച്ച ഭക്ഷണവും, ജലഘോഷയാത്രയും.

------------

## Sharpen Your Creativity!

**C-Mission** invites articles from missionaries and pastors around the world. Share your news, views and experiences from the missionary and pastoral fields. They will inspire your co-workers and friends elsewhere. Special welcome to Seminarians and future missionaries to share their dreams through these columns.

You can write them in English, Malayalam or Hindi.

Fr. Mathew Kaniamparampil, CMI
Managing Editor, C-Mission
CMI Generalate, P.B. No. 1056
Kochi- 682 011, Kerala

## C.M.I. GENERAL DEPARTMENT FOR EVENGELIZATION AND PASTORAL MINISTRY

1. Fr. Mathew Kaniamparampil, CMI (General Councillor)
2. Fr. Jose Palatty, CMI (Consultor)
3. Fr. James Mekara, CMI (Member)

Published by the CMI General Department of Evangelization and Pastoral Ministry, CMI Generalate, Ernakulam, Kochi - 682 011. INDIA

*(For Private Circulation only)*

## SUBSCRIPTION TO THE C-MISSION

The friends of **C-MISSION** are earnestly requested to take the subscription of this periodical, in order to meet the cost of its printing and postage. The subscription rate is given below:

| | India | Abroad |
|---|---|---|
| **Subscription:** | | |
| One Year | Rs.100 | $Euro 5 |
| Five Years | Rs.400 | $Euro 20 |

**Special offer for Priests, Seminaries & Ashrams:**

| | India | Abroad |
|---|---|---|
| One Year | 2 Masses | 4 Masses |
| Five Years | 8 Masses | 12 Masses |

**Transmitting:**

Kindly send the amount by M.O./Cheque/D.D
Priests who are offering Masses for this cause, can inform me the same through e-mail also: kaniamp@sify.com

Gift: You can also give us addresses of your friends to whom you want us to send the C-MISSION.



The statue of Jesus situated in the campus of the CMI Vidyavanam Retreat Centre, Bangalore